LEGISLATIVE BUSINESS

The Kerala Land Reforms Bill, 1963.

Clause 76.

Mr. Speaker : Shri Ramakrishnan may move amendment No. 1322.

Shri T. K. Ramakrishnan : Sir, I move my amendment :

In clause 76, delete the words "or by the owner under sub-section (4) of that section" and 'or sub-section (4)'

സർ, കുടികിടപ്പുകാരനെ ഏതെല്ലാം കാരണങ്ങളാൽ ഒഴിപ്പിക്കാൻ സാധിക്കുമെന്നും അതിന് ഏതു വിധത്തിലെല്ലാം കേസ്സുകൊടുക്കാൻ കഴിയുമെന്നുമുള്ളതിനെ സംബന്ധിച്ച് പറയുന്ന ഒരു വകുപ്പാണ് ഇതു്. ഇതിൽ സബ് സെക്ഷൻ രണ്ടിലും നാലിലും പറയുന്ന വ്യവസ്ഥകളനുസരിച്ചുള്ള കാരണങ്ങളാൽ കേസ്സു കൊടുക്കാമെന്നു പറയുന്നുണ്ട്. സബ് സെക്ഷൻ നാലു പ്രകാരം ഒഴിപ്പിക്കാൻ പാടില്ലെന്നാണ് എന്റെ ഭേദഗതി. അതിനെ സംബന്ധിച്ച് 74-ാം വകുപ്പിന്റെ ചർച്ചാവേളയിൽ വിശദമായി പറഞ്ഞിട്ടുണ്ട്. ഉടമസ്ഥന്മാരുടെ സൗകര്യത്തിനുവേണ്ടി കുടികിടപ്പുകാരെ പറമ്പിന്റെ മററു ഭാഗങ്ങളിലേയ്ക്കു മാററി താമസിപ്പിക്കുകയെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കേസ്സുകൊടുക്കാൻ പാടില്ലെന്നാണ് ഞാൻ പറയുന്നതു്. ആ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണ് എനിക്കു് അപേക്ഷിക്കുവാനുള്ളതു്.

Minister for Home Affairs (**Shri P. T. Chacko**) :

Sir, during the discussion of Clause 74, I have stated Government's position. I do not want to add anything more.

Shri T. A. Thomman : Sir, I wish to move an oral amendment. In clause 76, it is stated like this : "If the Kudikidappukaran does not comply with the demand made by the person in possession of the land under sub-section (2) of section 74". In Clause 74, we have accepted amendment No. 1305 moved by the hon. Minister viz: the words 'require the kudikidappukaran to shift to a new site' be substituted for the words "demand the kudikidappukaran to shift to a new site". We have changed the word 'demand' and accepted the word 'require' in Clause 74. So I move the following oral amendment :

In Clause 76, in line 2 for the word 'demand' the word 'requisition' may be substituted.

Minister for Home Affairs (**Shri P. T. Chacko**) :

Sir, I accept the oral amendment moved by Shri T. A. Thomman, *viz.*, to substitute the word 'requisition' for the word 'demand' in Clause 76. It is purely a consequential amendment.

ശ്രീ. ഈ. പി. ഗോപാലൻ : ഏതു് അമെൻഡുമെന്റാണ് ഇപ്പോൾ ശ്രീ. തൊമ്മൻ മൂവ് ചെയ്യുന്നതെന്ന് അറിഞ്ഞാൽ കൊള്ളാം.

Shri P. T. Chacko : In clause 74 as per my amendment the word 'require' is used for the word 'demand'. Here now the word is 'demand'. So in order to make it in conformity with the amendment already accepted, the word 'demand' should be changed into 'requisition'.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : സർ, കാൺസികൂൻഷ്യൽ എന്നു പറയുന്നതിൽ എന്താണു് വ്യത്യാസം.

Sir, is it necessary to substitute the word 'requisition' in Clause 76 for the word 'demand'. What is the difference between 'demand' and 'requisition' legally ?

Shri P. T. Chacko ; In sub-section (2) of section 74, the word used is 'require'. We have deleted the word 'demand'.

Shri M. Narayana Kurup : Sir, it is an accepted convention that when a word is used in a particular sense in one section, to express the same idea the same word is used in subsequent sections also.

Mr. Speaker : We will dispose of the amendment moved by Shri T. K. Ramakrishnan.

Amendment No. 1322 moved by Shri T. K. Ramakrishnan was put and lost.

The oral amedment moved by Shri T. A. Thomman, *Viz.*, In clause 76. in line 2, for the word 'demand' the word 'requisition' shall be subsituted, was put and carried.

Clause 76, as amended, was added to the Bill.

Clause 77

ശ്രീമതി കെ. ആർ. ഗൗരി : സർ, 1448-ാം നമ്പർ എന്റെ ഭേദഗതി ഇതാണു് :

In clause 77, add a new proviso :

"Provided that where a near relative, not being a legal heir of the kudikidappukaran was residing with him continuously for a period of not less than one year immediately before his death and no legal heir was residing with him, the right of the kudikidappukaran shall devolve on such near relative to the exclusion of his legal heirs."

ഈ proviso **കാർഷികബന്ധനിയമത്തിൽ** ഉണ്ടായിരുന്നതാണു്. ഒരു കുടികിടപ്പവകാശം കൈമാററം ചെയ്യാൻ പാടില്ല. എന്നാൽ കുടികിടപ്പുകാരന്റെ ഈ അവകാശം ഹെരിററബിൾ ആണെന്നാണു് ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നതു്. അതു് കിട്ടാൻ അർഹതയുള്ളതു് ആക്കൊക്കെയാണെന്നുള്ളതു് അവരവരുടെ personal law പ്രകാരം heriditary അവകാശം കിട്ടുന്നതുപോലെയാണു്. ഇന്നത്തെ പേഴ്സണൽ ലാ പ്രകാരം ഏതെങ്കിലും സ്വത്തു് ഒരാൾ മരിക്കുമ്പോൾ കിട്ടാൻ അവകാശിയല്ലാത്ത ഒരാൾ കുടികിടപ്പുകാരന്റെകൂടെ ഒരു കൊല്ലം തുടർച്ചയായി അയാൾ മരിക്കുന്നതിനുതൊട്ടുമുൻപു് താമസിക്കുകയും, അവകാശികൾ താമസിക്കാതെയിരിക്കുകയും ചെയ്താൽ താമസിച്ചിരുന്ന ആളിനു് കുടികിടപ്പവകാശം കിട്ടണം എന്നാണു് ഉദ്ദേശം. അങ്ങനെയുള്ള ആളുകളെ കൂടെ ഉദ്ദേശിച്ചുകൊണ്ടു്, അവർക്കുകൂടി അവകാശം കിട്ടണമെന്നുള്ള ഉദ്ദേശത്തിലാണു് പഴയ കാർഷികബന്ധനിയമത്തിൽ ഈ proviso ചേർത്തിരുന്നതു്. അതു് ഇപ്പോൾ എടുത്തുകളഞ്ഞിരിക്കുകയാണു്. ആ എടുത്തുകളഞ്ഞ വകുപ്പു് തിരിയെ വേണമെന്നാണു് ഞാൻ പറയുന്നതു്.

ശ്രീ. ടി. എ. തൊമ്മൻ : ഈ അമെൻഡ്മെൻറിൽ 'നീയർ റിലേററിവ്' ആരാണെന്നുള്ളതു് പറയുന്നില്ല. അതു് പറയാത്തിടത്തോളംകാലം ഇതു് എങ്ങനെ ക്ലീയറാകും. പഴയ നിയമത്തിലാണെങ്കിൽ അതിനൊരു എക്സ്പ്ലനേഷൻ ചേർത്തിരുന്നു. പക്ഷേ അതു് ഇവിടെ ഇല്ല.

Mr. Speaker : Definition is not necessary.

LIBRARY ARCHIVES Kerala Legislative Assembly

Smt. K. R. Gouri : We will leave it to the Court to decide who are near relatives. Or if you are particular I am prepared to move an oral amendment, Sir.

സർ, അതു് വേണമെങ്കിൽ ഒരു ഓറൽ അമെൻഡ്മെൻറായി ചേർക്കാവുന്നതേയുള്ളൂ. ഏതായാലും ഈ വ്യവസ്ഥ ചേർക്കണമെന്നേയുള്ളൂ. ഒരാൾ മരിക്കുകയാണെങ്കിൽ, അയാളുടെ സ്വത്തു് ലീഗൽ അവകാശികളില്ലാതെ, personal law പ്രകാരം മററാർക്കും കിട്ടുകയില്ല. അങ്ങനെ ഒരാൾ ലീഗൽ അവകാശിയില്ലാതെ മരിക്കുകയാണെങ്കിൽ അയാളുടെ സ്വത്തു് നഷ്ടപ്പെടാതിരിക്കുന്നതിനു വേണ്ടിയാണു് ഈ പ്രൊവിഷൻ ചേർക്കണമെന്നു പറയുന്നതു്. ഇതു് മുൻപിലത്തെ നിയമത്തിലുണ്ടായിരുന്നതാണു്. അതു് ഇപ്പോൾ എടുത്തുകളഞ്ഞിരിക്കുകയാണു്. അതുകൊണ്ടു് എൻെറ ഈ ഭേദഗതി സ്വീകരിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. Legal അവകാശിയുണ്ടെങ്കിലും to the exclusion of legal heirs, if the near relative is living with the kudikidappukaran for a period of one year continuously before his death and no legal heir was living with him എന്നു എഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു് കുടികിടപ്പവകാശം താമസിക്കുന്നതിനുള്ള അവകാശമായതുകൊണ്ടാണു്. അതു് താമസിക്കുന്നവനുതന്നെ കിട്ടണമെന്നു നിർബന്ധമാണു്. Legal heir ഒരു കൊല്ലം കൂടെയില്ലെങ്കിൽ വേറെ താമസ സൗകര്യം അയാൾക്കു കാണും. കൂടെ താമസിക്കുന്നവർക്കു് താമസസൗകര്യം കാണുകയില്ല. അതുകൊണ്ടു് കൂടെ താമസിക്കുന്നവർക്കു് അവകാശം കിട്ടണം. Legal അവകാശികളില്ലാതെ വന്നാലും വിലപ്പെട്ട കുടികിടപ്പവകാശം നഷ്ടപ്പെടരുതു്. എൻെറ ഭേദഗതി അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. ഈ. പി. ഗോപാലൻ: സർ, (77)-ാം വകുപ്പിനവതരിപ്പിച്ചിരിക്കുന്ന 1448-ാം നമ്പർ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു്.

"The right of a kudikidappukaran in his kudikidappu shall be heritable but not alienable"

ഹെരിററബിലിററി, പ്രായോഗികമായി പ്രയോഗിക്കണമെന്നാണു് ഈ ഭേദഗതികൊണ്ടു് ആവശ്യപ്പെടുന്നതു്. ഒപ്പം താമസിക്കുന്ന നീയർ റിലേററീവ്സിനു് അവകാശം ലഭിക്കുകയാണാവശ്യം. നീയർ റിലേററീവ്സ് ആരാണെന്നു് ഡിഫൈൻ ചെയ്തിട്ടില്ല എന്നതു് ശരിതന്നെ. അതു് ചെയ്യാനും പ്രയാസമില്ല. കാർഷികബന്ധനിയമത്തിൽ സ്വീകരിച്ച നില ഇവിടെയും അംഗീകരിച്ചിട്ടില്ല. ഈ ഭേദഗതി സ്വീകരിക്കുന്നപക്ഷം നീയർ റിലേററീവ്സ് ആരാണെന്നെല്ലാം ഒരു എക്സ്പ്ലനേഷൻ വഴി വ്യക്തമാക്കാവുന്നതാണു്. ഹെരിററബിലിററി യഥാർത്ഥത്തിൽ ഉപയോഗിക്കാൻ ഇതാവശ്യമാണെന്നു കരുതുന്നു. പ്രായോഗികമായ ഒരു കാര്യമെന്ന നിലയ്ക്കു് ഇതു് കാണുന്നതാവശ്യമാണു്. കുടികിടപ്പുകാരുടെ അവകാശങ്ങളിൽ ചിലതെടുത്ത നില നോക്കുമ്പോൾ, ഇതു് സാരമുള്ളതല്ല എന്നു കാണാവുന്നതാണു്. എങ്കിലും ഈ ഭേദഗതിക്കു് പ്രായോഗികമായി വളരെ പ്രാധാന്യമുണ്ടെന്നാണു് എൻെറ അഭിപ്രായം. ഹെരിററബിലിററിയുടെ പൂർണ്ണമായ സംരക്ഷണത്തിനും സഫലമായ തുടർച്ചയ്ക്കും ഈ ഭേദഗതി ആവശ്യമാണെന്നു ഞാൻ കരുതുന്നു.

Shri V. R. Krishna Iyer: Sir, I wish to make a suggestion in a very mild way. The clause reads: "The rights of a kudikidappukaran in his kudikidappu shall be heritable but not alienable." I would like to request the Minister to consider this. Suppose, a person has a number of heirs, children, widowed children etc. Some of them may be living outside. One of them may be living in the house with the

LIBRARY ARCHIVES Kerala Legislative Assembly

kudikidappukaran. In such a case, the policy of the law, so far as gathered from clause 77, is that the kudikidappu should not get into the hands of strangers because it is special conferment of a benefit upon the dweller of the hut and it should not get into the hands of total strangers. That policy can be effectuated and at the same time harmony in the family maintained, if we allow the kudikidappukaran to alienate his right to any member of the family of his choice. Oftentimes he will be choosing a member of the family who is helpful to him in his oldage. There may be difference as it is, between this and the suggestion already made by the hon. Member Smt. Gouri. If that is accepted there is an end of the matter, but if the amendment moved by Smt. Gouri is not accepted, I suggest the clause may continue like this. "The rights of a kudikidappukaran in his kudikidappu shall be heritable but not alienable except to a member of his family". We shall continue the kudikidappu to a member of his family and leave it to the choice of the kudikidappukaran. The dweller will not be a stranger. Think that a father is the kudikidappukaran and suppose there are a number of children. Some of them may be living outside. He may choose a person who is living in the house. He can very well be a beneficiary who is helpful to him. I suggest this as an oral amendment, which is not out of vogue here.

ശ്രീമതി. കെ. ആർ. ഗൗരി: ക്ലാസ്സ് (74-ൽ) that he will lose his right എന്നു പാസാക്കിക്കഴിഞ്ഞിരിക്കുന്നു.

ശ്രീ. ടി. എ. തൊമ്മൻ: ഫാമിലിയുടെ ഡഫിനിഷനിൽ അതു ആവശ്യമില്ലല്ലോ. ഇവിടെ ഡഫിനിഷനിൽ ഹസ്ബൻഡ്, വൈഫ്, ചിൽഡ്രൻ എന്നു തുടങ്ങി പറഞ്ഞിട്ടുണ്ട്. ആ നിലക്ക് ഫാമിലിക്ക് പ്രത്യേക എക്സ്പ്ലനേഷൻ ആവശ്യമില്ലല്ലോ.

Shri V. R. Krishna Iyer: Minor children are also included under the family. I have no objection in including a special definition for "family" for this clause.

ശ്രീ. ടി. എ. തൊമ്മൻ: ഫാമിലി എന്നുള്ള നിലക്ക് ഡഫിനിഷൻ ക്ലാസ്സിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് പ്രത്യേകമായി ഫാമിലിക്ക് എക്സ്പ്ലനേഷൻ കാണിക്കേണ്ടതില്ലല്ലോ.

Shri V. R. Krishna Iyer: That may be so. The definition covers the entire enactment. If that is the idea, that must be enacted. Here we can permit alienation to any member of the family, because that will not take in strangers, and give some freedom of choice to the kudikidappukaran to choose from among the members of his family.

Shri M. Narayana Kurup: There can be legal heirs, who are not residing there. If the amendment is accepted, the legal heirs will not be in a position to inherit the right. They will be strangers and they will not get the property.

Smt. K. R. Gouri: What is stated in the amendment is "to the exclusion of legal heirs who are not living there". So it cannot be the position.

Shri P. T. Chacko: I am sorry, after having heard Smt. K. R. Gouri more than twice on this clause, I am not in a position to accept the amendment. The reason is very simple. What she wants is to say that if a near relative resides with the kudikidappukaran, the right to inherit the kudikidappu should devolve on the near relative to the exclusion of his legal heirs

2/950/V

LIBRARY ARCHIVES Kerala Legislative Assembly

[Shri P. T. Chacko]

That means Sir, if a kudikidappukaran at the fag end of his life lives with a cousin according to the amendment the right would devolve on him or her to the exclusion of his legal heirs—sons and daughters. The Law of Inheritance, in short, is to be revised and amended. What Smt. Gouri wants is not to protect the rights of the kudikidappukaran here, but she wants to change the Law of Inheritance. It will be very unjust not to allow the sons and daughters to inherit the kudikidappu. I cannot accept the amendment.

Regarding the oral amendment moved by Shri Krishna Iyer, if the House is prepared to accept it, I have no objection in accepting that. Regarding the definition of 'family' Mr. Thomman pointed out that a definition should be given to it here. There is a definition in this Bill and that will apply to every clause in this Bill unless otherwise stated. Therefore, if the House has no objection, I am prepared to accept the oral amendment moved by Shri Krishna Iyer.

Smt. K. R. Gouri: Sir, one question.

Mr. Speaker: Order, order. The Minister had already replied to the points raised. There is no need for any further discussion on the clause.

Smt. K. R. Gouri: On a point of order. ഈ അമെൻറുമെൻറിനെപ്പററി സംസാരിക്കുമ്പോൾ അമെൻറുമെൻറിൻെറ ഉള്ളടക്കത്തിനെതിരായിട്ട് അമെൻറുമെൻറിൽ കൊടുത്തിരിക്കുന്നതു ശരിയാണോ; പ്രധാനമായി ഈ അമെൻറുമെൻറിൽ കുടികിടപ്പുകാരൻ മരിക്കുന്നതിനുമുമ്പ് ഒരു കൊല്ലം not less than one year immediately before his death എന്ന് സ്പെസിഫിക്കായിട്ട് എഴുതിയതിനു വിപരീതമായി ഒരുദിവസമോ, രണ്ടുദിവസമോ താമസിക്കുകയും, എന്നാൽ അവിടെ താമസിച്ചുകൊണ്ടിരിക്കുന്ന മററു മക്കൾക്ക് താമസിക്കാൻ അവകാശം കൊടുക്കാതിരിക്കുന്നത് ആർഡറിലാണോ; മന്ത്രിമാർ ഈ വിധത്തിൽ സംസാരിക്കുന്നതു ശരിയാണോ?

Shri P. T. Chacko: What I said was there can be a case, where the son is not living with the kudikidappukaran and there can be a case where in the absence of his son, a cousin of his coming and living with him for sometime. Fortunately, or unfortunately, the son may not be living with the kudikidappukaran but living elsewhere and working for the kudikidappukaran. In such cases, to say that the son will not get the right to inherit the property of the kudikidappukaran is too hard. This is what the amendment states. Therefore Sir, I cannot accept the amendment.

Amendment No. 1448 moved by Smt. K. R. Gouri was put and lost.

Mr. Speaker: The oral amendment moved by Shri V. R. Krishna Iyer is to add at the end of Clause 77 the following words:

'except to a member of his family'.

Smt. K. R. Gouri: Sir,.

Mr. Speaker: Order, order. Discussions on the amendment are now over. Mr. Krishna Iyer has explained his amendment, in extenson and it is before the House and it is for the House to decide on it.

LIBRARY ARCHIVES Kerala Legislative Assembly

The oral amendment moved by Shri V. R. Krishna Iyer was put and carried, viz;

In clause 77 the words "except to a member of his family" shall be added at the end.

The question that clause 77, as amended, stand part of the Bill, was put and carried.

Clause 77, as amended, was added to the Bill.

Clause 78

Mr. Speaker: The following amendments may be moved:

Amendment No. 833 and 841 by Shri K. R. Vijayan, amendment No. 834 by Shri K. C. Abraham, amendment No. 842 by Shri N. E. Balaram, amendment No. 1323 by Shri T. K. Ramakrishnan, amendment No. 1666 by Shri K. Krishna Pillai, amendment No. 1667 by Shri K. Bhargavan, amendment No. 1685 by P. S. Sreenivasan, amendment No 1693 by Shri T. A. Thomman, and amendment No. 1694 by Shri E. P. Gopalan.

Shri K. R. Vijayan: Sir, I am not moving any amendment.

Shri K. C. Abraham: I move amendment No. 834;

'In clause 79, omit sub clause (2)'

Shri M. Narayana Kurup: Sir, now we have accepted the amendment moved by Shri Krishna Iyer to the effect that the words 'except a member of his family' be added at the end of clause 77. I think, by this amendment, they will not get the right even though it is stated that they will get the right. Will it not be inconsistent?

Mr. Speaker: That can be examined, if necessary, at the time of the third reading of the Bill.

Shri N. E. Balaram: I move amendment No. 842:

'In clause 78, add the following as a new sub-clause (3):

"(3) Every kudikidappukaran shall have right to all the easements and uses in the adjoining lands of the same landholder which he has been enjoying or is reasonably necessary for his enjoyment of the kudikidappu".

Shri T. K. Ramakrishnan: I move amendment 1323:

'In clause 78, recast sub clause (1) as follows:

"(1) The kudikidappukaran shall have the right to maintain, repair and reconstruct the homestead erected by him' with the same or different materials, at his own cost'.

Shri K. Krishna Pillai: I move amendment No. 1666:

In clause 78 (1), delete 'but without increasing the plinth area' in line five and add the following proviso:

'Provided that the plinth area of the hut so reconstructed shall not be increased by more than twenty-five per cent'.

Mr. Speaker: Amendment No. 1667 is in the name of Shri K. Bhargavan. The hon. Member is not seen in his seat.

LIBRARY ARCHIVES Kerala Legislative Assembly

Shri T. A. Thomman: Sir, I am not moving my amendment No. 1693.

Shri E. P. Gopalan: I am not moving amendment No. 1694.

Shri P. S. Sreenivasan: I move amendment No. 1615.

'In clause 78, sub-clause (1), line five, delete "but without increasing the plinth area" and add the following proviso:

"Provided that the plinth area of the hut so reconstructed shall not be increased by more than thirty per cent."

ശ്രീ. കെ. സി. ഏബ്രഹാം: കുടികിടപ്പുകാരന് അയാളുടെ പുര നന്നാക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും അവകാശം കൊടുക്കുന്നതാണ് ഈ വകുപ്പ്, കുടികിടപ്പുകാരന് ഈ അവകാശം അനുവദിച്ചു കൊടുക്കേണ്ടതു് ആവശ്യമാണ്. അങ്ങനെ കുടികിടപ്പുകാരൻ താമസിക്കുന്ന പുര നന്നാക്കുകയോ പുതുക്കിപ്പണിയുകയോ ചെയ്തതിനുശേഷം അയാളെ ഒഴിപ്പിക്കേണ്ടി വന്നാൽ അയാൾക്ക് നഷ്ടപരിഹാരത്തിന് അവകാശമില്ലെന്നു പറഞ്ഞിരിക്കുന്നു. ഇതു വാസ്തവത്തിൽ നീതിക്കു നിരക്കാത്തതാണ്. അതുകൊണ്ട് ക്ലാസ് 78-ൽ സബ്ക്ലാസ് (2) ഡെലീറ്റു ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എൻ. ഇ. ബലറാം: എന്റെ ഭേദഗതിയിൽ പറയുന്നതു് ക്ലാസ് 78-ൽ ഒരു പുതിയ സബ്ക്ലാസ്കൂടി ചേർക്കണമെന്നാണ്. ശ്രീ. കെ. സി. ഏബ്രഹാം ഇപ്പോൾ മൂവു ചെയ്തതു് സബ്ക്ലാസ് 2 എടുത്തുകളയണമെന്നാണ്. In Clause 78 add the following as a new sub-clause(3).

"(3) Every kudikidappukaran shall have right to all the easements and uses in the adjoining lands of the same landholder which he has been enjoying or is reasonably necessary for his enjoyment of the kudikidappu.

ഇതു പറയാൻ കാരണം ഉണ്ട്. കുടികിടപ്പുകാരന്റെ കുടികിടപ്പവകാശമെന്നു പറഞ്ഞാൽ മറ്റു സാധാരണ കുടിയാന്മാർക്കൊക്കെ അനുവദിച്ചുകൊടുക്കുന്ന മാതിരി അവർ കൈവശംവച്ചു പോരുന്ന ഭൂമിയിലുള്ള അവകാശം കൊടുക്കുക എന്നുള്ളതാണ്. എന്നാൽ കയറി താമസിക്കുക എന്നുള്ളതിൽകവിഞ്ഞു് ഒരധികാരവും കുടികിടപ്പുകാരന് കിട്ടുന്നില്ല. അതുകൊണ്ട് മറ്റുള്ളവർക്കു കിട്ടുന്നതെല്ലാം സത്യസന്ധമായിട്ട് ഇവർക്കും കിട്ടുമോയെന്നു ചോദിച്ചാൽ എനിക്കു സംശയമുണ്ട്. ഏതായാലും കഴിഞ്ഞതവണ ഈ കുടികിടപ്പുകാരന്റെ പ്രശ്നം ഈ സഭയിൽ ചർച്ച ചെയ്തപ്പോൾ, അഗ്രേറിയൻ റിലേഷൻസ് ബിൽ ചർച്ച ചെയ്ത അവസരത്തിൽ അന്നു പ്രതിപക്ഷത്തായിരുന്ന ശ്രീമാൻ ചാക്കോ ഞാൻ ഉന്നയിച്ച അതേ സംശയം ഉന്നയിച്ചിട്ടുണ്ട്. അതായതു് ഈസ്മെന്റു് റൈറ്റു് കിട്ടുമെന്നു പറഞ്ഞാൽ അതു് ഉറപ്പിച്ചു പറഞ്ഞുകൂടാ. ചിലപ്പോൾ കേറിച്ചെല്ലാൻതന്നെ കുടികിടപ്പുകാരന് സൗകര്യമില്ലാതെ വന്നേക്കാം. ഈസ്മെന്റ്സ് റൈറ്റ് കിട്ടുമെന്ന് ഉറപ്പിച്ചു പറയുന്നതു് കുടികിടപ്പുകാരനു ഗുണം ചെയ്യും. വിശേഷിച്ചും ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് എത്രത്തോളം ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുക്കാൻ കഴിയുമോ അത്രതന്നെ ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുക്കുകതന്നെ വേണം. അതുകൊണ്ട് ഈസ്മെന്റ്സ് റൈറ്റ്സ് കൊടുക്കണമെന്നു പറയുന്നതിനോടൊപ്പംതന്നെ ഈസ്മെന്റ്സ് റൈറ്റ് മാത്രംമതിയോ എന്നുള്ള സംശയം കൊണ്ടാണ് 'യൂസസ്' എന്നവാക്കുകൂടി ഉപയോഗിക്കണമെന്നു പറഞ്ഞതു്. അതിനുള്ള കാരണം ഇവരിൽ നല്ല ഒരു വിഭാഗം കുടികിടപ്പുകാർ കടലോരപ്രദേശങ്ങളിൽ ഉള്ളവരാണ്. ഇങ്ങനെയുള്ളവരുടെ സാമഗ്രികളും മറ്റും സൂക്ഷിക്കാനോ ഉണക്കാനോ ഉള്ള സൗകര്യം ഉണ്ടാകത്തക്ക നിലയിൽ ഉള്ള ഒരു കുടികിടപ്പ് അവർക്കു കിട്ടുന്നില്ലെങ്കിൽ അവരുടെ ജീവിതം വളരെയേറെ വിഷമമുള്ളതായ

LIBRARY ARCHIVES Kerala Legislative Assembly

ത്തീരും. ആ ഭൂമിയിൽ എന്തെങ്കിലും അദ്ധ്വാനിക്കുന്നതിനു് അനുവാദം കിട്ടണമെന്നു പറയുന്നില്ല. അവിടെ കുടികിടപ്പുകാരായി താമസിക്കപ്പെട്ടപ്പോൾതന്നെ അവരുടെ ജീവസന്ധാരണത്തിനാവശ്യമായ മററു ചില തൊഴിലുകൾ ചെയ്യുന്നതിനു് സ്വാഭാവികമായും അനുവാദം കൊടുക്കുന്നു ഒന്നു് നമ്മൾ ഇതിൽ എഴുതിചേർത്താൽ അതു് വളരെ ആവശ്യമായിരിക്കും. ഇവർ കേവലം കുടികിടപ്പുകാരാണു്. ഇവക്കു് കുടികിടപ്പിനുള്ള അവകാശം മാത്രമേയുള്ളു. അവരുടെ വല ഉണക്കുന്നതും മററും അവരുടെ അധികാരത്തിൽ കവിഞ്ഞ പ്രവൃത്തിയാണെന്നു പറയുന്ന ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടാകുന്നുണ്ടു്. ഇല്ലെങ്കിൽ ഇവരുടെ അവകാശം ഉറപ്പിച്ചു കൊടുത്തില്ലെങ്കിൽ ഇങ്ങനെ വല ഉണക്കുകയോ മററു തൊഴിലുകൾക്കാവശ്യമായ എന്തെങ്കിലും ചെയ്യുകയോ ചെയ്താൽ അതില്ലായ്മ ചെയ്യാനുള്ള സ്വാഭാവികമായ പ്രതികരണങ്ങൾ ഭൂവുടമകളുടെ ഭാഗത്തുനിന്നു് ഉണ്ടാവുമെന്നുള്ളതു് സ്വാഭാവികമാണു്. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ വേണ്ടി ഈ മാതിരി സൗകര്യങ്ങൾ മാത്രം അതായതു് അവരുടെ തൊഴിലിനു് സൗകര്യമുണ്ടാക്കി കൊടുക്കണമെന്നുള്ളതല്ലാതെ മററുയാതൊരധികാരവും കൊടുക്കണമെന്നു പറയുന്നില്ല. അവരുടെ ജോലികൾ അവർ താമസിക്കുന്ന ഇടങ്ങളിലുള്ള രീതിയിൽ ചെയ്യാനുള്ള അനുവാദം കൊടുക്കണം; അതാണു് 'യൂസസ്', എന്നു പറഞ്ഞതുകൊണ്ടുദ്ദേശിക്കുന്നതു്. അതുപോലെ കുളങ്ങളിൽനിന്നു് അല്പം വെള്ളമെടുക്കണമെന്നു പറഞ്ഞാൽ അതു് ഈ നിയമപ്രകാരം സാദ്ധ്യമല്ലാതെ വരും. ഈമാതിരി വിഷമതകളൊന്നും കുടികിടപ്പുകാരനില്ലാതിരിക്കാൻവേണ്ടി നമ്മൾ സൗകര്യം ചെയ്തുകൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്. സർ, ഇതു പറയുമ്പോൾ ഈ അടുത്തകാലത്തു് പശ്ചിമബംഗാളിൽ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ചില അധികാരങ്ങൾ കൊടുത്തതുകൊണ്ടു് ഒരു ബിൽ തയ്യാറാക്കിയതു് പത്രങ്ങളിൽ വായിച്ചു. അതിൽ അവർ ചെയ്തിരിക്കുന്നതു് വളരെ ധീരമായ ഒരു നടപടിയാണു്. ഒരേക്കറിന്റെ മൂന്നിലൊന്നുഭാഗം സ്ഥലം പാട്ടമില്ലാതെ, ഒരുപ്രകാരത്തിലും ഒഴിപ്പിക്കാൻ അവകാശമില്ലാതെ കുടികിടപ്പുകാരനു കൊടുക്കുമെന്നാണു് ആ ബില്ലിൽ പറയുന്നതു്. അത്രയും ധീരമായ ഒരു നടപടി കൽക്കട്ടയെപ്പോലെ വളരെയധികം ജനസാന്ദ്രതയുള്ള ഒരു പട്ടണത്തിൽപോലും ഇത്രയും പരിപൂർണ്ണമായ അവകാശം കുടികിടപ്പുകാക്കു കൊടുക്കണമെന്നുപറയാൻകാരണം കുടികിടപ്പുകാർ എന്നു പറയുന്നവർ മറെറല്ലാവിധത്തിലും ജീവിക്കാൻ വേണ്ടിയുള്ള സാഹചര്യം ഇല്ലാത്തവരാണു്. അവർക്കു് എത്രമാത്രം സഹായങ്ങൾ ചെയ്തുകൊടുക്കുന്നുവോ അത്രയും ഗുണമുണ്ടു്. നേരെമറിച്ചു് അവർക്കുള്ള അവകാശങ്ങൾ വെട്ടിക്കുറയ്ക്കാൻ പാടില്ലാ. അതു വളരെയേറെ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണു്. അതുകൊണ്ടു് ഈസ്‌മെൻറ്സ്‌ന പുറമെ കാലാകാലമായി അവർ അനുഭവിച്ചുവരുന്ന അവകാശങ്ങൾകൂടി അവർക്കു് തുടർന്നു നൽകാനുള്ള സാഹചര്യം നമ്മൾ ഉണ്ടാക്കുന്നില്ലെങ്കിൽ അതു് വളരെ കഷ്ടമാണു്. കിടന്നുറങ്ങാൻമാത്രമുള്ള അവകാശം മാത്രമേ കുടികിടപ്പുകാരനു് സിദ്ധിക്കുകയുള്ളു എന്നുവന്നാൽ അതു് വളരെ വിഷമമുള്ള കാര്യമാണു്. അതുകൊണ്ടു് ഞാൻ പറയുന്നതു് വ്യക്തമായിട്ടും കുടികിടപ്പുകാരനു് ഈസ്‌മെൻറ്സ് റൈററിനുപുറമെ കാലാകാലമായി അനുഭവിച്ചുവന്നിട്ടുള്ള അവകാശംകൂടി അനുവദിക്കത്തക്കനിലയിൽ കുടികിടപ്പുകാരനു് റൈററു് കൊടുക്കണം എന്നാണു്. ഇല്ലെങ്കിൽ വലി ബുദ്ധിമുട്ടാണു്. ശ്രീ. കെ. സി. എബ്രഹാമിന്റെ 2-ാം വകുപ്പു് എട കളയണമെന്ന ഭേദഗതിയെ ഞാൻ പരിപൂർണ്ണമായി പിൻതാങ്ങുന്നു. അ എടുത്തു കളയേണ്ടതു് വളരെ ആവശ്യമാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, എന്റെ ഭേദഗതി ഈ വകുപ്പിൽ കൊള്ളിച്ചിട്ടുള്ള ചുററളവു വ്യത്യാസപ്പെടുത്താതെ വീടു നന്നാക്കാനും പുതുക്കി പണിയാനും കുടികിടപ്പുകാരനു അവകാശമുണ്ടെന്നുള്ള ഭാഗം മാററി കുടികിടപ്പുകാരന്റെ സ്വന്തചെലവിൽ പുതിയതോ, പഴയതോ ആയ സാധനങ്ങൾ കൊണ്ടു് ചുററളവിന്റെ കാര്യം കണക്കാക്കാത്ത അയാളുടെ വീടു പുതുക്കി പണിയാൻ അവകാശമുണ്ടെന്നുള്ള നിലയിൽ ഈ ബില്ലിലെ വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

പുതുക്കിഎഴുതണം എന്നുള്ളതാണ്. കുടികിടപ്പുകാരനു് സ്ഥിരാവകാശം എന്ന നിലയ്ക്കുള്ള വകുപ്പു ഇതിൽ ചേർത്തുകൊണ്ടുതന്നെ സ്ഥിരാവകാശം ഉറപ്പിക്കുന്നതിനും അവരുടെ വീടു നന്നാക്കി അതിൽ കിടക്കുന്നതിനുമുള്ള ഒരു വാസനയാണ് അവരിൽ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നതു്. അതനുസരിച്ചു വീടു നന്നാക്കി പണിയുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളും ആരംഭിച്ചിട്ടുണ്ടു്. അതിനുമുമ്പു് മിക്കവാറും പുരഉടമസ്ഥന്റെ അനുവാദത്തോടുകൂടി അയാളുടെ പുരനന്നാക്കുന്നതിനു ആവശ്യമുള്ള സാധനങ്ങൾ എല്ലാം ശേഖരിച്ചുവച്ചുകൊണ്ടു പുരനന്നാക്കാൻവേണ്ടിയുള്ള പണി തുടങ്ങുമെന്നുകാണുമ്പോൾ അങ്ങനെ നന്നാക്കുന്നതിനു പുരഉടമസ്ഥൻ ഓരോ തടസ്സങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. കോടതിയിൽനിന്നും ഇഞ്ചെൻങ്ങ്ഷൻ കൊണ്ടുവരുന്ന മിക്കവാറും അങ്ങനെ ഒരു സംമ്പ്രദായം ഇവിടെ ഉണ്ടായിരുന്നു എന്നുള്ളതു എല്ലാ പാർട്ടിക്കാർക്കും അറിയാൻ സാധിക്കും. അങ്ങനെ കുടികിടപ്പുകാരനെ താമസിപ്പിക്കുന്നതിനുള്ള തടസ്സം പലകാരണങ്ങൾ കൊണ്ടുമുണ്ടാകും. അങ്ങനെ അവർ താമസിക്കുന്നതിൽ ഉടമസ്ഥനുള്ള ഉൽക്കണ്ഠ വകവെച്ചുകൊടുക്കാൻ സാധിക്കുന്നതാണോ. അല്ലെന്നാണ് ഈ വകുപ്പിനെസംബന്ധിച്ച എല്ലാഭാഗത്തുനിന്നും പൊന്തിവന്നിട്ടുള്ള അഭിപ്രായഗതിയിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു്. ഏതായിരുന്നാലും കാർഷികബന്ധനിയമത്തിൽ ഈ വകുപ്പ് ചേർത്തതിൽ വലിയ എതിർപ്പു അന്നു കാണുകയുണ്ടായില്ല. മാത്രമല്ല, ഭേദഗതികളും അന്നു അതിനു അനുവദിച്ചിരുന്നില്ല. എന്നാൽ ആ നിയമം പാസ്സായതോടുകൂടി കുടികിടപ്പുകാർ അവരുടെ പുരനന്നാക്കണം എന്നു തീരുമാനിച്ചു്, അതിനു വേണ്ട ശ്രമങ്ങൾ നടത്തിയതോടുകൂടി ചില കേസുകൾ കോടതിയിൽ പോകുകയുണ്ടായി. കേരളഹൈക്കോടതിയിൽ ശ്രീ. ടി. കെ. ജോസഫിന്റെ ബെഞ്ചിൽ ഒരു വിധിയുണ്ടായതിനെ അതിൽ പറഞ്ഞിട്ടുള്ളതു്, റീബിൽഡു ചെയ്യുന്നതു പഴയരീതിയിലുള്ള അതേ സാധനങ്ങൾകൊണ്ടു നന്നാക്കുക എന്നാണ് നിയമത്തിൽ ഉദ്ദേശിച്ചിട്ടുള്ളതു എന്നുള്ള ഒരു നിഗമനത്തിലാണ് അദ്ദേഹം എത്തിച്ചേരുകയുണ്ടായതു്. അതായതു്, പനമ്പിനു പകരം പനമ്പോ, ഓലക്കു പകരം ഓലയോ, പലകയ്ക്കു പകരം പലകയോ ഇങ്ങനെയുള്ള സാധനങ്ങൾ കൊണ്ടുണ്ടാക്കണമെന്നുള്ളതാണ്. പുതിയരീതിയിൽ പുതിയ രീതിയിലുള്ള സാധനങ്ങൾ കൊണ്ടുണ്ടാക്കാൻ പാടില്ലാ എന്നായിരുന്നു അദ്ദേഹത്തിന്റെ ജഡ്ജ്മെന്റ്.

മറെറാരുകാര്യം ഈ ചുററളവു അതായതു്, കെട്ടിടത്തിന്റെ ഡയമെൻഷൻ വർദ്ധിപ്പിക്കാൻ പാടില്ലാ എന്നുള്ളതാണ്. ഇന്നുള്ള അളവിൽ തന്നെ പുതുക്കിപ്പണിയിക്കണം ചുററളവു വർദ്ധിപ്പിച്ചു പുതുക്കിപ്പണിയാൻ പാടില്ല എന്നാണ്.

ശ്രീ. കെ. ആർ. വിജയൻ: ഈ 78—ാം വകുപ്പ്

'repair and reconstruct with the same material' 'without increasing the plinth area'

എന്നും പ്ലിൻത്ത് ഏരിയാ എന്നുകൊടുത്തിട്ടുള്ളതുസംബന്ധിച്ചും കോടതി വ്യാഖ്യാനിച്ചതായി മനസ്സിലാക്കുന്നുണ്ടോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ അതിലേക്കു വരികയാണ്. അങ്ങനെ ഈ ജഡ്ജിമെന്റ് ചൂണ്ടിക്കാണിച്ച കുഴപ്പം വരുന്നതിനിടയാകാത്ത തരത്തിൽ ഒരു വകുപ്പുവേണം എന്നുള്ളതു ഈ ബിൽ വരുന്നതിനുമുമ്പുതന്നെ അതിൽ വരുത്തേണ്ടതായിരുന്നു. കുടികിടപ്പുസംഘടനയും കർഷകസംഘടനകളും ഈ ആവശ്യങ്ങൾ നേരത്തെ ഉന്നയിച്ചിരുന്നു. നിർഭാഗ്യവശാൽ ഈ കുറവു പരിഹരിക്കാൻ ആവശ്യമായ വകുപ്പ് ആദ്യം ഈ ബില്ലിൽ ഇല്ലായിരുന്നു. പിന്നീടു് ഭരണകക്ഷിക്കാരിൽനിന്നും പ്രതിപക്ഷങ്ങളിൽനിന്നും ന്യായമായിട്ടുവന്ന ആവശ്യങ്ങളെ പരിഗണിച്ചുകൊണ്ടു സെലക്റ്റുകമ്മററി അത്തരം ഒരു ഭേദഗതി അംഗീകരിക്കുന്നതിനു തയ്യാറായി.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: You need not cover all the grounds again. Try to refer to thoise things as briefiy as possible.
ഭേദഗതിയെസംബന്ധിച്ചമാത്രം പറഞ്ഞാൽമതി. ജനറലായിട്ടുള്ള ചർച്ചയുടെ ആവശ്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ ജനറലായിട്ടുള്ള കാര്യങ്ങൾ പറയുകയല്ല ചെയ്യുന്നതു്.

Mr. Speaker: As far as possible repetitions may be avoided. Try to confine yourself to the amendment.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഗവണ്മെൻറു ഈ തത്വം അപ്പോഴം അംഗീകരിച്ചു എങ്കിൽത്തന്നെയും അതിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചില്ല എന്നുള്ള പശ്ചാത്താപത്തിലേക്കു ഞാൻ കടക്കുകയാണു്.

മിസ്റ്റർ സ്പീക്കർ: അതു എല്ലാവക്കും അറിയാവുന്നതുകൊണ്ടു ഇനി അതേപ്പററി പറയേണ്ട ആവശ്യമില്ല. വീണ്ടും ആവത്തിക്കേണ്ട ആവശ്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇപ്പോഴം ഈ വകുപ്പിൽ സ്വീകരിച്ചിട്ടുള്ള വ്യവസ്ഥ അനുസരിച്ചു അടിത്തറ വിസ്തൃതമാക്കാൻ പാടില്ലാ എന്നുള്ളതാണു്. എന്നാൽ എനിക്കു പറയാനുള്ളതു, എപ്പോഴെങ്കിലും കുറച്ചുപണം കൈവശം വന്നാൽ അതുകൊണ്ടു അയാളുടെ വീടു ഒന്നു നന്നാക്കണം എന്നു വിചാരിച്ചാൽ അതിനു അവകാശം കൊടുക്കുന്നില്ലാ എന്നാണു് ഫലത്തിൽ വരാൻപോകുന്നതു്.

സർ, സ്ഥിരാവകാശം കിട്ടിക്കഴിഞ്ഞാൽ വീടു ന്യായമായി നന്നാക്കാൻ അവകാശം കുടികിടപ്പുകാർക്കു കൊടുക്കുന്നതു ഒരു ന്യായംമാത്രമാണു്. അതോടൊപ്പംതന്നെ, ഇന്നത്തെ അവസ്ഥ അനുസരിച്ചു അയാൾക്കു കുറെ സൗകര്യങ്ങൾകൂടി ലഭിക്കുന്നതിനു സഹായകമായ ഒരു മനോഭാവംകൂടി ഉണ്ടാകേണ്ടതാണു്. അപ്പോൾ ചോദിക്കും, അയാൾക്കു പണമുണ്ടെങ്കിൽ മറെറാരുസ്ഥലംവാങ്ങി സൗകര്യമായ ഒരു കെട്ടിടം ഉണ്ടാക്കിക്കൂടെ എന്നു് സാധാരണ ഈ കുടികിടപ്പുകാർ അത്രമാത്രം പണത്തിനു സൗകര്യമുള്ളവരായിരിക്കാനിടയില്ല. പലവിധത്തിലും കയ്യിൽ വന്നിട്ടുള്ള കുറെ പണംകൊണ്ടു ആ വീടു കുറച്ചു ഒന്നു നന്നാക്കി പണിയണമെന്നുദ്ദേശിച്ചാൽ അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണു്. അതുകൊണ്ടു ഈ ചുററളവിനുള്ള പുതിയ പരിമിതി വയ്ക്കാതെ ആ വീടു വയ്ക്കാനുള്ള അനുമതി അയാൾക്കു കൊടുക്കണമെന്നുള്ളതാണു് എൻെറ ആദ്യത്തെ ഭേദഗതി.

രണ്ടാമത്തെ ഭേദഗതി 78-ാമത്തെ ക്ലാസിൽ രണ്ടാമത്തെ ഉപവകുപ്പു എടുത്തുകളയണമെന്നുള്ള ഭേദഗതി അവതരിപ്പിക്കാൻ സാധിച്ചില്ല. സർ, ഈ രണ്ടാം ഉപവകുപ്പു് അങ്ങനെ എടുത്തുകളയണമെന്നുള്ള കാര്യത്തിൽ ഒരു തക്കവും ഉണ്ടാകാൻ വഴിയില്ല. ഒരു കുടികിടപ്പുകാരൻ അങ്ങനെ ഒരു വീടുണ്ടാക്കുകയോ, നന്നാക്കുകയോ ചെയ്തുകഴിഞ്ഞാൽ ഒഴിപ്പിക്കേണ്ടിവരികയാണെങ്കിൽ, അയാൾക്കു പ്രതിഫലത്തിനു അവകാശമില്ലെന്നുള്ളതു അപ്പാടെ അയാളുടെ അവകാശത്തെ നിഷേധിക്കുന്നതിനുള്ള ഒരു വ്യവസ്ഥയാണു് രണ്ടാമതു എഴുതിച്ചേർത്തിരിക്കുന്നതു്. അയാൾ കെട്ടിടം പുതുക്കി എടുക്കുമ്പോൾ കുടികിടപ്പുകാരനെ ഇതിൽ പറഞ്ഞിട്ടുള്ളതും, നാം പാസ്സാക്കിയിട്ടുള്ള മററു വകുപ്പുകൾ പ്രകാരം ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഉടമസ്ഥന്മാർ തുടങ്ങും. ഉദാഹരണത്തിനു ഒരാൾ അങ്ങനെ ഒരു പുരയുണ്ടാക്കി താമസിക്കാൻ തുടങ്ങുമ്പോൾ ഇന്നലെ നാം ഇവിടെ പാസ്സാക്കിയ 74-ാം ക്ലാസിലെ 4-ാം ഉപവകുപ്പു് അനുസരിച്ചു മറെറാരു സ്ഥലത്തേക്കു ഈ കുടികിടപ്പുകാരനെ മാററുന്നതിനു അവകാശമുണ്ടു്. അങ്ങനെ വരുമ്പോൾ ഈ പുരയുടെവിലകൊടുക്കാൻ ഉടമസ്ഥൻ ബാദ്ധ്യസ്ഥനല്ല. പുരപൊളിച്ചു മാററിവയ്ക്കുകയോ എന്തുചെയ്താലും കാലണ അയാൾക്കു കൊടുക്കാൻ വ്യവസ്ഥയില്ല. വസ്തു ഉടമസ്ഥൻ സ്വന്തമായിട്ടു വീടുവയ്ക്കാൻവേണ്ടി കുടികിടപ്പുകാരനെ ഒഴിപ്പിക്കാം എന്നു വ്യവസ്ഥചെയ്തിരിക്കുന്നതുകൊണ്ടു നല്ല രീതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

പണിതിട്ടുള്ള പുരയാണെങ്കിൽപോലും അയാളെ അവിടെനിന്നും മാററാൻ സാധിക്കും. അതുകൊണ്ടു റീകൺസ്ട്രക്റ്റ് ചെയ്യാൻ അനുവദിക്കുന്ന ഒരു വകുപ്പുദയതുകൊണ്ടു അതിനു കുടികിടപ്പുകാരനു സൗകര്യമായവിധത്തിൽ അതു ഉപയോഗപ്പെടുത്തുന്നതിനു അതിൽ കൊടുത്തിട്ടുള്ള പരിമിതികൾ ഇല്ലാതിരിക്കുകയും ചെയ്യണം.

ശ്രീ. കെ. കൃഷ്ണപിള്ള: സർ, എന്റെ ഭേദഗതി 78 (1)—ൽ

"but without increasing the plinth area"

എന്നുള്ളതു എടുത്തുകളഞ്ഞിട്ട്

"provided that the plinth area of the hut so reconstructed shall not be increased by more than twentyfive per cent.

എന്നുള്ളതുകൂടി ചേർക്കണമെന്നുള്ളതാണ്. കുടികിടപ്പുകാരനു അയാളുടെ കുടിൽ റിപ്പെയർ ചെയ്യുന്നതിനും റീകൺസ്ട്രക്റ്റ് ചെയ്യുന്നതിനുമുള്ള അവകാശം ആ കുടിലിൽ ഉപയോഗിച്ചിരുന്ന സാധനങ്ങൾതന്നെ ഉപയോഗിച്ചു ചെയ്യണമെന്നാണ്. എന്നാൽ അതോടൊപ്പംതന്നെ പ്ലിൻത്ത് ഏരിയാ വർദ്ധിപ്പിക്കാൻ പാടില്ലാ എന്നാണ് ഒന്നാമത്തെ ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നതു. രണ്ടാമതു, അതിനു അങ്ങനെ വിലകൂട്ടുന്ന പക്ഷം അത്രയും കാമ്പൻസേഷൻ കിട്ടാൻ അവകാശമില്ല. എന്നു പറഞ്ഞിട്ടുണ്ട്. ശ്രീമാൻ തൊമ്മന്റെ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടില്ല. യഥാർത്ഥത്തിൽ ആ ഭേദഗതി അവതരിപ്പിക്കാതെതന്നെ ഫലത്തിൽ അ ഭേ ദ ഗ ത്തി ന്റെ ഉദ്ദേശം ഇന്നുള്ള വ്യവസ്ഥകൾ കൊണ്ടുതന്നെ സാധിക്കുന്നതാണ്.

കുടികിടപ്പുകാർ അവരുടെ കുടിൽ റീകൺസ്ട്രക്റ്റ് ചെയ്യുമ്പോൾ അതിന്റെ ചുററളവു വർദ്ധിപ്പിക്കാൻ പാടില്ലാ എന്നാണ്. എന്നാൽ അതിന്റെ വിലവർദ്ധിപ്പിക്കുന്നതിനു തടസ്സമില്ല. എന്നാൽ അതിനു കാമ്പൻസേഷൻ കിട്ടാൻ അവകാശമില്ല. ഇതു കുടികിടപ്പുകാരനെ എവിക്റ്റ് ചെയ്യാൻ ഒരു പ്രേരണയാകുകയില്ലേ എന്നു ഞാൻ ഭയപ്പെടുന്നു. യഥാർത്ഥത്തിൽ ഈ കുടികിടപ്പുകാരെസംബന്ധിച്ചിടത്തോളം അവരും മനുഷ്യരാണ് എന്നുള്ള ഒരു തോന്നൽ ഈ വകുപ്പു എഴുതിയപ്പോൾ ഉണ്ടായി എന്നു തോന്നുന്നില്ല. കുടികിടപ്പുകാരനു മക്കൾ ഉണ്ടായിരിക്കും. അവർ പ്രായമാകുന്നതോടുകൂടി അവർക്കെല്ലാവർക്കുംകൂടി അവർതാമസിച്ചുവന്നിരുന്ന വീട്ടിൽ കഴിഞ്ഞുകൂടാൻ അസൗകര്യം ഉണ്ടായില്ല എന്നുവരാം. അപ്പോൾ അവരുടെ വീടു ഒന്നു പുതുക്കിപ്പണിയുന്നതിനും അതിൽ അൽപ്പംകൂടി സ്ഥലസൗകര്യം വർദ്ധിപ്പിക്കണം എന്നും ആഗ്രഹം ഉണ്ടാകാം. അപ്പോൾ അവർക്കു അതു ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. അതു ഈ ബില്‍ എഴുതിയുണ്ടാക്കിയവർ അംഗീകരിച്ചില്ലാ എന്നുള്ളതാണു വസ്തുത. അതല്ലെങ്കിൽ ഇന്നുള്ള കുടിൽ യഥാർത്ഥത്തിൽ ഇന്നു ഉപയോഗിച്ചിരിക്കുന്ന സാധനങ്ങൾകൊണ്ടു റിപ്പെയർ ചെയ്യാനുള്ള അവകാശംമാത്രമാണ് കൊടുത്തിട്ടുള്ളതു. കാരണം, രണ്ടാമത്തെ ഉപവകുപ്പു വരുമ്പോൾ പറയുന്നതു വിലകൂടുതലുള്ള സാധനങ്ങൾ ഉപയോഗിച്ചാൽ പ്രതിഫലം കിട്ടാൻ അവകാശമില്ല. അതുകൊണ്ടു ഭൂമിയുടമസ്ഥനു അയാളെ ഒഴിപ്പിക്കാൻ സ്വാഭാവികമായി ആഗ്രഹമുണ്ടാകാം. അതുമൂലം ഈ കുടികിടപ്പുകാരനെ ഒഴിപ്പിക്കാനുള്ള ഒരു പ്രേരണ വസ്തുഉടമസ്ഥനു കൊടുക്കുകയായിരിക്കും. അതുകൊണ്ടു ഈ കുടികിടപ്പുകാരനു ഇന്നുള്ള കെട്ടിടത്തിൽ ജീവിക്കാനുള്ള സൗകര്യം മാത്രമെ ഉണ്ടായിരിക്കുകയുള്ളു. ആ കുടിൽ റീകൺസ്ട്രക്റ്റ് ചെയ്യുന്ന അവസരത്തിൽ ചുററളവു പരമാവധി 25 ശതമാനത്തിൽ കൂടുതൽ വർദ്ധിപ്പിക്കാൻ പാടില്ലാ എന്നുള്ളതാണ് എന്റെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നതു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ കുടികിടപ്പുകാരൻ കെട്ടിടം നന്നാക്കുന്ന അവസരത്തിൽ ഇരുപത്തയ്യായിരമോ മുപ്പതിനായിരമോ രൂപാ ചെലവുചെയ്തു കെട്ടിടം നന്നാക്കി പണിചെയ്യുക പിന്നെ അതു രണ്ടുനിലയോ മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

നിലയോ ആക്കി പണിചെയ്യുകയാണെങ്കിൽ ഉടമസ്ഥന് അതു ഒരിക്കലും ഒഴിപ്പിക്കാൻ പാടില്ല എന്നുവരുമോ. അങ്ങനെ ഒഴിപ്പിക്കുന്ന അവസരത്തിൽ വിലകൊടുക്കാതെ കുടികിടപ്പുകാരൻ സമ്മതിക്കുമോ. അങ്ങനെ അവിടെ കുഴപ്പമുണ്ടാകാനിടയില്ലേ.?

ശ്രീ. കെ. കൃഷ്ണപിള്ള: യഥാർത്ഥത്തിൽ മിസ്റ്റർ ചാഴിക്കാടൻ കാര്യം അറിയാതെ പറയുകയാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു കുടികിടപ്പുകാരൻ മറെറാരാളുടെ വസ്തുവിൽ സ്വന്തഭൂമിയില്ലാത്തതുകൊണ്ടു കുടികിടപ്പുകാരനായി താമസിക്കുകയാണ്. അയാരം 25,000 രൂപ ചെലവുചെയ്തു വീടു പണിയുമെന്നു വിചാരിക്കാൻ നിവൃത്തിയില്ല. അങ്ങനെ ആരും ചെയ്യാറില്ല. മറെറങ്ങും പാർക്കാൻ സൗകര്യമില്ലാത്തതുകൊണ്ട് ഇങ്ങനെ കുടികിടപ്പുകാരനായി കഴിഞ്ഞുകൂടുകയാണ്. അയാരം 25,000 രൂപ ചെലവാക്കി കെട്ടിടം പണിയും എന്നു ഇങ്ങനെ ഭാവനയിൽ കാണുന്നതു കുറെ കഷ്ടമാണ്.

ശ്രീ. ഈ. പി. ഗോപാലൻ: കള്ളനോട്ടുകാരും കരിഞ്ചന്തക്കാരും കാശുകാരും എല്ലാം കുടികിടപ്പുകാരല്ലെന്നുള്ളതറിയാമോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: പല കള്ളനോട്ടുകളും അടിച്ചിട്ടുള്ളതു കുടിലുകളിൽവച്ചാണെന്നുള്ളതു തെളിവിൽ വന്നിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണപിള്ള: ഈ കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള കുഴപ്പമൊന്നും വരുമെന്നു വിചാരിക്കേണ്ടതില്ല. വളരെ അംഗസംഖ്യ ഈ പാവപ്പെട്ടവരുടെ ഇടയിലാണുള്ളതു്. അവരും മനുഷ്യരാണ്. അവർക്കും കുറെ സൗകര്യങ്ങളൊക്കെ കൊടുക്കേണ്ടേ. കുടികിടപ്പുകാർക്കു കിട്ടിയ സൗകര്യം വച്ചുകൊണ്ട് അവർക്ക് ഏതുരീതിയിൽ വീടുവയ്ക്കുന്നതിനുള്ള അവകാശവും കൊടുക്കേണ്ടതാണ്. അതിനു യാതൊരു രീതിയിലുള്ള നിയന്ത്രണവും വയ്ക്കാൻപാടില്ല എന്നുള്ളതാണ് എന്റെ അഭിപ്രായം. അതുകൊണ്ടു 25 ശതമാനമെങ്കിലും അവരുടെ കുടിലിന്റെ ചുററളവു വർദ്ധിപ്പിക്കാൻ അവകാശം കൊടുക്കണമെന്നുള്ളതു് ഒരു ന്യായം മാത്രമാണ്.

രണ്ടാമത്തെ ഉപവകുപ്പിനെ സംബന്ധിച്ചിടത്തോളം കെ. സി. ഏബ്രഹാം അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുകയാണ്. ഒരു കുടികിടപ്പുകാരൻ വീടുപുതുക്കിവച്ചാൽ അതിനു കൂടുതലായി ഒന്നും കൊടുക്കാതെ
9. A. M. തന്നെ വസ്തു ഉടമസ്ഥനു് ഒഴിപ്പിക്കാമെന്നു വരുന്നതു് നീതിക്കു നിരക്കാത്തതാണ്. അതുകൊണ്ടു് രണ്ടാം ഉപവകുപ്പു് എടുത്തു കളയണമെന്നും ഒന്നാമത്തേതിനു് എന്റെ ഭേദഗതി സ്വീകരിക്കണമെന്നുമാണ് എനിക്കു് അഭ്യർത്ഥിക്കാനുള്ളതു്.

ശ്രീ. പി. എസ്സ്. ശ്രീനിവാസൻ: ഒരു പുതിയ പ്രൊവൈസോ ചേർക്കണമെന്നാണ് എന്റെ ഭേദഗതിയിൽ പറയുന്നതു്. ശ്രീ. കൃഷ്ണപിള്ള അവതരിപ്പിച്ച ഭേദഗതിയോടു് ഏതാണ്ടു് തുല്യമാണു് ഈ ഭേദഗതി. അദ്ദേഹത്തിന്റെ ഭേദഗതിയിൽ 25 ശതമാനമെന്നു പറയുന്നതു് എന്റെ ഭേദഗതിയിൽ 30 ശതമാനം എന്നാക്കിയിട്ടുണ്ടു്. ശ്രീ. ചാഴിക്കാടൻ പറഞ്ഞതു പോലെ കുടികിടപ്പുകാർ വീടിന്റെ നില വർദ്ധിപ്പിച്ചു പോകുകയില്ല. പലപ്പോഴും അവർക്കു് നിലയില്ലാത്ത സ്ഥിതിയാണുള്ളതു്. അതുകൊണ്ടു് അങ്ങനെ ഭയപ്പെട്ടിട്ടു് കാര്യമില്ല. കുടികിടപ്പുകാർ ഇന്നുള്ള വീടുകളിൽ മൂന്നും നാലും കുടുംബങ്ങൾ ഒന്നിച്ചു കഴിഞ്ഞുകൂടുകയാണ്. അവർക്കു് വേറെ വീടുവയ്ക്കാൻ സ്ഥലമില്ല, ആരും അതിനുസ്ഥലം കൊടുക്കുകയുമില്ല. അതുകൊണ്ടു് ഇപ്പോഴുള്ള വീടു് വിപുലപ്പെടുത്താനുള്ള സൗകര്യം കൊടുത്തില്ലെങ്കിൽ അവരുടെ സ്ഥിതി ദയനീയമായിരിക്കും. മുൻപുണ്ടായിരുന്ന നിയമം വച്ചുകൊണ്ടു് ചില കോടതിവിധികൾ ഉണ്ടായിട്ടുണ്ടു്. മുകളിലോട്ടു് എത്ര വേണമെങ്കിലും പോകാം, പക്ഷേ ഡൈമെൻഷൻ വർദ്ധിപ്പിച്ചുകൂടെന്നാണു് ആദ്യം വിധിയുണ്ടായതു്. പിന്നീടു് പൊക്കവും വർദ്ധിപ്പിക്കാൻ പാടില്ലെന്നു വിധിയുണ്ടായിട്ടുണ്ടു്. അതിനുശേഷം മുൻപു ഉപയോഗിച്ചിട്ടുള്ള സാധനങ്ങൾ

2/750/V.

[ശ്രീ. പി. എസ്സ്. ശ്രീനിവാസൻ]

തന്നെ ഉപയോഗിക്കണമെന്നും വിധിയുണ്ടായിട്ടുണ്ട്. നിയമസഭയുടെ ഉദ്ദേശം എന്തായിരുന്നെന്നോ, അവർ ആഗ്രഹിച്ചിരുന്നത് എന്തെന്നോ, പലപ്പോഴും കോടതി ധരിച്ചിട്ടില്ലെന്നുവരാം. ഗ്രീൻസ് ഏരിയാ വർദ്ധിപ്പിച്ചാൽ വളരെ വിലയുള്ള കെട്ടിടങ്ങൾ ഉണ്ടാകുമെന്നു പ്രതീക്ഷിക്കേണ്ടതില്ല. നമ്മുടെആഗ്രഹം......

ശ്രീ. പി. കെ. കുഞ്ഞച്ചൻ: കുടികിടപ്പുകാരൻ എന്നുംകുടികിടപ്പുകാരനായി കഴിയണമെന്നുള്ള ചിന്താഗതിയല്ലേ ശ്രീ. തൊമ്മന്റെ ഭേദഗതിയിലുള്ളത്.

ശ്രീ. പി. എസ്സ്. ശ്രീനിവാസൻ: കുടികിടപ്പുകാർ ഇല്ലാതാകേണ്ട സ്ഥിതിയാണു നാം ഭാവന ചെയ്യുന്നത്. മനോഹരമായ കെട്ടിടങ്ങളിൽ മനുഷ്യർ താമസിക്കുന്ന സ്ഥിതി ഉണ്ടാകണമെന്നാണു നാം ആഗ്രഹിക്കുന്നത്. കുടികിടപ്പുകാരായി കഴിയുന്നവരും മനുഷ്യരെപ്പോലെ ജീവിക്കുന്നതിനു കുറച്ചൊന്നു സൗകര്യമായി കഴിയാനുള്ള അവസരം കൊടുക്കണമെന്നാണ് ഞാൻ ഭേദഗതിമൂലം ഉദ്ദേശിക്കുന്നത്. ആ നിലയിൽ ഇന്ന് അങ്ങനെ താമസിക്കുന്ന ആളുകൾക്ക് അവരുടെ കെട്ടിടം കുറച്ചു വികസിപ്പിക്കാനുള്ള സൗകര്യം കൊടുക്കണം. ശ്രീ. തൊമ്മന്റെ ഭേദഗതി അവതരിപ്പിക്കാത്തതുകൊണ്ട് അതിലേക്ക് ഞാൻ കടക്കുന്നില്ല. കുടികിടപ്പുകാരും ജന്മിമാരും തമ്മിലുള്ള ബന്ധത്തിൽ വളരെ ടെൻഷൻ ഉണ്ട്, അത് അവസാനിപ്പിക്കാനുള്ള ശ്രമമാണു നടത്തുന്നതെന്ന് ഇവിടെ പറയുകയുണ്ടായി. ഒരു ഭാഗത്ത് അവകാശങ്ങൾ നിഷേധിക്കുകയും, മറുഭാഗത്തു കൊടുക്കുകയും ചെയ്താൽ ടെൻഷൻ വർദ്ധിക്കുകയേയുള്ളു. നമ്മുടെ നാട്ടിൻപുറങ്ങളിൽ ഇതുമൂലം സംഘർഷാവസ്ഥ ഉണ്ടാകാനാണ് ഇടയുള്ളത്. നാം എത്ര നിയമം ഉണ്ടാക്കിയാലും അതു മാററാൻ കഴിവുള്ളജനങ്ങളാണുള്ളത്. സമാധാനപരമായി അതു മാററാനുള്ള സൗകര്യം കൊടുത്തില്ലെങ്കിൽ അസമാധാന പരമായ മാർഗ്ഗങ്ങൾ അവർ ആരായുമെന്നും നാം മനസ്സിലാക്കണം. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം നാം മുൻപെടുത്ത തീരുമാനം വളരെ ഖേദകരമായിപ്പോയി. ഈ കാര്യത്തിലെങ്കിലും കുറച്ചു നീതി കാണിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. ഭാർഗ്ഗവൻ: ഭേദഗതികളെല്ലാം അവതരിപ്പിച്ച കൂട്ടത്തിൽ അവതരിപ്പിക്കാൻ കഴിയാതെപോയ ഭേദഗതിയാണ് എന്റെ ഭേദഗതി. In clause 78, delete sub-clause (2). ഈ സബ്ക്ലാസ് (2) ഒരു വിരോധാഭാസമാണ്. ക്ലാസ് 78 (1) അനുസരിച്ചു പുതുക്കിപ്പണിയുന്നതിനുള്ള അവകാശം കുടികിടപ്പുകാരൻ ഉപയോഗിച്ചാൽ അയാൾക്ക് ഉണ്ടായ ചെലവ് ഒഴിപ്പിക്കുമ്പോൾ കൊടുക്കേണ്ടെന്നു പറയുന്നതു ഈ നിയമത്തിനു വിധേയമായ അവകാശം ഉപയോഗിച്ചതിന് അയാളെ ശിക്ഷിക്കുന്നതിനു സമമാണ്. ഇത് പ്രഥമ ദൃഷ്ടിയിൽത്തന്നെ പരസ്പരവിരുദ്ധമാണ്. 74—ാം വകുപ്പനുസരിച്ചു കുടികിടപ്പുകാരനെ ഒഴിപ്പിക്കാൻ ധാരാളം സൗകര്യമുണ്ട്. അങ്ങനെ ഒഴിപ്പിക്കൽ ഭീഷണി ഡെമാക്ലാസിന്റെ വാളുപോലെ കുടികിടപ്പുകാരന്റെ തലയിൽ തൂങ്ങിനില്ക്കുന്നുണ്ട്. കുടികിടപ്പുകാരൻ പണം ചെലവുചെയ്തു വീടുനന്നാക്കിയാൽ ഏതുസമയത്തും ഒഴിപ്പിക്കാമെന്ന നിലയാണുള്ളത്. അപ്പോൾ കുടികിടപ്പു നന്നാക്കാൻ സൗകര്യം കൊടുത്തുവെന്നു നാട്ടുകാരോട് പറയണം. എന്നാൽ ആ സൗകര്യം ഉപയോഗിക്കാനും പാടില്ല. ഉപയോഗിച്ചാൽ കുടികിടപ്പുകാരനു നഷ്ടമുണ്ടാകും. അങ്ങനെ പ്രചരണത്തിനുവേണ്ടി കുടികിടപ്പ് പുതുക്കാമെന്നൊരു വകുപ്പ് എഴുതിചേർത്തുവെന്നേയുള്ളു. അതിന്റെഫലം കുടികിടപ്പുകാരനു അനുഭവിക്കാൻ ഇടവരുതെന്നാണു വിചാരം. 74 മുതൽ 78 വരെയുള്ള ക്ലാസുകളിൽ പ്രചരണോദ്ദേശത്തിൽ കവിഞ്ഞു ഒന്നുമില്ല. 75 (2) മുകളിൽ പറയുന്ന (1)-നു എതിരാണ്. അതുകൊണ്ട് അതു ഡിലീററുചെയ്യാൻ വിഷമമുണ്ടാകുകയില്ല. ഒരു പത്തു നാനൂറുരൂപ അധികമായി ചെലവുചെയ്തു വീടുനന്നാക്കിയാൽ

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു സ്ഥലത്തേക്ക് മാററി താമസിപ്പിക്കുകയാണെന്നു വന്നാൽ അയാൾക്ക് സ്വന്തമായി മൂന്നുസെൻറുഭൂമി വാങ്ങുന്നതിനേക്കാൾകൂടുതൽ നഷ്ടമായിരിക്കും ഉണ്ടാകുന്നതു്. പ്രഥമദൃഷ്ടിയിൽത്തന്നെ പരസ്പരവിരുദ്ധവും കുടികിടപ്പുകാരുടെ അവകാശത്തെ നഷ്ടപ്പെടുത്തുന്നതുമാകയാൽ ഉപവകുപ്പ് (2) ഡിലീററുചെയ്യേണ്ടതാണു്. ചിലക്ക് ഇതുപോലെ പുതുക്കിപ്പണിഞ്ഞാൽ സന്തോഷമാണു്. അതിൻെറ മെററീരിയൽ വാല്യു വർദ്ധിപ്പിക്കാൻ പാടില്ല. സാധനങ്ങൾക്കു ദിവസേന വിലകൂടുന്ന നാട്ടിൽ മെററീരിയൽസിൻെറ വില വർദ്ധിക്കാതെ പണിയണമെന്നുള്ള ചിന്താഗതി എങ്ങനെ ഉണ്ടാകുന്നുവെന്നു മനസ്സിലാകുന്നില്ല. ശ്രീ. തൊമ്മൻെറ ഒരു ഭേദഗതിയുണ്ടു്. അതിൽ പറയുന്നതു്......

ശ്രീ. ടി. എ. തൊമ്മൻ: അവതരിപ്പിക്കാത്ത ഭേദഗതിയെപ്പററി സംസാരിക്കാമോ?

ശ്രീ. ഇ. പി. ഗോപാലൻ: എഴുതിയ ഭേദഗതിയിൽനിന്നും ആളെ മനസ്സിലാക്കാമെന്നു് ഒരു ചൊല്ലുണ്ടു്. അങ്ങനെ സംസാരിച്ചുപോയാൽ തെററാണോ?

മിസ്റ്റർ സ്പീക്കർ: അതിൽ തെററില്ല.

ശ്രീമതി കെ. ആർ. ഗൗരി: ചില ആളുകൾക്ക് മെററീരിയൽ വാല്യു ആയിട്ടുള്ളതു് ആത്മീയബന്ധമുള്ളതായി കൂട്ടാമെന്നാണു് കാണുന്നതു്.

ശ്രീ. കെ. ഭാർഗ്ഗവൻ: ആത്മീയമെന്നു പറയുന്നവർ പലപ്പോഴും ഭൗതികത്തിനു വില കൊടുക്കുന്നവരാണു്. ശ്രീ. തൊമ്മൻെറ ഭേദഗതിയെപ്പററി പറഞ്ഞപ്പോൾത്തന്നെ അദ്ദേഹത്തിനു വിഷമം തോന്നി. അതു് അവതരിപ്പിക്കാതിരിക്കാനുള്ള ദയവെങ്കിലും തോന്നിയതിൽ അദ്ദേഹത്തോടു് ബഹുമാനമുണ്ടു്. എന്തായാലും 78 (2) ഡിലീററു ചെയ്യണം. ശ്രീ. കൃഷ്ണപിള്ളയും, ശ്രീനിവാസനും അവതരിപ്പിച്ച ഭേദഗതികൾ പരിഗണിക്കേണ്ടതാണു്. കുടികിടപ്പുകാരനു് അയാളുടെ ഇഷ്ടംപോലെ ഏരിയ വർദ്ധിപ്പിക്കാമെന്നു പറയുന്നില്ല. 25 ശതമാനം വർദ്ധിപ്പിക്കാനുള്ള അവകാശം നൽകണമെന്നാണു പറയുന്നതു്. അവരും മനുഷ്യരാണെന്നുള്ള നിലയിൽ അനുവദിക്കേണ്ടതാണു്. അതുകൊണ്ടു് 25 ശതമാനമെങ്കിലും ഏരിയ വർദ്ധിപ്പിക്കാൻ അനുവദിക്കുന്നതിൽ വലിയ അപകടമൊന്നുമില്ലെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ: പത്തുകൊല്ലംമുൻപു് ഒരു കുടുംബത്തിലെ അംഗസംഖ്യ നാലായിരുന്നെങ്കിൽ ഇന്നു് അഞ്ചാകുമെന്നു് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കുമോ?

ശ്രീ. കെ. ഭാർഗ്ഗവൻ: അഞ്ചല്ലാ, ഇപ്പോൾ വളരെ വർദ്ധിച്ചിരിക്കും. അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ പ്ലിന്ത് ഏരിയാ വർദ്ധിപ്പിക്കാൻ ആവശ്യപ്പെടാൻ ഒക്കുകയില്ലല്ലോ. അതുകൊണ്ടാണു് 25 ശതമാനം വർദ്ധിപ്പിക്കാൻ അനുവദിക്കണമെന്നു പറയുന്നതു്. ശ്രീ. തൊമ്മൻെറ ഭേദഗതി അവതരിപ്പിക്കാതിരുന്നതിനു നന്ദിപറയുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, 1449-ാം നമ്പരായിട്ടു് ഞാനൊരു ഭേദഗതി ടേബിൾ ചെയ്തിരുന്നു. അതായതു് In clause 78 delete sub-clause (2) മറെറാരു ഭേദഗതിക്ക് സമാനമായതുകൊണ്ടു് എൻെറ ഭേദഗതിക്ക് അവതരണാനുമതി കിട്ടിയില്ല. ഈ നിയമത്തിലെ 74 മുതൽ 78 വരെയുള്ള വകുപ്പുകൾപ്രകാരം കുടികിടപ്പുകാരെ ഒഴിപ്പിക്കുവാൻ പാടില്ല എന്ന വകുപ്പിനു് Limitation പറഞ്ഞിരിക്കുകയാണു്. അതായതു് എങ്ങനെയെല്ലാം ഒഴിപ്പിക്കാമെന്നു്—കാർഷികബന്ധനിയമം 1959 ജൂൺ 10—ാംനു- പാസ്സാക്കിയപ്പോൾ അതിൽ കൊടുത്തിരുന്ന കുടികിടപ്പുകാരൻെറ അവകാശങ്ങൾ കുറവു ചെയ്യും, ഒഴിപ്പിക്കുന്നതിൽ വ്യവസ്ഥ കൂട്ടിയുമാണു് ഈ നിയമം കൊണ്ടുവന്നി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൌരി]

രിക്കുന്നതു്. വസ്തുഉടമസ്ഥൻെറ family definition വിസ്തൃതമാക്കിയും cent കുറച്ചും, plantation-നു്, വ്യവസായത്തിനു്, എല്ലാത്തിനുംപുറമേ വസ്തുഉടമസ്ഥൻെറ സൗകര്യത്തിനുവേണ്ടി ഒഴിപ്പിക്കാൻ വ്യവസ്ഥ ചെയ്തും, ഒഴിപ്പിക്കാൻ വകുപ്പുകൾ കൂട്ടി.

മി. സ്പീക്കർ: ഇതെല്ലാം പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണു്.

ശ്രീമതി കെ. ആർ. ഗൗരി: വളരെ കൂടുതൽ പ്രാവശ്യം പറഞ്ഞാലെങ്കിലും ഒരു മാനസാന്തരം വരട്ടേ എന്നു വിചാരിച്ചു പറഞ്ഞുപോകുന്നതാണു്. അവക്കു മാനസാന്തരം വരുകയില്ല എന്നു് അങ്ങുതന്നെ പറയുകയാണു് എങ്കിൽ ഞാൻ ഉപേക്ഷിക്കാം.

സർ, കുടികിടപ്പുകാരൻെറ താമസം അസഹ്യമാണെന്നു തോന്നിയാൽ, ഭൂഉടമസ്ഥു തോന്നിയാൽ മതി, ഒഴിപ്പിക്കാം. 74 (4)–ൽ പറഞ്ഞിരിക്കുന്നതു്.. ......

ശ്രീ. പി. ടി. ചാക്കോ: സർ, 74-ാമത്തെ ക്ലാസ് പാസ്സാക്കിക്കഴിഞ്ഞതല്ലേ, ഇനിയും അതിനെപ്പററി പറയണമെന്നുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: ഓരോ വകുപ്പിനെപ്പററിയും വിശദമായി ചർച്ചചെയ്യാൻ സമ്മതിക്കാതെ, നിർബ്ബന്ധംപിടിച്ചു് ഓരോന്നു പാസ്സാക്കിയെടുത്തതിൻെറ ദോഷം തുടർന്നുള്ള ഓരോ വകുപ്പിനെയും ബാധിക്കുന്ന വിവരമാണു ചൂണ്ടിക്കാണിക്കുന്നതു്. ഈ വകുപ്പുകളെല്ലാം Inter related ആണു്. പലപ്രകാരത്തിൽ കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നതിനുവേണ്ടി പാസ്സാക്കിയിട്ടുള്ള വകുപ്പുകളെപ്പററി പറയുന്നതു്, ഒഴിപ്പിക്കുന്നതിനുള്ള നടപടികളെ വളരെ കൂടുതൽ നില്ക്കുമ്പോൾ clause 78 sub-clause (2) delete ചെയ്തില്ല എങ്കിൽ കുടികിടപ്പുകാരൻ നാടുവിടേണ്ടിവരും. ഒഴിപ്പിക്കുന്നതിനെ ഏതെങ്കിലും തടയാൻ സാധിക്കുമോ എന്നു ഞങ്ങൾ ഒരു ശ്രമം നടത്തിനോക്കിയതാണു്. പരാജയപ്പെട്ടു. 78 (2) എടുത്തുകളയുന്നില്ല എങ്കിൽ കൂടുതൽ ഒഴിപ്പിക്കൽ ഉണ്ടാകും. maintain ചെയ്യാനോ rebuilt ചെയ്യാനോ ഉള്ള തുക കൊടുക്കേണ്ട എന്നുള്ളതുകൊണ്ടാണു്.

സർ, കുടികിടപ്പുകാർ ഒരു കുടിൽ കെട്ടി താമസിച്ചാൽ, ആ കുടിൽ ഒന്നു പുതുക്കി പണിയിക്കണമെങ്കിൽ അതിനു് അവകാശം നൽകുന്ന വകുപ്പാണു് 78. എന്നാൽ, 78 (2)-ൽ പറയുന്നതു് അങ്ങനെ കുടിൽ പുതുക്കിപ്പണിയുമ്പോൾ ചെലവു ചെയ്യുന്ന ഒററക്കാശുപോലും കുടിഒഴിപ്പിക്കുകയോ, മാററിവയ്ക്കാൻ ആവശ്യപ്പെടുകയോ ചെയ്യുമ്പോൾ കുടികിടപ്പുകാരനു കിട്ടുകയില്ല എന്നാണു്. ഒഴിപ്പിക്കാനുള്ള പല വകുപ്പുകളിലെ അവകാശം ഉപയോഗിച്ചു് എപ്പോഴെങ്കിലും കുടികിടപ്പുകാരെ ഒഴിപ്പിക്കുകയാണെങ്കിൽ, 78 (1) അനുസരിച്ചു് പുതിയ കുടിൽ കെട്ടിയിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞുപോകുമ്പോൾ അയാൾക്കു അധികം ചെലവു ചെയ്യേണ്ടിവന്ന ഒററക്കാശുപോലും 78 (2) പ്രകാരം അവകാശപ്പെടാൻ സാദ്ധ്യമല്ല. ഈ നിലയിൽ നോക്കിയാൽ, കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ കൂടുതൽ പ്രചോദനം വസ്തുഉടമസ്ഥു നൽകുന്ന വകുപ്പാണു് ഇതു്. കുടിൽ നന്നാക്കി കുറേ പണം ചെലവുചെയ്തു് താമസിക്കാൻ കുടികിടപ്പുകാരൻ ശ്രമിക്കുന്നു, ഭൂമി ഉടമസ്ഥു അതു കരസ്ഥമാക്കണമെങ്കിൽ, മററു വകുപ്പുകളിലെ ഏതെങ്കിലും ഉപാധിയുടെ അടിസ്ഥാനത്തിൽ ഒന്നുമില്ലെങ്കിൽ അസൗകര്യം പ്രമാണിച്ചു് അയാളെ ഒഴിപ്പിച്ചാൽ മതി. കുടിയാൻ ഒഴിഞ്ഞുപോകും, പുതുക്കിയ കുടിലോടുകൂടി അയാളെ ഒഴിപ്പിച്ചെടുക്കയും ചെയ്യാം.

ഇന്നത്തെ 78-ാം വകുപ്പിനു ബദലായി കാർഷികപരിഷ്ക്കരണനിയമത്തിൽ ഒരു വകുപ്പുണ്ടായിരുന്നു. 40-ാം വകുപ്പു് (2)-ാം ഉപവകുപ്പിൽ ഇങ്ങനെ പറഞ്ഞിരുന്നു. "40 (2) The kudikidappukaran shall have the right to maintain, repair and rebuild his homestead erected by him without exceeding the dimensions of the original homestead at his own cost."

LIBRARY ARCHIVES Kerala Legislative Assembly

സർ, അടുത്ത കാലത്തു ഞാൻ ചെറായിയിൽ പോയിരുന്നു. ഇടക്കാലത്തു കാർഷികബന്ധനിയമം suspend ചെയ്തതിനുശേഷം പാസ്സാക്കിയ താൽകാലിക നിയമത്തിൽ, rebuild ചെയ്യാൻ കുടികിടപ്പുകാരനു് അവകാശം കൊടുക്കാതിരുന്നതിനാൽ, ഒരു ചെത്തുതൊഴിലാളിയുടെ വീടു് ഒരുവശം കല്ലും ബാക്കി മൂന്നു വശവും ഓലമറയുമായി നില്ക്കുകയാണു്. ഒരുവശം കല്ലു കെട്ടിയപ്പോൾ വസ്തു ഉടമ കോടതിയിൽനിന്നും stay കൊണ്ടുവന്നു. വീടു് അങ്ങനെതന്നെ ഇപ്പോൾ നില്ക്കുകയാണു്. rebuild ചെയ്യാൻ മുമ്പുണ്ടായിരുന്ന അധികാരം ഇന്നത്തെ നിയമത്തിൽ 78 (1) ആയി കൊടുത്തിട്ടുണ്ടു്. എന്നാൽ 78 (1)-ൽ കൊടുത്തിരുന്ന അധികാരം (2) കൊണ്ടു് കുടികിടപ്പുകാരൻ ഉപയോഗിക്കരുതെന്നു് ശ്രീ. ചാക്കോ വിചാരിച്ചു. (1) പ്രകാരം rebuild ചെയ്താൽ ചെലവു് ഒഴിപ്പിക്കുന്ന കാലത്തു് കിട്ടുകയില്ലപോലും.

ശ്രീ. കെ. സി. ഏബ്രഹാം : അതു ചെറായിയിലല്ല. അതിനപ്പുറത്താണു്.

ശ്രീമതി കെ. ആർ. ഗൗരി : ഒരു മീററിംഗിനു നാം പോയപ്പോൾ അതു കണ്ടതാണല്ലോ. ചെറായിക്കും, പറവൂരിനും മദ്ധ്യേയായിരിക്കാം. സ്ഥലം ഏബ്രഹാം മാസ്റ്റർക്കാണു് കൂടുതൽ അറിയാവുന്നതു്. എന്താണു് ഈ വകുപ്പു മൊത്തംകൊണ്ടു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്. കുടിൽ വീണാൽ പുതുക്കിപ്പണിയാതെ അവിടെ നിന്നു സ്ഥലം വിട്ടുകൊള്ളണം അത്രതന്നെ. ഒരു വകുപ്പിൽ, കുടിൽ കെട്ടിക്കൊള്ളാൻ അനുമതി നൽകുക, അതേ വകുപ്പിൽ ഉപവകുപ്പായി ഒഴിപ്പിക്കാൻ വ്യവസ്ഥ ചെയ്യുക; അങ്ങനെ ഒഴിപ്പിക്കുമ്പോൾ കുടിൽ കെട്ടിയതുനിമിത്തം ഉണ്ടായിട്ടുള്ള അധികച്ചെലവു് കുടികിടപ്പുകാരൻ അവകാശപ്പെടാൻ പാടില്ലാത്ത സാഹചര്യം ഉണ്ടാക്കുക. ഏതെങ്കിലും കുടികിടപ്പുകാരൻ കുറേ പണം ചെലവുചെയ്തു് തൻെറ കുടിൽ നന്നാക്കിയാൽ ഉടനെ, ഭൂ ഉടമസ്ഥു് എന്തെങ്കിലും അസൗകര്യം പറഞ്ഞു അയാളെ ഒഴിപ്പിക്കാനുള്ള പ്രചോദനം നൽകാനാണു് ഈ വകുപ്പു് ഉപകരിക്കുന്നതു്. ഇവിടെ ശ്രീമാൻ ചാഴിക്കാടൻ കുടികിടപ്പുകാരൻ വലിയ മാളിക വല്ലതും കെട്ടി താമസിച്ചാൽ വസ്തുഉടമസ്ഥൻ എങ്ങനെ ഒഴിപ്പിക്കും പത്തു ഇരുപതിനായിരം രൂപ കൊടുക്കണ്ടേ എന്നു ചോദിക്കുന്നതു കേട്ടു്—20,000 ബാങ്കിലുള്ളവൻ അന്യൻെറ വസ്തു അന്വേഷിക്കുമോ—അതുപോകട്ടെ കുടികിടപ്പുകാരൻ നല്ല വീട്ടിൽ ഒന്നു താമസിച്ചുപോയാൽ ഉറക്കം വരാത്ത ചിലരുണ്ടു്. അങ്ങനെ ഒരു മനഃസ്ഥിതിയുള്ളവർ നമ്മുടെ നാട്ടിലുണ്ടു്. കുടികിടപ്പുകാർ മാളിക കെട്ടി താമസിക്കുന്നതു കണ്ടുകൊണ്ടു് അവർ എങ്ങനെ സാധാരണ വീടുകളിൽ താമസിക്കും? അതാണു് ചിന്താഗതി· ഈ പഴയ ചിന്താഗതിക്കാർ ഇന്നും ധാരാളമുണ്ടു്. പ്രായം വളരെ ചെന്നവരാണെങ്കിൽ ഇനി അതു മാററുന്നും പ്രയാസമാണു്. കുടികിടപ്പുകാർക്കു് കുടിലുകൾ കെട്ടാൻ അനുവാദം നൽകിയിട്ടു്, ഒഴപ്പിക്കാൻ ഭൂ ഉടമകളെ പ്രേരിപ്പിക്കുന്ന മററു വകുപ്പുകൾ അതിനോടനുബന്ധമായി ചേർത്തു് നാട്ടിൽ കൂടുതൽ കുഴപ്പം സൃഷ്ടിക്കാൻമാത്രമേ ഈ വകുപ്പു പ്രയോജനപ്പെടുകയുള്ളു.

സർ, ശ്രീ. കെ. കൃഷ്ണപിള്ളയുടെ ഭേദഗതിയെയും ഞാൻ അനുകൂലിക്കുകയാണു്. നമ്മുടെ മുഖ്യമന്ത്രി എവിടെയോ പ്രസംഗിച്ചതായി പത്രത്തിൽ കണ്ടു, ജനസംഖ്യ പത്തു കൊല്ലത്തിനുള്ളിൽ ഇവിടെ വളരെവദ്ധിച്ചുവരികയാണെന്നു്. ഇത്ര കൊല്ലത്തിനകം ഇത്രത്തോളം വർദ്ധനവുണ്ടായി എന്നൊരു വലിയ കണക്കും പത്രത്തിലുണ്ടായിരുന്നു. ആ നിലയ്ക്കു കുടികിടപ്പുകാരും വർദ്ധിച്ചിട്ടുണ്ടായിരിക്കുമല്ലോ. ജനപ്പെരുപ്പം വളരെ അനിയന്ത്രിതമായി കൂടുന്നതു് പാവപ്പെട്ടവരുടെ ഇടയിലാണു്. മററുള്ളവർ ബോധപൂർവ്വം ഫാമിലി പ്ലാനിംഗും മററും പരിശീലിച്ചു എന്നു വരാം.

ശ്രീ. ടി. കൃഷ്ണൻ : ഒരു ചോദ്യം......

ശ്രീമതി കെ. ആർ. ഗൗരി : ചോദ്യമൊന്നും വേണ്ട. കുടികിടപ്പുകാർക്കു് ദോഷം ചെയ്യുന്ന വകുപ്പുകളെല്ലാം പാസ്സാക്കിയപ്പോൾ മിണ്ടാതിരുന്നിട്ടു്, ഇപ്പോൾ ഇങ്ങോട്ടു് ചോദ്യം ചോദിക്കുന്നതെന്തിനു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കൃഷ്ണൻ: സർ, ഒരു പോയിൻറു് ഓഫ് ആർഡർ. 1957 മുതൽ 1963 വരെയുള്ള കണക്കെടുത്തിട്ടു്, പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ജനസംഖ്യ താരതമ്യേന കുറവാണെന്നറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ഉത്തരം പറയത്തക്കവിധം പായിൻറു് ഓഫ് ആർഡർ ഉന്നയിക്കുന്ന മെമ്പറെപ്പററി എന്തു പറയാനാണു് ?

സർ, എനിക്കു പട്ടികജാതിക്കാരുടെ ഇടയിൽ എത്ര കുട്ടികളും ജനിച്ചിട്ടുണ്ടു് എന്നു പറയുവാൻ തിട്ടമില്ല. മി. കൃഷ്ണനാണു് അതിനെപ്പററി കൂടുതൽ അറിവു്. അദ്ദേഹം പറഞ്ഞതു ശരിയായിരിക്കാം.

സർ, എൻെറ അഭിപ്രായം കുടികിടപ്പുകാർക്കു് അവരുടെ കുടിൽ നന്നാക്കാനും, കുടിയിരിപ്പുഏരിയാ വർദ്ധിപ്പിക്കാനും വ്യവസ്ഥ ചെയ്യേണ്ടതാണു് എന്നാണു്. കുടികിടപ്പുകാരെ ഒഴിപ്പിച്ചാൽ അവർ ചെലവാക്കിയിട്ടുള്ള തുകയുടെ നഷ്ടപരിഹാരവും നൽകേണ്ടതാണു്. ഈ കാര്യത്തെപ്പററി മനസ്സിലാക്കിയിട്ടുള്ളവർ ആ ഭാഗത്തുമുണ്ടെന്നറിയാം. ശ്രീ. കെ. സി. എബ്രഹാം, ശ്രീ. കെ. ആർ. വിജയൻ എന്നിവർ ഈ വസ്തുത മനസ്സിലാക്കിയിട്ടുണ്ടു്. ഏതായാലും ഒഴിപ്പിക്കാനുള്ള സാഹചര്യം ഒഴിവാക്കാനും, കുടികിടപ്പുകാർക്കു് കൂടുതൽ ആശ്വാസം നൽകാനും ഈ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

Shri V. R. Krishna Iyer: Sir, I would like to make three points clear on this clause. I support the amendment of Mr. Balram. That is number one. Number two is, a positive suggestion which I have to make, and number three is that I am of the view that the deletion of clause 2 may not effectuate the purpose the House and the Government have in view. I shall just make clear these three points.

My support for the hon. Member, Mr. Balram's amendment is very warm for the reason that it is based upon humanity, Christian charity, recognition of realities in Kerala and the fulfilment of socialistic expectations. Now the position is this. In the Cochin coastal areas, it has been common experience, that Kudikidappukars, mostly fishermen, require to draw water from outside. He has to walk up to the well or pond and draw water. They are fishermen. They have to get water to wash their nets and spread them for drying. These are matters which do not inhere in a kudikidappukaran's rights because a kudikidappukaran has only the right to occupy a hut or a homestead. So much so, strictly speaking, even for Onam floral decoration, it is doubtful whether the kudikidappukaran can use his yard, if the landlord objects. That is the legal position. So, I would like the House to remember that the necessary uses in the adjoining area may be permitted to a kudikidappukaran, because a man cannot confine himself to the plinth area and not get out of it. Nor could you expect him to get the permission of the land lord everytime he wants to get out. I would therefore support the amendment brought here, viz., the uses, he is accustomed to and the easements which has already been enjoyed might be made available to him. Any uses, such as the drying of the net in the adjoining land, drawing and carrying water fron the adjoining pond or such elementary uses as floral decoration for Onam, etc., may expressly be granted. It is just possible that the owner of land who wants to be hostile to the kudikidappukaran can drive out the kudikidappukaran by denying him these uses. I know several cases where such tactics were resorted to. I would therefore entreat the House to consider the matter, not as to how it would affect the right of the landlord, but at

LIBRARY ARCHIVES Kerala Legislative Assembly

least to recognise the common needs of an ordinary man who is using a yard, using a pond or other aminities which are necessary for the proper occupation of a kudikidappu. I commend to the House the acceptance of the amendment, which is only reasonable.

Secondly, I would like to point out that clause 78 (1) confers a right upon the kudikidappukaran to maintain and repair the kudikidappu and also to reconstruct it. Of course, the hon. Member Mr. Ramakrishnan pointed out the decision of the High Court which led to this amendment. We discussed it at the Select Committee and brought the necessary changes. Substantially, we have made changes to see that the difficulties caused by the decision do not affect the kudikidappukaran hereafter. That is my apprehension which I sound here. The hon. Minister may take note of it and accept the idea contained in this amendment. It is only to make the intention of the clause clear.

Here a right of a kudikidappukaran to maintain and repair the kudikidappu is given. It should not absolve the landlord where the hut belongs to him and he has given it on rent to a kudikidappukaran from his obligation of annual repair under the Transfer of Property Act or under the Municipal Act when the building is about to collapse to set it right. The primary obligation, in the Transfer of property Act, for effecting repairs rests with the landlord. And if so, the right to maintain and repair the hut, given to the Kudikidappukaran should not be the reason for the landlord to try to escape from that obligation. Whether it is to white-wash or to thatch, under a contract, he should not get away from his obligation because of this clause. So that, clause (1) should not be construed to absolve the landlord of his obligation under any other law. That is all my point regarding that aspect. Because the kudikidappukaran has the right to maintain and repair it should not be that the landlord, has no responsibility, whatever his obligation might have been under the contract or under the Transfer of Property Act or under the District Municipalities Act, for the purpose of repairing or keeping the building in sound condition. If the hon. Minister makes the position very clear, that probably will allay apprehensions. If the hon. Minister thinks that some formal amendment is required, I request him to consider that matter.

Then one more submission. There is a motion here for amending Clause 78 by deletion of sub-clause (2). I conceive, the idea behind it means that a kudikidappukaran, who is evicted should not be deprived of his right to get the cost of such hut or the increased value of the homestead, when he is evicted. When he is evicted, why should not he be paid the value of improvements that he has made? If that is the idea, then there is some room for confusion and some ambiguity caused by a mere deletion of sub-clause (2) The deletion of sub-clause(2)may only mean that where, otherwise the right to get the cost of the hut or the homestead or of the improvement is vested in the kudikidappukaran, he will get it. Section 2 (25) defiines kudikidappukaran. There are two classes of kudikidappukaran, i.e. a kudikidappukaran who occupies a hut of the landlord ; a kudikidappukaran who has got permission to construct a homestead. So the kudikidappukaran who occupies a hut

LIBRARY ARCHIVES Kerala Legislative Assembly

[Shri V. R. Krishna Iyer]

as it is; a kudikidappukaran who constructs a homestead; there are the two categories coming within the ambit of the definition 'Kudikidappukaran'. Under the present provision, if sub-clause (2) is deleted, is there a provision for a Kudikidapdukaran who lives in the hut of another and who substantially improves that hut, to get the cost of repairs? By virtue of the right under sub-clause 78 (1) suppose he has improved it considerably for making it a more comfortable habitation. He may spend Rs. 1,000 so that the house may become more conegnial and more comfortable. Now, there is no provision to pay that thousand rupees to him in the event of his eviction. The policy of this clause is that if a man has improved a hut belonging to another and is being driven out or evicted, he should be paid. The idea is when a man has *improved* the hut considerably, on his own, he should be paid for it. When a man has erected and put up a pucca house, he should be paid. Equally so, when he improves or reconstructs. Again, this should be done when there is eviction as well as shifting. For, there is another class of uprooting when a kudikidappukaran is shifted from one part of the compound to the other part of the compound. There all that is payable to him at present is the cost of shifting. What do we mean by the expression 'cost of shifting'? Does it mean the cost of the hut, the cost of the homestead plus the cost of replacing it elsewhere or does it mean only that this man should be given the expense involved to settle down elsewhere? If the object of the House is to see that he is paid the cost of homestead plus the cost of shifting and settling down elsewhere in the same compound or paramba, then that has to be explicitly provided for. My submission to sum up, is :—

(1) the obligation of the landlord to repair or to maintain the hut should not be taken away on accouut of subclause (1) of section 78.

(2) Mr. Balram's amendment, viz. the user which a kudikidappukaran has been accustomed to should be preserved; otherwise it is an inhuman ill-treatment of the kudikidappukaran.

(3) now the cost of erection alone is given to him. That is what is stated here. That would not be sufficient. Actually, the cost of improvement that he has effected must also be payable to him in cases of eviction.

(4) And in the case of shifting from one part of the compound to another part of the compound, he must be given the cost of construction or improvenment plus the cost of shifting.

ശ്രീ. കെ. ഹസ്സൻ ഗനി: സർ, ഈ വകുപ്പനുസരിച്ച് എനിക്കു രണ്ടു വാക്കു പറയുന്നതിനുള്ള സൗകര്യം അനുവദിച്ചതന്നേ തീരൂ. ഞങ്ങളുടെ ഭാഗത്തു നിന്നും ആർക്കുംതന്നെ സംസാരിക്കാനുള്ള സന്ദർഭം ഇതുസംബന്ധിച്ച് തന്നിട്ടില്ല. ഇന്നലെ ശ്രീ. ഷംനാട് നാലുപ്രാവശ്യം സംസാരിക്കുന്നതിനുവേണ്ടി എഴുന്നേററിട്ടും സമയം അനുവദിച്ചുകൊടുത്തില്ല.

മി. സ്പീക്കർ: സമയക്കുറവുകൊണ്ടാണ് എല്ലാവർക്കും സംസാരിക്കാൻ സന്ദർഭം കൊടുക്കാൻ സാധിക്കാത്തതു്.

ശ്രീ. കെ. ഹസ്സൻ ഗനി: സർ, എനിക്കു് ഈ ബില്ലിലെ 78—ാം വകുപ്പിന്റെ (2)—ാം ഉപവകുപ്പ് എടുത്തുകളയണമെന്നു പറയുന്നതിനുവേണ്ടി ഒന്നുരണ്ടു കാര്യങ്ങൾ വിശദമാക്കണമെന്നേയുള്ളു. 20—ം 30—ം കൊല്ലങ്ങളായി വലിയ

LIBRARY ARCHIVES Kerala Legislative Assembly

പട്ടണങ്ങളിലും മററും ചെറിയ ചെററപ്പുരകളുംവച്ചുകൊണ്ടു് താമസിച്ചിരുന്ന കുടികിടപ്പുകാർ ഈ ഇടക്കാലത്തു് അവരുടെ ചെററപ്പുരകൾ മിക്കതും മാററിയിട്ടു് ആ സ്ഥലങ്ങളിൽ ആയിരവും രണ്ടായിരവും രൂപ ചെലവാക്കി ഒരുവിധം താമസസൗകര്യമുള്ള കെട്ടിടങ്ങൾ ഉണ്ടാക്കിവച്ചിരിക്കുകയാണു്. അപ്രകാരം ചെലവായ തുക അവരെ അവിടെനിന്നും മാററുമ്പോൾ, ലഭിക്കാൻ അർഹതയില്ലെന്നു വന്നാൽ അതു് അവരെസംബന്ധിച്ചിടത്തോളം ചെയ്യുന്ന ഒരു പാപകർമ്മമാകും. കൊച്ചി, എറണാകുളം, മട്ടാഞ്ചേരി ഈ സ്ഥലങ്ങളിൽ ഉള്ള കുടികിടപ്പുകാർ ഞാൻ മുമ്പു പറഞ്ഞതുപോലെയുള്ള കെട്ടിടങ്ങൾ ഉണ്ടാക്കി താമസിച്ചുവരികയാണു്. അങ്ങനെയുള്ളവർക്കെല്ലാം വലിയ നഷ്ടമുണ്ടാകത്തക്കവിധത്തിലുള്ള ഒരു വകുപ്പാണു് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. അതുകൊണ്ടു് ആ വകുപ്പു് എടുത്തുകളയേണ്ടതു് ഏററവും അത്യാവശ്യമാണു്. രണ്ടാമതായി ശ്രീ. ബലറാം പറഞ്ഞതുപോലെ, കുറെ അധികം വർഷങ്ങളായി കുടികിടപ്പുകാരൻ വെള്ളംകോരികുടിക്കുന്ന കിണററിലേക്കു് പോകേണ്ടവഴി എന്തെങ്കിലും കാരണത്താൽ പെട്ടെന്നു് കെട്ടി അടയ്ക്കുകയും, ആ കാരണത്താൽ അവരുടെ വെള്ളംകുടി മുട്ടിക്കാൻ തുടങ്ങുകയുംചെയ്യ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു് വഴക്കുകളും വയ്യാവേലികളുമായി, ഒടുവിൽ പോലീസു് സ്റ്റേഷൻ കയറിയിറങ്ങുകയുംമററും ഉള്ള സാഹചര്യങ്ങൾകൂടി ഇല്ലാതാക്കേണ്ടതാണു്. എനിക്കു് ഈ രണ്ടു കാര്യങ്ങൾ മാത്രമേ ഇതുസംബന്ധിച്ചു് പറയുവാനുള്ളു.

ശ്രീ. ഈ. പി. ഗോപാലൻ : സർ, കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം അയാൾ താമസിക്കുന്ന പുര ഇംപ്രൂവ് ചെയ്യാം. വേണമെങ്കിൽ അഴിച്ചു പണിയുകയുംചെയ്യാം. അതിനൊന്നും ഈ ബിൽമൂലം തടസ്സമുണ്ടാകുന്നില്ല. പക്ഷെ ഒരു ചെറിയ ചെററപ്പുരയായിരുന്നതു് മാററി, കുറച്ചു പണം ചെലവഴിച്ചു് വീടു നന്നാക്കിയാൽ വല്ല കാരണവശാലും കുടികിടപ്പുകാരൻ അവിടെനിന്നും ഒഴിപ്പിക്കപ്പെടുമ്പോൾ ചെലവാക്കിയ പണം കിട്ടാൻ അയാൾക്കു് അർഹതയില്ലെന്നു് വരുന്നതു് കഷ്ടമാണു്. ഒരു കുടിയാനു് ഇംപ്രൂവ്മെൻറു് ലഭിക്കുമെങ്കിൽ ഒരു കുടികിടപ്പുകാരനും അതു് ലഭിക്കേണ്ടതാണു്. സർ, മലബാറിനെ സംബന്ധിച്ചിടത്തോളം 1900-ാമാണ്ടിലാണു് ഇംപ്രൂവ്മെൻറു് ആക്ററു ഉണ്ടായതു്. അതായതു് 63 കൊല്ലം മുമ്പാണു് കുടിയാനു് ചമയവില കിട്ടാൻ വ്യവസ്ഥയുണ്ടായതു്. മുൻകാലങ്ങളിൽ ഒരു കുടിയാൻ എത്രമാത്രം ഭൂമിയിൽ അദ്ധ്വാനിച്ചാലും എത്ര തുക ചെലവാക്കി കെട്ടിടംവച്ചാലും അവയൊന്നും ഒരു പൈസപോലും ചമയവില ചോദിക്കാനും പാടില്ല ചോദിച്ചാൽ കൊടുക്കുകയുമില്ല. മാത്രമല്ല, ഇറങ്ങിപ്പോകണമെന്നു ജന്മി നിർബന്ധിക്കുകയാണെങ്കാൽ എല്ലാം കളഞ്ഞുംവച്ചു് പോവുകയും വേണം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : അതായതു്, മലയപ്പുലയൻെറ വാഴക്കുല പോലെ.

ശ്രീ. ഈ. പി. ഗോപാലൻ : അതെ, മലയപ്പുലയൻെറ വാഴക്കുലപോലെ തന്നെ. സർ, കൊച്ചിയെ സംബന്ധിച്ചിടത്തോളം, ഇംപ്രൂവ്മെൻറു് ആക്ററുണ്ടായതു് 1908—ൽ ആണെന്നുതോന്നുന്നു. കുഴിക്കൂർചമയ ആക്ററു വന്ന ശേഷമാണു് കുടിയാൻെറ അദ്ധ്വാനത്തിനു് വിലയുണ്ടായതു്. എന്നാൽ കുടികിടപ്പുകാരൻ ഉണ്ടാക്കിയ ചമയത്തിനു അയാൾക്കു് അർഹതയില്ല എന്ന ഒരു പുതിയ നിലപാടാണു സ്വീകരിച്ചിരിക്കുന്നതു്. സാധാരണ ഗതിയിൽ ഇംപ്രൂവ്മെൻറു് ആക്ററനുസരിച്ചു് ചമയവില കിട്ടാൻ അർഹതപ്പെട്ടതല്ലേ കുടികിടപ്പുകാരൻെറ അദ്ധ്വാനവും? എന്തിനതു് നിഷേധിക്കുന്നു? കുടികിടപ്പുകാരനെ ഇങ്ങനെ ഒരു സ്ഥിതിയിലേക്കു് താഴ്ത്തേണ്ടകാര്യമെന്താണു്. ചമയം ഉണ്ടാക്കാൻ കുടികിടപ്പുകാരനു് അനുവാദം നൽകുമെങ്കിൽ ചമയവില വാങ്ങാനുള്ള അവകാശവും നൽകുന്നതല്ലേ ന്യായം? മലബാർ ജില്ലയിൽ കുടിയാനുണ്ടാക്കിയ ചമയത്തിനു് കുടിയാനു് അവകാശം കിട്ടുന്നതു് സംബന്ധിച്ചു നടന്നിട്ടുള്ള ജന്മി-കുടിയാൻ പോരാട്ടം ചരിത്രപ്രസിദ്ധമാണു്. കുടിയാൻ ഉണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ.]

യിട്ടുള്ള കഴിഞ്ഞ ചമയങ്ങൾക്കു് പ്രതിഫലം കൊടുക്കാതിരിക്കാൻ എല്ലാം പരിശ്രമവും നടത്തിയ ജന്മിമാർ ഒടുവിൽ തോററുതൊപ്പിയിടുകയാണു ചെയ്തിട്ടുള്ളതു്. ആ അനുഭവത്തിന്റെ വെളിച്ചത്തിൽ കുടികിടപ്പുകാരനു് ചമയവില കൊടുക്കാതിരിക്കുന്നതിന്റെ ഭവിഷ്യൽഫലങ്ങൾ എന്തൊക്കെയായിരിക്കുമെന്നു് ഊഹിക്കാവുന്നതേയുള്ളു. അതിനാൽ ഈ വകുപ്പിൽ കുടികിടപ്പുകാരനെ ബാധിക്കുന്ന പ്രതികൂല ഖണ്ഡികകൾ എടുത്തുമാററണമെന്നുതന്നെയാണു് എന്റെയും അഭിപ്രായം.

Minister for Home Affairs (**Shri P. T. Chacko**) : Sir, I was thinking why such unfounded criticisms are sometimes made by some of the learned members of the Opposition. They are all learned and well informed and therefore, I can only blame my stars for some of the criticisms at least. Mr. Balaram has moved an amendment. May I ask a question, Sir ? What would be the form of clause 78, if I accept his amendment ? It will become clumsy and I am afraid it will become meaningless to some extent. Sir, the first portion of the sentence in the amendment is this : 'Every kudikidappukaran shall have right to all the easements'. What is an easement ? Easement is a right. Therefore Mr. Balaram wants me to include a provision to declare that every kudikidappukaran shall have the right for certain rights. Why should a declaration be there ? A person who is in possession or use of particular property gets by virtue of that possession certain rights which are attached to that property. Any easement right so enjoyed has not been taken away by any of the provisions in this Bill. Rights attached to a property and enjoyed by kudikidappukaran shall continue to be enjoyed by such kudikidappukaran and no provision is made in this Bill to prevent him from enjoying such rights. Now, in all humility may I ask, whether it would not be absurd for the legislature to say that every kudikidappukaran shall have the right to all their rights ? When there are rights attached to certain properties, rights that were being enjoyed by the kudikidappukaran, all those rights will be available to the kudikidappukaran. Therefore, I am constrained not to accept this amendment.

Then, again, Sir, what is the meaning of the latter part of the amendment which says : 'Uses in the adjoining lands of the same land holder which he has been enjoying or is reasonably necessary for his enjoyment of the kudikidappu.' Sir, it is not very intellegible. Whether Mr. Balaram is only trying to include certain uses which are attached to the kudikidappu by way of easement. If so they are already there. If he wants to confer the kudikidappukaran, certain rights of user of the adjoining lands I am afraid that it will infringe the very fundamental rights of other people. There are easements earned by prescription, there are easements of necessity also. Several members were saying how can he go out of his dwelling if there is no way ? He has the right to get a way, that is an easement of necessity. How can he draw water if there is no path to the well ? These are, according to me, the fundamental needs of a man and those needs are protected by other provisions of law. For example, if a kudikidappu is there, or if a property is there, people who are occupying, or possessing kudikidappu or property get certain rights by way of necessity. All such rights need not be enumerated here.

LIBRARY ARCHIVES Kerala Legislative Assembly

Shri V. R. Krishna Iyer : I want a clarification on two points. One a kudikidappukaran, fisherman by avocation, carrying his fishing activity and for years drying his fishing net in the compound adjoining his kudikidappu belonging to the landlord—is that man protected by this Clause ? Two, a kudikidappukaran occupies a hut. There is a pond or well belonging to the landlord. He fills it up because it is his pond. This man has been taking water from that pond for the last, say, three or four years. May I know the protection he will get ?

Shri P. T. Chacko : Sir, I am sure Mr. Krishna Iyer has understood the existing provision of law. Rights held or enjoyed by any kudikidappukaran will certainly be available to him. I mean the provision in the Bill is not intended to take away any of his rights.

Shri V. R. Krishna Iyer : There is no easement acquired by prescription unless he uses it for twenty years. Here the kudikidappukaran is just taking water from the pond.....

Shri P. T. Chacko : It is very clear without an explanation what an easement is. I have also taken pains to go through that section at least once when I have seen the amendment. This Clause does not take away any of the rights of the kudikidappukaran. That is what I said. If he was enjoying certain easement rights they will be available to him. I am not here, Sir, to solve certain problems which my learned friend has raised. He can have his own views and I can have my own. Let the courts adjudicate on them. I do not think personally anybody would get a right of easement to take his property and keep it in the neighbours holding.

The second part is objected to on the ground that a new right to use another holding by a kudikidappukaran cannot be given. That will infringe, according to me, the very fundamental rights of the holders of properties.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇൻഡ്യൻ ഈസ്മെൻറ് റൈററ് ആക്ററനുസരിച്ച് 20 കൊല്ലം തുടർച്ചയായി ആ അവകാശം ഉപയോഗിച്ചുകൊണ്ടിരുന്നാൽമാത്രമെ വകവച്ചുകൊടുക്കുകയുള്ളു എന്നാണ് പറഞ്ഞിരിക്കുന്നത്. ശ്രീ. കൃഷ്ണയ്യർ പറഞ്ഞതുപോലെ മൂന്നും നാലും കൊല്ലങ്ങളായി വെള്ളം കോരി കുടിച്ചുകൊണ്ടിരുന്ന കിണററിനെ മതിലുകെട്ടിയടച്ചുവയ്ക്കുന്ന ജന്മികൾക്ക് 20 വർഷം തുടർച്ചയായി ഈസ്മെൻറ് റൈററ് ഇല്ലെന്നുള്ള കാരണം പറഞ്ഞ് ആ അവകാശം കൊടുക്കാതിരിക്കാൻ ഉതകുന്ന വകുപ്പല്ലേ ഇത് ?

ശ്രീ. പി. ടി. ചാക്കോ : ഈസ്മെൻറ് റൈററ് എന്ന ക്ലാസിൽ നെസിസിററിയുടെ പേരിൽ 5 വർഷമെന്നോ 10 വർഷമെന്നോ നോക്കേണ്ടതില്ല എന്നു പറഞ്ഞിട്ടുണ്ട്. നെസിസിററിയുണ്ടെങ്കിൽ ഈസ്മെൻറ് റൈററ് ലഭിച്ചുകൊള്ളും.

Some hon. Members were referring to what I stated yesterday regarding the tension that developed in the State consequent on the disputes between kudikidappukars and landlords. Some hon. Members asked me yesterday whether there are such disputes and whether there is any tension prevailing. Well, immediately when the House was adjourned yesterday another member approached me with a petition on behalf of a kudikidappukaran. That shows that there was tension prevailing regarding at least that individual. We, on our side,

LIBRARY ARCHIVES Kerala Legislative Assembly

[Shri P. T. Chacko]

as I said yesterday, were endeavouring to see that a situation is created wherein peace, tranquility, and harmany are maintained. One of the difficulties, which was experienced by kudikidappukarans, was that after the Agrarian Relations Act came into force, the land holders and owners of the huts compelled them to give up their kudikidappus by not properly thatching or repairing or properly maintaining the huts. It is true that there was some provision giving a right to the kudikidappukaran to repair his kudikidappu. But that section did not actually confer any substantial right on the kudikidappukaran. That is why, by the rulings of the High Court the right that was thought to have been conferred became merely illusory. A kudikidappukaran, in effect could not rebuild his house with new materials. It was therefore thought that the right should be clearly conferred on the kudikidappukaran for repairing, maintaining, and if necessary for reconstructing, his kudikidappu the hut or the homestead. It is with a view to getting over these judicial pronouncements that this section was framed and I am sure this clause 78, if enacted into law, will enable the kudikidappukaran to get over those judicial pronounce ments referred to by the Opposition. What is needed for the kudikidappukaran is to get a substantial right to repair and reconstruct his hut or homestead. That would give him facilities at least to make his dwelling habitable. What was denied previously was that. Sir, I know cases where land holders who wanted to evict kudikidappukar, refused to thatch the hut of kudikidappukars. Not only that, I know many cases where the land owners never allowed the kudikidappukaran to repair their huts. It is an absurd position. So I thought substantial right should be conferred on the kudikidappukars not only to repair their huts but to maintain and even to reconstruct the huts.

Sir, it was argued by some friends that the hut belonged to the land holders and so should it be necessary to give such a right to Kudikidappukar? In my view it is essential that such a right should be conferred on them. By not allowing the kudikidappukaran to repair kis hut the land holder should not compel him to give up his audikidappu. So, with the best of intentions, and after examining all aspects of the question and thinking that a substantial right should be given to the kudikidappukaran, this clause has been framed.

Now, Mr. Abraham from this side, and some of the hon. Members from every quarter of this House, said that sub-clause (2) should be deleted so that the kudikidappukaran might be in a position to exercise the right that is conferred on him. Sub-clause (2), I am afraid, may create some difficulties especially in view of Section 74 (4). There, the land holder can require a kudikidappukaran to shift his kudikidappu from one site to another site. That can be done. But then, a kudikidappukaran may not exercise his right to repair and rebuild his hut or homestead. The landholder can afterwards demand the kudikidappukaran to shift from one site to another site and the land holder is not liable to pay compensation. Sir, to remove that difficulty, I have thought over the matter. I have decided to accept amendment No. 834 moved by Shri K. C. Abraham. By accepting

LIBRARY ARCHIVES Kerala Legislative Assembly

that amendment it is true that at least in the case of a homestead, the kudikidappukaran will get the right to build a new homestead. The plinth area should not be increased. He can, as was stated humorously by some hon. Member, build a two storied homestead or a homestead with more stories. But it is doubtful whether a kudikidappukaran in our country will be able to do that. But even if the kudikldappukaran does it and the land lord is placed in a disadvantageous position, it may be only in one or two instances. Well, for the sake of common good we should even be prepared to sacrifice the rights of one or two land holders. If a kudikidappukaran having a homestead re-build the homestead and invests much money on that, the landholder may not be able to exercise his right to shift him from there. Land lord will have to pay compensation. The land holder, in very rare cases, will have to pay considerable amounts by way of compensation and the land holder may refrain from exercising his right from requiring the kudikidappukaran to shift. I think this right should be conferred on the kudikidappukaran. I am accepting the amendment No. 834 in the hope that the kudikidappukaran in this country would make full use of the provision.

Shri V. R. Krishna Iyer : Under clause 74 (4) second proviso, the owner of the land shall transfer to the kudikidappukaran ownership and possession of land equal to the extent of the existing kudikidappu, subject to a minimum of three cents and a maximum of ten cents and pay the cost of shifting to the kudikidappu. May I know whether he is entitled to get the cost of the structure and the cost of shifting? The sub-clause provides for it.

Shri P. T. Chacko : I don't think I should clarify that. Under clause 74 (4) we have not prevented the kudikidappukaran from getting any value of improvements if otherwise he is entitled.

Shri V. R. Krishna Iyer : May I know whether he is entitled to get the cost of the structure as comtemplated?

Shri P. T. Chacko : This is a matter for the court. Why should I adjudicate?

Shri N. E. Balaram : I press my amendment.

Amendment No. 842 moved by Shri N. E. Balaram, was put and lost.

Amendment No. 1323 moved by Shri T. K. Ramakrishnan was put and lost.

Amendment No. 1666 moved by Shri K. Krishna Pillai was put and lost.

Amendment No. 834 moved by Shri K. C. Abraham, namely,

In clause 78, sub-clause (2) shall be omitted was put and carried.

Amendment No. 1615 moved by Shri P. S. Srinivasan was, by leave, withdrawn.

The question that clause 78, as amended,stand part of the Bill was put and carried.

The clause, as amended, was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

New Clause After Clause 78

10 A. M.] **Shri P. T. Chacko** : Sir, I move amendment No. 843:

After clause 78, the following clause shall be inserted, namely :

"78A. Register of kudikidappukarans—(1) Government shall cause a register of kudikidappukars to be prepared and maintained in each village.

(2) The register shall show.—

(a) the description of the land in which the kudikidappu is situate;

(b) the location of the kudikidappu and its extent;

(c) the name of the land owner and of the person in possession of the land in which the kudikidappu is situate;

(d) the name of the kudikidappukaran; and

(e) such other particulars as may be prescribed.

(3) The register shall be prepared and maintained by such officer and in such manner as may be prescribed.

(4) The prescribed officer shall, before the preparation of the register, publish a notice in the village inviting application from kudikidappukars for registration, to be presented before such date as may be specified in the notice.

(5) On receipt of an application within the time specified in the notice or within such further time as may be allowed by him, the prescribed officer shall, after enquiry and after giving an opportunity to the land owner or other person in possession of the land to be heard, register the kudikidappukaran or reject the application."

Mr. Speaker : There are other amendments also given notice of by hon. Members.

Amendment No. 1242 by Shri P. S. Srinivasan and amendment Nos. 1679 to 1684 by Smt. K. R. Gouri may be moved.

Shri P. S. Srinivasan : I move amendment No. 1242 :

In amendment No. 843 (Proposed new clause 78A) in sub clause (2), insert the the following as (e) and make consequential amendments in the wording and numbering of sub-clauses :

"(e) the rights enjoyed by the kudikidappukaran by custom or practice;"

Smt. K. R. Gouri : I move amendment Nos. 1679, 1680, 1681, 1682, 1683, and 1684.

1679. In amendment No. 843 (proposed clause 78A) in sub-clause (1), after the sentence add at the end as follows :

'by an officer authorised in this behalf'.

1680. In amendment No. 843 (proposed clause 78A), in sub-clause (2) (b), delete the words 'and its extent.'

LIBRARY ARCHIVES Kerala Legislative Assembly

1681. In amendment No. 843 (proposed clause 78 A), in sub-clause (2) (d), after the words 'the name' add 'and address'.

1682. In amendment No. 843 (proposed clause 78A) after (2) (d), add two new sub clauses (e) and (f) and renumber the existing (e) as (g)

'(e) the rights the kudikidappukaran is enjoying and the remuneration he is getting in kind or money as by custom or practice;

(f) the easements he is entitled to'.

1683. In amendment No. 843 (proposed clause 78 A) in sub clause (3), delete the words beginning with 'and in such manner ....prescribed' and substitute 'with the assistance of the local authority concerned' and with the records available in the local authority's office,and in such other manner as may be prescribed;"

1684. In amendment No. 843 (proposed clause 78 A), after sub-clause (5) add a new sub clause (6) as follows :—

"(6) From the decision of the officer, an appeal will lie to the local authority concerned and the decision of the local authority will be considered as final."

Sir, I may also be permitted to move an oral amendment. That is in sub-clause (4) of the proposed New Clause 78A, „delete the words "to be presented before such date as may be specified in the notsice "

ശ്രീ. പി. എസ്സ്. ശ്രീനിവാസൻ : സർ, എന്റെ 1242-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. രജിസ്റ്റർ തയ്യാറാക്കുമ്പോൾ കുടികിടപ്പുകാർക്ക് മുൻപ് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾകൂടി ഈ രജിസ്റ്ററിൽപ്പെടുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇതിനു മുൻപ് ഈ കാര്യത്തെപ്പററി പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അതിന്റെ ക്ലാസ്സ് വരുമ്പോൾ ഈ കാര്യത്തെപ്പററി പറയണമെന്നായിരുന്നു. അതനുസരിച്ചാണ് എന്റെ ഈ ഭേദഗതി കൊടുത്തിട്ടുള്ളത്. കുടികിടപ്പുകാർക്ക് ഇന്നു രേഖയില്ലാതെ അവകാശങ്ങൾ കിട്ടുന്നുണ്ട്. അവരുടെ അനുഭവത്തിനു ഒന്നോ രണ്ടോ തെങ്ങിൽനിന്നു കരിക്കു വെട്ടുന്നതിനോ, അല്ലെങ്കിൽ അതിന്റെ ആദായം എടുക്കുന്നതിനോ വേണ്ടി കരിക്കുകുടി തെങ്ങെന്നോ, അനുഭവതെങ്ങെന്നോ ഉള്ള പേരിൽ വിട്ടുകൊടുത്തിരുന്നു. ചില സ്ഥലങ്ങളിൽ അതു് ഇപ്പോഴും തുടർന്നുവരുന്നുണ്ട്. മററു ചില സ്ഥലങ്ങളിൽ ഒരു പ്രാവശ്യമിടുന്ന തേങ്ങായുടെ തൊണ്ട് കുടികിടപ്പുകാരനു കൊടുക്കും. പിന്നെ പുര മേയാനുള്ള ഓല കൊടുക്കാറുണ്ട്. അവർ താമസിക്കുന്ന പുരയിടത്തിൽ കൈതവച്ചു് പിടിപ്പിച്ചു് അതിന്റെ ഓല ചെത്തിയുണക്കി പായ് നെയ്യാനുള്ള സൗകര്യം അനുവദിക്കുന്നുണ്ട്. ഇതുപോലുള്ള ചില അവകാശങ്ങൾ പ്രത്യേക സ്ഥലങ്ങളിൽ കൊടുത്തുവരുന്നുണ്ട്. അതു് അവർ മുൻപു ജോലിചെയ്തതിനു അദ്ധ്വാനത്തിന്റെ പ്രതിഫലമെന്ന നിലയിലോ, അല്ലെങ്കിൽ ആ സ്ഥലം സൂക്ഷിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലോ, അപ്പോൾ പ്രതിഫലംപററാതെ ചെയ്തുകൊണ്ടിരുന്ന ജോലിയുടെ കൂലി എന്നുള്ള നിലയിലോ കൊടുത്തുവന്നിരുന്ന ആനുകൂല്യങ്ങളാണ്. ഈ അടുത്തകാലത്തായി പല സ്ഥലങ്ങളിലും ഈ ആനുകൂല്യങ്ങൾ നിഷേധിക്കാനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. രജിസ്ററർ തയ്യാറാക്കുന്ന അതോറിട്ടീസിനു ഇതൊക്കെ കണ്ടുപിടിക്കാനും, മനസ്സിലാക്കാനും വിഷമം ഉണ്ടാകുമെന്നു തോന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എസ്സ്. ശ്രീനിവാസൻ]

ന്നില്ല. അതു് തെളിയിക്കാനുള്ള അവസരം കുടിയാന്മാർക്കു് ഉണ്ടാകും. അതു് അങ്ങനെയല്ലെന്നു വാദിക്കാനുള്ള അവസരം വസ്തു ഉടമസ്ഥന്മാർക്കും ഉണ്ടാകും. അതുകൊണ്ടു് ഇങ്ങനെ തെളിയിക്കപ്പെടുന്ന അവകാശം ഈ രജിസ്റ്ററിൽപ്പെടുത്താൻ വേണ്ടിയാണു് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. അതു് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, 843-ാം നമ്പരായി ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി കുടികിടപ്പുകാരുടെ ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നുള്ളതാണു്. ആ ഭേദഗതി ഇതാണു്:

After clause 78, the following clause shall be inserted, namely :

"78A. Register of kudikidappukars: (1) Government shal cause a register of kudikidappukars to be prepared and maintained in each village.

(2) The register shall show—

(a) the description of the land in which the kudikidappu is situate;

(b) the location of the kudikidappu and its extent;

(c) the name of the land owner and of the person in possession of the land in which the kudikidappu is situate;

(d) the name of the kudikidappukaran; and

(e) such other particulars as may be prescribed.

(3) The register shall be prepared and maintained by such officer and in such manner as may be prescribed.

(4) The prescribed officer shall, before the preparation of the register, publish a notice in the village inviting applications from kudikidappukars for registration, to be presented before such date as may be specified in the notice.

(5) On receipt of an application within the time specified in the notice or within such further time as may be allowed by him, the prescribed officer shall, after enquiry and after giving an opportunity to the land owner or other person in possession of the land to be heard, register the kudikidappukaran or reject the application."

സർ, ഇതുപോലെതന്നെ 1955-ൽ പാസ്സാക്കിയ Travancore-Cochin Prevention of Eviction of kudikidappukaran Bill-ൽ ഇതുപോലൊരു പ്രൊവിഷൻ ഉണ്ടായിരുന്നു. അതിലെ സെക്ഷൻ (12) ഞാൻ വായിക്കുകയാണു്:

Government shall as soon may be cause a register of kudikidappukars maintained in each village showing the survey No. of the land or holding the location of the kudikidappu, the name of the owner or person in possession of such holding and the name of the kudikidappukaran with such other particulars as may be prescribed.

LIBRARY ARCHIVES Kerala Legislative Assembly

1955-ൽ പാസ്സാക്കിയ നിയമത്തിലും ഇതുപോലൊരു വകുപ്പുണ്ടായിരുന്നു. എല്ലാ വില്ലേജാഫീസുകളിലും, അതിന്റെ അതിർത്തിക്കുള്ളിലുള്ള കുടികിടപ്പുകാരുടെ ഒരു രജിസ്റ്റർ 12-ാം വകുപ്പിൽ പറയുന്നതുപോലെയുണ്ടാക്കി സൂക്ഷിക്കണമെന്നായിരുന്നു ഈ പുതിയ Clause-ലും പറയുന്നതു്. 1955-ലെ തിരുവിതാംകൂർ-കൊച്ചി കുടികിടപ്പുകാർ നിയമത്തിൽ കുടികിടപ്പു രജിസ്റ്റർ ചെയ്യണമെന്നുണ്ടായിരുന്ന വ്യവസ്ഥ അതുപോലെ അല്പം ചില ഭേദഗതികളോടുകൂടി ഇവിടെ കൊണ്ടുവന്നതായിട്ടാണു് എനിക്കു മനസ്സിലാക്കാൻ കഴിയുന്നതു്. വില്ലേജ് ആഫീസറെന്നു അതിൽ വ്യവസ്ഥയുണ്ടായിരുന്നതു് ഇതിൽ ഒരു പുതിയ ആഫീസറെ, ഏതു ആഫീസറാണെന്നു വ്യക്തമായി പറയുന്നില്ല, അധികാരപ്പെടുത്തിയിട്ടു്, ആ ആഫീസർ നോട്ടീസ് കൊടുത്തുകഴിഞ്ഞതിനുശേഷം ഇത്രകാലത്തിനകം അപേക്ഷ കൊടുക്കണമെന്നാണു്. കാതലായിട്ടു നോക്കുകയാണെങ്കിൽ 1955-ലെ നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തത്വത്തിൽനിന്നു് ഇതിൽ വലിയ വ്യത്യാസമൊന്നുമില്ല. എല്ലാ കുടികിടപ്പുകാരുടെ രജിസ്റ്റർ തയ്യാറാക്കാമോ എന്നു ചോദിച്ചാൽ സാധിക്കുകയില്ല എന്നാണു് എന്റെ അഭിപ്രായം. നിർബന്ധമായും കുടികിടപ്പുകാരൻ രജിസ്റ്റർ ചെയ്തിരിക്കണമെന്നാണു് ഗവണ്മെന്റിനഭിപ്രായമെങ്കിൽ ആ അഭിപ്രായത്തേയും, ഈ രജിസ്റ്റർ തയ്യാറാക്കലിനേയും ഞാൻ എതിർക്കുന്നു. പക്ഷെ, കുടികിടപ്പുകാരുടെ രജിസ്റ്റർ പ്രിപ്പയർ ചെയ്യേണ്ടതു് ഗവണ്മെന്റു് ഉദ്യോഗസ്ഥനല്ല, പഞ്ചായത്തായിരിക്കണം. കൈവശമിരിക്കുന്നതായ ഒരൊററ ആളിന്റെ അവകാശംപോലും നഷ്ടപ്പെടാനും പാടില്ല. രജിസ്റ്റർ ആ ടൈമിനകത്തു് പ്രിപ്പയർ ചെയ്യുകയാണെങ്കിൽ പ്രിപ്പയർ ചെയ്ത ആ രജിസ്റ്റർ ഉപയോഗിച്ചു് ഇന്ന ആരം കുടികിടപ്പുകാരനല്ല, എന്നു തെളിയിക്കുന്നതിനു് വസ്തു ഉടമസ്ഥന്മാർക്കു് കൂടുതൽ അവകാശവും സാദ്ധ്യതയും ഉണ്ടാകും. 1955-ൽ ഈ നിയമം നടപ്പിൽ വന്നു കഴിഞ്ഞതിൻശേഷം ഒരു കൊല്ലത്തിനകം കുടികിടപ്പുകാർ രജിസ്റ്റർ ചെയ്യണമെന്നുള്ള വ്യവസ്ഥ ഉണ്ടായിരുന്നിട്ടു് ആ വ്യവസ്ഥ നടപ്പിലാക്കാൻ വേണ്ടി കുടികിടപ്പുകാരുടെ അടുക്കൽ അതിനുള്ള അപേക്ഷാഫാറം രണ്ടണ സ്റ്റാമ്പുമായിട്ടു് കൊടുക്കണമെന്നു് കർഷകസംഘം പ്രവർത്തകരും കമ്മ്യൂണിസ്ററു പാർട്ടിയിലെ പ്രവർത്തകരും പറഞ്ഞു നടന്നു. അപേക്ഷ കൊടുപ്പിച്ചിട്ടും സ്റ്റേററു് മൊത്തമായി കുടികിടപ്പു രജിസ്റ്റർ ചെയ്ത Certificate കിട്ടിയതു് അയ്യായിരത്തിനു താഴെയാണു്. കുടികിടപ്പുകാരെ സംബന്ധിച്ചു് ഈ രജിസ്റ്റർ ചെയ്യണമെന്നുണ്ടായിരുന്ന നിർദ്ദേശം കുടികിടപ്പുകാർക്കു ജന്മികൾ അവർക്കെതിരായി ഉപയോഗിക്കുകയും ഒട്ടു വളരെ ആളുകളെ കോടതിയിൽ സർട്ടിഫിക്കററും മററും ഹാജരാക്കാത്തതിന്റെ ഫലമായി കുടികിടപ്പുകാരല്ലാതായിത്തീർന്നതിന്റെ ഫലമായി ഒഴിപ്പിക്കലും നടന്നിട്ടുണ്ടു്. കേസുകളിൽ അങ്ങനെയാണു് വിധിച്ചിട്ടുള്ളതു്. പ്രൊട്ടക്ഷൻ കൊടുത്തിരിക്കുന്നതു് കുടികിടപ്പുകാർക്കാണു്. പക്ഷേ അവരുടെ പേർ രജിസ്റ്റർ ചെയ്തു കിട്ടിയിട്ടില്ല. രജിസ്റ്റർ ചെയ്ത Certificate കിട്ടണം. അപേക്ഷ കൊടുത്താൽപോലും ഏകദേശം അയ്യായിരത്തിനു് താഴെ കുടികിടപ്പുകാർക്കു മാത്രമാണു് രജിസ്ട്രേഷൻ അവകാശം കിട്ടിയതു്. 1955-ൽ കൊണ്ടുവന്ന നിയമം ഒരു പെർമനന്റു് നിയമമായിരുന്നു. അല്ലാതെ ടെമ്പററിയൊന്നുമല്ലായിരുന്നു. എന്നിട്ടുപോലും 1957-ൽ ദസ്റ്റ ആഫ് എവിക്ഷൻ നിയമം കൊണ്ടുവന്നതു് കുടിയാന്മാരെ മാത്രമല്ല കുടികിടപ്പുകാരേയും കൂടി ചേർത്തുകൊണ്ടു അവരുടേയും ഒഴിപ്പിക്കൽ തടയണമെന്നുള്ള ആഗ്രഹത്തിന്റെ പേരിലായിരുന്നു. അതേപ്പററി ഞാൻ കൂടുതൽ പറയുന്നില്ല. ഇതിൽനിന്നു കൂടുതൽ ആനുകൂല്യം കുടിയാന്മാർക്കു് കൊടുക്കുന്നില്ലെന്നും കൂടുതൽ രജിസ്ട്രേഷൻ ഉണ്ടാകുകയില്ലെന്നും ഞാൻ പറയുന്നില്ല. ഉണ്ടാകും. കുറെ കുടികിടപ്പുകാർ രജിസ്റ്റർ ചെയ്യും. മന്ത്രി ടെൻഷനെന്നു പറഞ്ഞതൊന്നും ശരിയല്ല. ഒരു tension-നും ഇല്ല. ചില സ്ഥലത്തു ഒഴിപ്പിക്കുന്നതിനു് സംരംഭം ഉണ്ടാകുന്നുണ്ടു്. ടെൻഷനാണെങ്കിൽ ഈ രാജ്യത്തു് കലാപമായിരിക്കും സംഭവിക്കുക. ലക്ഷക്കണക്കിനുള്ള ആളുകളെ ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള സംഘടിതശ്രമം ഈ നാട്ടിൽ നടക്കുകയാണെങ്കിൽ ഇവിടെ കേട്ട ദീനരോദനമൊന്നുമല്ല, പടസ്സുള്ള കാഹളമാണു് കേൾക്കാൻ പോകുന്നതു്. നാടുമുഴുവൻ 144 പാസ്സാക്കിയാലും പട്ടാളനിയമം പാസ്സാക്കിയാലും നില്ക്കുകയില്ല.

2/750/V.

ശ്രീ. പി. ടി. ചാക്കോ : ഞാൻ ടെൻഷൻ എന്നു പറഞ്ഞതു് ഇങ്ങനെയുള്ള അർത്ഥത്തിലൊന്നുമല്ല.

ശ്രീമതി കെ. ആർ. ഗൗരി: ടെൻഷൻ എന്നു പറഞ്ഞാൽ ഞാൻ മനസ്സിലാക്കുന്നതു് സംഘർഷമെന്നാണു്. കുടികിടപ്പുകാരന്റെ അവകാശങ്ങളെ സംബന്ധിച്ചു് സംഘർഷമുളവായിരിക്കുന്നു എന്നു പറഞ്ഞാൽ അത്രയും വമ്പിച്ച ഒരു വിഭാഗമാണു് നമ്മുടെ നാട്ടിലെ കുടികിടപ്പുകാരായിട്ടുള്ളവർ എന്നു കാണാൻ കഴിയും. അങ്ങനെ ഒരു വമ്പിച്ച വിഭാഗത്തിനു് അവകാശങ്ങൾ കൊടുക്കുക. രജിസ്ട്രേഷൻ കൊടുക്കുക എന്നു പറഞ്ഞാൽ അതിനാവശ്യമായിട്ടുള്ള കരുതൽ നടപടികൾ നമ്മൾ അവധാനപൂർവ്വം നോക്കി ഒരൊറ്റ ആൾക്കെങ്കിലും അവർക്കുള്ള അവകാശങ്ങൾ നഷ്ടപ്പെടാൻ പാടില്ലാത്തവിധത്തിൽ സമയം കൊടുക്കണമെന്നുള്ളതു് പ്രധാനമാണു്.

No time limit should be prescribed.

കുടികിടപ്പുകാർക്കു് അപേക്ഷ കൊടുക്കാനുള്ള സമയം കിട്ടണം. ഈ നാട്ടിലുള്ള കുടികിടപ്പുകാരെല്ലാം കൃത്യസമയത്തിനകം രജിസ്ട്രേഷനു് അപേക്ഷ കൊടുത്തിരിക്കണം, അല്ലെങ്കിൽ രജിസ്ട്രേഷൻ ചെയ്തിരിക്കണം എന്നു പറഞ്ഞാൽ സാധിക്കുകയില്ല. വില്ലേജു് ആഫീസർക്കു് അപേക്ഷ കൊടുത്താൽ മതിയല്ലോ എന്നു പറയുമായിരിക്കാം. കഴിഞ്ഞകാലത്തും വില്ലേജാഫീസിൽ കൊടുത്താൽ മതിയായിരുന്നു. സാധാരണ റൂൾസ് പ്രൊവൈഡ് ചെയ്തുകഴിഞ്ഞാൽ വില്ലേജാഫീസർക്കു പോകാം, തഹസിൽദാർക്കു പോകാം. ബോഡു വരെ പോകാൻ പ്രൊവിഷൻ അതിൽ ചെയ്തിരുന്നു എന്നാണു് തോന്നുന്നതു്. എന്തായാലും അതു് ഇത്രകാലമായിട്ടും പ്രയോഗിക്കാൻ സാധിക്കാതെവന്നു. എന്റെ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതെന്താണെന്നുവച്ചാൽ അതിനു് കൂടുതൽ സമയം കൊടുക്കണമെന്നാണു്.

എന്റെ ഭേദഗതികൊണ്ടു് ഞാൻ വേറൊന്നു് ഉദ്ദേശിക്കുന്നതെന്താണെന്നുവച്ചാൽ കുടികിടപ്പുകാരന്റെ രജിസ്റ്റർ പ്രിപ്പയർ ചെയ്യുന്നതിനു് അപേക്ഷ ക്ഷണിക്കാതെ സാധിക്കുമോ എന്നുപരിശോധിക്കണമെന്നതാണു്. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും റിക്കാർഡുണ്ടല്ലോ. ഇത്ര വരുമാനത്തിൽ താഴെയുള്ള പുരയിടങ്ങളുടെയും, വീടുകളുടെയുമൊക്കെ നമ്പരുകൾ കാണുമല്ലോ. പഞ്ചായത്തു മെമ്പറന്മാരും അതുപോലെതന്നെ മുനിസിപ്പാലിറ്റികളിൽനിന്നു് തിരഞ്ഞെടുക്കപ്പെടുന്ന ആളുകളും എല്ലാം റിക്കാർഡുകൾ ഉപയോഗിച്ചുകൊണ്ടു് ആദ്യം ഒരു ലിസ്റ്റു് പബ്ലിഷു് ചെയ്യുക. ഇത്ര ആളുകൾ കുടികിടപ്പുകാരായിട്ടുണ്ടെന്നു് ലിസ്റ്റു പബ്ലിഷ്ചെയ്തു കഴിഞ്ഞതിനുശേഷം അബ്ജക്ഷനുള്ള ആളുകളോടു് അപേക്ഷകൊടുക്കാൻ പറയണം. പുതുതായി ചേരണമെന്നുള്ളവരും അപേക്ഷ കൊടുക്കണം. ഇതുപോലെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ലിസ്റ്റു് പ്രസിദ്ധീകരിക്കും. ലിസ്റ്റു് പ്രസിദ്ധീകരിച്ചതിനുശേഷം വളരെ ദീർഘമായിട്ടുള്ള സമയം കൊടുത്തുകൊണ്ടു് എല്ലാ ആളുകളേയും രജിസ്റ്റർ ചെയ്യാൻ പറയണം. എന്താണു് അങ്ങനെ ചെയ്തുകൂടാത്തതു്. അങ്ങനെ ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. ഇതിനെ സംബന്ധിച്ചു് ഇപ്പോൾ മന്ത്രി പറഞ്ഞതുപോലെ എന്തെങ്കിലും ടെൻഷനുണ്ടെങ്കിൽ കുടികിടപ്പുകാരന്റെ അവകാശം നഷ്ടപ്പെടാനിടയുണ്ടു്. അങ്ങനെ അവകാശം ഒരിക്കലും നഷ്ടപ്പെടാൻ പാടില്ല. കൂടുതലായിട്ടു വരുന്ന ആളുകൾക്കു് രജിസ്റ്റർ ചെയ്യാൻ എന്താണു് പ്രൊവിഷൻ? അന്നു് രജിസ്ട്രേഷൻ ചെയ്തിരുന്നവർ അയ്യായിരംപേരേ ഉണ്ടായിരുന്നുള്ളു. നമ്മുടെ തിരുവിതാംകൂറിലും കൊച്ചിയിലുംകൂടി ആകെ അയ്യായിരംപേരേ ഈ രജിസ്ട്രേഷൻ ഉപയോഗിച്ചുള്ളു. സ്വയംഭരണസ്ഥാപനങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ആളുകൾക്കു് അവരുടെ അവകാശവും ചുമതലയും നല്ലതുപോലെ ഉപയോഗിക്കുന്നതിനു വേണ്ടിയുള്ള ബോധം വരുത്താൻ അവരെ ഇതിൽ ചുമതലപ്പെടുത്തണം. അതുപോലെതന്നെ കുടികിടപ്പുകാർക്കു് നിർബന്ധമായിട്ടു് രജിസ്ട്രേഷൻ കിട്ടണമെന്നു പറയുന്നതു് അവർ കുടികിടപ്പുകാരാണോ അല്ലയോ എന്നുള്ളതുകൊണ്ടല്ല. അവർക്കു് രജിസ്ട്രേഷൻ കിട്ടണമെന്നു അവർ പ്രധാനമായിട്ടും ആവശ്യപ്പെടാനുള്ള കാരണം ഇന്നവർക്കു് കിട്ടുന്നതായിട്ടുള്ള ആനുകൂല്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെടാതിരിക്കാൻവേണ്ടിയാണ്. കിട്ടുന്ന അനുഭവങ്ങൾ നഷ്ടപ്പെട്ടുകൂടാ എന്നുള്ള ഒററക്കാരണത്തിന്റെ പേരിലാണ് രജിസ്റ്റർ ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. പല സ്റ്റേറ്റുകളിലായിട്ട് കുടികിടപ്പുകാരന്റെ നിർവ്വചനം വന്നുകഴിഞ്ഞപ്പോൾ ഈസ്മെൻറ് എന്താണെന്നുള്ളതിനെപ്പററി ഒരു നിർവ്വചനം കൊടുത്തിരുന്നു.

What is the easement that he is entitled to-

എന്നൊരു വ്യാഖ്യാനം കൊടുത്തിരുന്നു. ഈസ്മെൻറ് റൈററാണ് അതുകൊണ്ട് ഇതിൽ എഴുതിവയ്ക്കാൻ വിഷമമാണെന്ന്

and such other rights

ഇങ്ങനെ എഴുതാൻ പാടില്ലെന്ന്. എങ്കിലും സ്പെസിഫിക്കായിട്ട് പറയണം. രണ്ടാമത് കുടികിടപ്പുകാരന് ഇന്നു കിട്ടുന്ന ചില അനുഭവങ്ങളാണ്. ചേർത്തല താലൂക്കിൽ പറയുന്നതെന്താണെന്നുവച്ചാൽ, ഗൗരിയമ്മ എഴുതിവച്ച നിയമത്തിൽ അനുഭവങ്ങൾ തരാൻപറഞ്ഞിട്ടില്ല, അതുകൊണ്ട് തരുകയുമില്ലെന്നാണ്. ആ നിയമംപോയി വേറെനിയമം വന്നു. അനുഭവതേങ്ങ്, ഇളവു തേങ്ങ മുതലായ അനുഭവങ്ങൾ കുടികിടപ്പുകാർക്ക് കിട്ടുന്നുണ്ട്. ഇതുകൂടാതെ കുംഭം മീനമാസത്തിൽ തെങ്ങു നനയ്ക്കുന്നതിനു പ്രതിഫലമായി തൊണ്ട കിട്ടാറുണ്ട്. തൈകൾ വച്ചുകഴിഞ്ഞാൽ എല്ലാം നനച്ചുവളർത്തി—കുടികിടപ്പുകാരുടെ സ്ത്രീകളും കുട്ടികളും—കന്നുകാലികൾ തിന്നുനശിപ്പിക്കാതെ നോക്കുന്നതിന് പ്രതിഫലമായിട്ടാണ് അനുഭവത്തേങ്ങ് കൊടുക്കുന്നത്. ചില ആളുകൾ തൈവച്ചിട്ടുപോകുകയാണെങ്കിൽ കുടികിടപ്പുകാർ അതു വളർത്തിക്കൊണ്ടുവന്നതിനുശേഷം 3—4 കൊല്ലത്തെ അനുഭവം പരിപൂർണ്ണമായി കുടികിടപ്പുകാരന് എടുക്കാം. ഇപ്പോഴത്തെ കർഷകമുതലാളിമാർ നാട്ടിനൊരു ശാപമാണ്.

മിസ്റ്റർ സ്പീക്കർ : മെമ്പർ അമെൻഡുമെൻറിനെക്കുറിച്ചു സംസാരിച്ചാൽ മതി.

ശ്രീമതി കെ. ആർ. ഗൗരി : സർ, എന്റെ ഭേദഗതിയെപ്പററിയാണ് പറയുന്നത്. ഈ ഭേദഗതി കൊണ്ടുവരാനുള്ള പ്രധാന കാരണമാണ് ഞാൻ പറയുന്നത്. പഴയ ജന്മിമാരാണെങ്കിൽ കുടിയാനു് ചിലപ്പോൾ ഗുണം ചെയ്തു കൊടുക്കും. പുതിയ ആളുകൾ അങ്ങനെയല്ല. ഞങ്ങൾ വില കൊടുത്തുവാങ്ങിയതാണ്, പിന്നെ എന്തിനാണ് ഞങ്ങൾ അതിന്റെ അനുഭവം മററുള്ളവർക്കു കൊടുക്കുന്നത്; ഇങ്ങനെ ഒരു വിചാരമാണ് ഇന്നത്തെ മുതലാളിമാർക്ക്. കുടിയാൻ രജിസ്റ്റർ ചെയ്യണമെന്ന് പ്രധാനമായി ആഗ്രഹിക്കുന്നത് അവർക്കു കിട്ടിക്കൊണ്ടിരിക്കുന്ന അനുഭവങ്ങളെ സംബന്ധിച്ച് സുരക്ഷിതത്വം വേണമെന്നുള്ളതുകൊണ്ടുമാത്രമാണ് അല്ലെങ്കിൽ ആവശ്യമില്ല.

ശ്രീ. സി. അച്യുതമേനോൻ : ഇതിനുമുമ്പുള്ള ബില്ലിലെ വ്യവസ്ഥകളിലൊന്നുംതന്നെ അവകാശങ്ങൾ കൊടുക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത നിലയ്ക്ക് ഈ ക്ലാസ്സ് മാത്രം എഴുതിവച്ചാൽ വല്ല പ്രയോജനവുമുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: കുടികിടപ്പുകാരന്റെ രജിസ്റ്റർ Compulsory യായിട്ടല്ല prepare ചെയ്യുന്നതെന്നു കേട്ടു. അങ്ങനെയുള്ള രജിസ്റ്ററിൽ ഇതും വരട്ടെ. തെളിവെങ്കിലുമാകുമല്ലോ.

ശ്രീ. സി. അച്യുതമേനോൻ : രജിസ്റ്റർ മാത്രം എഴുതിവച്ചാൽ അവകാശം കിട്ടുകയില്ല. കുടികിടപ്പുകാരന് ഇതു് കൊടുത്തുകൊള്ളണമെന്ന് എവിടെയും എഴുതിവച്ചിട്ടില്ല. അങ്ങനെ എഴുതിവയ്ക്കാത്തതുകൊണ്ട് രജിസ്റ്റർ മാത്രം ഉണ്ടാക്കിയാൽ എന്താണ് പ്രയോജനം ?

ശ്രീമതി കെ. ആർ. ഗൗരി : രജിസ്റ്റർ മാത്രം ചെയ്താൽ അതൊരു റിക്കാർഡായിട്ടിരിക്കുമല്ലോ. ഒരു റിക്കാർഡെന്നുള്ള നിലയിൽ അവർക്ക് തെളിവായി ഉപയോഗിക്കാം. കുടികിടപ്പുകാരുടെ അവകാശങ്ങളെ സംബന്ധിച്ച് ചർച്ച നടന്നപ്പോൾ ശ്രീ. തൊമ്മൻ ചോദിച്ച customs എന്ന് എഴുതി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

വച്ചിരിക്കുന്നതു് എന്താണെന്നു്. ചിലപ്പോൾ അമെൻഡുമെൻറു് എഴുതുമ്പോൾ ഒരക്ഷരം കൂടിപ്പോകും. രാത്രി രണ്ടു മണി വരെയൊക്കെ ഇരുന്നാണു് അമെൻഡുമെൻറുകളൊക്കെ എഴുതുന്നതു്. ഒന്നുറങ്ങിപ്പോയാൽ പിറേറദിവസത്തേക്കു് അമെൻഡുമെൻറു് കാണുകയില്ല. അങ്ങനെയൊക്കെ വരുമ്പോൾ ചിലപ്പോൾ ഒരു തെററൊക്കെ വന്നേക്കാം. കുടികിടപ്പുകാരൻ പോലീസ് സ്റ്റേഷനിലും കച്ചേരികളിലുമൊക്കെ പോകേണ്ടി വരുന്നതു് അവരുടെ അവകാശങ്ങൾക്കു് ന്യായമായ സംരക്ഷണം ലഭിക്കാത്തതുകൊണ്ടാണു്. ഇതു് പെർമനൻറായിട്ടു് ഉൾപ്പെടുത്തിക്കാണണമെന്നല്ല ഞാൻ പറയുന്നതു്. പക്ഷെ ഇതുകൂടി ചേർക്കണം. ഇന്നു മന്ത്രി കൊണ്ടുവന്നിരിക്കുന്ന clause-ൽ അപ്പീലിനുള്ള പ്രൊവിഷനില്ല. 843-ൽ

> "On receipt of an application within the time specified in the notice or within such further time as may be allowed by him, the prescribed officer shall, after enquiry and after giving an opportunity to the landowner or other person in possession of the land to be heard, register the kudikidappukaran or reject the application."

എന്നാണു്. ഇതിൽ അപ്പീലിനു പ്രൊവിഷനില്ല. അപ്പീലിനു് പ്രൊവിഷൻ വേണം. അങ്ങനെയാണു് അംഗീകരിക്കുന്നതെങ്കിൽ പഞ്ചായത്തുകൾക്കു് കൊടുക്കണമെന്നാണു് എൻെറ അഭിപ്രായം. അതുപോലെ മുനിസിപ്പാലിററികളിലെ കൗൺസിലുകൾക്കും കൊടുക്കണം. കുടികിടപ്പുകാരനു് ഇങ്ങനെ അപേക്ഷ കൊടുക്കുന്നതിനുള്ള സമയവും സൗകര്യവും കൊടുക്കണം. രജിസ്ട്രേഷനില്ല എന്നുള്ള കാരണംകൊണ്ടു് അവകാശം നഷ്ടപ്പെട്ടുപോകാൻ ഇടയാകരുതു്. കുടികിടപ്പുകാർക്കു് അവകാശം കിട്ടുന്നതിനാവശ്യമായ പ്രൊവിഷൻ ഇതിൽ ചേർക്കണമെന്നാണു് എൻെറ ഭേദഗതി. പുതുതായിട്ടു് രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രൊവിഷൻ വേണം. ഇനി പുതുതായിട്ടു വരുന്ന കുടികിടപ്പുകാർക്കു്—കുടികിടപ്പുകാർ ആരൊക്കെ എന്തൊക്കെ പറഞ്ഞാലും ചെയ്താലും register ചെയ്യാനുള്ള അവകാശം നിഷേധിക്കാൻ പാടില്ല—രജിസ്റ്റർ ചെയ്യുന്നതിനുള്ള അവകാശം കിട്ടണം. ഇതെല്ലാംകൂടി കണക്കിലെടുക്കണമെന്നാണു് എൻെറ അഭിപ്രായം. ഞാൻ എൻെറ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. സി. അച്യുതമേനോൻ: സർ, മന്ത്രി അവതരിപ്പിച്ച പുതിയ വകുപ്പിനെ സംബന്ധിച്ചു ചില കാര്യങ്ങൾ പറയാം. കുടികിടപ്പുകാരെ സംബന്ധിച്ചു ഒരു രജിസ്റ്റർ ഉണ്ടാക്കാനായിട്ടുള്ള ഒരു വ്യവസ്ഥ ചെയ്യണമെന്നാണു ഇതിൻെറ ഉദ്ദേശം. പക്ഷെ, ഇതിപ്പോൾ ഇന്നു കൊണ്ടുവന്നിട്ടുള്ള രീതിയിൽ തൃപ്തികരമായിട്ടില്ലാ എന്നാണെൻെറ അഭിപ്രായം. രണ്ടുവിധത്തിലുള്ള സമീപനം ഈ കാര്യത്തിലുണ്ടാകാം. ഒന്നു് നിർബ്ബന്ധമായി കുടികിടപ്പുകാർ എന്നുള്ള നിലയിൽ രജിസ്റ്റർ ചെയ്തിരിക്കണം എന്നതു്. അതല്ല, ഇഷ്ടമുള്ള ആളുകൾ രജിസ്റ്റർ ചെയ്യുന്നതിനു വ്യവസ്ഥചെയ്യുന്ന രീതി വേറൊന്നാണു്. നിർബ്ബന്ധമായി രജിസ്റ്റർചെയ്യണമെന്നു പറയുന്നതിനു് ഞാൻ എതിരാണു്. ഇതിൽ അങ്ങനെ പറയുന്നില്ല. 1955-ലെ ആക്ററു്പ്രകാരം അങ്ങനെ ഉണ്ടായിരുന്നു. നിർബ്ബന്ധം എന്നുള്ളതു ഞാൻ ഒരു രീതിയിലാണു ഉദ്ദേശിക്കുന്നതു്. അതായതു, ഒരു പ്രത്യേക തീയതിവച്ചു ആ തീയതിക്കുള്ളിൽ എല്ലാവരും രജിസ്ററർ ചെയ്തിരിക്കണം അല്ലെങ്കിൽ അതിനുള്ള അപേക്ഷ അയച്ചിരിക്കണം. ആ പ്രത്യേക തീയതിക്കു് അപേക്ഷ അയച്ചില്ലെങ്കിൽ ആ അവകാശം നഷ്ടപ്പെട്ടുപോകും എന്നു എഴുതിവച്ചിരിക്കുന്നതു ശരിയല്ല. ഇവിടെ എഴുതിവച്ചിരിക്കുന്ന വകുപ്പിനെസംബന്ധിച്ചു സംശയം വന്നിട്ടുള്ളതും അതാണു്. രജിസ്ററർ ചെയ്തില്ലെങ്കിൽ ആ അവകാശം നഷ്ടപ്പെടും എന്നു പറയുന്നില്ലെങ്കിലും പരോക്ഷമായിട്ടു നാലാം ഉപവകുപ്പിൻെറ ഫലം അതായിത്തീരുകയില്ലേ എന്നു ഞാൻ സംശയിക്കുകയാണു്. ശ്രീമതി ഗൗരി പറഞ്ഞതു

LIBRARY ARCHIVES Kerala Legislative Assembly

Then Madam, regarding the kayal padasekharams of Kuttanad. I do not know on what basis this special treatment is being given to the Kuttanad kayal padasekharams. No doubt a particular form of cultivation is done in Kuttanad. Is that sort of cultivation not done in other parts of the State? The kole lands of Trichur are cultivated almost on a similar basis as the kayal lands of Kuttanad. What about the Payyanadan fields of Malabar where the crops grow for 10 to 11 months a year. There also the cultivation is done almost on the same pattern as is done in the Kuttanad area and in the kole nilams. What are the special features of the Kuttanad cultivation. Paddy cultivation is done in every part of the State in other forms as well. Therefore Madam, that cannot be taken as a criterion for conferring this special benefit on the Kuttanad area alone.

As I submitted, Madam, it will be possible to bring the entire area of Kuttanad into co-operative cultivation. For certain purposes, we are forming corporations, like the Rubber Plantation Corporation. Here also why not we form a corporation with a Managing Director in the scale of I. A. S. officers, for the Kuttanad kayal padasekharams and the kole lands. We can put in charge an officer, who has got keen interest in cultivation etc. It will be possible to bring thousands and thousands of agricultural labourers under the co-operative fold. If we

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Chandrasekharan]

do that, the poor agricultural labourers of these areas will prosper. I submit, Madam, that in the interest of the agricultural labourers of the Kuttanad area and in the interest of better prosperity in the State and in the interest of better farming and better production of food in the State, we should take over the vast areas of the Kuttanad padasekharams. Because I find during the past twelve or fifteen years symptoms of State control, State financing in the area for the purposes of bettering the cultivation. We have to see that food production is increased in the State. I am particularly referring to the experimental blocks, that is the 'R' blocks. As you know Madam, one such block had already been formed and it is expected that more such farms would be formed in the Kuttanad area. The hon. Minister for Food had stated on the floor of the House that the extent of the block was 1437 acres and already 380 acres had been subjected to double crop cultivation. According to the hon. Minister the amount spent by Government by way of loans, grants etc. for the purposes of the 'R' block comes to about Rs. 121 lakhs. This is an astounding figure. This is the figure that we are going to spend for the other blocks of the Kuttanad area, and two weeks back the Revenue Minister told us that the extent of arrears to be realised from the Kuttanad area alone comes to about a crore of rupees and it is from whom? It is from the big land-lords of the Alleppey District. It is for these landlords the Government are spending lakhs of rupees. It was these landlords of the Kuttanad area who were unpatriotic and even told our hon. Chief Minister that they were not going to cultivate their lands this year in this emergency period. They also threatened the Chief Minister by saying that the Alleppey District Collector should be asked not to take coercive steps in the matter of collecting the arrears due.

Shri E. P. Poulose: Sir, that is not correct. The hon. Member is misrepresenting the facts. Though 14 lakhs of rupees have been spent on the land development scheme, only 75 per cent will be on loan and 25 per cent in grant. There is no point in saying that it has been given to somebody as a gift. I am not trying to distract the hon. Member from the weight of his argument. I can say that the whole thing is not given as a gift for the land development scheme in the Kuttanad area.

Shri K. Chandrasekharan : I am extremely thankful and sympathetic to the hon. Minister for this timely interference, because, once again, it has been made plain. Anyway at present financing is done by the Government, whether it is by grant or by loan. I am not particular about it. I may tell the hon. Minister that years later, when probably he will be sitting along with me, I will be able to point out to him that not a single naye paisa that has been given as loan for the 'R' Block and for the other experimental blocks of the Kuttanad area, has been realised by Government by way of dues. What has been the position for years now ? Have we been able to get any collections through the Punja Special Officer, who is appointed? What is the work of the Punja Special Officer, except the work of giving loans and grants ? And that also to whom ? Not to the poor agri-

LIBRARY ARCHIVES Kerala Legislative Assembly

cultural labourers, not to the small holders for when the hon. Minister and his Government have got a particularly greater affection today, but to the big landlords of Alleppey District, to the persons who come from the Kuttanad area and who threatened the hon. Chief Minister by saying that they were not giving to cultivate the Kuttanad lands this year at a time when the whole country was facing the Chinese attack. They were threatening the Chief Mini.ter and asking him to withdraw the coercive steps taken for the realisation of arrears and inform the Alleppey Collector accordingly. Otherwise, they stated that they would not cultivate the land. This sort of thing, if I may say so, is most unpatriotic. It is unpatriotic, because it is these landlords that we are trying to eliminate from the picture altogether and make a new face of the State as a whole. But here the Government are going to see that they are maintained. For whose purpose? Certainly, it is not for the purpose of the poor agricultural labourers; not for the purpose of encouraging food production, but for the purpose of seeing that lakhs and lakhs of money from out of the State Bank of Travancore and the State Bank of India accountable to the State Treasuries are spent on the Kuttanad area and for which no benefit, no improvement, if I may say so, is available to the Government of a welfare State.

I submit that as long as this exclusion is there, we, in this section of the House, will oppose it tooth and nail, and we are not prepared to call it a land reform measure, because these provisions contained in clause 79 are the most retrograde, unheard of, and unknown in any scheme of land reforms in this country.

Now, Madam, I have only to refer to sub-clauses 2 and 3 of clause 79. Sub-clauses 2 and 3 of clause 79 refer to the power taken by Government to notify the extent. I do not know why Government are particular in taking this power. I find, Madam, this is almost a feature of this bill. The Supreme Court had struck down the Land Tax Act;

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: കുട്ടനാട്ടിൽ 18 ലക്ഷം രൂപ റിക്കവർ ചെയ്യാനുള്ളതിൽ 14 ലക്ഷം രൂപയോളം കഴിഞ്ഞകൊല്ലം റിക്കവർ ചെയ്തിട്ടുള്ള വിവരം ബഹുമാനപ്പെട്ട മെംബർക്കറിയാമോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: ആ കണക്കുകൾ ശുദ്ധ തെറ്റാണ്. ചോദ്യം ചോദിക്കാൻവേണ്ടി ഒരാളിനെകൊണ്ട് ചോദിപ്പിച്ചു എന്നുള്ളതിൽ കവിഞ്ഞ് അതിൽ വേറെ യാതൊന്നുമില്ല. ഗവണ്മെന്റിന് ഔദ്യോഗികമായി ആ കണക്കുകൾ മേശപ്പുറത്തു വയ്ക്കാൻ തയാറുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അത്രയും പിരിച്ചതുകൊണ്ടുള്ള സങ്കടം കൊണ്ട് ചോദിച്ചുപോയതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: അതിന് എന്റെ അടുത്തു പറയേണ്ട.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: ഈ ലാന്റ് ഹോൾഡേഴ്സിൽതന്നെ കുട്ടനാട്ട് അഞ്ചേക്കർ തെങ്ങിൻതോപ്പുള്ള കുടിയാന്മാരും ഉള്ളതായിട്ടറിയാമോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: അങ്ങനെ പലതുമുണ്ട്. പക്ഷേ 1500 ഏക്കറു കാരാണ് സാധാരണഗതിയിൽ അവിടെ കൂടുതലും. ഏതെങ്കിലും മൂലയിൽ അഞ്ചേക്കർകാർ ഉണ്ടെന്നുവരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അഞ്ചേക്കറും പത്തേക്കറുമുള്ള ആളുകളിലല്ല ഈ കുടിശ്ശിക കിടക്കുന്നതെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെംബർക്കറിയാമോ?

ശ്രീ. കെ. ചന്ദ്രശേഖരൻ: ഈ കാര്യങ്ങളെല്ലാം എന്നേക്കാളും അടുത്തു താമസിക്കുന്ന മെംബർക്കാണല്ലോ കൂടുതൽ അറിവുള്ളതു്.

I am only referring to sub-clauses 2 and 3 and I am now concluding Madam, as I submitted, sub-clauses 2 and 3 give power to Government to notify the extent of exemption. This, of course, appeared to be a pattern adopted in every provision of this Bill also. Sub-clause 2 of clause 79 gives power to Government to notify the exemptions regarding Devaswom lands under Chapter 2. I submit, Madam, tha this is arbitrary. This clause which arbitrarily provides power to Government is certainly not congenial to good legislation. One of the points, which the hon. Supreme Court took exception to, was particularly sections 4, 6 and 7 of the Land Tax Act by which we were charging land tax in the State. One of the provisions gave arbitrary power to Government to exempt lands from basic tax by a notification. I do not know for whose satisfaction it will be done. May be it will be to the satisfaction of the Collector or the Government. In both sub-clauses 2 and 3, power to exempt is taken by the Government and, therefore, ultimately notification regarding exemption will have to be given by Government. But it will ultimately be to the satisfaction of some Tahsildar or Revenue Divisional Officer, for only on the basis of the report of the Officer, that this exemption, which is a very vital thing in Chapter III of this enactment, would have to be issued by way of notification. Again I submit, Madam, unless there is some restriction, unless some details are given, unless at least in the rules to be framed, these things are in detail referred to, it will be a very very arbitrary exercise of power by Government and on that basis I oppose sub-clauses 2 and 3 of Section 79 also. Thank you, Madam.

ഡെ. സ്പീക്കർ: മി. ചാഴികാട്ടു്; മെംബർ വളരെ ഹ്രസ്വമായും കാര്യ
12 noon] ഗൗരവത്തോടുകൂടിയും സംസാരിച്ചാൽ കൊള്ളാം.

ശ്രീ. ജോസഫ് ചാഴികാട്ടു്: ഇതു പറഞ്ഞപ്പോൾ എനിക്കു് ഒരു കാര്യം ഓർമ്മവരുന്നു.

ഡെ. സ്പീക്കർ: ഓർമ്മയെല്ലാം ഇപ്പോൾ പറയേണ്ട.

ശ്രീ. ജോസഫ് ചാഴികാട്ടു്: സർ സി. പി. ഒരിക്കൽ എന്നോടു പറഞ്ഞ ഒരു കാര്യമാണു്.

ഡെ. സ്പീക്കർ: അതെല്ലാം മുമ്പു പറഞ്ഞിട്ടുണ്ടു്.

ശ്രീ. ജോസഫ് ചാഴികാട്ടു്: എല്ലാം പറഞ്ഞിട്ടില്ല. ആ കസേരയിൽ സർ സി. പി. രാമസ്വാമി അയ്യരും ഇരുന്നിട്ടുണ്ടു്. ഒരു ദിവസം ഞാനും അദ്ദേഹവും തമ്മിൽ ഇതുപോലെ ഒരു കാര്യത്തെപ്പററി വാദപ്രതിവാദം നടന്നു. 1945 ജൂൺ 14-ാം തീയതിയാണു് ആ സംഭവമുണ്ടായതു്. അന്നു അദ്ദേഹം എന്നോടു് പറഞ്ഞ മറുപടി കേൾക്കുന്നതു നന്നായിരിക്കും.

ഡെ. സ്പീക്കർ: ഇതൊക്കെ പഴയകാര്യങ്ങളല്ലേ. അമെൻഡ്മെൻറിനെപ്പററി സംസാരിച്ചാൽമതി.

LIBRARY ARCHIVES Kerala Legislative Assembly

Shri Joseph Chazhikattu. This is what he said. "There is one matter which I think it is necessary to make public, namely, my regret in having made certain expressions, which I think were not proportion to the occasion yesterday, in the course of my reply to Mr. Joseph Chazhikat. Mr. Joseph has not complained about that matter and I take this opportunity to express my regret.''

അന്നു് എന്നെ അദ്ദേഹം താക്കീതു ചെയ്തിട്ടു് പിറ്റെ ദിവസം എന്നോടു് പരസ്യമായി അപ്പോളജി ചോദിച്ചു. അതു കൊണ്ടു് എന്നോടു പറയുന്നതു സൂക്ഷിച്ചു വേണം എന്നു് അപേക്ഷിക്കുകയാണു്.

Shri Hamid Ali Shemnad : On a point of order Sir. to maintain the integrity and status of this House Mr. Chazhikatt has said ''സൂക്ഷിച്ചുവേണം''. Is it in keeping with the dignity of the Speaker and the mcmbers of this House ?

Shri Joseph Chazhikatt: Madam, that requires no answer.

അതു പായിന്റു ആഫു് ആർഡറൊന്നുമല്ലേ. ചുമ്മാ വെറും അനാവശ്യമാണു്. എന്റെ അമെൻഡുമെന്റു് 849. 850, 851 ഇവയാണു്.

ശ്രീ. പി. ടി. ചാക്കോ : ഇതു പറഞ്ഞതുകൊണ്ടു് ചോദിക്കുകയാണു്. സർ സി. പി. രാമസ്വാമി അയ്യർ താക്കീതു ചെയ്ത അന്നാണോ റോബിൻ ഹുഡ്ഡിന്റെ കഥ പറഞ്ഞതു് ?

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : അതു ഒരു മാസം മുമ്പാണു്. മന്ത്രി ചോദിച്ചതുകൊണ്ടു് പറയുകയാണു്; എന്തോ പറഞ്ഞുകൊണ്ടുവന്നപ്പോഴാം അങ്ങൊരു കായംകുളം വാളാണെന്നു് ഞാൻ പറഞ്ഞു. ഉടനെ അദ്ദേഹം വിത്ഡ്രാ ചെയ്യണം, വിത്ഡ്രാ ചെയ്യണമെന്നു പറഞ്ഞു. ഞാൻ പറഞ്ഞു ''വിത്ഡ്രാ ചെയ്യാം. പക്ഷേ ഞാൻ പറഞ്ഞതിന്റെ അർത്ഥം അങ്ങു മനസ്സിലാക്കിയിട്ടില്ല''. അർത്ഥം എന്താണെന്നു് എന്നോടു ചോദിച്ചു, ഞാൻ പറഞ്ഞു് കൊടുത്തു. അദ്ദേഹം സ്പീക്കറായിരുന്ന കാലത്തുതന്നെ ഞാൻ പറഞ്ഞതു വായിക്കാം.

ഡെ. സ്പീക്കർ : അതൊന്നും വായിക്കാൻ സമയമില്ല.

Shri Joseph Chazhikatt : You should withdraw it immediately. I am the Diwan of this country and at the same time I want to be the president of this House, you call me 'കായംകുളംവാളം'; എന്നു പറഞ്ഞാണു് അപ്പോളജി ചോദിച്ചു് എന്നോടു പിൻവലിക്കണമെന്നാവശ്യപ്പെട്ടതു്. അതു കൊണ്ടു് 849, 850, 851 ഇതാണു് എന്റെ അമെൻഡുമെന്റു്.

ഡെ. സ്പീക്കർ : 851 മൂവു് ചെയ്തില്ല.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ഒമ്പതും പത്തുമായിട്ടു ഭേദമില്ലെന്നാണു് പറയുന്നതു്. അതുപോലെ അൻപതും അൻപത്തിയൊന്നുമായിട്ടും ഭേദമില്ല. പക്ഷേ ഒരു സംഗതി വളരെ സങ്കടകരമായിട്ടുള്ളതു് എന്റെ പാർട്ടിയിൽപ്പെട്ട ശ്രീമാൻ ചന്ദ്രശേഖരന്റെ അഭിപ്രായത്തിനു് എതിരു പറയേണ്ടിവന്ന നിർഭാഗ്യകരമായ സംഭവമാണു്.

ശ്രീ. ജോർജ്ജു് ജോസഫ് പൊടിപ്പാറ : അദ്ദേഹത്തിനു കുട്ടനാട്ടിലെ കാര്യത്തെപ്പററി നല്ലവണ്ണമറിഞ്ഞുകൂടാ. അതുകൊണ്ടു് ബഹുമാനപ്പെട്ട മെംബർ ക്ഷമിക്കണം.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : കുട്ടനാട്ടിനെപ്പററിയൊന്നുമല്ല ഞാൻ പറയാൻ പോകുന്നതു്. ഞാൻ ഇവിടെ പറഞ്ഞിരിക്കുന്നതു് 849-ൽ പ്യുവർ എന്നുള്ളതു് മാററണമെന്നാണു്. പ്യുവർ എന്നു പറഞ്ഞാൽ പ്യുവർ വെളിച്ചെണ്ണ പ്യുവർ നല്ലെണ്ണ എന്നൊക്കെ കച്ചവടക്കാർ പറയുന്നതുപോലെ ഈ കൊടിയും പ്യുവർ ആയിരിക്കണമെന്നു പറഞ്ഞാൽ അതു മനസ്സിലാകാത്ത ഒന്നാണു്. ശുദ്ധമായ അരക്കനെട്ടു്, ശുദ്ധമായ പെപ്പർ എന്നൊക്കെ പറയുന്നതിൽ

[ശ്രീ. ജോസഫ് ചാഴിക്കാട്ട്]

യാതൊരർത്ഥവുമില്ല. അതുകൊണ്ട് അതെടുത്തുകളയേണ്ടതാണ്. ഈ കൊടി തന്നെ അനേകമുണ്ട്. കാണിയാറകൊടി, മലബാർകൊടി, മുളകുകൊടി ഇങ്ങനെ അനേകം കൊടികളുണ്ട്. ഇതിൽ ഏതാണ് പ്യൂവർ എന്നുള്ളതിനെ പ്പററി ഫൈനലായി തീരുമാനമൊന്നുമുണ്ടായിട്ടില്ല. യഥാകാലം മണ്ണിനും കാലാവസ്ഥക്കും പററിയ വിധത്തിൽ വച്ചു പിടിപ്പിച്ചു കൊണ്ട് പ്യൂവർ, പെപ്പർ, pure അരക്കനട്ട് എന്നൊക്കെപറഞ്ഞാൽ........

ശ്രീ. ഇ. പി. ഗോപാലൻ : ഹലാക്കിന്റെ കൊടിയെപ്പററി കേട്ടിട്ടുണ്ടോ ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അതൊരു മുസ്ലീം പദമാണെന്നു തോന്നുന്നു. ഹലാക്കിന്റെ കൊടിയെപ്പററി കേട്ടിട്ടില്ല. Pure അരക്കനട്ട്, Pure പെപ്പർ എന്നൊക്കെ പറഞ്ഞാൽ ഒരർത്ഥവുമില്ലെന്നു തന്നെയല്ല അനർത്ഥവും അനാവശ്യവും കൂടിയാണ്. എന്റെ ഈ അമെൻഡുമെൻറിനെ സംബന്ധിച്ച് (859) മി. ഹസ്സൻഗനി അമെൻഡുമെൻറ് ഹാജരാക്കിയിട്ടുണ്ട്. അതുപോലെതന്നെ 1336—37 മുതലായ അമെൻറുമെൻറുകൾ ശ്രീ. ഹാജി ഹാജരാക്കിയിട്ടുണ്ട്. ഇതെല്ലാം തമ്മിൽ വളരെ ബന്ധമുള്ളതാണ്. പ്യൂവർ കോക്കനട്ട്, പ്യൂവർ പെപ്പർ എന്നു പറയുമ്പോൾ സർക്കാർ ഭാഗത്തുനിന്ന് ഒരു അമെൻഡുമെൻറ് ഹാജരാക്കിയിട്ടുണ്ടെന്നു പറയുന്നുണ്ട്. അതിലും കുഴപ്പമാണ് കൊണ്ടുവരുന്നത്. ഒരേക്കറിനകത്ത് ഇത്ര കൊടിയുണ്ടായിരിക്കണം, ഇത്ര കമുകുണ്ടായിരിക്കണം എന്നൊക്കെ പറഞ്ഞു കൊടിയുടെ എണ്ണമാണ് നിജപ്പെടുത്തിയിരിക്കുന്നത്. ഇല്ലെങ്കിൽ ഇത്ര കുറച്ച് ഒരേക്കറിൽ ഉണ്ടായിരിക്കണമെന്നാണ് പറയുന്നത്. ഒരേക്കറിൽ 300 കവുങ്ങായാൽ 5 ഏക്കറിൽ 1500 കവുങ്ങുകൾ ഉണ്ടായിരിക്കണം. കൃഷിയെപ്പററി വിവരമുള്ള ആളുകൾ കൃഷി അറിയാവുന്ന ആളുകൾ മണ്ണിന്റെ ഗുണവും, കാലാവസ്ഥയും ഒക്കെ നോക്കി അകത്തിയകത്തിയേ വൃക്ഷങ്ങൾ വയ്ക്കുകയുള്ളു. ഒരേക്കറിൽ 150—200 കവുങ്ങുകൾ വച്ചുപിടിപ്പിച്ചാൽ നല്ലവണ്ണം ആദായംകിട്ടും. അതുപോലെതന്നെ തെങ്ങുകൃഷിയും. കായൽ തീരത്ത് തെങ്ങുവയ്ക്കുകയാണെങ്കിൽ ഒരേക്കറിൽ 100 തെങ്ങുവരെ വയ്ക്കാം. വരമ്പുണ്ടാക്കിയിട്ട് രണ്ടുവശത്തും തൈവച്ച് 100 തെങ്ങുവരെ നടാം. കോട്ടയം ഡിസ്ട്രിക്ടിലാണെങ്കിൽ ഒരേക്കറിൽ 100 തെങ്ങുവരെ വയ്ക്കാം. നേരെമറിച്ച് കേരളത്തിന്റെ മദ്ധ്യപ്രദേശങ്ങളിലാണെങ്കിൽ 50-60-70 തെങ്ങുകളിൽകൂടുതൽ വയ്ക്കാൻ സാദ്ധ്യമല്ല. അതിൽകൂടുതൽ വച്ചാൽ ചോലയാകും. അതുകൊണ്ട് വൃക്ഷങ്ങളുടെ എണ്ണം ഒരേക്കറിന് ഇത്രയെണ്ണമുണ്ടായിരിക്കണം, അതു പ്യൂവറായിരിക്കണം ഇതൊക്കെ വിവരമുള്ളവർ പറയാത്ത സംഗതികളാണ്. അതുകൊണ്ട് എണ്ണം നിറയ്ക്കാൻവേണ്ടിയിട്ട് പെപ്പർ ഗാർഡൻ ഒരേക്കറിൽ 1500 അല്ലെങ്കിൽ രണ്ടായിരം അല്ലെങ്കിൽ മൂവായിരം വൃക്ഷങ്ങൾ ഉണ്ടായിരിക്കണമെന്നു പറഞ്ഞാൽ മണ്ണുമോശമാണെങ്കിൽ വിളവ് കുറയും. നല്ലവളക്കൂറുള്ള മണ്ണിൽ തട്ടുതട്ടായിട്ട് മലയുടെ ചരിവിൽ അനേകം തട്ടുകളുണ്ടാക്കി കൃഷിചെയ്യുകയാണെങ്കിൽ നല്ല സൂര്യരശ്മി വൃക്ഷങ്ങളിൽ തട്ടുന്നതുകൊണ്ട് കൂടുതൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ സാധിക്കും. സമതലപ്രദേശങ്ങളായിട്ടു കിടക്കുന്നതാണെങ്കിൽ, മലംചരുവിൽ 100 തെങ്ങു വയ്ക്കുന്നിടത്ത് ഈ പ്രദേശങ്ങളിൽ 60 തെങ്ങുകളെ വയ്ക്കാൻ പാടുള്ളു. അതുകൊണ്ട് പ്യൂവർ പെപ്പർ, പ്യൂവർ കോക്കനട്ട് എന്നൊക്കെ പറയുന്നത് തെററാണ്. പ്യൂവർ തോട്ടങ്ങൾ എന്താണെന്ന് പറയുന്നതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഒരു അമെൻഡുമെൻറുണ്ടെന്ന് ശ്രീ. തൊമ്മൻ പറഞ്ഞതും തെററാണ്. പിന്നെ എനിക്കു പറയാനുള്ളത് അരക്കനട്ട ഗാർഡൻ, പെപ്പർ ഗാർഡൻ എന്നുള്ളതിന്റെ കൂടെ കോക്കനട്ട് ഗാർഡൻ എന്നുകൂടി ചേർക്കണമെന്നാണ്. ഇത് ഏററവും പ്രധാനമായിട്ടുള്ള ഒന്നാണ്. അങ്ങനെ ചേർക്കുന്നതിന് ശ്രീ. ഹസ്സൻഗനി 25 ഏക്കർ ഒന്നായികിടക്കുന്ന കോക്കനട്ട് ഗാർഡൻ എന്നു പറഞ്ഞ് ഒരു അമെൻറുമെൻറ് കൊണ്ടുവന്നിട്ടുണ്ട്. 25 ഏക്കർ അത്രയും വേണ്ട. ഞാൻ പറയുന്നത് കോക്കനട്ടുംകൂടി ഇതിന്റെകൂടെ ഉൾപ്പെടുത്തണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ്. 5 ഏക്കറിൽ കുറയാത്ത കോക്കനട്ട് തോട്ടങ്ങൾകൂടി ഇതിൽ ഉൾപ്പെടുത്തണമെന്നാണ് എന്റെ അമെൻറുമെന്റ്. അതിനുള്ള കാരണം കോക്കനെട്ടിനെപ്പറ്റി ഇന്നാളൊരുദിവസം ഞാൻ പറഞ്ഞിട്ടുണ്ട്. പറഞ്ഞതാണെന്നു പറഞ്ഞാൽ അതു ചിലപ്പോൾ പിന്നെയും പറയേണ്ടിവരും. അന്നു പറഞ്ഞതെല്ലാം വനരോദനമായിട്ടു പോയിരിക്കുകയാണ്. എന്നാലും പിന്നെയും പറഞ്ഞുപോവുകയാണ്. പഴക്കംകൊണ്ട് ചിലപ്പോൾ മനംമാററം വന്നേക്കാനിടയുണ്ട്. ചിലപ്പോൾ ശ്രീ. ചാക്കോക്കും മനംമാററമുണ്ടായേക്കും. ശ്രീ. ചാക്കോ അത്ര മനസ്സ് കട്ടിയുള്ള ആളല്ല. മനംമാററം വരാനിടയുണ്ട്. കോക്കനെട്ട് ഉൾപ്പെടുത്താത്തതുകൊണ്ടു വരുന്ന ദോഷങ്ങളെപ്പററി ഈ മിനിസ്റ്റർക്കറിയാമെങ്കിലും മലബാറിൽനിന്നു ഇറക്കിയിട്ടുള്ള ഒരു പ്രസ്താവന ഞങ്ങൾക്കൊക്കെ കിട്ടിയിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്നതു് തെങ്ങുകൃഷിക്കുവേണ്ടി ശ്രീ. ജോസഫ് ചാഴിക്കാടൻ നല്ലപോലെ വാദിച്ചിട്ടുണ്ടെന്നാണ്. ശ്രീ. കൃഷ്ണൻനമ്പ്യാർ എന്നൊരാളാണ് ഈ പ്രസ്താവന അച്ചടിച്ചിറക്കിയിട്ടുള്ളതു്. ഇവിടെ ഞാൻ പറഞ്ഞ കാര്യങ്ങൾ വനരോദനമായിപ്പോയെങ്കിലും ഇതിനു പുറത്തുള്ള ആളുകൾ അതു മനസ്സിലാക്കിയിട്ടുണ്ട്. അതായതു് വിവരമുള്ള ആളുകൾ ഈ സഭയിൽ കുറവാണെങ്കിലും സഭയ്ക്കുപുറത്തു് ധാരാളമുണ്ട്.

<u>ശ്രീ. മാലേത്തു ഗോപിനാഥപിള്ള</u>: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. വിവരമില്ലാത്തവർ...........

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u>: വിവരം കുറവുള്ള ആളുകളെയാണ് ഞാൻ പറഞ്ഞതു്. ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം വിചാരിച്ചു അദ്ദേഹത്തെപ്പററിയാണെന്നു്. ഞാൻ വേറെ ആളുകളെയാണ് ഉദ്ദേശിച്ചതു്.

<u>ഡെപ്യൂട്ടി സ്പീക്കർ</u>: മെമ്പർ അമെൻറുമെൻറിനെക്കുറിച്ച് സംസാരിക്കണം.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u>: ചോദ്യം ചോദിച്ചാൽ മറുപടി പറയാതെ പോകുന്നതു ശരിയാണോ. സഭയിലുള്ളവരെക്കാൾ കൂടുതലായിട്ട് സഭയ്ക്കു് പുറത്തുള്ളവർക്ക് വിവരമുണ്ടെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അതുകൊണ്ട് ഈ കോക്കനട്ട് ഉൾപ്പെടുത്താത്തതുകൊണ്ട് ഞാൻ ഇന്നാളൊരിക്കൽ പറഞ്ഞതുപോലെ 15 കോടി രൂപായാണ് കൊപ്രാ ഇറക്കുമതിയിൽ നാം ചെലവാക്കുന്നതു്. നമുക്ക് വിദേശനാണയം ലഭിക്കുന്നതിനുവേണ്ടി നാം ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വർദ്ധിപ്പിച്ച് പുറത്തേക്കയച്ച് നമ്മുടെ ആദായം വർദ്ധിപ്പിക്കുന്നതിനുപകരം നമ്മുടെ ആദായങ്ങൾ ദിവസേന കുറഞ്ഞുപോകുന്ന വിധത്തിലുള്ള ഒരു നില ഉണ്ടാകത്തക്കവണ്ണം ഗവൺമെൻറ് ജനങ്ങൾക്ക് സൗകര്യം ചെയ്തുകൊടുക്കാതിരിക്കുന്നതുകൊണ്ട് നമ്മുടെ വിഭവങ്ങൾ ദിവസേന കുറഞ്ഞുകുറഞ്ഞു് വരുകയും അതിന്റെ ഫലമായിട്ട് അന്യനാട്ടിൽനിന്നു് കൊപ്രയും വെളിച്ചെണ്ണയും ഇറക്കുമതിചെയ്യേണ്ടി വരികയും ചെയ്യുന്നതുകൊണ്ട് രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി ദിവസേന നശിച്ചുകൊണ്ടുവരികയാണ്. ഇതു പറഞ്ഞാൽ ആരുകേൾക്കാനാണ്. പോത്തിന്റെ ചെവിയിൽ കിന്നരമോതിയാൽ എന്താണു പ്രയോജനം. അതുപോലെ കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ, കാണാൻ കണ്ണുള്ളവർ കാണട്ടെ എന്നാണ് തെങ്ങുകൾക്കുവേണ്ടി എനിക്കു പറയാനുള്ളതു്.

<u>ശ്രീ. ഇ. പി. ഗോപാലൻ</u>: ബഹുമാനപ്പെട്ട മെമ്പറുടെ ഈ ഭേദഗതിയിൽ കോക്കനട്ട് ഉൾപ്പെടുത്തണമെന്നുള്ളതിന്റെകൂടെ ഒരു ഓറൽ ഭേദഗതികൂടി അവതരിപ്പിക്കേണ്ടകാര്യം ആലോചിക്കുമോ? lands on which paddy is cultivated excluding the Kuttanad area എന്നുകൂടി ചേർക്കാനുള്ള ദയവുണ്ടാകുമോ? അതു് ഓറലായിട്ടവതരിപ്പിച്ചാലും മതി.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്</u>: എനിക്കു മനസ്സിലായി. ശ്രീ. ഗോപാലനു അഞ്ചാറേക്കർ നിലമുണ്ട്. തെങ്ങു കുറവാണ്, അതുകൊണ്ട് നിലം ഒന്നൊഴിച്ചുകിട്ടിയാൽ കൊള്ളാമെന്നാണ്.

2/750/V.

ശ്രീ. ഇ. പി. ഗോപാലൻ: ശ്രീ. ചാഴിക്കാടനു് തെങ്ങിൻതോട്ടമുള്ളതു കൊണ്ടാണു് അതു് ഒഴിവാക്കണമെന്നു പറഞ്ഞതു് എന്നു ഞാൻ വിചാരിച്ചില്ല. ഇനി മുതൽ വിചാരിക്കണമെങ്കിൽ സ്വകാര്യമായി പറഞ്ഞാൽമതി

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: തെങ്ങു് ചാഴിക്കാടിനു മാത്രമല്ല. കാസർകോടുമുതൽ കന്യാകുമാരിവരെ എവിടെചെന്നാലും തെങ്ങുണ്ടു്. കേരളത്തിലുള്ള ഭൂമികളിൽ കാപ്പിയും, തേയിലയുമെല്ലാം കൃഷിചെയ്യുന്ന ഉന്നതങ്ങളായ സഹ്യാദ്രിയുടെ മുകളിലൊഴിച്ചു്. ദേവികുളം, പീരുമേടു്, മുതലായ മലകളുടെ മുകൾഭാഗമൊഴിച്ചു് ബാക്കിയുള്ള എല്ലാ സ്ഥലങ്ങളിലും ഉണ്ടാകുന്ന ഒന്നാണു് തെങ്ങു്. അതുകൊണ്ടു് തെങ്ങു് ഒരാളുടെ എന്നു പറയാനോ, ഒരു സ്ഥലത്തിന്റെ എന്നു പറയാനോ സാദ്ധ്യമല്ല. ഈ തെങ്ങിനെ സംബന്ധിച്ചു് ലോകനാഥൻ റിപ്പോർട്ടിൽ ഉപയോഗിച്ചു കാണുന്നുണ്ടു്. കേരളത്തിൽ തെങ്ങിന്റെ ശരാശരി വയസ്സും 60 ആണു്. ഇന്നു കാണുന്ന തെങ്ങുകളെല്ലാം 50 വയസ്സിനുമേൽ പ്രായമുള്ളവയാണു് എന്നു് ലോകനാഥൻ റിപ്പോർട്ടിലും പ്ലാനിംഗ് കമ്മിഷന്റെ റിപ്പോർട്ടിലുമൊക്കെ പറഞ്ഞിട്ടുണ്ടു്. 10 കൊല്ലം കഴിഞ്ഞാൽ ഈ തെങ്ങുകളുടെ സ്ഥിതിയെന്താകും. തെങ്ങിനൊക്കെ 60 വയസ്സാകും. തെങ്ങു കായ്ക്കുന്നതു കുറയും. ഇനി 10 കൊല്ലംകൂടി കഴിയുമ്പോൾ ഈ കേരളത്തിൽ നമുക്കു കിട്ടിക്കൊണ്ടിരിക്കുന്ന തേങ്ങയുടെ മൂന്നിലൊന്നോ, നാലിലൊന്നോ ഭാഗമായിമാത്രം കുറയാൻ പോവുകയാണു്. അങ്ങനെ കുറയുമ്പോൾ 15 കോടി രൂപ കൊപ്രക്കും, വെളിച്ചെണ്ണയ്ക്കും വേണ്ടിയിട്ടു് നാം ഇറക്കുമതി ചെയ്യാൻ മാററിവയ്ക്കണം. അങ്ങനെ 30 കോടിയോ 40 കോടിയോ രൂപ ഈ രാജ്യത്തുനിന്നു് പുറത്തേക്കു പോകും. നമ്മുടെ ഏതെങ്കിലും വ്യവസായസംബന്ധമായ കാര്യത്തെപ്പററി സംസാരിക്കുമ്പോൾ ഫോറിൻ എക്സ്ചേഞ്ചു് കിട്ടാൻ പ്രയാസമാണു്, പ്രയാസമാണു് എന്നു പറയുന്നതു കേൾക്കാം. യന്ത്രസാമഗ്രികൾ ജർമ്മനിയിൽനിന്നു് അയക്കാൻ തയ്യാറാണു്, പക്ഷേ പണമില്ല എന്നാണു് പറയുന്നതു്. കൂടാതെ തെങ്ങു കുഴിച്ചുവച്ചാൽ 12 കൊല്ലം കഴിഞ്ഞേ അതിൽനിന്നു് ഒന്നോ രണ്ടോ തേങ്ങ കിട്ടുകയുള്ളു, 20 കൊല്ലം കഴിഞ്ഞാലേ തെങ്ങു് നല്ലവണ്ണം കായിച്ചു തുടങ്ങുകയുള്ളു. അപ്പോൾ 10-12 കൊല്ലക്കാലം കുഴികുത്തി, വേണ്ടത്ര വളമിട്ടു്, വെള്ളംകോരി, മക്കളെ വളർത്തുന്നതുപോലെ വളരെ സൂക്ഷിച്ചുവളർത്തിയെങ്കിൽ മാത്രമേ ആദായം കിട്ടുകയുള്ളു. ആദായം കിട്ടിക്കഴിഞ്ഞു് ഒരഞ്ചാറുകൊല്ലം ആദായം എടുത്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഈ ബില്ലു് പാസാക്കി 25 ഏക്കർ തെങ്ങിൻതോട്ടമുള്ള ആളിൽനിന്നു് 15 ഏക്കർ മാത്രം കൊടുത്താൽ അതു് തെങ്ങുകൃഷിക്കാരെ നശിപ്പിക്കുന്ന ഒരു പ്രവൃത്തിയായിരിക്കും. ഈ രാജ്യത്തെത്തന്നെ നശിപ്പിക്കുന്ന ഒന്നായിരിക്കും. ഈ രാജ്യത്തുള്ള ഒരു കോടി എൺപതുലക്ഷം ജനങ്ങൾക്കു വേണ്ടി, നമ്മുടെ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടണമെന്നുണ്ടെങ്കിൽ ഇതിനെപ്പററി ഒന്നുകൂടി ഗൗരവമായിട്ടു് ആലോചിക്കണമെന്നാണു് എനിക്കു പ്രത്യേകം പറയാനുള്ളതു്. കശുമാവിനേയും, കമുകിനേയും, റബ്ബറിനേയും ഒഴിവാക്കാമെങ്കിൽ തെങ്ങിനെ ഒഴിവാക്കാൻ പാടില്ലെന്നു പറയുന്നതു് ശ്രീ. ഗോപാലനു പോലും മനസ്സിലാകാത്തതാണു്. സാധാരണ അദ്ദേഹത്തിനു് എല്ലാം മനസ്സിലാകുന്നതാണു്. ഇതു് അദ്ദേഹത്തിനുകൂടി മനസ്സിലാകുന്നതല്ല. ഇതു് ഗവണ്മെന്റു് വീണ്ടും ഒന്നുകൂടി ചിന്തിക്കണമെന്നു് ഞാൻ പറയുകയാണു്. ഞാൻ ഒന്നു് വളരെ ശക്തിയായി പറയാൻ ആഗ്രഹിക്കുകയാണു്. തെങ്ങു് സീലിംഗിൽനിന്നും ഒഴിവാക്കിയില്ലെങ്കിൽ അതു് അന്യായമായിരിക്കും. ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നു് രാജ്യത്തെ ജനങ്ങളെ ദ്രോഹിക്കരുതു്, രാജ്യത്തു് സമ്പത്തുണ്ടാക്കുന്നതിനെ തടയരുതെന്നാണു് ഞാൻ പറയുന്നതു്. അതുകൊണ്ടു് ഞാൻ പറയുന്നു സർ, ഈ 'pure pepper and pure arecanut gardens' എന്നുള്ളതിന്റെ കൂടെ 'Cocoanut gardens' ഇതുംകൂടെ ചേർത്തു് ഈ ഭേദഗതി ഇവിടെ ചെയ്യേണ്ടതാണെന്നു് ഞാൻ വിനീതമായി ബഹുമാനപ്പെട്ട മന്ത്രിയേയും, ബഹുമാനപ്പെട്ട മെമ്പറന്മാരേയും ഓർമ്മിപ്പിച്ചുകൊള്ളുന്നു,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : മാഡം, ബഹുമാനപ്പെട്ട ചാഴിക്കാടൻ അവതരിപ്പിച്ച അമൻറുമെൻറിനു അനുസൃതമായുള്ള അമെൻറുമെൻറാണ് എൻെറ 1336-ം, 1337-ം, അമെൻറുമെൻറുകൾ. ഞാൻ ഇത് നേരത്തെ ഈ ബിൽ അവതരിപ്പിച്ച കാലംതൊട്ട് പറയാൻ തുടങ്ങിയതാണ്. അതുകൊണ്ട് ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ദീർഘമായിട്ട് ഞാൻ സംസാരിക്കുന്നില്ല. ഇതിനിപ്പോൾ ഭേദഗതി അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ച സംഗതി ഞാൻ കഴിഞ്ഞ പ്രാവശ്യം സംസാരിച്ചു. അതായതു കോട്ടയം ജില്ലയിൽ മിക്കസ്ഥലങ്ങളിലും തെങ്ങിൻതോട്ടങ്ങളുടെ ഇടയിൽ റബ്ബർ വച്ചുപിടിപ്പിക്കുകയും, അങ്ങനെ യഥാർത്ഥത്തിൽ തെങ്ങിൻതോട്ടങ്ങളെ റബ്ബർ തോട്ടങ്ങളായി മാററാനുമുള്ള ഒരു പ്രവണത ഉണ്ടാകുകയും ചെയ്യുന്നുണ്ട്. ഒരു 10 കൊല്ലം കഴിഞ്ഞാൽ നമ്മുടെ കേരളത്തിൻെറ സ്ഥിതി എന്തായിരിക്കുമെന്നുവച്ചാൽ തേങ്ങയുടെ ഉൽപ്പാദനം കാര്യമായി കുറയും. തേങ്ങയുടെ ഉൽപ്പാദനം കുറഞ്ഞാൽ പിന്നീടുണ്ടാകുന്ന അനുഭവം വളരെ ദീർഘമായി ശ്രീ. ചാഴിക്കാടൻ പറഞ്ഞതാണ്. അതുകൊണ്ട് അരക്കനററ്, പെപ്പർ എന്നിവയുടെ കൂട്ടത്തിൽ അത്രയുംതന്നെ വിസ്തൃതമായ തെങ്ങിൻതോട്ടങ്ങളെ കൂടി ഉൾപ്പെടുത്തണമെന്നുള്ള ഭേദഗതിയാണ് 1336-ം, 1337-ം ആയിട്ട് ഞാൻ അവതരിപ്പിച്ചിരിക്കുന്നത്. പിന്നെ 864-ാം നമ്പർ ഭേദഗതി....

ഡെപ്യൂട്ടി സ്പീക്കർ: 1336—1337 ഇതുപോലെയുള്ളതു തന്നെയാണ് ഈ 864-ം. അതുകൊണ്ട് സംസാരിച്ചാൽമാത്രം മതി.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അതേ. എങ്ങനെയായിരുന്നാലും എനിക്ക് സംസാരിക്കാനുള്ള അവകാശമുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ : അവകാശത്തെപ്പററി ഒന്നും പറയണ്ട.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അമെൻറുമെൻറിനെപ്പററിയാണ് സംസാരിക്കുന്നതു്.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ഹാജി പിണങ്ങേണ്ടുന്ന കാര്യമില്ല. 864—ാമത്തെ അമെൻറുമെൻറ് നിങ്ങളുടെ മററേ അമെൻറുമെൻറുകൾ പോലെയുള്ളതായതുകൊണ്ട് അതു് മൂവ് ചെയ്യണ്ടാ എന്നാണ് പറഞ്ഞതു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : പിണക്കമൊന്നുമില്ല സർ.

ഡെപ്യൂട്ടി സ്പീക്കർ : പിണക്കമില്ലെന്നു പറഞ്ഞാൽ മാത്രം പോരാ, പെരുമാററവും അതുപോലെയായിരിക്കണം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഒന്നുകൂടെ കേട്ടാൽ കൊള്ളാം. ഞാൻ കേട്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറുടെ 1336—ം 1337—ം ഭേദഗതികൾ 850 പോലെയായതുകൊണ്ട് ആ ഭേദഗതികൾ അവതരിപ്പിക്കേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട മെമ്പക്ക് സംസാരിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഗൗരവതരമായ സംഗതികളെപ്പററി റൂളിംഗ് ഉണ്ടാകുമ്പോൾ സ്പീക്കർ എഴുന്നേററു നിന്നുകൊണ്ടുവേണം പറയാനെന്ന് റൂളുണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഞാൻ വളരെ നീട്ടിവലിച്ചൊന്നും പ്രസംഗിക്കുന്നില്ല. എൻെറ ഭേദഗതിയെ സംബന്ധിച്ചിടത്തോളം നാലു വാക്കുകൾകൊണ്ട് പ്രസംഗിച്ചു കഴിഞ്ഞു. എൻെറ 864—ാം നമ്പർ ഭേദഗതിയിൽ കുട്ടനാടൻ പ്രദേശങ്ങളെ എക്സംപ്ററ് ചെയ്യണമെന്നുള്ളതാണ്. അതിലേക്കാണ് ഞാൻ എൻെറ 864—ാം നമ്പർ ഭേദഗതി ടേബിൾ ചെയ്യാനുള്ള കാരണം. ഈ സംസ്ഥാനത്തു കുട്ടനാടൻ പ്രദേശങ്ങളെപ്പോലെ കൃഷിചെയ്യുന്ന പ്രദേശങ്ങൾ ധാരാളമുണ്ട്. തൃശ്ശൂർ ജില്ലയിലെ കോൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

നിലങ്ങൾ അതുപോലെയുള്ളതാണ്. അതും ഇതിൽ വരേണ്ടതാണ്. ധാരാളം വെള്ളം കയറി കിടക്കുന്ന കായൽ നിലങ്ങൾ ഉണ്ട്. അവിടെയും ഈ സമ്പ്രദായത്തിൽ തന്നെയാണ് കൃഷിചെയ്യുന്നത്. അപ്പോൾ കുട്ടനാട്ട് ഏരിയാ മാത്രം അങ്ങനെ പ്രത്യേകമായി ചേർക്കുന്നതു എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. അങ്ങനെയാണെങ്കിൽ അങ്ങനെ വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ കൃഷിചെയ്യുന്ന ആ സ്ഥലങ്ങളെ പ്രത്യേകമായി ഒഴിവാക്കുകയാണു വേണ്ടതു്. അങ്ങനെ 20000 ഏക്കർ നിലങ്ങളുണ്ട്. ഈ 20000-ൽ ചിലപ്പോൾ ഏക്കർ സ്ഥലം എക്സംപ്റ്റ് ചെയ്യുകയാണെങ്കിൽ പിന്നെ നമ്മുടെ നാട്ടിൽ എവിടെയാണു ഭൂമി മിച്ചമുണ്ടാകുന്നതു്. അതുകൊണ്ടാണ് ഞാനീ ഭേദഗതി ടേബിൾ ചെയ്തതു്. എന്റെ പ്രസംഗം വളരെ അരോചകമായി ഡെപ്യൂട്ടി സ്പീക്കർക്കു തോന്നിയതുകൊണ്ടു ഞാൻ നിറുത്തുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ : ആരുടെ പ്രസംഗവും അരോചകമല്ല. ഭേദഗതികൾ ഒരേ രീതിയിലുള്ളവയായതുകൊണ്ടു അതു് മൂവ്് ചെയ്തതേ അതേപ്പററി സംസാരിച്ചാൽ മതി എന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. കെ. ഹസ്സൻഗനി : എന്റെ ഭേദഗതി 859 ആണ്.

859. In clause 79 (1) (g), at the end add "and pure cocoanut gardens having a contiguous extent of twenty-five acres and more"

25 ഏക്കറും അതിനു മുകളിലുള്ള തെങ്ങിൻതോപ്പുകൾ ഒഴിവാക്കണം എന്നാണ് ഞാനെന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതു്. അതു പ്ലാന്റേഷന്റെ അടിസ്ഥാനത്തിലാണ്. ശ്രീമാൻ ചാഴിക്കാടൻ പറഞ്ഞതുപോലെ വെൽ മാനേജ്ഡ് ആണെങ്കിൽ ഇരുപത്തിയഞ്ചേക്കറും അതിനു മുകളിലുമുള്ള ഈ കായൽപാടശേഖരംപോലെയുള്ള ഒരു രണ്ടായിരം ഏക്കർ മാത്രമേ ഈ കേരളം മുഴുവൻ നോക്കിയാൽ കാണുകയുള്ളു. അതിൽ കൂടുതൽ അങ്ങനെയുള്ള തെങ്ങിൻതോപ്പുകൾ കാണുകയില്ല. കൊടുങ്ങല്ലൂർ അങ്ങനെ 800 ഏക്കറുള്ള ഒരു തെങ്ങിൻതോപ്പുണ്ട്. അതു വെൽമാനേജ്ഡ് എസ്റ്റേററായിട്ടു കിടിയാനു യാതൊരു ദോഷവുമില്ലാത്തതാണെങ്കിൽ അതു ഒഴിവാക്കണം. വെൽ മാനേജ്ഡ് ആയിട്ടുള്ള എസ്റ്റേററുകളെ ഒഴിവാക്കണമെന്നുള്ള പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശമനുസരിച്ചും, 25 അല്ലെങ്കിൽ 50 ഏക്കർ അല്ലെങ്കിൽ അതിനു മുകളിലുള്ള തെങ്ങിൻതോപ്പുകളെ ഒഴിവാക്കണം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അതു അഞ്ചാക്കാം എന്നുള്ള അഭിപ്രായക്കാരനാണു ഞാൻ.

ശ്രീ. കെ. ഹസ്സൻഗനി : ഈ അഞ്ചും പത്തുമൊക്കെയുള്ളതു ഒഴിവാക്കേണ്ട അതു ഭൂമിയില്ലാത്തവർക്കു കൊടുക്കാൻ ഭൂമി വേണമല്ലോ. അതുകൊണ്ടു അതു വെൽമാനേജ്ഡ് ആയിരിക്കണം. അതിന്റെ സംഗതികളൊക്കെ ശ്രീ. ചാഴിക്കാടൻ സംസാരിച്ചുകഴിഞ്ഞു.

ശ്രീ. ഒ. കോരൻ : എന്റെ ഭേദഗതികൊണ്ടുദ്ദേശിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു സംസാരിച്ചു.

ശ്രീമതി കെ. ആർ. ഗൗരി: ഇവിടെ കൊടുത്തിട്ടുള്ള ഭേദഗതികളിൽ ചില ഭേദഗതികൾ അവതരിപ്പിക്കാൻ പാടില്ലാ എന്നു പറഞ്ഞു. Delete J K & F എന്നു പറയുന്നതു് Delete J എന്നു പറയുന്ന ഞങ്ങളുടെ ഭേദഗതികളും വ്യത്യസ്തങ്ങളാണ്. അതുകൊണ്ടു അവ അവതരിപ്പിക്കാൻ അനുവാദം തരണം. സർ, ഞാൻ ടേബിൾചെയ്ത ഭേദഗതി ക്ലാസ് 79 (1)—ൽ ജെ. ഡിലീററു ചെയ്യാനാണ്. അതുപോലെ (ഇ) എടുത്തുകളയാനാണ്. അതുകൊണ്ടാണ് അതെല്ലാം അവതരിപ്പിക്കണമെന്നു പറയുന്നതു്. അതുകൊണ്ടു അതിനു അനുവാദം തരണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതല്ലെങ്കിൽ വോട്ടുചെയ്യുമ്പോൾ ഞങ്ങൾക്കു ബുദ്ധിമുട്ടുവരും. അതുകൊണ്ടു എല്ലാവരുടേയും ഭേദഗതികൾ ഒരേതരത്തിലല്ലെങ്കിൽ അവതരിപ്പിക്കാൻ അനുവദിക്കണം. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതികൾ ചിലതെല്ലാം ഒന്നു തന്നെ എന്നു പറഞ്ഞു ഞങ്ങളുടെ ഭേദഗതികൾ ഒക്കെ അനുവദിക്കാതിരിക്കുകയാണ്. സർ, എന്റെ ഭേദഗതി 1451. "In clause 79 (1) delete (j)" എന്നാണ്. അതുപോലെ 1452. അങ്ങനെ വരുമ്പോൾ ഞങ്ങൾക്കു ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടീ ഭേദഗതികളെല്ലാം അവതരിപ്പിക്കാൻ അവസരം തരണം. ഇതിൽ 1452, 1453, 1454 മാത്രമേ അനുവദിച്ചിട്ടുള്ളു. 1455, 1456 ഇതൊന്നും അനുവദിച്ചില്ല. അപ്പോൾ അതൊന്നു പോകുകയാണെങ്കിൽ മറ്റൊന്നു എടുക്കണം.

ശ്രീ. കെ. ഭാർഗ്ഗവൻ : ഞങ്ങളിൽ ചിലർ ഏർലിയർ അമെൻറുമെൻറുസ് കൊടുത്തിട്ടുണ്ട്. അപ്പോൾ പ്രയാറിററി അനുസരിച്ചു ഞങ്ങളുടെ അല്ലേ മുമ്പേ എടുക്കേണ്ടതു്.

ഡെപ്യൂട്ടി സ്പീക്കർ : ഓരോന്നും ഡിലീററു ചെയ്യാനുള്ളതു മൂവ് ചെയ്യേണ്ടതാണോ ?

ശ്രീമതി കെ. ആർ. ഗൗരി : ഓരോന്നായി മൂവ് ചെയ്താലേ ഞങ്ങൾക്കു വോട്ടു ചെയ്യാൻ സൗകര്യം കിട്ടുകയുള്ളു.

Deputy Speaker: You can move all those amendments.

Shri K. Bhargavan: Madam, what about our amendments? And what about the amendment tabled by Mr. Raghavan Nair?

Deputy Speaker: Smt. Gouri can speak.

Smt. K. R. Gouri: No if Mr. Bhargavan is particular that his amendments are to be moved he can move. All that I want is the right to put amendments separately must be preserved.

ശ്രീ. കെ. ഭാർഗ്ഗവൻ : ഒരു പായിൻറ് ഓഫ് ആർഡർ ഇവിടത്തെ പ്രാക്ടീസ് അതാണ്. അതു ലംഘിക്കാനധികാരമില്ല.

When an amendment has been tabled first, that amendment should be moved first. Here, myself and Mr. Raghavan Nair have tabled amendments prior to Smt. Gouri's amendment.

ഡെപ്യൂട്ടി സ്പീക്കർ : ഈ അമെൻറുമെൻറ്സ് എല്ലാം മൂവ് ചെയ്യാവുന്നതാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇതുപോലെ സെപ്പറേററായിട്ടുള്ള അമെൻറുമെൻറാണ് എന്റെ അമെൻറുമെൻറ്. അതുകൂടി മൂവ് ചെയ്തു സെപ്പറേററായിട്ടു വോട്ടുചെയ്യണമെന്നുണ്ടെങ്കിൽ സെപ്പറേററായിട്ടു മൂവ് ചെയ്യണം. ഞാൻ (ജെ) മാത്രം ഡിലീററു ചെയ്യാൻ കൊടുത്തിട്ടുള്ളതാണ്. ശ്രീ. ചന്ദ്രശേഖരന്റെ അമെൻറുമെൻറു എഫ്. ജി. ഇവ ഡിലീററു ചെയ്യാനുള്ളതാണ്. എന്റെ അമെൻറുമെൻറു അവതരിപ്പിച്ചാലേ എനിക്കു അതു വോട്ടിനിടാൻ ആവശ്യപ്പെടാൻ അധികാരമുള്ളു. അതുകൊണ്ടാണ് അതു അവതരിപ്പിക്കാൻ അനുവദിക്കണമെന്നു പറഞ്ഞതു്.

ഡെപ്യൂട്ടി സ്പീക്കർ : ആ സമയത്തു 864-നെപ്പററി പറഞ്ഞില്ല.

Shri K. Bhargavan: I move the following amendments:—

1332. In clause 79 (1), delete (g).

1340. In clause 79 (1), delete (j).

1343. In clause 79, delete sub-clause (2).

1347. In clause 79, delete sub-clause (3).

Deputy Speaker: Yes. Now you can speak.

Shri K. Bhargavan: I have moved my amendments last.

Deputy Speaker: But, you can speak first and Smt. Gouri can speak later.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഭാർഗ്ഗവൻ : ഇതിൽ ഈ പ്യൂവർ പെപ്പർ ഗാർഡൻസ് എന്നു പറയുന്ന വകുപ്പ് ഡിലീററു ചെയ്യണമെന്നുള്ളതാണ്. മററൊന്നു കായൽപാടശേഖരങ്ങൾ എക്സംപ്ററു ചെയ്യുന്ന ഒന്നു ഡിലീററു ചെയ്യണം. പിന്നെ സബ്ക്ലാസ് 3 ഡിലീററു ചെയ്യണം എന്നുള്ളതാണ് എന്റെ ഭേദഗതികൾ. ഇതുപോലെയുള്ള ഭേദഗതികൾ ശ്രീ. ശ്രീനിവാസനും ശ്രീ. രാഘവൻ നായരും ഒക്കെ കൊടുത്തിട്ടുണ്ട്. അതിനെ പരാമർശിക്കുന്ന കാര്യങ്ങൾ എന്റെ ബഹുമാന്യസ്നേഹിതൻ ശ്രീ. ചന്ദ്രശേഖരൻ സഭയിൽ പറഞ്ഞു. എന്നാൽ ഈ തരം രണ്ടു അഭിപ്രായഗതികൾ ഈ സഭയിൽ കണ്ടു. ഈ എക്സംപ്ഷന്റെ എണ്ണം വർദ്ധിപ്പിക്കാനുള്ള സമീപനരീതിയും കഴിയുന്നത്ര എക്സംപ്ഷൻ ചുരുക്കാനുള്ള സമീപനരീതിയും. അങ്ങനെ രണ്ടു അഭിപ്രായഗതികൾ കണ്ടു. കോക്കനട്ട് എസ്റ്റേററും കൂടി ഉൾപ്പെടുത്തി ഈ ജി—ൽ അമെൻറു ചെയ്യണമെന്നു അഭിപ്രായമുണ്ട്. ശ്രീ. ചാഴിക്കാടൻ തന്നെ അതു പറഞ്ഞു. അദ്ദേഹം പറഞ്ഞതുകൊണ്ടു എനിക്കു വലിയ അത്ഭുതമില്ല. അദ്ദേഹം പറയുന്നതു കാര്യമായാലും അകാര്യമായാലും സഭ മുഴവൻ ചിരിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായം പാർട്ടിയുടെ അഭിപ്രായമല്ല. അദ്ദേഹത്തിന്റെ അഭിപ്രായം അദ്ദേഹത്തിന്റെ മാത്രം അഭിപ്രായമായിട്ടേ സ്വീകരിക്കുന്നുള്ളു. ഞാൻ എന്റെ അമെൻറുമെൻറിനെപ്പററി സംസാരിക്കാം. എന്നാൽ കോക്കനട്ടു ഗാർഡൻകൂടി ചേർക്കണമെന്നു പറഞ്ഞതിനെക്കുറിച്ചു ചിലതു പറയാതെ നിവൃത്തിയില്ല. അതിനെപ്പററി മൂന്നു സ്നേഹിതന്മാർ സംസാരിച്ചു. എന്തുകൊണ്ടാണ് അതുകൂടി ചേർക്കണമെന്നുള്ളത് അവർ പറഞ്ഞില്ല. രാജ്യത്തു എല്ലായിടത്തും ഉള്ളതുകൊണ്ടു അതു ഒഴിവാക്കണം എന്നാണ്. അവർ അതിനുള്ള ആർഗ്യുമെൻറു ഒന്നും പറഞ്ഞിട്ടില്ല. വേറെ കഥകളൊക്കെ പറഞ്ഞു. ശ്രീമാൻ ചാഴിക്കാടൻ പണ്ട് രാജസദസ്സിൽ എങ്ങനെ ഒക്കെ പെരുമാറി എന്ന് ഞങ്ങൾക്കൊക്കെ അറിയാം. അന്നു പലതും കേട്ടുകാണും. അതുകൊണ്ടു ആർഗ്യുമെൻറായില്ല. ഇപ്പോൾ അതു പറയുമ്പോൾ അതിനുള്ള വാദഗതികൾകൂടി പറയണം. ഇതു പ്ലാൻേറഷൻ അടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന ക്രോപ്പാണോ? അതു പ്ലാൻേറഷൻ അടിസ്ഥാനത്തിൽ ചെയ്താലേ നല്ലരീതിയിൽ കൃഷിനടത്താനൊക്കൂ. പ്ലാൻേറഷൻ അടിസ്ഥാനത്തിൽ ചെയ്താലേ ലാഭകരമായിരിക്കു അങ്ങനെ വല്ലതുമാണോ.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ബഹുമാനപ്പെട്ട മെമ്പർ തെങ്ങിനോടു ശത്രുവായതു എങ്ങനെയാണ് ?

ശ്രീ. കെ. ഭാർഗ്ഗവൻ : പലരും ഈ ഭരണകക്ഷിക്കാരും ശത്രുവാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഈ പ്ലാൻേറഷൻ ടാക്സ് തെങ്ങിനും കൂടി ടാക്സ് ചെയ്യുന്നുണ്ട്. എന്നാൽ തെങ്ങു പ്ലാൻേറഷന്റെ വിവക്ഷയിൽ നിന്ന് ഒഴിവാക്കുന്നതു ശരിയാണോ ?

ശ്രീ. കെ. ഭാർഗ്ഗവൻ : അതുകൊണ്ടു അതു എക്സംപ്ററു ചെയ്യണമെന്നുണ്ടോ. ഇവിടെ എക്സംപ്ഷന്റെ എണ്ണം എത്രയുംകൂട്ടി ഭൂമിയുടെ പരിധി വർദ്ധിപ്പിക്കാനുള്ള ശ്രമമാണ്. പ്ലാൻേറഷൻ ടാക്സ് ഉണ്ടെങ്കിൽ അതു മാററണം എന്നു പറയണം. പ്ലാൻേറഷൻ ടാക്സ് ആക്ററു വന്നതുകൊണ്ടു അതു എക്സംപ്ററു ചെയ്യണമെന്നു പറയുന്നതിനെന്താണു കാര്യം. അങ്ങനെയാണെങ്കിൽ ഏതെല്ലാം ടാക്സു എങ്ങിനെയാണ് ഒഴിവാക്കേണ്ടതു്. ഇതു ആർഗ്യുമെൻറ്സ് ഒന്നുമല്ല. സീലിംഗിനെ എങ്ങനെ പരാജയപ്പെടുത്താം എന്നുള്ളതാണു ഉദ്ദേശം. കേരളത്തിൽ തെങ്ങു കൃഷിയുണ്ട്. അതുകൊണ്ട് ഫാറിൻ എക്സ്ചേഞ്ചു ലഭിക്കുന്നതാണ്, അതുകൊണ്ടു ഒഴിവാക്കണം എന്നു പറയാനാണെങ്കിൽ അതുമായിട്ടു എന്തു ബന്ധം. ഇനി ഇൻറൻസീവ് കൾട്ടിവേഷനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഇന്നത്തെ തെങ്ങുകൃഷി കുറെക്കൂടി ആധുനികമായ രീതിയിൽ നടത്തിയാൽ മതിയെന്നുള്ളത് 3—ാം പദ്ധതിയിൽ അംഗീകരിച്ചിട്ടുള്ളതാണ്, നമ്മുടെ നാട്ടിൽ കൂടുതൽ കൂടുതൽ തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതിനേക്കാൾ കൂടുതൽ നല്ലനിലയിൽ കൃഷിചെയ്താൽ ആവശ്യമുള്ള ഉൽപ്പാദനം കിട്ടാൻ സാദ്ധ്യതയുണ്ട്. പിന്നെ ഫാറിൻ എക്സ്ചേഞ്ചിന്റെ കാര്യമാണ് ഇവിടെ പറയുന്നതു്. അങ്ങനെ സഭയിലാരും തെററിദ്ധരിക്കുമെന്നു എനിക്കു വിശ്വാസമില്ല.

പ്ലാന്റേഷൻ കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിനെക്കാൾ ഇന്നത്തെ കൃഷി കൂടുതൽ നല്ല രീതിയിൽ നടത്തിയാൽ കൂടുതൽ ഉൽപ്പാദനം ഉണ്ടാക്കാൻ കഴിയും. ഫോറിൻ എക്സ്ചേഞ്ചിന്റെ കാര്യമെല്ലാം ഇവിടെ പറഞ്ഞു. ആ കാര്യമൊന്നും ഇതിനോടനുബന്ധിച്ച് പറയേണ്ട കാര്യമില്ല. മാത്രമല്ല മിഷ്യനറിയെല്ലാം ഇറക്കുമതി ചെയ്യേണ്ടിവരുമെന്നാണെങ്കിൽ അതിനു വേണ്ട പണം ഉണ്ടാക്കിയാൽ മതിയല്ലോ. അതൊന്നും ആലോചിച്ചിട്ടല്ല പറയുന്നത്. കഴിയുന്നതും സീലിംഗ് എന്ന ആശയത്തെ പരാജയപ്പെടുത്താൻവേണ്ടി എന്തെങ്കിലും പറയുകയാണ്. അതുപോലെതന്നെ പെപ്പർ ഗാർഡനേയും അരക്കനട്ട ഗാർഡനേയും സീലിംഗിൽനിന്നു ഒഴിവാക്കേണ്ട കാര്യമില്ല. എന്തിനാണ് ഒഴിവാക്കുന്നതെന്ന് ഇതുവരെ മന്ത്രിയുൾപ്പെടെ ആരും പറഞ്ഞിട്ടില്ല. പെപ്പർ ചെറിയ തോതിൽ കൃഷിചെയ്യാവുന്ന ക്രോപ്പാണ്. ചെറിയ തോതിൽ കൃഷിചെയ്താൽ ആണ് കൂടുതൽ പ്രൊഡക്ഷൻ ഉണ്ടാകുന്നതെന്ന് അതിനെപ്പററി പഠിച്ചിട്ടുള്ളവരൊക്കെ പറഞ്ഞിട്ടുണ്ട്. മലബാർ ഭാഗത്തു് വലിയ പെപ്പർഗാർഡൻ ഉണ്ടെന്നു എനിക്കറിയാം. അങ്ങനെയുള്ള ഒന്നോ രണ്ടോ ആളുകളുടെ കാര്യമല്ല ഈ നിയമസഭയിൽ കണക്കിലെടുക്കേണ്ടതു്. അതിനുള്ള ഒരു ബാദ്ധ്യതയും നിയമസഭക്കില്ല. നിയമസഭയെ സംബന്ധിച്ചിടത്തോളം നമ്മുടെ കാർഷിക സമ്പത് ഘടനയുടേയും കൃഷിയുടേയും ഭാവിയല്ലാതെ, എവിടെയെങ്കിലുമുള്ള അഞ്ചോ പത്തോ തോട്ടക്കാരുടെ ഭാവി ഒരു പ്രശ്നമല്ല. കൂടിയാൽ അൻപതു പേർ കുരുമുളകുതോട്ടമുള്ളവർ ഉണ്ടാകും. അതു് ഇതിൽ കുത്തിത്തിരുകാനുള്ള വ്യഗ്രത എന്തിനാണ് കാണിക്കുന്നതു്? അതിന്റെ അടിയിലുള്ള സമീപനമെന്താണ്? അതു എന്തിനു് സഭ അംഗീകരിക്കണം. പെപ്പറിന്റെ കാര്യത്തിൽ ലോകകമ്പോളത്തിൽ കുറച്ചുകാലമായി ഒരു ക്രൈസിസ് അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇൻഡൊനേഷ്യയോടും മററും നമുക്കു മൽസരിക്കാൻ സാദ്ധ്യമല്ലാതെ വന്നിട്ടുണ്ടു്. അതുകൊണ്ടു അടിയന്തിരമായി കൂടുതൽ ഉൽപ്പാദിപ്പിക്കാനാണ് ശ്രദ്ധിക്കേണ്ടതു്. ലോകമാർക്കററിൽ കമ്പീററു ചെയ്യാനുള്ള ശക്തി വർദ്ധിപ്പിക്കണം. അതാണ് പെപ്പറിനെ സംബന്ധിച്ചിടത്തോളം നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നം. അങ്ങനെയിരിക്കുമ്പോൾ കാസർകോട്ടോ, വടക്കേ മലബാറിലോ ഉള്ള അഞ്ചോ പത്തോ പെപ്പർ ഗാർഡൻ ഉടമസ്ഥന്മാർക്കുവേണ്ടി ഒരു ക്ലാസ് ബില്ലിൽ എഴുതിചേർത്തിരിക്കുകയാണ്. അങ്ങനെ പലതും ഈ ബില്ലിൽ ഉണ്ടു്. അതു് ആരോഗ്യകരമായ ഒന്നാണോ? അരക്കനട്ടിന്റെ കാര്യവും അങ്ങനെയാണ്. ചെറിയ തരത്തിൽ കൃഷിചെയ്യുന്നതിനു ഒരു വിഷമവുമില്ല. പ്ലാന്റേഷൻ അടിസ്ഥാനത്തിൽ നടത്തണമെന്നു് ആരും പറഞ്ഞിട്ടില്ല. അപ്പോൾ അതൊക്കെ ചിലരെ സഹായിക്കാൻവേണ്ടി ചെയ്യുന്നതാണ്. അങ്ങനെ ഈ ബില്ലിന്റെ വർഗ്ഗപരമായ സ്വഭാവം വളരെ അസ്സലായിട്ടുണ്ടു്. ഇതു് പണക്കാരായ കൃഷിക്കാർക്കുവേണ്ടി അവരുടെ പ്രതിനിധികൾ തയാറാക്കിയിട്ടുള്ളതാണ്. അതിനാവശ്യമായ എല്ലാവകുപ്പുകളും ഉപവകുപ്പുകളും ഉണ്ടു്. അതിനപ്പുറം സീലിംഗ് ക്ലാസിലും അതിനപ്പുറത്തും ഒന്നുമില്ല. പെപ്പറും അരക്കനട്ടും എടുത്തുകളയണമെന്നു വാദിക്കുന്നതിനു പകരം അതുൾപ്പെടുത്തിയതുകൊണ്ടു കോക്കനട്ടുകൂടി ഉൾപ്പെടുത്തണമെന്നു ചിലർ പറയുന്നുണ്ടു്. പെപ്പറും അരക്കനട്ടും അനാവശ്യമായി ചേർത്തതുകൊണ്ടു മൂന്നാമതു് ഒന്നുകൂടി അനാവശ്യമായി ചേർക്കണമെന്നാണ് വാദിക്കുന്നതു്. അതുകൊണ്ടു പെപ്പറിനും അരക്കനട്ടിനും കൊടുത്തിരിക്കുന്ന സംരക്ഷണം എടുത്തുകളയണമെന്നാണ് എന്റെ അഭിപ്രായമെന്നു് ആവർത്തിച്ചാവർത്തിച്ച് പറയുന്നു. അടുത്തതു് കായൽ പാടശേഖരമാണ്. കായൽ പാടശേഖരങ്ങളെ ഉൾപ്പെടുത്താതെയിരിക്കുന്നതിനു ചില കാരണങ്ങൾ പറഞ്ഞു. അവിടെ വലിയ മൂലധന ചെലവുണ്ടു്, ചിലപ്പോൾ വലിയ നഷ്ടം സഹിക്കേണ്ടിവരും, അതുകൊണ്ടു് മൂന്നും, നാലും ഏക്കറുകൾ കൊടുത്താൽ കൃഷിചെയ്യാൻ സാദ്ധ്യമല്ലാ എന്നാണ് പറയുന്നതു്. കേട്ടാൽ കാര്യങ്ങൾ വളരെ ശരിയാണ്. എന്നാൽ ഈ കാരണങ്ങൾകൊണ്ടു് സീലിംഗിൽ നിന്നു ഒഴിവാക്കേണ്ട കാര്യമുണ്ടോ? ഇതിനു സീലിംഗ് ബാധകമാക്കി അധികമുള്ളതു് എടുത്തു കാർഷികതൊഴിലാളികളുടേയും കൃഷിക്കാരുടേയും സഹകരണസംഘങ്ങൾ സ്ഥാപിച്ചു കൃഷി നടത്തുന്നതിനുള്ള പരീക്ഷണം എന്തുകൊണ്ടു് നടത്തിക്കൂടാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: കൈപ്പുഴ വെച്ചൂർ കായൽകൃഷി സഹകരണസംഘം കൃഷിചെയ്തു പരാജയത്തിന്റെ പരമകോടിയിൽ എത്തിയിരിക്കുകയാണെന്നു ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. ഭാർഗ്ഗവൻ: അറിയാം. ഇൻഡ്യയിൽ പലയിടത്തും ജായിന്റ ഫാമിംഗ് നടത്തിയിട്ടുള്ളതായി എനിക്കറിയാം. അതിൽ പരാജയപ്പെട്ടതുമുണ്ട്, വിജയിച്ചതുമുണ്ട്. അതുകൊണ്ടു ഈ വിഷയം പ്ലാനിംഗ് കമ്മിഷന്റെ മുമ്പിൽവന്നു. ഇൻഡ്യയിൽ ജായിന്റ ഫാമിംഗ് വിജയകരമായി നടത്താൻ കഴിയുമോ എന്ന അടിസ്ഥാനപരമായ പ്രശ്നം പ്ലാനിംഗ് കമ്മിഷന്റെ മുൻപിൽവരികയും, അങ്ങനെ നടത്താൻ കഴിയുമെന്നും ഇന്നത്തെ സംഘങ്ങളുടെ നടത്തിപ്പിലുള്ള കുറവാണ് പരാജയപ്പെടുന്നതിനുള്ള കാരണമെന്നുമുള്ള നിഗമനത്തിൽ അവർ എത്തി. ഇന്നു പല സംസ്ഥാനങ്ങളിലും ജായിന്റ ഫാമിംഗ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. കൃഷ്ണപിള്ളയുടെ അഭിപ്രായം ഒരു സംഘത്തെപ്പറ്റി മാത്രമുള്ളതാണ്. നമ്മുടെ കാർഷികരംഗത്തെ നയത്തിന്റെ ആണിക്കല്ലിൽ ഒന്നു ജായിന്റ ഫാമിംഗാണ്. ഇൻഡ്യൻ നാഷണൽ കാൺഗ്രസ് ജായിന്റഫാമിംഗിനെ അനുകൂലിച്ച പ്രമേയം അംഗീകരിച്ചിട്ടുണ്ട്. വെച്ചൂർ പരാജയപ്പെട്ടുവെന്നു പറഞ്ഞാൽ അതിന്റെ കാരണങ്ങൾ കണ്ടുപിടിക്കണം.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: കൃഷിചെയ്തിട്ട് നഷ്ടപ്പെട്ട് പോയാൽ വീണ്ടും കൃഷിചെയ്യുന്നതിനു പണമില്ല. ഈ സംഘത്തിനു രണ്ടോ, മൂന്നോ കൃഷിചെയ്യുന്നതിനുള്ള പണം എവിടെ നിന്നുണ്ടാകും.

ശ്രീ. കെ. ഭാർഗ്ഗവൻ: ഗവണ്മെന്റു വിജയകരമായി നടത്താൻ ഉദ്ദേശിക്കുന്നപക്ഷം വിജയകരമായി നടത്താൻ കഴിയും. സംഘത്തിനു കൊടുക്കേണ്ടതൊക്കെ കൊടുക്കണം. ഞാൻ ഈ പ്രശ്നം മറെറാരു കാര്യത്തെ സംബന്ധിച്ചിടത്തോളം ഉന്നയിക്കാം. സർവീസ് സഹകരണസംഘങ്ങൾ ഇവിടെ ഇല്ലാതിരുന്നോ? എവിടെവിടെയെല്ലാം അത്തരം സംഘങ്ങൾ ഉണ്ടാക്കിയോ അവിടെയെല്ലാം അതു് പരാജയപ്പെട്ടു. ഇപ്പോഴാണെങ്കിൽ ഗവണ്മെന്റും നാട്ടിലെ പൊതുജനപ്രസ്ഥാനവും ചേർന്നു വിജയകരമായി നടത്താൻ തീരുമാനിച്ചു, അങ്ങനെ ഇപ്പോൾ വിജയകരമായി എത്രയോ സംഘങ്ങൾ നടക്കുന്നുണ്ട്. അതുകൊണ്ട് എവിടെയെങ്കിലും ഒരു സംഘം പരാജയപ്പെട്ടു എന്നുവിചാരിച്ചു നടത്താൻ സാധിക്കുകയില്ലെന്നുള്ള ഒരു തീരുമാനത്തിൽ എത്തരുത്. പലപ്പോഴും ഇത്തരം പ്രസ്ഥാനങ്ങൾ പരാജയപ്പെട്ടുപോകുന്നതു് അതിന്റെ നടപടിപിശകുകൾകൊണ്ടാണ്. അതിന്റെ തത്വങ്ങൾ തെററായതുകൊണ്ടല്ലാ.

ശ്രീ. പി. എസ്. ശ്രീനിവാസൻ: വടയാർ കാർഷിക സഹകരണ സംഘത്തിന്റെ കീഴിൽ ഏതാനും വർഷങ്ങളായി ഭംഗിയായി കൃഷി നടക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. കെ. ഭാർഗ്ഗവൻ: ഭംഗിയായി നടക്കുകയില്ലെന്നു ആരും പറഞ്ഞിട്ടില്ല. ഈ വിഷയം ഒരു കമ്മിററി കൂടി വന്നുകയും ചില ശുപാർശകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ ഫാമിംഗ് സൊസൈററികൾ വേണ്ടെന്നു തീരുമാനിച്ചിട്ടില്ല. അതു് നല്ലതല്ലെന്നു പ്ലാനിംഗ്കമ്മീഷൻ പറഞ്ഞിട്ടില്ല. കുറച്ചു നഷ്ടം സഹിച്ചാലും എവിടെയെല്ലാം കഴിയുമോ അവിടെയെല്ലാം പരീക്ഷിക്കണമെന്നാണ പറഞ്ഞിട്ടുള്ളതു്. കൃഷിഡിപ്പാർട്ടുമെൻറുകാർ നടന്നു ഓരോസ്ഥലത്തും സഹകരണസംഘം ഉണ്ടാക്കുകയാണ്. ഇവിടെ കായൽ രാജാക്കന്മാരെ ഒഴിവാക്കിയിരിക്കുകയാണ്. അവരൊക്കെ പലപ്പോഴും ഗവണ്മെൻറിനെ നിയന്ത്രിക്കുന്നവരാണ്. മുഴുകെയർ കായൽ രാജാക്കന്മാരുടെ കയ്യിലുണ്ട്. അവർക്കു് ഇഷ്ടമില്ലാതെവന്നാൽ കൃഷിചെയ്യുകയില്ലെന്നുപറയും. ഇവിടെ അനിശ്ചിതാവസ്ഥ ഉണ്ടാക്കിയിട്ടുള്ളതു കായൽ രാജാക്കന്മാരാണ്. അവർക്കു നന്ദികാണിച്ചതാണ് ഈ ഗവണ്മെൻറ്. അതിൽകവിഞ്ഞു ഒഴിവാക്കുന്നതിനു ഒരു ന്യായവുമില്ല. രാഷ്ട്രീയ കാരണങ്ങളാലാണ ഈ കായൽ രാജാക്കന്മാരെ പരിധിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നതെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി ഇതിലെ ഉപവകുപ്പുകൾ രണ്ടും മൂന്നും നീക്കം ചെയ്യണമെന്നുള്ളതാണ്. ഇൻഡസ്ട്രീസിനു പലയിടത്തും സ്ഥലം അക്വയർചെയ്തു കൊടുത്തിട്ടുണ്ട്. ഭാവിയിലും അതു പാടില്ലേ?. അതുകൊണ്ട് ഭാവിയിൽ ഇൻഡസ്ട്രീസ് തുടങ്ങാനാണെന്നു പറയുന്ന ഒരാളിന്റെ സ്ഥലം ഒഴിവാക്കേണ്ടയാവശ്യമില്ല. അങ്ങനെ ഒരു ആവശ്യം വരുമ്പോൾ സ്ഥലം അക്വയർചെയ്തു കൊടുത്താൽമതി. മൂന്നാമത്തെ ഉപവകുപ്പാണെങ്കിൽ ശ്രുദ്ധണസംബന്ധമാണ്. പ്ലാന്റേഷന്റെ ആവശ്യത്തിനോ, ഡയറിഫാം ആരംഭിക്കാനോ, ക്യാററിൽ ബ്രീഡിംഗ്ഫാം തുടങ്ങാനോ ഉദ്ദേശിച്ചാൽ ആ സ്ഥലമൊക്കെ ഒഴിവാക്കാമെന്നാണ് പറയുന്നത്. ലാർജ് സ്കെയിലിൽ നമ്മുടെ നാട്ടിൽ എവിടെയെങ്കിലും പ്രൈവററു സെക്ടറിൽ ഡയറിഫാം നടത്തുന്നുണ്ടോ? എത്ര ഭൂവുടമസ്ഥന്മാർ അങ്ങനെ ഡയറിഫാം ഉണ്ടാക്കിയിട്ടുണ്ട്. എവിടെയെങ്കിലും ഡയറിഫാം ഓർഗനൈസ് ചെയ്യണമെങ്കിൽ ഗവൺമെന്റു തന്നെ ചെയ്യണം.

ശ്രീ. ഈ. പി. പൗലോസ്: വളരെനന്നായി ഡയറിഫാം നടത്തുന്നുണ്ട്. പിന്നെ അതിനെ എന്തിനു ആക്ഷേപിക്കണം. എല്ലാ ഡിസ്ട്രിക്റ്റുകളിലും ഓർഗനൈസ് ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ഭാർഗ്ഗവൻ: എത്രയെണ്ണം ഉണ്ടെന്നു പറയാമോ?

ശ്രീ. ഈ. പി. പൗലോസ്: ധാരാളമുണ്ട്. ആറു ഡിസ്ട്രിക്റ്റുകളിൽ തുടങ്ങിക്കഴിഞ്ഞു. ബാക്കിയുള്ളിടത്തു തുടങ്ങാൻ പോകുന്നു.

ശ്രീ. സി. അച്യുതമേനോൻ: ശ്രീ. ഭാർഗ്ഗവൻ ചോദിച്ചതു്, പ്രൈവററ് മേഖലയിൽ എത്ര ഡയറി ഫാറം തുടങ്ങിയിട്ടുണ്ടെന്നാണ്. എന്റെ അറിവിൽ, എറണാകുളത്തു രണ്ടു ഡയറി ഫാറമേ അങ്ങനെ തുടങ്ങിയിട്ടുള്ളു.

ശ്രീ. കെ. ഭാർഗ്ഗവൻ: സർ, മന്ത്രിയുടെ അഭിപ്രായം എന്റെ വാദഗതിക്കനുകൂലമാണ്. ഗവൺമെന്റു ഡയറി ഫാറങ്ങളെപ്പററിയല്ല, പ്രൈവററു ഡയറി ഫാറങ്ങളെപ്പററിയാണ് ഞാൻ ചോദിച്ചതു്. ഭാവിയിൽ തുടങ്ങാൻ പോകുന്ന ഡയറി ഫാറത്തിന് എന്നു പറഞ്ഞു ഭൂമി ഒഴിപ്പിക്കുന്നതിനേക്കാൾ ആ സ്ഥലത്തു റബ്ബർ വച്ചുപിടിപ്പിക്കുകയോ മററാദായകരമായ കൃഷിനടത്തുകയോ ചെയ്യാമല്ലോ. പ്രൈവററു മേഖലയിൽ ഡയറിഫാറം ഒന്നും തുടങ്ങരുതു് എന്നല്ല. ഈ സംസ്ഥാനത്തിന്റെ നിലവച്ചുനോക്കുമ്പോൾ ഈവിധത്തിലെല്ലാം ഭൂമി പരിധിയിൽനിന്ന് ഒഴിവാക്കാൻ തുടങ്ങിയാൽ മിച്ചഭൂമി പിന്നെ ഒരിഞ്ചുപോലും നമുക്കു കിട്ടാൻ സാധിക്കാത്ത ഒരു അവസ്ഥ വന്നുചേരും. ഓരോ ആവശ്യത്തിന്റെ പേരിൽ ഭൂമിയെല്ലാം പരിധിയിൽനിന്നൊഴിവാക്കിയാൽ, ബാക്കി ഭൂമി ശേഷിക്കുകയില്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഡയറി ഫാമിനുവേണ്ടി ഭൂമി പരിധിയിൽനിന്ന് ഒഴിവാക്കാമെന്ന് പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചിട്ടില്ലേ?

ശ്രീ. കെ. ഭാർഗ്ഗവൻ: കേരളത്തിന്റെ സ്ഥിതികൂടി നാം ഈ കാര്യത്തിൽ പ്രത്യേകം കണക്കിലെടുക്കണം. ഈ നിയമത്തിൽ, പരിധിയിൽ നിന്നു ഏതെല്ലാം ഭൂമികൾ ഒഴിവാക്കാമെന്നു ഭൂതക്കണ്ണാടിയിൽക്കൂടി പരിശോധന നടത്തി ചില രാഷ്ട്രീയോദ്ദേശംകൂടി അടിസ്ഥാനമാക്കി വ്യവസ്ഥകൾ ഉണ്ടാക്കിയിരിക്കുകയാണ്.

ശ്രീ. സി. അച്യുതമേനോൻ: 5 ഏക്കർവരെയുള്ള കുരുമുളകു തോട്ടങ്ങളും, കമുകിൻതോട്ടങ്ങളും പരിധിയിൽനിന്ന് ഒഴിവാക്കാൻ പ്ലാനിംഗ് കമ്മിഷൻ നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഡയറിഫാറം ഒഴിവാക്കാമെന്നു റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ഭാർഗ്ഗവൻ: മാഡം, ഈ നിയമത്തിലെ പല വകുപ്പുകളെപ്പററി ചർച്ച നടന്നപ്പോഴും, സൗകര്യംപോലെ ചില സമയത്തു പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശം പൊക്കിപ്പിടിക്കും, ചിലപ്പോൾ കാർഷികബന്ധനിയമത്തിലെ പോരായ്മ ചൂണ്ടിക്കാണിക്കും, മററു ചിലപ്പോൾ, പ്രത്യേക

[ശ്രീ. കെ. ഭാർഗ്ഗവൻ]

താൽപര്യങ്ങൾ ഉള്ളതു മറച്ചുവച്ചിട്ടു മറെറന്തെങ്കിലും കാരണം പറയും, അങ്ങനെ കഴിയുന്നതും ഭൂമി, പരിധിയിൽനിന്നു് ഒഴിവാക്കി, ഈ നാട്ടിലെ സാധാരണക്കാരായ കർഷകർക്കു്, സാമൂഹ്യമായി ഏററവും താഴത്തെപ്പടിയിൽ കഴിയുന്ന കൃഷിചെയ്യുന്ന പാവപ്പെട്ടവർക്കു പത്തു സെൻറു ഭൂമിവീതമെങ്കിലും കൊടുക്കാൻ സാധിക്കാത്ത ഒരു സ്ഥിതിവിശേഷം ഈ നിയമംമൂലം വരുത്തിവച്ചിരിക്കുകയാണു്. ഈ നിലയിൽ പോയാൽ, ഈ രാജ്യത്തു് മിച്ചഭൂമിയായി ഒരിഞ്ചു സ്ഥലംപോലും കിട്ടുകയില്ല. ഏതെല്ലാം തരത്തിലാണു ഒഴിവാക്കലുകൾ നടന്നിരിക്കുന്നതു്? പ്ലാന്റേഷൻ ഭൂമികൾ ഒഴിവാക്കി, കുട്ടനാട്ടു് കായൽ നിലങ്ങൾ പരിധിയിൽനിന്നു ഒഴിവാക്കി; കമുകിൻ തോട്ടങ്ങളും, കുരുമുളകു തോട്ടങ്ങളും, വ്യാവസായികാവശ്യങ്ങൾക്കുള്ള ഭൂമിയും അങ്ങനെ പല കാരണങ്ങൾ പറഞ്ഞു് ഭൂമിയെല്ലാം പരിധിയിൽനിന്നു് ഒഴിവാക്കിയിരിക്കുകയാണു്. ഇപ്പോൾ പറയുന്നതു്, ഡയറി ഫാമിനുവേണ്ടി ഉദ്ദേശിക്കുന്നുവെന്നു പറഞ്ഞു് വല്ല സ്ഥലവും ഇട്ടിരുന്നാൽ അതും പരിധിയിൽനിന്നു് ഒഴിവാക്കണമെന്നാണു്. സർ, ഇതിലെ ഒഴിവാക്കലുകൾ എല്ലാം കഴിഞ്ഞാൽ തീരെ ഭൂമിയില്ലാത്തവർക്കു വിതരണംചെയ്യാൻ പത്തിഞ്ചു ഭൂമിയെങ്കിലും ശേഷിക്കുമോ? ഒരു ഭൂപരിഷ്കരണ നിയമം എന്നു പറഞ്ഞാൽ, മിച്ചഭൂമി വിതരണംചെയ്യാൻ ഇല്ലാത്തവിധത്തിലുള്ള പരിഷ്കരണം ശരിയായ ഭൂപരിഷ്കരണം ആകുമോ? ഇതു ഭൂപരിഷ്കരണ നിയമമല്ല, ഭൂനയപരിഷ്കാരാഭാസമാണു്. ആ നിലയിൽ ഈ നിയമത്തിലെ ഓരോ വകുപ്പും എതിർക്കപ്പെടേണ്ടതാണു്. ഈ നിയമം തള്ളിക്കളയേണ്ടതാണു്. ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. പി. സി. രാഘവൻ നായർ: മാഡം. 79—ാമത്തെ വകുപ്പിലെ, (1) എക്സ്പ്ലനേഷൻ, (എഫ്), (ജി), (ജെ), (കെ) ഈ സബ്ക്ലാസുകൾ എടുത്തുകളയണമെന്നാണു് എന്റെ ഭേദഗതികൾ. അതിൽ, കശുവണ്ടി തോട്ടങ്ങളെ സംബന്ധിച്ചും, പെപ്പർ ഗാർഡനെ സംബന്ധിച്ചും അരക്കനട്ടു ഗാർഡനിനെ സംബന്ധിച്ചും, മററും എന്റെ ചില സുഹൃത്തുക്കൾ ഇവിടെ സംസാരിച്ചു കഴിഞ്ഞിരിക്കുകയാണു്. ഞാൻ പ്രധാനമായി, (കെ) ഉപവകുപ്പിനെ സംബന്ധിച്ചാണു് പറയാൻ ആഗ്രഹിക്കുന്നതു്. ആ ഉപവകുപ്പ് എടുത്തുകളയണമെന്നാണു് എന്റെ ഭേദഗതി.

മാഡം, പരിധിയിൽനിന്നു് ഒഴിവാക്കുന്ന ഭൂമികളെ സംബന്ധിച്ച ഈ വകുപ്പിൽ, വലിയ തോട്ടങ്ങളോടൊപ്പം കമുകിൻതോട്ടങ്ങളേയും; കുരുമുളകു തോട്ടങ്ങളേയും, കശുമാവു തോട്ടങ്ങളേയും എല്ലാം ഒഴിവാക്കിക്കഴിഞ്ഞിരിക്കുകയാണു്. പുതുതായി മററുതരം ഭൂമികൾ ഒഴിവാക്കാനും ചില ശ്രമം നടക്കുന്നുണ്ടു്. ആ വാദഗതിയോടു് എനിക്കു യോജിക്കാൻ നിവൃത്തിയില്ല. 79—ാം വകുപ്പിൽ പറയുന്ന ഇനം ഭൂമികൾ ഒഴിവാക്കിയാൽ, പ്രത്യേകിച്ചു് വിവിധ ഇനങ്ങളിലുള്ള തോട്ടങ്ങളടക്കം ഒഴിവാക്കിക്കഴിഞ്ഞാൽ, കുട്ടനാടൻ പ്രദേശത്തെ കായൽ പാടശേഖരങ്ങൾ ഒഴിവാക്കിക്കഴിഞ്ഞാൽപ്പിന്നെ മിച്ചഭൂമി ആർക്കും കൊടുക്കേണ്ടിവരികയില്ല; മിച്ചഭൂമിതന്നെ തീരെ കാണുകയില്ല. അതു കഴിഞ്ഞു മിച്ചഭൂമിയായിട്ടു വല്ലതും ശേഷിക്കുമോ എന്നുതന്നെ സംശയമാണു്. അടുത്തതായി നാം പരിധിയെ സംബന്ധിച്ച ക്ലാസ്സ് 80 ചർച്ചചെയ്യാൻ പോകുകയാണു്. 5 അംഗങ്ങൾ ഉൾപ്പെടുന്ന ഒരു കുടുംബത്തിനു പരിധി നിശ്ചയിച്ചിരിക്കുന്നതു് 12 സ്റ്റാൻേറർഡു് ഏക്കർ ഭൂമിയാണു്. അതിൽ കവിഞ്ഞ ഓരോ അംഗത്തിനും ഓരോ ഏക്കർ എന്ന കണക്കിനു് ഇരുപതു സ്റ്റാൻേറർഡു് ഏക്കർ ഭൂമിവരെ പരിധിയായി കൈവശം വയ്ക്കാം. എന്നു വ്യവസ്ഥചെയ്തിരിക്കുകയാണു്. അങ്ങനെ ഒരു കുടുംബത്തിനു് ഇരുപതു സ്റ്റാൻേറഡു ഏക്കർ ഭൂമിവരെ കൈവശംവയ്ക്കാമെന്നു 80-ാമത്തെ വകുപ്പിൽ പറയുന്നുണ്ടു്. അങ്ങനെയുള്ള ഭൂഉടമകൾക്കു്, അവരുടെ കൈവശമുള്ള വസ്തുവിൽ, വീടു നിൽക്കുന്ന സ്ഥലത്തു് വീടിനോടു തൊട്ടുകിടക്കുന്ന ഉപഗൃഹങ്ങൾ, കുളം, കിണറു് ഇവ സ്ഥിതിചെയ്യുന്ന സ്ഥലം, മററുതരത്തിലുള്ള എടുപ്പുകൾ എന്നുവേണ്ട:

"house sites, that is to say, sites occupied by dwelling houses ,anks, wells or any other structures together with the land necessary for the convenient enjoyment of the same ;"

LIBRARY ARCHIVES Kerala Legislative Assembly

എന്നിങ്ങനെ 'കൺവീനിയൻറ് എൻജോയ്മെൻറി'ൽ ഉൾപ്പെടുത്താവുന്ന സുഖമായും സുകരമായും താമസിക്കുന്നതിനുള്ള എല്ലാ സൗകര്യാവകാശങ്ങളോടുംകൂടി വീട്ടിൻെറ വ്യാപ്തി വർദ്ധിപ്പിക്കാൻ പ്രത്യേകം വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഈ പറയപ്പെട്ടവക്കെല്ലാം പുറമെയാണ് പരിധിയിൽ പറഞ്ഞ ഭൂമി. അതേ സമയത്ത്, കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം, അവരുടെ സൗകര്യാവകാശങ്ങളെപ്പററി ഈ ബില്ലിൽ പ്രതിപാദിക്കുന്ന വകുപ്പു ഇതിനുമുൻപ് നാം ചർച്ചചെയ്തതു എല്ലാവരും ഓർക്കുന്നുണ്ടായിരിക്കും. അവൻെറ കുടിൽ നിൽക്കുന്ന സ്ഥലത്തുനിന്ന് അപ്പുറത്തേക്കു തറ പോലും നീട്ടാൻ പാടില്ല. പരമാവധി മൂന്നു സെൻറു സ്ഥലത്ത് ഒതുങ്ങിനിൽക്കണം എല്ലാം. അതിനപ്പുറത്തു പോകാൻ പാടില്ല. അങ്ങനെ മൂന്നു സെൻറിനകത്ത് ഒരു കുടിൽ നന്നായി കെട്ടിയാൽ, ഒഴിഞ്ഞുപോകേണ്ടിവന്നാൽ അതിനു വിലയും അവകാശപ്പെട്ടുകൂടാ. അങ്ങനെയാണു കുടികിടപ്പുകാരന് അനുവദിച്ചിരിക്കുന്ന സൗകര്യാവകാശങ്ങൾ. എന്നാൽ, ജന്മിമാരുടെ താമസസൗകര്യാവകാശങ്ങളെപ്പററി പറയുമ്പോൾ, പ്രത്യേകം എടുത്തു പറയുന്നതു്, 'കൺവീനിയൻറ് എൻജോയ്മെൻറ്' തികച്ചും സൌകര്യപ്പെടുത്തണമെന്ന രീതിയിലാണ്. അതായതു്, വീട്ടിനോടുചേർന്ന ഉപഭവനങ്ങൾ, ഉദ്യാനങ്ങൾ, ഉദ്യാന പാലകരുടെ വീടുകൾ, ഉദ്യാനവീഥികൾ, വിനോദശാലകൾ എന്നുവേണ്ടാ വീടിൻെറ വ്യാപ്തി എത്ര വേണമെങ്കിലും വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഒരു നിയന്ത്രണവും വച്ചിട്ടില്ല. അങ്ങനെ നാലോ, അഞ്ചോ, ആറോ, എട്ടോ, പത്തോ ഏക്കർ സ്ഥലത്ത് ഭൂ ഉടമയുടെ ഇഷ്ടാനുസരണം, കൺവീനിയൻറ് എൻജോയ്മെൻറിനുവേണ്ടി സൌകര്യപ്പെടുത്താവുന്നതാണ്. ഇതിനു പുറമെ ഇനിയും വേണമെന്നു തോന്നിയാൽ, നാടകശാലയോ, മററു വിനോദങ്ങൾക്കു പററിയ ഉപശാലകളോ കേളീഗൃഹങ്ങളോ ഉണ്ടാക്കാം. ഈ നിലയിൽ നോക്കിയാൽ, 80-ാം വകുപ്പിൽ ഒരു കുടുംബത്തിനു പരമാവധി ഇരുപതു സ്റ്റാൻേറർഡു ഏക്കർ കൈവശം വയ്ക്കാമെന്നുള്ള പരിധിയും കഴിഞ്ഞു്, വീട്ടുടമയുടെ കൺവീനിയൻറ് എൻജോയ്മെൻറിനു വേണ്ടിയുള്ള സൗകര്യാവകാശങ്ങളുടെ ഒഴിച്ചുനിർത്തലും ഒക്കെ കഴിഞ്ഞു വരുമ്പോൾ, ഈ നാട്ടിലെ കിടപ്പാടമില്ലാത്ത പാവപ്പെട്ടവരുടെ കാര്യം തീരെ പരുങ്ങലിലാവുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ചുരുക്കത്തിൽ മൂന്നു സെൻറു ഭൂമിയെങ്കിലും പാവപ്പെട്ടവക്കു പതിച്ചുകൊടുക്കാൻ ഇല്ലാത്ത ഒരു സ്ഥിതിയാണു വന്നുചേരുക. ആ തരത്തിലാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. മിച്ചഭൂമി തീരെ കിട്ടാത്ത ഒരു അവസ്ഥ ഇതുമൂലം വന്നുചേരുമെന്നുള്ളതിനു സംശയമില്ല. പരിധിയിൽനിന്ന് ഒഴിവാക്കുന്നതിന് ഈ നിയമത്തിൽ, അക്ഷരമാലയിലെ എല്ലാ അക്ഷരങ്ങളും, എ. ബി. മുതൽ എസ്സ്. വരെയുള്ള അക്ഷരങ്ങൾ ഉപയോഗിച്ചു ഉപവകുപ്പുകൾ ചേർത്തിരിക്കുകയാണ്. ഇനിയും ചില ഒഴിവാക്കലുകൾക്കു തെങ്ങിൻതോട്ടങ്ങളെക്കൂടി ഒഴിവാക്കാൻ ചിലർ ശ്രമം നടത്തിക്കൊണ്ടിരിക്കുകയുമാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഏതായാലും ഇത്രയും ഒഴിവാക്കിയല്ലോ കൂട്ടത്തിൽ തെങ്ങുകൂടി ഒഴിവാക്കാൻ വിരോധമുണ്ടോ ?

ശ്രീ. പി. സി. രാഘവൻ നായർ : അങ്ങനെയൊരു ചിന്താഗതി ചിലക്കുണ്ടായിട്ടുണ്ട്. ഇപ്പോൾതന്നെ പലയിനം ഭൂമികൾ പരിധിയിൽനിന്നൊഴിവാക്കിയിട്ട്, ഒരിഞ്ചു ഭൂമിപോലും ഇല്ലാത്ത പാവപ്പെട്ടവക്കു വിതരണംചെയ്യാൻ മിച്ചഭൂമി കിട്ടാൻ വിഷമിക്കുകയാണ്. പരിധിയെ സംബന്ധിച്ച ചർച്ച വരുമ്പോൾ അതിനെപ്പററി കൂടുതൽ സംസാരിക്കാം. യാതൊരു കാരണവശാലും, 79-ാമത്തെ ക്ലാസിൽ, (കെ) ഉപവകുപ്പിൻെറ ആവശ്യമില്ലെന്നാണ് എൻെറ അഭിപ്രായം. അതു് എടുത്തു കളയേണ്ടതാണ്. താമസിക്കുന്ന വീടിനോടുചേർന്ന്, ഉപശാലകൾക്കും, ഉദ്യാനങ്ങൾക്കും, ഉദ്യാനവീഥികൾക്കും മററു സൗകര്യാവകാശങ്ങൾക്കും വിപുലമായ തോതിൽ വ്യവസ്ഥ ചെയ്യുന്ന (കെ) ഉപവകുപ്പ് എടുത്തു കളയേണ്ടതാണ്. അതുപോലെതന്നെ, എൻെറ ഭേദഗതിയിൽ ആവശ്യപ്പെട്ടിരിക്കുന്ന മററു ഉപവകുപ്പുകളും ഇതിൽനിന്ന് എടുത്തുകളയേണ്ടതാണ്. (എഫ്), (ജി), (ജെ) ഇവയെപ്പററി മററംഗങ്ങൾ സംസാരിച്ചു കഴിഞ്ഞതുകൊണ്ടു കൂടുതൽ ഒന്നും പറയുന്നില്ല. എൻെറ ഭേദഗതികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: സർ, കാർഷികബന്ധ നിയമത്തിനു പകരം; പുതുതായി ഒരു നിയമം കൊണ്ടുവരുന്നതിനു് ഈ ഗവണ്മെന്റിനെ പ്രേരിപ്പിച്ച പ്രധാന ചാപ്റ്റർ ഇതായിരുന്നുവെന്നാണു ഞങ്ങളുടെ ആരോപണം. ഈ ചാപ്റ്ററിന്റെ ആവശ്യകതയില്ലെന്നു ഗവണ്മെന്റിനു വിചാരം ഉണ്ടായിരുന്നെങ്കിൽ ചില ഭേദഗതികൾ മററു വകുപ്പുകളിൽ വരുത്തുക എന്നുള്ള വിധത്തിൽ ഒരു നിയമം കൊണ്ടുവരാമായിരുന്നു. അങ്ങനെ ചെയ്യാതെ, സീലിംഗിനെ സംബന്ധിച്ചുള്ള ചാപ്റ്ററിലും, പരിധിയിൽനിന്നു് ഒഴിവാകുന്ന ഭൂമികളെ സംബന്ധിച്ച ക്ലാസ്സ് 79-ലും അതുപോലെതന്നെ, 81, 82, 83 ഈ ക്ലാസുകളിലും ഒക്കെത്തന്നെ, കാർഷികബന്ധ നിയമത്തിലെ പ്രധാന ഉദ്ദേശ്യങ്ങളെ പാടേ പരാജയപ്പെടുത്തത്തക്ക നിലയിലുള്ള വ്യവസ്ഥകളാണു് കൊണ്ടുവന്നിട്ടുള്ളതു്. ഇതനുസരിച്ചു് മിച്ചഭൂമി ഒട്ടും കിട്ടാൻ സാധിക്കാത്ത ഒരു നില വന്നുചേരും. സീലിംഗിനുള്ള ചാപ്റ്റർ തുടങ്ങുന്നതിനുമുൻപു്, 79-ാമത്തെ ക്ലാസിൽ ഒഴിവാക്കപ്പെടുന്ന ഭൂമികളെ സംബന്ധിച്ചാണു് പറയുന്നതു്. അതിനെപ്പററി ഇവിടെ പലരും സംസാരിച്ചു കഴിഞ്ഞു. 79-ാം വകുപ്പിൽ, എക്സ്പ്ലനേഷൻസിൽ പെപ്പർ ഗാർഡൻ, അരക്കനട്ട ഗാർഡൻ, കുട്ടനാട്ടെ കായൽ നിലങ്ങൾ ഇവയൊക്കെ ഒഴിവാക്കാൻ വ്യവസ്ഥചെയ്തിരിക്കുകയാണു്. അതുകൂടാതെ, അതിൽത്തന്നെ 2-ാമത്തെ ഉപവകുപ്പിൽ പറയുന്നുണ്ടു്, വ്യാവസായികാവശ്യത്തിനായി ഉപയോഗിക്കാനെന്ന ഉത്തമബോദ്ധ്യമുള്ള ഭൂമി പരിധിയിൽനിന്നു് ഒഴിവാക്കുമെന്നു്. മൂന്നാമത്തെ ഉപവകുപ്പിൽ പറയുന്നു: പൊതു ആവശ്യത്തിനായി ഉത്തമവിശ്വാസത്തോടുകൂടി ഉപയോഗിക്കുന്ന ഭൂമിയും പരിധിയിൽനിന്നു് ഒഴിവാക്കുമെന്നു്.

Dy. Speaker : Order, order. The Member may continue in the afternoon.

The House will now adjourn and meet again at 4.00 p. m. today.

4 P. M.] [The House adjourned at 1 p. m. and reassembled at 4 p. m. with Mr. Speaker in the chair]

Mr. Speaker : Order, order. Smt. Gouri may continue her speech.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഈ ബില്ലിലെ 79-ാം വകുപ്പു സംബന്ധിച്ചു് ബഹുമാനപ്പെട്ട പല മെംബറന്മാരും ധാരാളം ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു്. എന്റെ ഭേദഗതികളും അതിൽ ഉൾപ്പെടും. ഇതിനുപുറമെ ബന്ധപ്പെട്ട മന്ത്രികൂടി ചില ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു്. അതായതു് 1107, 1109, 1589 ഈ നമ്പരുകൾ ഉള്ള ഭേദഗതികൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതിന്റെ ഉദ്ദേശത്തെപ്പററി ചിന്തിച്ചതിൽ സീലിംഗ് ഏരിയാ കുറേക്കൂടി വ്യാപകമാക്കുന്നതിനും—ഉള്ള വകുപ്പുകൾക്കുതന്നെ കൂടുതൽ പഴുതുണ്ടാക്കുന്നതിനും വേണ്ടിയുള്ളതാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. സർ, സീലിംഗ് ഏരിയായെ സംബന്ധിച്ചിടത്തോളം ഈ ബില്ലിന്റെ 79-ാം 82-ാം, 83-ാം വകുപ്പുകൾ കൂട്ടിച്ചേർത്തു വായിച്ചുനോക്കിയാൽ ഈ നിയമത്തിന്റെ ഈ വകുപ്പുകളിൽനിന്നും കടന്നു് പിന്നീടു് മിച്ചഭൂമി ഉണ്ടാകുമെന്നു് ആരും സംശയിച്ചിട്ടു കാര്യമില്ല. ഈ ബിൽ ഇന്നു തെങ്ങിൻതോപ്പുകളും, കുട്ടനാട്ട നിലമൊഴിച്ചുള്ള മററു നിലങ്ങളും മാത്രമാണു് 79 വകുപ്പനുസരിച്ചു് സീലിംഗ് വ്യവസ്ഥ ബാധകമല്ലാത്ത ഭൂമികളായി പ്രത്യക്ഷത്തിൽ കാണുന്നതു്. തെങ്ങിൻതോപ്പുകളേയും മററു നിലങ്ങളേയും സംബന്ധിച്ചു് പ്രത്യക്ഷമായി ചേർക്കാതിരിക്കുന്ന ഭൂമികൾ ഒഴിവാക്കത്തക്ക അനേകം provisions ഈ നിയമത്തിന്റെ മററു ഭാഗങ്ങളിലുണ്ടു്.

(1) 'transfer to a religious, charitable or educational institution of a public nature solely for the purposes of the institution'

(2) Lands mortgaged to Government or to a Co- operative Society including a Co-operative Bank registered, or deemed to be registered under the Co-operative Societies Act for the time being in force......

LIBRARY ARCHIVES Kerala Legislative Assembly

so long as such mortgage exists. ഈ രണ്ടു വകുപ്പുകളിലും exempt ചെയ്തിരിക്കുന്നത് നമുക്ക് ഓരോന്നായി പരിശോധിക്കാം. clauses 82-ഉം 83-ഉം പ്രകാരം ഈ നിയമം പ്രസിദ്ധീകരിച്ച ദിവസം മുതലുള്ള കൈമാററങ്ങൾ അസാധുവാണെന്നു പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ധർമ്മസ്ഥാപനങ്ങൾക്കോ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കോ അതുപോലെയുള്ള മററു സ്ഥാപനങ്ങൾക്കോ ഭൂമി കൈമാററം ചെയ്യുകയാണെങ്കിൽ ആ transfers എല്ലാം നിയമപരമായിരിക്കുമെന്നും പറഞ്ഞിരിക്കുകയാണ്. കൈമാററം ചെയ്യാനാളില്ലാതെ വന്നപ്പോൾ 2000 ഏക്കർ തുളസീത്തറയ്ക്കു ദാനം ചെയ്ത നാടാണ് നമ്മുടേത് സർ, ഇങ്ങനെയൊക്കെ പറയുന്നതിന്റെ ഉദ്ദേശംതന്നെ മിച്ചഭൂമിയെ സംബന്ധിച്ചിടത്തോളം ഏതെല്ലാം വിധത്തിൽ അതൊക്കെ റിസർച്ചു ചെയ്ത് കൈവശം വയ്ക്കാമോ ആ വിധത്തിലൊക്കെ വയ്ക്കുന്നതിന് സൗകര്യം കൊടുക്കത്തക്കവിധത്തിലാണ് നിയമത്തിലെ വകുപ്പുകൾ എഴുതിച്ചേർത്തിരിക്കുന്നത് എന്നു കാണാവുന്നതാണ്. മുമ്പിലത്തെ കാർഷികബന്ധനിയമമാണെങ്കിൽ സീലിംഗ് ഏരിയാ കഴിച്ച് ബാക്കി എടുക്കാവുന്നത്ര മിച്ചഭൂമി ഗവണ്മെന്റിലേക്ക് വിട്ടുകൊടുക്കുന്നതിന് ഉതകത്തക്കവിധത്തിൽ വകുപ്പുകളെഴുതുകയും അവ ഭൂരഹിതർക്ക് വിതരണം ചെയ്യത്തക്ക നടപടി ആസൂത്രണം ചെയ്യത്തക്ക വകുപ്പുകളാണ് ഉൾക്കൊള്ളിച്ചിരുന്നത്. സർ, ഈ ചാപ്ററർ എഴുതിയ അവസരത്തിൽ അതായത് ഇവിടെ ഇതു സംബന്ധിച്ച നടന്ന ചർച്ചാവേളയിൽ അന്നത്തെ പ്രതിപക്ഷനേതാവും ഇന്നത്തെ റവന്യൂമന്ത്രിയുമായ ശ്രീ. ചാക്കോ അന്നു കൈക്കൊണ്ട നിലപാടിൽനിന്നു എത്രയോ വ്യത്യസ്തമായ ഒരു നിലപാടാണ് ഇന്നു മന്ത്രിയെന്ന നിലയിൽ സ്വീകരിച്ചിരിക്കുന്നത്. ഇന്നു മന്ത്രിയെന്ന നിലപാടിൽ ചിലരോടുള്ള കടപ്പാടാണ് പ്രധാനമായും മന്ത്രിയെ ഈ വിധത്തിൽ പ്രേരിപ്പിക്കാൻ കാരണമായിട്ടുള്ളത്. രണ്ടാമത്തെ സംഗതിയിൽ പഴയ നിയമത്തിൽ നിയമം എഴുതിയുണ്ടാക്കി പ്രസിദ്ധീകരിച്ച ദിവസം വരെയുണ്ടായിരുന്ന mortgage ചെയ്ത ഭൂമികൾ സീലിംഗിന്റെ പരിധിയിൽനിന്ന് ഒഴിച്ച് ആദ്യം നിയമം കൊണ്ടുവന്നപ്പോൾ നിയമത്തെ തോല്പിച്ച് ഭൂമി കൈവശം വയ്ക്കാൻ ചിലക്ക് പിൻതുണ കൊടുക്കുകയാണെന്നു പ്രഖ്യാപിച്ച അന്നത്തെ പ്രതിപക്ഷനേതാവ്—ഇന്ന്, കായൽനിലങ്ങൾ, വിശദീകരണവ്യാഖ്യാനങ്ങളോടുകൂടിയ തോട്ടങ്ങൾ, കമുകിൻതോട്ടം കുരുമുളകുതോട്ടം—സഹകരണസംഘങ്ങൾക്ക് ഗവണ്മെന്റിന് ബാദ്ധ്യത കൊടുക്കുന്ന വസ്തുക്കൾ മതസ്ഥാപനങ്ങൾക്ക് ധമ്മസ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ഉള്ള ഭൂമിയും മേലിൽ കൊടുക്കുന്ന ഭൂമിയും, മേലിൽ തോട്ടങ്ങളുണ്ടായാൽ അത് വ്യവസായത്തിന് reserve ചെയ്താൽ അത് എന്നു വേണ്ട ഭൂമിയെ എല്ലാ ഭൂമിയും പരിധിയിൽനിന്ന് ഒഴിച്ചു. എന്തു മറുപടിയാണിതിനുള്ളത്. നിങ്ങളുടെ ഒരു ഭേദഗതിയും അംഗീകരിക്കുന്നില്ല എന്നു പറയുന്നു. ഈ നിയമം വച്ചുകൊണ്ട് മൊത്തത്തിൽ പറയുകയാണെങ്കിൽ അതായത്, 79-ഉം 82-ഉം 83-ഉം വകുപ്പുകൾ കൂട്ടിച്ചേർത്തു വായിച്ചുനോക്കിയാൽ, എവിടെയെങ്കിലും മിച്ചഭൂമി ഉണ്ടാകുമോ എന്നുള്ളതു സംശയമാണ്, അഥവാ കുറെയെങ്കിലും ഉണ്ടാവുകയാണെങ്കിൽ ആ ഭൂമിയെടുത്തു വിതരണം ചെയ്യാൻ പ്രതിബദ്ധമായി ബഹുമാനപ്പെട്ട മന്ത്രി 1107-ാം നമ്പരായി ഒരു ഭേദഗതിയും അവതരിപ്പിച്ചിട്ടുണ്ട്. അതായത്, In clause 79(1), after (g) the following shall be inserted, namely :

"(gg) lands mortgaged to the Government, or to a Co-operative society (including a co-operative land mortgage bank) registered or deemed to be registered under the Co-operative societies Act for the time being in force, or to the Kerala Financial Corporation, or to the Kerala Industrial Development Corporation, or to the State Small Industries Corporation, as security for any loan advanced by the Government or by such society or Corporation, so long as the mortgage subsists :

Provided that the exemption under this Clause shall cease to apply at the end of three years from the commencement of this Act".

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]
അങ്ങനെ കോവാപ്പറേറ്റീവ് ബാംങ്കുകൾ, സഹകരണസംഘങ്ങൾ ലാൻഡ് മോർട്ട്ഗേജ് ബാംങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ വസ്തുക്കൾ പണയം വച്ചിട്ടുണ്ടെങ്കിൽ ആ വസ്തുക്കൾ കൂടി സീലിംഗിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. സർ, ഈ നിയമം വന്നതിനു ശേഷം ചേർത്തലക്കാർ പറയാറുണ്ട്, മുമ്പിലത്തെ നിയമപ്രകാരം ഒരു ഫാമിലിക്ക് 15 ഏക്കർ കൈവശം വയ്ക്കാനുള്ള അവകാശം ഉണ്ടായിരുന്നതു്, ഇപ്പോൾ 12 ഏക്കറായി കുറച്ചിരിക്കുന്നു എന്നും അങ്ങനെ കുറച്ചതു് കുറെ കഴിഞ്ഞപ്പോൾ, വീണ്ടും 15 ആക്കി വർദ്ധിപ്പിച്ചിരിക്കുകയാണെന്നും. അതുമാത്രമല്ല കൂടുതൽ ഭൂമിയുള്ളവർ പലരും ഭൂമി കൈവശത്തുനിന്നും പോകാതിരിക്കാൻവേണ്ടിയും സീലിംഗ് ഏരിയായിൽ നിന്നും രക്ഷപ്പെടാൻവേണ്ടിയും, കോവാപ്പറേറ്റീവ് സൊസൈററികൾക്കു് പണയപ്പെടുത്തിയിരിക്കുകയാണ്.

ശ്രീ. എൻ. ഭാസ്കരൻ നായർ: പണയത്തിന്റെ കാലാവധി കഴിയുമ്പോൾ ഭൂമി തിരിച്ചുകിട്ടുമല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: അപ്പോഴും സീലിംഗിൽനിന്നും രക്ഷപ്പെടാൻ വേണ്ടി മറെറാരു മാർഗ്ഗം അവലംബിക്കാതിരിക്കുകയില്ല. ഒരു സൊസൈററിക്കു് പണയംവച്ച ഭൂമി വീണ്ടെടുത്ത ഉടനെതന്നെ മറെറാരു സൊസൈററിക്കു് പണയപ്പെടുത്തിക്കൂടെന്നില്ല. അങ്ങനെ വസ്തു പണയത്തിൽ വച്ചുകൊണ്ടു് കൈവശപ്പെടുത്തി അനുഭവിക്കുകയും ചെയ്യാം. പക്ഷെ ഇപ്രകാരമുള്ള നടപടികൾ തുടങ്ങുന്നതുനിമിത്തം സീലിംഗിന്റെ യഥാർത്ഥ തത്വമെന്താണോ അതിനെ പരാജയപ്പെടുത്താനുള്ള ചില പോംവഴികളാണ് ഈ വകുപ്പുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. എന്തുദ്ദേശത്തോടുകൂടിയാണ് ഇപ്രകാരമുള്ള വകുപ്പുകൾ എഴുതിച്ചേർത്തതെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശമനുസരിച്ചു് സീലിംഗിന്റെ അടിസ്ഥാനതത്വം പോലും അംഗീകരിക്കാതെയാണ് മുമ്പോട്ടു പോയിരിക്കുന്നതു്. കേരളത്തെ സംബന്ധിച്ചു് ഞാൻ പറയുമ്പോൾ ഇൻഡ്യയിലെ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് ഇവിടെ പെർമെനൻറു് കൾട്ടിവേഷൻ ധാരാളമുണ്ടു്. തെങ്ങു് കുരുമുളകു്, റബ്ബർ അതുപോലെ ഫലവൃക്ഷങ്ങൾ മുതലായവയൊക്കെ പരിധിക്കകത്തുനിന്നും ഒഴിവാക്കിയാൽ പിന്നീടു് എത്രത്തോളം മിച്ചഭൂമി വിതരണം ചെയ്യാൻ കാണുമെന്നുള്ളതു് കണ്ടറിയേണ്ട കാര്യമാണു്. മേൽപറഞ്ഞയിനം ഭൂമികളെയൊക്കെ എസ്റ്റേററിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്. അതേസമയം പണ്ടാരവക ഭൂമികളെ ബാധിക്കുകയുമില്ലെന്നു പറഞ്ഞിരിക്കുന്നു. എന്നാൽ കൊച്ചിയിലെ പണ്ടാരവക ഭൂമികളെ സംബന്ധിച്ചുള്ള വ്യവസ്ഥ വ്യത്യസ്തവുമാണു്. ഇപ്രകാരം വിവിധ തരത്തിലുള്ള വ്യവസ്ഥകൾ സീലിംഗിനെ സംബന്ധിച്ച ഉണ്ടാക്കിവച്ചിരിക്കുന്നതു് എന്തുകൊണ്ടാണെന്നു ചോദിച്ചാൽ പറയും, കോടതിയിൽനിന്നും ഉണ്ടായിട്ടുള്ള ജഡ്ജ്മെൻറിനെ ബാധിക്കാതിരിക്കാൻവേണ്ടിയാണെന്നു്. ഇപ്പോഴത്തെ ഈ ബില്ലിൽനിന്നും കാണാൻ സാധിക്കുന്നതു്, പരിധിയിൽ ഉൾക്കൊള്ളിക്കാതെ ഒഴിച്ചുനിറുത്തിയിരിക്കുന്നതു് റബ്ബർപ്ലാൻേറഷൻ, കശുമാവുതോട്ടം, കമുകിൻതോട്ടം, കായൽനിലങ്ങൾ അതുപോലെ കുരുമുളകുതോട്ടം ഇവകളാണു്. കേരളത്തിന്റെ പ്രത്യേക പരിതസ്ഥിതി അനുസരിച്ചു് നോക്കുകയാണെങ്കിൽ, തൊഴിൽരഹിതരും ഭവനരഹിതരുമായ ലക്ഷക്കണക്കിനുള്ള ആളുകൾ ഉണ്ടു്. തൊഴിലില്ലാത്തവക്കു തൊഴില് കൊടുക്കാനും, കിടക്കാൻ സ്ഥലമില്ലാത്തവക്കു് സ്ഥലമുണ്ടാക്കിക്കൊടുക്കാനും നാം പല പദ്ധതികളും ആസൂത്രണം ചെയ്തിരിക്കുകയാണു്. ഇന്നത്തെ ഈ നിയമം ഒട്ടും അപ്രധാനമല്ലാത്ത ഒരു പങ്കാണു വഹിക്കേണ്ടിയിരിക്കുന്നതു്. നമ്മുടെ സംസ്ഥാനത്തു് കശുവണ്ടിത്തൊഴിലാളികൾ ധാരാളമുണ്ടെങ്കിലും ആ തൊഴിൽകൊണ്ടുമാത്രം ജീവിതം നയിക്കാൻ സാധിക്കാത്ത പരിതസ്ഥിതിയാണു് നമുക്കുള്ളതെങ്കിൽ, കശുവണ്ടിത്തോട്ടങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

പരിധിയിൽനിന്നും വേർപെടുത്തിയതിന്റെ ഉദ്ദേശമെന്താണെന്ന മനസ്സിലാകുന്നില്ല. അതുകൊണ്ട് കശുവണ്ടി, കുരുമുളക്, കമുക് ഇവയെല്ലാം പരിധിയിൽ കൊണ്ടുവരണമെന്നാണ് എന്റെ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്.

ഇങ്ങനെയെല്ലാം സീലിംഗിൽനിന്നും ഒഴിവാക്കിയാൽ പിന്നെ ബാക്കി വരുന്ന മിച്ചഭൂമി കോവാപ്പറേറ്റീവ് സൊസൈററിക്ക് മോർട്ടുഗേജ് ചെയ്യാനും മററു മതധർമ്മസ്ഥാപനങ്ങൾക്കും, എഡ്യൂക്കേഷണൽ ഇൻസ്റ്റിററ്യൂഷനും, വ്യാവസായികആവശ്യത്തിനുമെല്ലാം കൊടുക്കാനും എഴുതിവയ്ക്കുകയാണെങ്കിൽ ഒരൊററ ഇഞ്ചു ഭൂമിപോലും മിച്ചം വരികയില്ല. കാർഷികബന്ധനിയമത്തിന്റെ ചർച്ച നടന്നപ്പോൾ റിലിജിയസ് സ്ഥാപനങ്ങൾക്ക് അന്നുവരെ കൈവശം ഉള്ള ഭൂമി കൈവശം വയ്ക്കാനും പുതുതായി കൂടുതൽ ഭൂമി സമ്പാദിക്കുന്നതിനെ തടയത്തക്ക വിധത്തിലുമായിരുന്നു വകുപ്പുകൾ എഴുതിച്ചേർത്തിരുന്നത്. 1957 ഡിസംബർ 18-ാം തീയതി നിയമം പാസ്സായതിനുശേഷം ആണ് തൃപ്പൂണിത്തുറ ഒരു സംഭവമുണ്ടായത്. അതായത് നമ്മുടെ നാട്ടിൽ ദൈവങ്ങൾ തീർന്നുപോയതുകൊണ്ട് തുളസിതറയെ ദൈവമായി സങ്കല്പിച്ച് അതിനുവേണ്ടി ഭൂമി ദാനം ചെയ്തിട്ടുള്ള പ്രമാണം ഈ സഭയിൽ കൊണ്ടുവന്നു വായിക്കുകയുണ്ടായി. മതധർമ്മസ്ഥാപനങ്ങൾക്കും, എഡ്യൂക്കേഷണൽ സ്ഥാപനങ്ങൾക്കും മററുമെല്ലാം നിയമം അവതരിപ്പിച്ചതിനുശേഷം ഭൂമി കൈമാറാമെന്ന വ്യവസ്ഥയായിട്ടാണ് 82, 83 എന്നീ വകുപ്പുകൾ എഴുതിവച്ചിട്ടുള്ളതു്. ഇങ്ങനെയെല്ലാം ഭൂമി കൊടുത്തശേഷം പിന്നെ ഒരൊററ ഇഞ്ചു ഭൂമിപോലും മിച്ചഭൂമിയായിട്ട വരികയില്ല. പിന്നെ വെറുതെയെങ്കിലും അതു് എഴുതിവച്ച് അതിനുവേണ്ടി കുറെ ദിവസം ചർച്ചയ്ക്കുവേണ്ടി പാഴാക്കാമെന്നല്ലാതെ ഇതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല.

സർ, കേരളത്തിൽ ഒരു 40 കൊല്ലങ്ങൾക്കിടയിൽ ദൈവങ്ങൾക്കും അമ്പലങ്ങൾക്കും ഭൂമി ദാനം ചെയ്ത ചരിത്രം നാം കാണുകയുണ്ടായിട്ടില്ല. അവരുടെ ഭൂമി തട്ടിയെടുക്കുന്നതെ കണ്ടിട്ടുള്ളു. ഇപ്പോൾ ദൈവങ്ങൾക്ക് ഭൂമി കൊടുക്കാൻ നിയമമെഴുതുന്നതിന്റെ പിന്നിലെ ഉദ്ദേശം എല്ലാവർക്കും ഗ്രാഹ്യമാണ്.

സർ, എന്റെ 1450-ാമത്തെ ഭേദഗതിപോലുള്ള ഒരു ഭേദഗതിയാണ് ശ്രീ. ഭാർഗ്ഗവൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. അതുകൊണ്ട ഞാൻ എന്റെ ഭേദഗതി മൂവു ചെയ്തിട്ടില്ല. അതിൽ പറഞ്ഞിരിക്കുന്നതു് 'എഫ്' ഡിലീററു് ചെയ്യണമെന്നാണ്. 'എഫ്' എന്നു പറഞ്ഞിരിക്കുന്നതു് ക്യാഷ് എസ്റ്റേററാണ്. അതു് ഡിലീററു് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ഇതെല്ലാം മൂവ് ചെയ്തിട്ടില്ലല്ലോ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ മൂവു ചെയ്യുന്നില്ല. അതിൽ എഴുതിയിരിക്കുന്നതിനെക്കുറിച്ച് പറഞ്ഞുവെന്നേയുള്ളു. ഇതിലുള്ള 'ജി' ഡിലീററു് ചെയ്യണം. അതു് പെപ്പർഗാർഡനെ സംബന്ധിച്ചുള്ളതാണ്. പിന്നെ 'ജെ' ഡിലീററു് ചെയ്യണമെന്നുള്ളതാണ്. അതു് കായൽപാടശേഖരത്തെപ്പററിയുള്ളതാണ്. കായൽപാടശേഖരമാണ് ഈ രാജ്യത്തു് ഒരു ശല്യമായിത്തീർന്നിരിക്കുന്നതു്. ഇന്നു് കായൽപാടശേഖരംസീലിംഗിൽനിന്നും ഒഴിവാക്കിക്കൊടുത്തിട്ടുള്ള ആളുകളുടെ പേരുവിവരം ഞങ്ങൾ കളക്ററു ചെയ്തിട്ടുണ്ട്. അതു് ഇവിടെ വായിക്കാവുന്നതാണ്. ഞാൻ പിന്നെ ഒരു ഭേദഗതി r (2)-നു് കൊടുത്തിട്ടുള്ളതു് ഇങ്ങനെയാണ്.

"In clause 79 (1) (r) (ii), add at the end 'at the commencement of this Act".

The proviso to (r) (ii) is 'where the University, institution or trust''

അതിൽ പബ്ലിക്ക് എന്നുള്ളവാക്കുപോലും ഉപയോഗിച്ചിട്ടില്ല. പബ്ലിക്ക് എന്നുള്ളതു ഇല്ലാതെതന്നെ പറഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

"where the University, institution or trust comes to hold the said lands after the commencement" etc.

അന്നു് ഇവിടെ കാർഷികബന്ധനിയമം പാസ്സാക്കിയപ്പോൾ ശ്രീ. വി. ആർ. കൃഷ്ണയ്യരുടെ അച്ഛൻ ഒരു പ്രൈവററ് ട്രസ്ററ് ട്രാൻസ്ഫർ ചെയ്തതിനെ കുറിച്ചുള്ള പത്രവാർത്ത ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാരാണെന്നു തോന്നുന്നു ഇവിടെ കൊണ്ടുവന്നു വായിക്കുകയും വലിയ ഒച്ചപ്പാടുണ്ടാക്കുകയും ചെയ്തു. എഴുതിയിരുന്നതു് അന്നു് വെറും ട്രസ്ററ് എന്നല്ല public trust എന്നാണു് പറഞ്ഞിരുന്നതു്. ഇൻസ്റ്റിററ്യൂഷൻ ഓർ ട്രസ്ററ് എന്നുള്ളതു് കഴിഞ്ഞതിനുശേഷം രണ്ടു് എന്നു പറയുന്നതു് ഡിലീററ് ചെയ്യണമെന്നാണു് എനിക്കു പറയുവാനുള്ളതു്. രണ്ടു് എന്നുള്ളതിൽ പറയുന്നതു് "where the University, institution or trust comes to hold the said lands after the commencement of this Act, the Government have certified previously that such lands are bona fied required for the purpose of the University institution or trust, as the case may be;"

വ്യവസായസ്ഥാപനങ്ങൾ എവിടെയെങ്കിലും ഉണ്ടാകാൻ പോകുന്നുവെന്നു് പറഞ്ഞുകൊണ്ടു് ആ ഭൂമി ഒഴിച്ചിടേണ്ട ആവശ്യമില്ല. കാരണം ഇന്നുതന്നെ വല്ല സ്ഥാപനങ്ങൾക്കും ഭൂമി ആവശ്യമുണ്ടെങ്കിൽ ഗവണ്മെൻറിൽനിന്നും ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നുണ്ടു്. വ്യവസായസ്ഥാപനങ്ങൾ വരാൻ പോകുന്നുവെന്നു വിചാരിച്ചു ഭൂമി ഇങ്ങനെ ഒഴിച്ചിടേണ്ട ആവശ്യമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. എന്റെ 1640-ാമത്തെ ഭേദഗതിയിൽ പറയുന്നതു്

"In clause 79 (1) (r), add after held by the words the following institutions at the commencement of this Act".

എന്നാണു്. ഈ ആക്ററ് നടപ്പിൽ വരുന്ന കാലത്തു് ഇൻസ്റ്റിററ്യൂഷനുകളുടെ കൈവശം ഇരിക്കുന്ന ഭൂമിമാത്രം ഒഴിവാക്കിയാൽ മതി. എന്റെ 1671-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു്;

"In clause 79 (1) (i), proviso may be redrafted as follows:

Provided that this exemption under this clause shall cease to apply if such land is not actually used for the purpose for which it has been set apart within one year from the commencement of this Act".

എന്നാണു്. ഇക്കാര്യത്തിൽ പ്ലാനിംഗ് കമ്മീഷനും ഇവിടത്തെ മന്ത്രിസഭയും കൂടി സീലിംഗിനു് എതിരായിട്ടു് ഗൂഢാലോചന നടത്തിയതിന്റെ ഫലമായിട്ടാണു് ഇതിനു് അംഗീകാരം കൊടുത്തതെന്നാണു് എനിക്കു് തോന്നുന്നതു്. അല്ലെങ്കിൽ ഇതുപോലെയുള്ള ഒരു നിയമം അവതരിപ്പിക്കാൻ അനുവദിക്കുകയില്ലായിരുന്നു. തത്വത്തിനു് എതിരായിട്ടുള്ള ഈ വകുപ്പുകൾക്കു് അംഗീകാരം കൊടുക്കുകയില്ലായിരുന്നു. 1959 ജൂൺ 10-ാം തീയതി കാർഷികബന്ധനിയമം പാസ്സാക്കിയതിനുശേഷം 1960 ജൂൺ 20-ാം തീയതിവരെ വച്ചുകൊണ്ടിരുന്നിട്ടു അതിനു് അനുമതി കൊടുക്കാതെ പ്രസിഡണ്ടിന്റെ സമ്മതമില്ലെന്നു് പറഞ്ഞുകൊണ്ടു് തിരിയെഅയയ്ക്കുകയാണു് ചെയ്യുന്നതു്. ഇതൊരു ഗൂഢാലോചനമാത്രമാണു്. സെൻട്രൽ ഗവണ്മെൻറു് ഇതുപോലുള്ള ഒരു നിയമം കൊണ്ടുവരികയാണെങ്കിൽ അതു് തിരിയെ അയയ്ക്കുന്നുള്ള അവകാശമുണ്ടു്. ഏതറായാലും ഇതുപോലെയുള്ള ഒരു നിയമത്തിൽ ഈ നാട്ടിലെ ജനങ്ങളെവഞ്ചിക്കുന്നതിനുവേണ്ടി ഇത്തരം വകുപ്പുകൾ എഴുതിവയ്ക്കേണ്ട ആവശ്യമില്ല. ഒരു ഇഞ്ചുഭൂമിപോലും ഇതിന്റെ ഫലമായിട്ടു് കൃഷ്കതൊഴിലാളികൾക്കോ, കുടികിടപ്പുകാർക്കോ ഷെഡ്യൂൾകാസ്റ്റിനോ, പട്ടാളത്തിൽ സേവനം അനുഷ്ഠിക്കുന്നവർക്കോ കൊടുക്കാൻ കാണുകയില്ല. പിന്നെ എന്തിനാണു് ഈ മിച്ചഭൂമി വിത

LIBRARY ARCHIVES Kerala Legislative Assembly

രണം ചെയ്യാനുള്ളവകുപ്പ് എഴുതിചേർത്തിരിക്കുന്നതെന്നാണ് ഞാൻ ചോദിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നതായ 1107–ാം നമ്പർ ഭേദഗതിയെ ഞാൻ ശക്തിയായി എതിർക്കുന്നു. എന്റെ ഭേദഗതി സഭയുടെ അംഗീകാരത്തിനായി അവതരിപ്പിക്കുകയും ചെയ്യുന്നു.

<u>ശ്രീ. ആർ. കൃഷ്ണൻ :</u> സർ, എന്റെ ഭേദഗതി 1586–ാം നമ്പർ ആണ്. അതിൽപറയുന്നത്:

"Iu clause 79, s ub-clause (1), item (K), add at the end "not exceeding three acres in extent." എന്നാണ്. ഇതിൽ സബ്ക്ലാസ്സ് '2' യിൽ പറയുന്നത് "(a) lands owned or held by the Government of Kerala or the Government of any other State in India or the Government of India or a local authority or any other authority which Government may in public interest, exempt, by notification in the Gazette, from th provisions of this chapter." എന്നാണ്. സർ, സബ്ക്ലാസിൽ അതിന്റെ ഒരു വ്യാപ്തി നിർണ്ണയിക്കുന്നില്ലെങ്കിൽ എത്രവലിയ എസ്റ്റേററും ഒരു വീട്ടുവളപ്പിൽ കൊണ്ടുവരുന്നതിനു പ്രയാസമില്ല. ഒരു ഫെൻസിംഗിനകത്ത് വരുന്നതെല്ലാം പരിധിക്കുപുറത്ത് എന്നുള്ള ഒരു നിലപാടാണ് ഇതിൽ ഉള്ളത്. കുട്ടനാട്ടുള്ള കായൽ പാടശേഖരങ്ങളെ അത്രയും ഒഴിവാക്കി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, മതധർമ്മസ്ഥാപനങ്ങൾക്കും, ട്രസ്ററുകൾക്കും, വ്യവസായ സ്ഥാപനങ്ങൾക്കും, എല്ലാം ഉള്ള സ്ഥലങ്ങളെ പരിധിയിൽനിന്നും ഒഴിവാക്കി. പ്രായപൂർത്തിവന്നിട്ടുള്ളവരും കല്യാണം കഴിക്കാത്തവരുമായ ആളുകൾക്ക് മുഴുവൻ പരിധിവരെയുള്ള ഏക്കർവീതം എടുക്കാമെന്നുള്ളതും പരിധിയിൽ കവിഞ്ഞ മിച്ചഭൂമി ഉണ്ടാവാത്തസ്ഥിതി ഉളവാക്കുന്നു. ഇങ്ങനെ മുഴുവൻ ഭൂമിയേയും പരിധിയിൽനിന്നും ഒഴിവാക്കിയാൽ ഒരിഞ്ചുഭൂമിപോലും മിച്ചം വരികയില്ല. പിന്നെ മിച്ചഭൂമി കൃഷിതൊഴിലാളികൾക്കും, പട്ടാളസേവനം അനുഷ്ഠിക്കുന്നവർക്കും, ഭൂമിയില്ലാത്ത ചെറുകിട ജന്മിമാർക്കും മിച്ചഭൂമി വിതരണം ചെയ്യുമെന്നു ചിലവകുപ്പുകളിൽ എഴുതിവച്ചിരിക്കുന്നതുകൊണ്ട് അവരെയെല്ലാം വ്യാമോഹിപ്പിക്കാൻ മാത്രമേ കഴിയുകയുള്ളു. അല്ലാതെ അവർക്ക് ഫലത്തിൽ ഒന്നും കിട്ടുകയില്ല. പഴയ തറവാടുകളിൽ ഭരണം നടത്തുന്ന പിശുക്കനായ കാരണവന്റെ നിലപാടാണ് ഇതിൽ മന്ത്രി എടുത്തുകാണുന്നത്. കുടികിടപ്പുകാർക്ക് മുൻനിയമപ്രകാരം അഞ്ചുസെൻറും പത്തുസെൻറും ഭൂമിവീതം കിട്ടിക്കൊണ്ടിരുന്നത് ഇപ്പോൾ മൂന്നുസെൻറാക്കി കുറച്ച് ഒരു വലിയ വിഭാഗം ജനങ്ങൾക്കു കിടപ്പാടം ഇല്ലാതാക്കുന്ന ഒരു സ്ഥിതിവിശേഷമാണ് വരുത്തിയിരിക്കുന്നത്. അതിനുശേഷം മിച്ചഭൂമി നിങ്ങൾക്കെല്ലാം തരാമെന്നു പറഞ്ഞിട്ടു മിച്ചം വരാത്ത രീതിയിൽ ഇത്രയധികം പ്രയത്നിക്കേണ്ട ആവശ്യമില്ലായിരുന്നു. കാർഷികബന്ധനിയമം ഇവിടെ ചർച്ചനടന്ന അവസരത്തിൽ മിച്ചഭൂമി ഭൂമിയില്ലാത്തവർക്കു വിതരണം ചെയ്യാൻ ഇടവരുത്താൻ പാടില്ലെന്നും അതെല്ലാം ഉടമസ്ഥന്മാർക്കുതന്നെ വിററഴിക്കാനുള്ള അധികാരം വിട്ടുകൊടുക്കണമെന്നും വാദിച്ചവരാണ് ഇപ്പോൾ അപ്പുറത്തിരിക്കുന്നവർ. അന്നവർക്കു ഉണ്ടായിരുന്ന ആഗ്രഹം ഇന്ന് ഈ നിയമം മൂലം നിറവേററിയിരിക്കുകയാണ്. കാർഷികബന്ധ നിയമത്തിലുള്ള വകുപ്പുകളല്ലേ ഇത്, ഇതിൽ ചെറിയ ഒരു വ്യത്യാസം മാത്രമേ വരുത്തിയിട്ടുള്ളുവെന്നു പറയുമായിരിക്കും. കാർഷികബന്ധ നിയമത്തിൽ ഈ വകുപ്പ് ഉണ്ടായിരുന്നുവെങ്കിലും, കാർഷികബന്ധ നിയമപ്രകാരം ഉണ്ടാകുന്ന മിച്ചഭൂമി ഈ നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുകയില്ലെന്നുള്ളത് ഇത് അവതരിപ്പിച്ചിട്ടുള്ളവർക്ക് നല്ലവണ്ണം അറിയാം. എല്ലാ വിധത്തിലുള്ള ഭൂമികളേയും പരിധിയിൽനിന്ന് ഒഴിവാക്കുന്നതിന് സൗകര്യം ഉണ്ടാക്കി കൊടുക്കുന്നതോടൊപ്പം വലിയ വലിയ എസ്റ്റേററുകളേയും അതുപോലെ വളരെയധികം ഏക്കർ വലിപ്പമുള്ള മററുസ്ഥലങ്ങളും അതിൽ ഒരു വീടും കിണറും ഉണ്ടായിരുന്നാൽ അതിനെയും പരിധിയിൽ നിന്നും ഒഴിവാക്കും, ഒരു വീട്ടിനു വേണ്ടിയാണെങ്കിൽ മൂന്ന് ഏക്കറിൽ കൂടുതൽ എന്തിന് അനുവദിക്കുന്നു. അതിൽ കൂടുതൽ സൗകര്യം ഒട്ടുംതന്നെ വേണ്ടിവരികയില്ല. മൂന്ന് ഏക്കർവരെ നിർണ്ണയിച്ച ബാക്കിയുള്ളതു പരിധിയിൽ കാണിക്കത്തക്ക വിധത്തിൽ ഈ സബ്ക്ലാസിൽ ഒരു മാററം വരുത്തണമെന്നാണ് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. കൃഷ്ണൻ]

ഭേദഗതി. അത്രയെങ്കിലും ചെയ്തില്ലെങ്കിൽ നമ്മുടെ നാട്ടിൽ മിച്ചഭൂമിയെന്നുള്ള ഒരു പ്രശ്നമേ വരികയില്ല. കമുകിൻ തോട്ടങ്ങളേയും, കശുവണ്ടി തോട്ടങ്ങളേയും കുരുമുളകിൻ തോട്ടം മുതലായവയെ എല്ലാം തോട്ടത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയാൽ ഇനി ബാക്കിവരുന്നതു് തെങ്ങിൻതോട്ടങ്ങൾ മാത്രമാണു്. ഇവിടെ നടന്ന വാദപ്രതിവാദത്തിൽ ശ്രീ. ചാഴിക്കാടനും മററു ചില സ്നേഹിതന്മാരും തെങ്ങിൻ തോട്ടങ്ങളെക്കൂടി പരിധിയിൽ നിന്നും ഒഴിവാക്കണമെന്നു് വാദിച്ചിരിക്കുകയാണു്. എനിക്കു് പറയുവാനുള്ളതു് അതിനുവേണ്ടി അവർ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചില്ലെങ്കിലും ഈ സബ് ക്ലാസ് 'കെ' അംഗീകരിക്കുമെങ്കിൽ അവക്കു് അനുകൂലമായ ഒരു സ്ഥിതിവിശേഷം ഉണ്ടാകുമെന്നാണു്. അതുകൊണ്ടു് സബ് ക്ലാസ് 'കെ' യിൽ മൂന്നു് ഏക്കറായി കുറയ്ക്കാനുള്ള സന്മനസ്സെങ്കിലും ഉണ്ടാകണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അതുപോലെ ഇവിടെ മററു പലരും അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതുപോലെ കുട്ടനാട്ടിലെ കായൽപ്പാടശേഖരങ്ങൾക്കു് ഇപ്പോൾ പരിധി ഒഴിവു നിശ്ചയിച്ചിരിക്കുന്നതിനെപ്പററി എനിക്കും രണ്ടു വാക്കു് പറയുവാനുണ്ടു്. അതായതു് കുട്ടനാടൻ കായൽ പാടശേഖരങ്ങളെ പരിധിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണു്. അങ്ങനെ കായൽ പാടശേഖരങ്ങളെ പരിധിയിൽ നിന്നും ഒഴിവാക്കാൻ പാടില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, എന്റെ 1637, 1688, 1689, 1690 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു. ഈ ഭേദഗതികളെയെല്ലാം കുറിച്ചു് സംസാരിക്കണമെന്നാണു ഞാൻ ആഗ്രഹിക്കുന്നതു്. സർ, ഈ സീലിംഗ് എന്നുള്ള വ്യവസ്ഥ വന്നപ്പോൾ ഇന്നലെ നമ്മുടെ പ്രധാനമന്ത്രി നെഹ്റു കാൺഗ്രസ്സ് പാർലമെൻററി പാർട്ടിയുടെ എക്സിക്യൂട്ടീവ് യോഗത്തിൽ പ്രസംഗിച്ച കാര്യമാണു് എന്റെ ഓർമ്മയിൽ വരുന്നതു്. അതു് കേരളകൗമുദി പത്രത്തിൽ റിപ്പോർട്ടു് ചെയ്തിരിക്കുന്നതു് ഇങ്ങനെയാണു്:—

''സംസ്ഥാനങ്ങളിൽ ഭൂപരിഷ്ക്കരണ നിയമങ്ങൾ ശരിയായി നടപ്പിലാക്കേണ്ട ആവശ്യകതയെപ്പററിയും കൃഷിയെ സംബന്ധിച്ചിടത്തോളം കർഷകന്റെ മാനസിക സമീപനം മാററുന്നതിനും അധുനാതനമാക്കുന്നതിനും വിവിധ നടപടികൾ കൈക്കൊള്ളേണ്ടതിനെപ്പററിയും പ്രധാനമന്ത്രി നെഹ്റു തറപ്പിച്ചു പ്രസ്താവിച്ചതായി അറിയുന്നു.''

ഇവിടെ കാൺഗ്രസ്സ് പാർലമെൻററി പാർട്ടിയുടെ എക്സിക്യൂട്ടീവ് യോഗത്തിൽ ഭക്ഷ്യപ്രശ്നത്തെപ്പററി നടന്ന ഒരു ചർച്ചയിൽ ഇടപെട്ടുകൊണ്ടു കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനു് ശ്രീ. നെഹ്റു താഴെക്കാണുന്ന നിർദ്ദേശങ്ങൾ നല്കിയതായി അറിയുന്നു: കൃഷിക്കാർക്കു് ചില പ്രോത്സാഹനങ്ങൾ നൽകേണ്ടതുണ്ടെങ്കിലും അതു മാത്രം കൊണ്ടായില്ല. പഴയതും പ്രാകൃതങ്ങളുമായ കൃഷി ആയുധങ്ങൾ ഉപേക്ഷിക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സംസ്ഥാനഗവണ്മെൻറുകൾ അവക്കു് പുതിയ പുതിയ ഉപകരണങ്ങൾ നൽകേണ്ടതാണു്. അവയുടെ വില തവണകളായി ഈടാക്കാവുന്നതുമാകുന്നു. ഭൂപരിഷ്ക്കരണനിയമങ്ങൾ നിഷ്കൃഷ്ടമായി നടപ്പിൽ വരുത്തുന്നതിൽ പരമമായ പ്രാധാന്യം നൽകേണ്ടതാണു്. ഇപ്പോഴത്തെ നിലയിൽ നിയമങ്ങളിലധികവും കടലാസിൽ കിടക്കുന്നതേയുള്ളുവെന്നു നെഹ്റു പറഞ്ഞതായറിയുന്നു. ചില സംസ്ഥാനങ്ങളിൽ കർഷകനു ഭൂമി കൈവശം വയ്ക്കുന്നതിനു സംരക്ഷണം പോലും നൽകിയിട്ടില്ല. നിയമം വേണ്ടവിധം നടപ്പാക്കിയിട്ടില്ല. ആ സ്ഥിതി പരിഹരിക്കേണ്ടതാണു്.''

പക്ഷേ ഈ ഭാഗത്തുനിന്നു് കാൺഗ്രസ്സിന്റെ നയങ്ങളെക്കുറിച്ചോ അല്ലെങ്കിൽ പ്രധാനമന്ത്രി പറയുന്നതിനെക്കുറിച്ചോ എന്തെങ്കിലും സൂചിപ്പിച്ചു പറഞ്ഞാൽ, നിങ്ങൾക്കെന്താ പറയാൻ കാര്യം എന്നു ചോദിച്ചുകൊണ്ടു തിരിച്ചതിനെ സമീപിക്കുന്ന രീതിയാണു കാണാററുള്ളതു്. എങ്കിലും നമ്മുടെ പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി പറയുന്ന വാക്കുകൾക്കുള്ള പ്രാധാന്യം എന്താണെന്നു കുറച്ചെങ്കിലും പറയാതിരിക്കാൻ സാദ്ധ്യമല്ല. ഈ പ്രസ്താവന നമ്മുടെ ബില്ലിലെ സീലിംഗ് വ്യവസ്ഥയുമായി പൊരുത്തപ്പെടുമോ എന്നാണ് ആലോചിക്കേണ്ടതു്. സീലിംഗിന്റെ ഉദ്ദേശത്തെതന്നെ പരിപൂർണ്ണമായി പരാജയപ്പെടുത്തുന്ന ഒരു വ്യവസ്ഥയാണ് ഇതിൽ കൊണ്ടുവന്നിരിക്കുന്നതു്. അതിന്റെ ഉദാഹരണങ്ങളെല്ലാം ഇവിടെ പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. നമ്മുടെ ഈ രാജ്യത്തു് ആക്കെങ്കിലും പാവപ്പെട്ട കുടിയാന്മാർക്കോ, കാർഷികത്തൊഴിലാളികൾക്കോ, അല്ലെങ്കിൽ മററു സാധാരണക്കാർക്കോ ഒരിഞ്ചെങ്കിലും മിച്ചഭൂമി വിതരണം ചെയ്യാൻ കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്നെങ്കിൽ ആ പ്രതീക്ഷ മുഴുവൻ ഈ വ്യവസ്ഥയോടുകൂടി അസ്ഥാനത്തായിരിക്കുകയാണ്. ഒന്നും കിട്ടുകയില്ല. നമ്മുടെ ഈ നിയമം കൊണ്ടുവന്നതു കണ്ടാൽ ഏതാനും ചില ആളുകൾക്കുവേണ്ടി കൊണ്ടുവന്ന നിയമമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഏതാനും ചില ആളുകളെ ഉദ്ദേശിച്ചുകൊണ്ടു കൊണ്ടുവന്ന ഒരു നിയമമാണ് ഇതു്. അതു് ഈ സബ്ബ് സെക്ഷൻ 2, 3 നോക്കിയാൽ കാണാൻ സാധിക്കും. എനിക്കു തോന്നുന്നതു് ഈ നാട്ടിലെ, വിമോചനസമരം നടന്ന കാലത്തു് ജന്മിമാക്കും മുതലാളിമാക്കും കൊടുത്തിരുന്ന ഉറപ്പു പാലിക്കുന്നതിനു വേണ്ടിയാണ് ഈ വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു് എന്നാണ്. ഏതായാലും അതിനു പരിപൂർണ്ണമായി സാധിച്ചിട്ടുണ്ടു്. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല.

സർ, പെപ്പർഗാർഡൻ, അരീക്കനട്ട് ഗാർഡൻ ഇതു രണ്ടും അഞ്ചേക്കർ വരെയുള്ളതു് ഒഴിവാക്കിയിരിക്കുകയാണ്. നമ്മുടെ രാജ്യത്തു് ഇങ്ങനെ പെപ്പർഗാർഡനും, അരീക്കനട്ട് ഗാർഡനും കൃഷി ചെയ്യുന്ന എത്ര ആളുകളുണ്ടു്. കുറെ വ്യക്തികളുടെ താല്പര്യം സംരക്ഷിക്കാൻ ഇങ്ങനെ എഴുതിച്ചേർത്തു എന്നല്ലാതെ, ഇതിനെന്തു ന്യായീകരണമാണ് മന്ത്രിക്കു് പറയാനുള്ളതെന്നു് അറിയേണ്ടിയിരിക്കുന്നു.

എന്റെ 1689–ാംനമ്പർ ഭേദഗതിയിൽ 5 ഏക്കർ എന്നുള്ളതു് 12 ഏക്കർ ആക്കണമെന്നു ഞാൻ പറഞ്ഞിട്ടുണ്ടു്. നിർബ്ബന്ധമാണെങ്കിൽ 12 ഏക്കറിൽ കൂടുതലുള്ളതു് ഒഴിവാക്കണമെന്ന അത്ഥത്തിലാണ് ഞാൻ ഭേദഗതി കൊടുത്തിട്ടുള്ളതു്. ഈ അഞ്ചേക്കറോ പത്തേക്കറോ എന്നുള്ളതുപോലും വാസ്തവത്തിൽ ആവശ്യമില്ലാത്തതാണ്. അതും പരിധിയിൽ വരേണ്ടതാണ്. അങ്ങനെ ഒഴിവാക്കേണ്ട യാതൊരു കാര്യവുമില്ല. കാഷ്യൂനട്ടുഗാർഡൻ പോലും ഒഴിവാക്കേണ്ട കാര്യമില്ല.

ഞാൻ 1619–ാംനമ്പർ ഭേദഗതി കൊടുത്തിരിക്കുന്നതു് കുട്ടനാട്ടെ കായൽ നിലങ്ങളെ ഒന്നുകിൽ കോവാപ്പറേറ്റീവു ഫാംസായി കൺവെർട്ടു ചെയ്യുകയോ അല്ലെങ്കിൽ കളക്ടീവ് ഫാംസായി കൺവെർട്ടു ചെയ്യുകയോ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. അതിനു കാരണമുണ്ടു്. കുട്ടനാട്ടെ കായൽ നിലങ്ങളുടെ കൃഷിരീതികളും മററും നേരത്തെ ഇവിടെ വിശദീകരിച്ചു കഴിഞ്ഞതാണ്. സാമ്പത്തികമായി വളരെയേറെ കഴിവുള്ള ആളുകൾക്ക്, നൂറു കണക്കിനേക്കർ ഭൂമി കൈവശം വച്ചുകൊണ്ടു് വലിയ തോതിൽ കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ആളുകൾക്ക്, ഇതിനകം ഗവണ്മെൻറ് 12 ലക്ഷം രൂപ ലോണായി ചെലവാക്കിയ കാര്യം ശ്രീ. ചന്ദ്രശേഖരൻ ഇവിടെ പറഞ്ഞുകഴിഞ്ഞതാണ്. ഇവിടെമാത്രം ഗവണ്മെൻറ് ഇത്രയേറെ താല്പര്യം കാണിച്ചു കൃഷി നടത്തണമെന്നു ആഗ്രഹമുണ്ടെങ്കിൽ ഈ പ്രദേശങ്ങളെ കോവാപ്പറേറ്റീവ് ഫാംസായി സംഘടിപ്പിച്ചുകൂടേ? കുട്ടനാട്ടിലെ നിലങ്ങൾക്കെന്നുപറഞ്ഞു് ഏതാനും ചില ആളുകൾക്കു വേണ്ടിയാണ് ഈ നിയമംകൊണ്ടുവന്നതെന്നുള്ള കാര്യം വളരെ വ്യക്തമാണ്. കുട്ടനാട് ഏരിയ എന്നു പറയുമ്പോൾ കുട്ടനാട് താലൂക്കു മാത്രം ഒതുങ്ങി നിൽക്കുമെന്നു തോന്നും. കുട്ടനാടു ഏരിയായിൽപ്പെടുന്ന മാവേലിക്കര താലൂക്കിൽത്തന്നെ താമരക്കുളം, കണ്ണമംഗലം, തൃപ്പൂറൻതറ, ചെന്നിത്തല, മാവേലിക്കര, ചുനക്കര, തഴകര, നൂറനാട്, പലാമേൽ, പന്തളം, തോന്നല്ലൂർ എന്നീ പ്രദേശങ്ങൾ പെട്ടിരിക്കുകയാണ്. അവിടെയുള്ള നിലങ്ങൾ കുട്ടനാട് ഏരിയായിൽ പെട്ടിരിക്കുകയാണ്. അതുപോലെ കുട്ടനാട് ഏരിയായിൽ തിരുവല്ല

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

താലൂക്കിലുള്ള കിഴക്കുംഭാഗം, കടപ്ര, പെരിങ്ങര, കാവുംഭാഗം, തിരുവല്ല എന്നീ പ്രദേശങ്ങളിലുള്ള നിലങ്ങളും പെട്ടിരിക്കുകയാണ്. ചെങ്ങന്നൂർ താലൂക്കിൽപ്പെട്ട ചെറിയനാട്, വെൺമണി, മാന്നാർ, കരട്ടിശ്ശേരി, പുലിയൂർ എന്നീ പ്രദേശങ്ങളിലെ നിലങ്ങളും കുട്ടനാട് ഏരിയായിൽപ്പെട്ടിരിക്കുകയാണ്. ചേർത്തല, കാർത്തികപ്പള്ളി, അമ്പലപ്പുഴ എന്നീ താലൂക്കുകളിലുള്ള പ്രദേശങ്ങളിലെ നിലങ്ങളും കുട്ടനാട് ഏരിയായിൽ പെട്ടിരിക്കുകയാണ്. അപ്പോൾ ആലപ്പുഴ ഡിസ്ട്രിക്ടിൽ ഉള്ള പ്രധാന നിലങ്ങളെല്ലാം കുട്ടനാട് ഏരിയായിൽ പെട്ടിരിക്കുകയാണ്. സർ, എന്തുകൊണ്ട് ഇവിടെ സഹകരണ കൃഷി ഉണ്ടായിക്കൂടാ? ഈ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന കൃഷിക്കാരെയെല്ലാം സഹകരിപ്പിച്ചുകൊണ്ട് എന്തുകൊണ്ട് ഗവൺമെന്റ് സഹകരണസംഘം രൂപീകരിച്ചില്ല?

ശ്രീ. പി. ടി. ചാക്കോ : ഈ പറഞ്ഞ പ്രദേശങ്ങളെല്ലാം ഒഴിവാക്കിയെന്നു പറയുന്നതു് തെറ്റാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കുട്ടനാട്ടെ ഏരിയായിൽപ്പെട്ട പ്രദേശങ്ങളുടെ കാര്യമാണ് ഞാൻ പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ : അവിടെയുള്ള ലൈസൻസികളെ കുടിടെനൻറായി കണക്കാക്കിയിട്ടുള്ളതല്ലാതെ നിലങ്ങൾ ഒഴിവാക്കിയിട്ടില്ല. ബിൽ വായിച്ചു പ്രസംഗിച്ചാൽ ഭംഗിയായിരിക്കും.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഏതായാലും കുട്ടനാട് പ്രദേശങ്ങളിലെ പാടശേഖരങ്ങളെ, അപ്പർകുട്ടനാട്ടും ലോവർ കുട്ടനാട്ടുമുള്ള പാടശേഖരങ്ങളെ, കോവാപ്പറേറീവ് ഫാംസായി കൺവെർട്ടുചെയ്തു സഹകരണസംഘങ്ങൾ രൂപീകരിച്ചു കൃഷി ചെയ്യാൻ സാധിക്കും.

ശ്രീ. പി. ടി. ചാക്കോ : അപ്പർകുട്ടനാട്ടിനേയും ലോവർ കുട്ടനാട്ടിനേയും ഒന്നും ഒഴവാക്കിയിട്ടില്ല.

ശ്രീ. കെ. ഭാർഗ്ഗവൻ : ഈ പാടശേഖരങ്ങളിൽ കൃഷി ചെയ്യാൻ ഗവൺമെന്റ് അനേകലക്ഷം രൂപ കൊടുക്കുന്നുണ്ട്. ആ സ്ഥിതിക്ക് നാഷണലൈസ് ചെയ്തു് സർക്കാർതന്നെ ഏറ്റെടുത്തു് സ്റ്റേറ്റ് ഫാംസാക്കിക്കൂടേ ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ : നമ്മുടെ രാജ്യത്തു് മാഡൽ ഫാംസുണ്ടാക്കാനുള്ള സൗകര്യം കുട്ടനാട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതിക്ക് സ്റ്റേറ്റുഫാമുകളാക്കി കൺവെർട്ടു ചെയ്യുന്നതിനു് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ, കോ-ഓപ്പറേറ്റീവ് ഫാമുകളെങ്കിലും ആക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്. സ്റ്റേറ്റുഫാമുകളാക്കാൻ ബുദ്ധിമുട്ടാണെന്നു് ഗവൺമെൻറു പറഞ്ഞേക്കാം. കുറെയൊക്കെ വൈഷമ്യങ്ങൾ ഉണ്ടെന്നു് അംഗീകരിക്കാം. കൃഷിക്കാരുടെ മനോഭാവത്തിൽ വേണ്ട മാറ്റം വരുത്തണം; മറ്റു ചില കാര്യങ്ങളൊക്കെ വേണം. അതു സാധിക്കുന്നതിനു് സമയമെടുക്കുമെന്നുള്ളതുകൊണ്ടാണു് തൽക്കാലം കോ-ഓപ്പറേറ്റീവ് ഫാമുകളാക്കാം എന്നു പറയുന്നതു്. ഇതു ചെയ്യാത്തിടത്തോളം കാലം കുട്ടനാട്ടെ കായൽനിലങ്ങളെ പരിധിയിൽനിന്നു് ഒഴിവാക്കേണ്ട യാതൊരു കാര്യവുമില്ല.

സർ, അതുപോലെ 'The Government may exempt any land required by any person *bona fide* for any industrial or commercial purpose, the promotion of which will, in the opinion of the Government, be in the public interest :' എന്നു പറയുന്നുണ്ട്. ഇൻഡസ്ട്രിയൽ പർപ്പസിനു എന്നു് പറഞ്ഞു് ഭൂമി നീക്കിവച്ചു് പരിധിയിൽ നിന്നു രക്ഷപ്പെടുത്തുന്നതു ശരിയല്ല. ഇതു കേട്ടാൽ തോന്നും; ഇവിടെ വ്യവസായങ്ങൾ ദിവസംപ്രതി വളർന്നുവരുന്നുണ്ടെന്നു്. ഏതെങ്കിലും വ്യവസായങ്ങൾ നമ്മുടെ രാജ്യത്തുണ്ടാകുകയാണെങ്കിൽ ആ വ്യവസായത്തിനാവശ്യമായ ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

പ്രൈവററ് മേഖലയിലായാലും ശരി, സ്റ്റേററ് ഉടമയിലായാലുംശരി അക്വയർ ചെയ്തു കൊടുക്കണം. പന്തളത്തു ഒരു ഷുഗർമിൽ വന്നു. ആ ഷുഗർമില്ലിനാവശ്യമായ സ്ഥലം അക്വയർ ചെയ്തുകൊടുത്തു. അങ്ങനെ കൊടുക്കേണ്ടതാണ്. അങ്ങനെ ഏതെങ്കിലും വ്യവസായം വരുമ്പോൾ ആ വ്യവസായത്തിനാവശ്യമായ സ്ഥലം അക്വയർ ചെയ്തുകൊടുക്കുക എന്നുള്ളതല്ലാതെ, വ്യവസായം ഇനി എന്നെങ്കിലും വന്നേക്കാൻ ഇടയുണ്ട് എന്ന തോന്നലിന്റെ അടിസ്ഥാനത്തിൽ ഭൂമി പരിധിയിൽനിന്നു ഒഴിച്ചുനിറുത്തുന്നതു് ന്യായീകരിക്കാവുന്നതല്ല. അതുകൊണ്ട് ഈ സബ്ക്ലാസ് (3) എടുത്തുകളയണം.

ശ്രീ. പി. ടി. ചാക്കോ : ഈ പറഞ്ഞ മൂന്നാമത്തെ ഉപവകുപ്പ് കാർഷികബന്ധനിയമത്തിലെ 57 (2) ഉപവകുപ്പ് അതേപടി എടുത്തുവച്ചിരിക്കുന്നതാണെന്നറിയാമോ ?

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പക്ഷേ അതിനു താഴെ

'A draft of the notification proposed to be issued under sub-section (2) shall be laid before the Legislative Assembly.......'

എന്നു പറഞ്ഞിട്ടുണ്ട്. ആ കാര്യം ഈ ബിൽ നോക്കിയിട്ട് കണ്ടില്ല. അതാണ് ഈ നിയമം ചില വ്യക്തികൾക്കുവേണ്ടി ഉണ്ടാക്കിയതാണെന്നു ഞാൻ പറഞ്ഞതു്. ഗവണ്മെൻറിനെ ആശ്രയിച്ചുനിൽക്കുന്ന ആളുകൾക്ക് ചില സൗജന്യങ്ങൾ ചെയ്തുകൊടുക്കുകയാണ് ചെയ്തിരിക്കുന്നതു്. ഗവണ്മെൻറിന്റെ സഹായമുണ്ടെങ്കിൽ ഭൂപരിധിയിൽനിന്നു രക്ഷപ്പെടുന്നതിനു് ഭൂമി പ്ലാന്റേഷനാക്കി മാററാൻ ഉദ്ദേശിക്കുന്നു എന്നു പറഞ്ഞാൽ മതിയാകും. ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞതുപോലെ ഇതു ഭാവിയിൽ അഴിമതിക്കും കൈക്കൂലിക്കും സ്വജനപക്ഷപാതത്തിനും ഇട നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. ടി. എ. തൊമ്മൻ : നോട്ടിഫിക്കേഷൻ വന്നുകഴിഞ്ഞാൽ അസംബ്ലിയിൽ വയ്ക്കണമെന്നു ക്ലാസ് 125—ൽ പ്രത്യേകം പ്രൊവൈഡ് ചെയ്തിട്ടില്ലേ?

ശ്രീ. പി. ടി. ചാക്കോ : ഈ ബിൽ വായിച്ചു നോക്കിയിട്ട് ഇനി പ്രസംഗിച്ചാൽ മതി.

Mr. Speaker : Please conclude.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അങ്ങനെ ഭൂപരിധി നിർണ്ണയിച്ചു ഏതെങ്കിലും മിച്ചഭൂമി ഈ രാജ്യത്തെ ആളുകൾക്ക് കിട്ടുമെന്ന പ്രതീക്ഷയുണ്ടെങ്കിൽ ആ പ്രതീക്ഷകളെയെല്ലാം തകർക്കുന്ന രീതിയിലാണ് ഈ വകുപ്പു എഴുതിച്ചേർത്തിരിക്കുന്നതു്. അതുകൊണ്ടാണ് ഈ (2. 3) ഉപവകുപ്പുകൾ എടുത്തുകളയണമെന്നും, കുട്ടനാട്ടെ കായൽ നിലങ്ങൾ കോവാപ്പറേററീവ് സൊസൈററിയായി കൺവെർട്ടു ചെയ്യണമെന്നും ഞാൻ ആവശ്യപ്പെടുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ : ഈ ബില്ലിലെ വളരെ പ്രധാനപ്പെട്ട ഒരു ക്ലാസ്സാണ് 79. ഇതിനെ സംബന്ധിച്ചു് ചർച്ച ചെയ്യുന്ന അവസരത്തിൽ ഒന്നു പറയാനിടയുണ്ട്; ഈ വാദഗതികളത്രയും ഇതിനുമുമ്പും കേട്ടതാണല്ലോ എന്ന് ഒരർത്ഥത്തിൽ അതു് ശരിയാണ്. ഈ വകുപ്പ് സീലിംഗ് എന്നു പറയുന്ന ഒരു മുഴുവൻ ആശയം ഉൾക്കൊണ്ടതാണ്. അതിനാൽ, ചിലപ്പോൾ ജനറലായിട്ടു പറഞ്ഞ സംഗതികൾ തന്നെ വിശദാംശങ്ങളിലും വന്നേക്കാനിടയുണ്ട്. ഇതിൽ ഞാൻ ഒരു ഭേദഗതി കൊടുത്തിട്ടുള്ളതു് (ജെ) ഡെലീററു ചെയ്യണമെന്നാണ്. ജനറൽ ഡിസ്കഷനിലും ഈ കാര്യം പറഞ്ഞിട്ടുണ്ട്. പിന്നെ സെലക്ട കമ്മിററി റിപ്പോർട്ടു വന്ന അവസരത്തിലും ഈ പോയിൻറ് ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇപ്പോൾ (ജെ) ഡെലീററു ചെയ്യണമെന്നു് കോൺക്രീററായി പറയുകയാണ്. നമ്മുടെ രാജ്യത്തു് കൃഷിയിലും വ്യവസായങ്ങളിലുമൊക്കെ സഹകരണസമ്പ്രദായം ഏർപ്പെടുത്തണമെന്നു് പറയുന്നതു് നേരായിട്ടോ, കപടമായിട്ടോ എന്നറിയേണ്ടതുണ്ട്. ഈ നിയമനിർമ്മാണസമയത്തു് സാധിക്കേണ്ട ഒരു കാര്യം സൗകര്യപൂർവ്വം വിട്ടുകളഞ്ഞിരിക്കുന്നു എന്നാണെന്റെ ആക്ഷേപം. കുട്ടനാടൻ കായൽ കൃഷി സഹകരണാടിസ്ഥാനത്തിൽ നടത്താനൊരു സന്ദർഭം വന്നിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : കോവാപ്പറേറ്റീവ് ഫാം നടപ്പിലാക്കേണ്ടതു് എന്തെങ്കിലും തരത്തിൽ ഒരു വിഭാഗം ആളുകളെ നിർബ്ബന്ധിപ്പിച്ചല്ല. നേരെ മറിച്ചു് ആളുകൾ ഒരുമിച്ചു ചേർന്നു് അവരുടെ സമ്മതത്തോടുകൂടി വേണമെന്നാണു് എന്റെ വ്യക്തിപരമായ അഭിപ്രായം.

ശ്രീ. ഇ. പി. ഗോപാലൻ : നിർബ്ബന്ധിക്കാൻ കഴിയുകയില്ല എന്നു പറഞ്ഞുകൊണ്ടു്, ഈ പ്രശ്നത്തിൽ നിന്നു് ഒഴിഞ്ഞുമാറുകയാണു്. നിർബ്ബന്ധത്തിന്റെ കാര്യമല്ല ഇതു്.

ശ്രീ കെ. ഭാർഗ്ഗവൻ : സീലിംഗ് കുട്ടനാട്ട് ഏരിയായിൽ ബാധകമാക്കി കൃഷി ചെയ്യുന്നതിനു് നിർബ്ബന്ധിക്കേണ്ടിവരികയില്ലെന്നു് മെമ്പർക്കറിയാമോ ?

ശ്രീ. ഇ. പി. ഗോപാലൻ : നിർബ്ബന്ധത്തിന്റെ കാര്യമില്ല. സീലിംഗിൽ ഉൾപ്പെടുത്തി കഴിഞ്ഞാൽ സഹകരണ അടിസ്ഥാനത്തിലോ, സക്കാരിന്റെ കീഴിലോ, ഈ പ്രദേശത്തെ കൃഷി കൊണ്ടുവരാവുന്നതാണു്. ഈ പ്രശ്നത്തെ എങ്ങിനെ സമീപിക്കുന്നു എന്നതാണു് പ്രസക്തമായ കാര്യം.

ശ്രീ. പി. ടി. ചാക്കോ : മിച്ചഭൂമിയിൽ സഹകരണസംഘം ഏർപ്പെടുത്തുന്നതു് തെറ്റാണെന്നല്ല ഞാൻ പറഞ്ഞതു്. മിച്ചഭൂമി ഇല്ലെങ്കിൽ സഹകരണകൃഷി ഇനി ഉണ്ടാവുകയില്ല എന്നു പറയുന്നതു ശരിയല്ല. ആളുകളുടെ കൈയിൽ ഭൂമിയുണ്ടെങ്കിൽ ആളുകളുടെ സമ്മതത്തോടുകൂടി യോജിപ്പിച്ചു് സഹകരണകൃഷി സമ്പ്രദായം നടപ്പിലാക്കാൻ കഴിയുമെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. ഇ. പി. ഗോപാലൻ : സഹകരണകൃഷി ആരെങ്കിലും നടത്തുന്നതു് സമ്മതമാണെന്നു് ഇപ്പോൾ മനസ്സിലായി. കേരളത്തിൽ ആരെങ്കിലും സഹകരണകൃഷി നടത്താൻ സന്നദ്ധരായി മുന്നോട്ടുവന്നാൽ അതിനെ അനുകൂലിക്കും എന്നാണല്ലോ കാണുന്നതു്. അതു മറ്റൊരു കാര്യമാണു്. ഗവണ്മെന്റിനു് ഇവിടെ ഒരു പ്രത്യേക ബാദ്ധ്യതയുണ്ടു്. അതു നിർവ്വഹിക്കാൻ തയ്യാറുണ്ടോ എന്നതാണു് ചോദ്യം. കുട്ടനാടൻ കായൽ പ്രദേശങ്ങളിൽ സഹകരണകൃഷി ഏർപ്പെടുത്താൻ പറ്റുന്ന ഒരു സാഹചര്യം ഉണ്ടാക്കുവാൻ ഒരുക്കമുണ്ടോ ? സ്വകാര്യവ്യക്തികളിലൂടെ സഹായം നൽകാൻ മാത്രമേ ഗവണ്മെന്റു ഒരുക്കമുള്ളൂ എന്നുള്ളതിന്റെ തെളിവല്ലെ ഇവിടെ കാണുന്നതു്. കാലാകാലമായി ഗവണ്മെന്റുകൾ കണക്കില്ലാത്തവിധത്തിൽ ഗ്രാൻറായിട്ടും കടമായിട്ടും കുട്ടനാട്ടിലെ കൃഷിക്കു് സഹായം ചെയ്യുന്നുണ്ടല്ലോ. കുട്ടനാട്ടിലെ കായൽ രാജാക്കന്മാർ എടുക്കുന്ന നില, പാലക്കാട്ട ജില്ലയിലെ നെല്ലുൽപാദകർ എടുത്താൽ എന്താകും സ്ഥിതിയെന്നു് മനസ്സിലാക്കിയിട്ടുണ്ടോ? കുട്ടനാട്ടിലെ നെൽകൃഷിക്കു് ഗവണ്മെന്റു് ചെലവഴിക്കുന്ന പണത്തിന്റെ കണക്കു നോക്കിയാൽ, ഗവണ്മെന്റു നേരിട്ടു നടത്തിയാലും തകരാറില്ലെന്നു് കാണാം. കുട്ടനാട്ടിലെക്കാൾ നെല്ലുൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളിൽ ഗവണ്മെന്റു് കാര്യമായി ഒന്നും ചെലവഴിക്കേണ്ടി വരുന്നില്ലല്ലോ. കുട്ടനാട്ടിൽ ഒരു പാടശേഖരത്തിൽ ഒരു മട വീണാൽ, കൃഷിക്കു് അല്പസ്വല്പം കേടുപാടുകൾ പറ്റിയാൽ കാശു് കണക്കുതീർത്തു വാങ്ങുന്ന ഒരേർപ്പാടു് അവിടെ ഉണ്ടെന്നു മനസ്സിലാക്കുന്നുണ്ടു്. അങ്ങനെ യഥാർത്ഥത്തിൽ സർക്കാർ ഖജനാവിൽ നിന്നു് സഹായവും കടവും കൊടുത്തിട്ടു് അഭിവൃദ്ധിപ്പെട്ട ഒരു പ്രദേശമാണു് കുട്ടനാട്ടു്. ഇനിയുണ്ടാകാനിരിക്കുന്ന അഭിവൃദ്ധിയും സക്കാരിന്റെ സഹായത്തെ ആസ്പദിച്ചാണിരിക്കുന്നതു്. ഇപ്പോൾ, നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനവും ഗ്രാൻറും ലോണും കൊണ്ടാണു് ; 75 ക. ഗ്രാൻറും 25 ക. കടവും.

ശ്രീ. ഇ. പി. പൗലോസ് : മെമ്പർ മറിച്ചാണു് പറഞ്ഞതു്.

ശ്രീ. ഇ. പി. ഗോപാലൻ : എല്ലാം ഇവിടെ മറിച്ചിലാണല്ലോ. ഞാൻ ശരിക്കു പറയാം. 75 ഉറുപ്പിക കടവും 25 ഉറുപ്പിക ഗ്രാൻറും, ശരിയല്ലെ?

ശ്രീ. കെ. ഭാർഗ്ഗവൻ : അങ്ങോട്ടു വാങ്ങുമ്പോൾ ലോൺ വാങ്ങിക്കഴിഞ്ഞാൽ ഗ്രാൻറു് വാങ്ങാറില്ലല്ലൊ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : ഞാൻ പറയുന്നതും അതുതന്നെയാണ്. ഗ്രാൻറിൻെറയും ലോണിൻെറയും റേഷ്യോ എന്തുതന്നെയായാലും ഗ്രാൻറും ലോണും വാങ്ങിയിട്ട് കുട്ടനാടൻ ഭൂമികൾ അഭിവൃദ്ധിപ്പെടുത്തി ലാഭം മുഴുവനും സ്വന്തമാക്കാനാണ് കായൽപ്രഭുക്കൾ ഉദ്ദേശിക്കുന്നത് അതിനു മാത്രം സഹായകമായ നിലയാണ് സക്കാരിൻേറത്. ഈ നില മാററണം. ചെലവുകളെല്ലാം സക്കാർ ചെയ്യാനിടവരുന്ന സ്ഥിതിക്ക്, ഉത്തരവാദിത്വം മുഴുവനും ഏറെറടുത്തുകൂടെ. സ്വകാര്യവ്യക്തികൾക്ക് ലാഭം ഉണ്ടാക്കിക്കൊടുക്കാനെന്താണിത്ര നിർബന്ധം.

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : തൃശ്ശൂരുള്ള കോൾനിലം ആയിരം ഏക്കർ സ്ഥലവും കുട്ടനാട്ടിലെ കരിനിലം ആയിരം ഏക്കറും ലാൻഡ് ഡെവലപ്പ് ചെയ്യാനുള്ള സകല നടപടികളും പൂർത്തിയായിട്ടുണ്ട്. അതു വേണമോ, വേണ്ടയോ ?

ശ്രീ. ഇ. പി. ഗോപാലൻ : ഇനി വേറെ എവിടെയെങ്കിലും കായൽ നിലങ്ങളുണ്ടെങ്കിൽ, അതെല്ലാംപറഞ്ഞാൽ മറുപടി ഒന്നിച്ചു പറയാം.

ശ്രീ. പി. ടി. ചാക്കോ : കായംകുളം കായലിൽ കുറെ സ്ഥലം റിക്ലെയിം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ : അത് ഗവണ്മെൻറല്ലെ ചെയ്തത് ?

ശ്രീ. പി. ടി. ചാക്കോ : സ്വകാര്യവ്യക്തികൾക്ക് കൊടുക്കാൻ ഉദ്ദേശിക്കുകയാണ്.

ശ്രീ. ഇ. പി. ഗോപാലൻ : ഇനി ഏതേതു കായലുകളാണ് സ്വകാര്യവ്യക്തികൾക്ക് കൊടുക്കാനുദ്ദേശിക്കുന്നത് ?

ശ്രീ. പി. ടി. ചാക്കോ : ഒരു സ്ഥലം കൂടിയുണ്ട്. 1958—ൽ ആക്കുളം കായൽ കുറെ നിലമാക്കി.

ശ്രീ. ഇ. പി. ഗോപാലൻ : അത്രയൊന്നും പിന്നാക്കം പോകേണ്ടതില്ല. കാര്യം വ്യക്തമായി. സക്കാരിൽനിന്നു ചെലവ് എല്ലാം ചെയ്യുക; ലാഭം ഏതാനും ചില വ്യക്തികൾക്കു. അതു സംരക്ഷിക്കാൻ തന്നെയാണ് ഭാവം എന്നു തെളിഞ്ഞിരിക്കുന്നു.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : ആക്കുളംകായൽ നികത്തിയ സ്ഥലത്തൊക്കെ തെങ്ങുവച്ചു എന്നു പറയുന്നതു ശരിയാണോ ?

ശ്രീ. പി. ടി. ചാക്കോ : വെള്ളായണി കായലിൽ 1957—58—ൽ സഹകരണകൃഷിക്ക് ഒരു കാപ്പ്റേഷൻ ഉണ്ടാക്കിയതായും, അതിനു് സക്കാരിൻെറ പണം വാങ്ങിച്ചതായും അറിയാം. അവിടെ എന്തെങ്കിലുമുണ്ടായോ ?

ശ്രീ. ഇ. പി. ഗോപാലൻ : അതൊന്നും എനിക്ക് അറിഞ്ഞുകൂടാ. ഇപ്പോൾ പറയുന്നത് നന്നായി അറിയും. കായൽ രാജാക്കന്മാക്ക് സഹായം നൽകും. ലാഭം മുഴുവനും അവക്കാണ്.

മി. സ്പീക്കർ : എല്ലാവരും ശ്രീ. ഗോപാലനോട് ചോദ്യം ചോദിക്കുന്നതെന്തിനാണ് ?

ശ്രീ. പി. ടി. ചാക്കോ : വേറെ എവിടെയെങ്കിലും ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാൻ പറഞ്ഞതുകൊണ്ടാണ് ചോദിച്ചത്.

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : ആക്കുളം എന്നു പറയുന്നത് വേളീക്കായലിൻെറ ഭാഗമായിട്ട് 100 ഏക്കറുണ്ട്. അത് ആരും ഒന്നും ചെയ്തിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ : ഇനി എത്ര കായലുകളുടെ പേരു പറഞ്ഞാലും ശരി, ആരുടെ വകയായാലും ശരി എവിടെയൊക്കെയായാലും ശരി, സക്കാർ പണം ചെലവഴിച്ചാലേ കൃഷി നടത്താൻ സാധിക്കുകയുള്ളു എന്നു വരുന്ന സ്ഥിതിക്ക് അവയെ പരിധിയിൽപ്പെടുത്തി, മിച്ചം എടുത്തു സഹകരണകൃഷിയോ സ്റ്റേയിററ് ഫാമോ തുടങ്ങുകയാണു വേണ്ടത് എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ഈ ആർ. ബ്ലോക്ക് എന്നു പറയുന്നതു് ബഹുമാനപ്പെട്ട ശ്രീ. വി. ആർ. കൃഷ്ണയ്യർ മന്ത്രിയായിരുന്ന കാലത്തു കുട്ടനാട്ടു് പ്രദേശത്തു് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിൽ ഒരു ഭാഗം മാത്രമാണെന്നു് മെമ്പർക്കറിയാമോ ?

ശ്രീ. ഈ. പി. ഗോപാലൻ : അതെല്ലാം ഇപ്പോൾ പറഞ്ഞിട്ടെന്താവശ്യം ? കായൽ പാടശേഖരങ്ങൾ പരിധിയിൽ പെടുത്തണമോ വേണ്ടയോ എന്നതാണു് പ്രശ്നം. പരിധിയിൽനിന്നു് ഒഴിവാക്കിയാൽ കായൽ പ്രഭുക്കൾക്കാണു ലാഭം. അതാണിവിടെ ചെയ്യുന്നതു്. പരിധിയിൽ ഉൾപ്പെടുത്തണം. എന്നിട്ടു സഹകരണകൃഷി നടപ്പിലാക്കണം. അതിനു തയ്യാറുണ്ടോ ? അക്കാര്യമാണിപ്പോൾ ആലോചിക്കേണ്ടതു്. അതിനു പററിയ സന്ദർഭമാണിതു്. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ കുട്ടനാടൻ കായൽ രാജാക്കന്മാർ സാമാന്യപ്പെട്ട ആളുകളൊന്നുമല്ല. അവർ ഈ സംസ്ഥാനത്തിന്റെ രാഷ്ട്രീയ കാര്യങ്ങളിൽ വളരെ സ്വാധീനശക്തി ചെലുത്തുവാൻ കഴിവുള്ളവരാണു്. പല വിധത്തിലും ശക്തന്മാരാണു്. അവർ നമ്മുടെ നാട്ടിൽ മന്ത്രിസഭകളുണ്ടാക്കാനും മന്ത്രിസഭകളെ മാററാനും കെല്പുള്ളവരാണു്. അങ്ങനെ വരുമ്പോൾ ഈ ഗവണ്മെന്റു് അവർക്കു് കീഴ്പ്പെടുകയെന്നുള്ളതല്ലാതെ അവർ ഈ ഗവണ്മെന്റിനു കീഴ്പ്പെടുകയില്ല എന്നുള്ളതു വ്യക്തമല്ലേ ? അതിന്റെ തെളിവാണിവിടെ കാണുന്നതു്.

ശ്രീ. കെ. എം. ജോർജ്ജ് : ഏതു മന്ത്രിസഭയാണു് കുട്ടനാട്ടുകാർ മറിച്ചിട്ടതെന്നു പറയാമോ ?

ശ്രീ. ഈ. പി. ഗോപാലൻ : തിരുവിതാംകൂറിന്റേയും, തിരുവിതാംകൂർ-കൊച്ചിയുടേയും ചരിത്രം ഞാൻ ഇനി വിവരിക്കണമോ ? മലബാറും കൂടിച്ചേർന്നു് കേരളമായതിന്റെശേഷമുള്ള ചരിത്രവും നമുക്കറിയാം. ഞാനതൊക്കെ എന്തിനു വിവരിക്കണം. എല്ലാം കാര്യങ്ങളും ശ്രീ. ജോർജ്ജിനറിയാമല്ലോ ?

5 p. m.

ശ്രീ. കെ. എം. ജോർജ്ജ് : അറിയാം.

ശ്രീ. ഈ. പി. ഗോപാലൻ : കേരളപ്പിറവിക്കുശേഷം ഉണ്ടായ സംഭവങ്ങൾ മറക്കാൻ സമയമായിട്ടില്ലല്ലോ. വിമോചനസമരത്തിന്റെ............

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കമ്മ്യൂണിസ്ററു് മന്ത്രിസഭയുടെ കാലത്തു് ഈ ഭരണം മാറിയില്ലെങ്കിൽ ഞങ്ങൾ കൃഷിചെയ്യുകയില്ല എന്നു കുട്ടനാട്ടിലെ ഭൂസ്വാമികൾ പ്രസ്താവിച്ചിട്ടുള്ളതായി പത്രങ്ങളിൽ വന്നിട്ടുള്ളതറിയാമോ?

ശ്രീ. കെ. ഭാർഗ്ഗവൻ : പട്ടം താണുപിള്ളയുടെ മന്ത്രിസഭ പനമ്പിള്ളി ഗോവിന്ദമേനോൻ മറിച്ചിട്ടതു കുട്ടനാട്ടുകാരുടെ സഹായത്തോടുകൂടിയാണെന്നറിയാമോ ?

ശ്രീ. ഈ. പി. ഗോപാലൻ : എല്ലാവർക്കും അറിവുള്ളതാണക്കാര്യം. ശ്രീ. രാമകൃഷ്ണൻ ചോദിച്ച ചോദ്യം വളരെ പ്രധാനമാണു്. കമ്മ്യൂണിസ്ററു് ഗവണ്മെന്റിന്റെ കാലത്തവർ പറഞ്ഞു, ഈ അടിയന്തിര കാലഘട്ടത്തിൽ അവർ അതുതന്നെ പറഞ്ഞു, കടം പിരിവു് നിർത്തിവെച്ചില്ലെങ്കിൽ, കൃഷിയിറക്കുകയില്ല എന്നവർ ഭീഷണിപ്പെടുത്തി. കായൽ രാജാക്കന്മാരുടെ ശക്തിയും സ്വാധീനവും ഗവണ്മെന്റുകളെ ഭീഷണിപ്പെടുത്തുകയും മാററുകയുമൊക്കെച്ചെയ്യുമെന്നതിനു തെളിവൊന്നും ആവശ്യമില്ല. അവരുടെ ലാഭമാണു് അവർക്കു് പ്രധാനം. സംസ്ഥാനത്തിന്റെ നെല്ലുല്പാദനത്തിൽ പകുതിയോളം പാലക്കാട്ടു് ജില്ലയിൽ ആണു് പ്രൊഡ്യൂസ് ചെയ്യുന്നതു്. അവിടെയാണു് ഇപ്പോൾ പാക്കേജുപദ്ധതി നടപ്പാക്കിയതു്. അവിടെ ചെലവഴിക്കുന്ന പണം താരതമ്യേന കുറവാണു്. കുട്ടനാട്ടിൽ അങ്ങനെയല്ല. കൂടുതൽ പണം ചെലവഴിക്കുന്നു. അതിന്റെ മെച്ചം മുഴുവനും കൈകൊണ്ടുണ്ടാവുന്ന കായൽ പ്രഭുക്കന്മാർക്കാണു്. അതുകൊണ്ടാണവർ ഗവണ്മെന്റിനോടു കയർക്കുന്നതു്. ഇവിടെ ഒരു കാര്യം വ്യക്തമായി പറയാം, കുട്ടനാടൻ പാടശേഖരങ്ങൾ കായൽ പ്രഭുക്കളുടെ കയ്യി

ലമരാൻ ഇടവരുത്തുന്നതു ഒന്നുകൊണ്ടും നല്ലതിനല്ല. ഇത്ര വളരെ പണം പ്രതിവർഷം ഗവണ്മെൻറ് ചെലവഴിക്കുന്ന സ്ഥിതിക്ക് ഈ കായൽ നിലങ്ങൾ ഒന്നുകിൽ ഒരു സ്റ്റേയിററ് ഫാമായി മാററുക. അല്ലെങ്കിൽ സഹകരണ കൃഷി നടപ്പിലാക്കുക. ഇതു ചെയ്യുന്നതിനു പകരം ആ പ്രദേശം പരിധിയിൽനിന്നു് ഒഴിവാക്കി നിർത്തുകയാണു്. ഇതു് തികച്ചും തെററാണു്. സോഷ്യലിസം പറയുന്നതൊക്കെ എവിടെപ്പോയി ? കാര്യം വരുമ്പോൾ എല്ലാം മുതലാളിമാരുടേയും ജന്മിമാരുടേയും കൂടെയാണു്,സോഷ്യലിസം പറയാൻ മാത്രം. കുളിപ്പിച്ചു കുളിപ്പിച്ചു് കുട്ടി ഇല്ലാതായി. ഈ നില മാററാതെ കഴിയുകയില്ല. കായൽ കൃഷിയിൽ ഒരു പുതിയ പരീക്ഷണം നടത്താൻ കിട്ടുന്ന സന്ദർഭം കൈവിട്ടു കളയരുതു്. ഒരു പിടി കായൽ പ്രഭുക്കൾക്കായി ഇത്രയും നല്ലൊരു സ്കീം ഉപേക്ഷിക്കരുതു്. കേന്ദ്ര ഗവണ്മെൻറിൽനിന്നു് സഹായം വാങ്ങി സഫലമായി നടത്താൻ പററുന്ന ഒരു പദ്ധതിയാണിതു്. ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യം വിട്ടുകളയുന്നതു് ഉചിതമല്ല. നമ്മുടെ രാജ്യത്തിൻെറ ഭക്ഷ്യോൽപ്പാദന വിഷയം ഗൗരവമേറിയതാണു്. ഈ ദേശീയ താൽപ്പര്യത്തെ ഓർത്തു് കുട്ടനാടൻ കായൽ കൃഷി ഒരു പിടി സ്വകാര്യ വ്യക്തികൾക്കു് വിട്ടുകൊടുക്കരുതു്. ഈ സ്റ്റേററിൻെറ ഭാവിയെ ഓർത്തു കുട്ടനാടൻ കായൽ നിലങ്ങൾ പരിധിയിൽ ഉൾപ്പെടുത്തുക. അടുത്ത ഭാവിയിൽ മേലേക്കിടയിലുള്ള ഒരു സ്റ്റേററു് ഫാമായി അതു നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക. കായൽ രാജാക്കന്മാർക്കു് കീഴ്പ്പെടാതിരിക്കുക.

പിന്നീടു് പറയുവാനുള്ളതു പെപ്പർഗാർഡൻസും അരീക്കനട്ട ഗാർഡൻസും പരിധിയിൽ നിന്നൊഴിവാക്കിയതിനെപ്പററിയാണു്. സർ, ബഹുമാനപ്പെട്ട ചാഴിക്കാടൻ തെങ്ങു കൃഷിചെയ്യുന്ന സ്ഥലങ്ങളുംകൂടി പരിധിയിൽ ഒഴിവാക്കണമെന്നു് പറയാൻ വഴിവച്ചുകൊടുത്തിട്ടുള്ളതു ഇതുകൊണ്ടാണു്. നെൽകൃഷിചെയ്യുന്ന സ്ഥലങ്ങളുംകൂടി ഒഴിവാക്കിയാൽ പരിധിനിർണ്ണയത്തിൻെറ പണി കഴിഞ്ഞല്ലോ ?

ശ്രീ. കെ. എം. ജോർജ് : ബഹുമാനപ്പെട്ട ചാഴിക്കാടൻ തൊട്ടടുത്തിരിക്കുന്ന ആളാണല്ലോ. അദ്ദേഹത്തെ പ്രേരിപ്പിച്ചു അതു വേണ്ടാ എന്നു പറയിക്കരുതായിരുന്നോ; വെറുതേ ഞങ്ങളെ കുററം പറയുന്നതെന്തിനാണു്?

ശ്രീ. ഈ. പി. ഗോപാലൻ : തൊട്ടടുത്തിരിക്കുന്ന ആളോടു വക്കാണം കൂടണമെന്നു ഞാൻ പഠിച്ചിട്ടില്ല. അതു ശ്രീ. ജോർജ് പറയുകയില്ലെന്നു് കരുതുന്നു. ശ്രീ. ചാഴിക്കാടനെ ഞാൻ പ്രേരിപ്പിക്കണമെന്നു് പറയുന്നതു് സാധിക്കുന്ന കാര്യമാണോ? തെങ്ങു് കൃഷിചെയ്യുന്ന സ്ഥലങ്ങളെ പരിധിയിൽ നിന്നൊഴിവാക്കണമെന്നു ഭേദഗതിക്കു പ്രചോദനം കിട്ടിയതു്,കവുങ്ങു കുരുമുളകു കൊടിയും ഒഴിവാക്കിയതിൽനിന്നാണെന്നദ്ദേഹം പറഞ്ഞു. സെലക്ററു് കമ്മിററി റിപ്പോർട്ടിൽ പറഞ്ഞതാണു്.

ശ്രീ. പി. ടി. ചാക്കോ : സെലക്ററു് കമ്മിററിയിൽ അദ്ദേഹം ഉണ്ടായിരുന്നു. അവിടെയും ഇതു പറഞ്ഞു. അതിനുമുമ്പും ഇതു പറഞ്ഞു. അപ്പോൾ സെലക്ററു് കമ്മിററി റിപ്പോർട്ടു് വായിച്ചിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ : ശരിയായിരിക്കാം. എനിക്കറിവില്ലല്ലോ. ഏതായാലും അദ്ദേഹത്തിൻെറ വാദത്തിനു് ആസ്പദമുണ്ടാക്കിക്കൊടുത്തതു് നിങ്ങളാണു്. കുരുമുളകു് കൃഷിചെയ്യുന്ന സ്ഥലങ്ങളും പരിധിക്കു പുറത്താക്കി. അരീക്കനട്ടു് കൃഷി ചെയ്യുന്ന സ്ഥലങ്ങളും പരിധിക്കു് പുറത്താക്കി. എന്നാൽ പിന്നെ തെങ്ങു് എന്തു പിഴച്ചു. ശ്രീ. ചാഴിക്കാട്ടു് ചോദിച്ചു. ഇനി ഒരാൾ ചോദിച്ചാലോ, എന്നാൽ പിന്നെ നെല്ലെന്തു പിഴച്ചു ? പിഴച്ചതു് തെങ്ങിനും നെല്ലിനുമൊന്നുമല്ല,നിങ്ങൾക്കാണു്. സർ, സീലിംഗ് എന്ന ആശയത്തെ ഈ ബില്ലിൽ ചെയ്ത മാതിരി പരിഹാസ്യമാക്കിത്തീർക്കാൻ മററാർക്കും സാദ്ധ്യമായിട്ടില്ല. അത്രയധികം ഈ ആശയത്തെ നശിപ്പിച്ചിരിക്കുന്നു. വളരെ വേദനയോടുകൂടിയാണു് ഞാനിതു പറയുന്നതു്. മി. ചാഴിക്കാടൻ തെങ്ങു കൃഷിചെയ്യുന്ന സ്ഥലംകൂടി ഒഴിവാക്കണമെന്നു പറയുന്നു. ഗവണ്മെൻറു ഭാഗത്തുനിന്നു നെൽകൃഷിചെയ്യുന്ന സ്ഥലങ്ങളുംകൂടി ഒഴിവാക്കണമെന്നു ദയവായി പറയട്ടേ. എന്നാൽ പിന്നെ തീർന്നല്ലോ, സീലിംഗിനെപ്പററി ആരാലോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

പിക്കുകതന്നെ വേണ്ടല്ലോ. ധീരത ഒന്നിവിടെ കാണിക്കാത്തതെന്താ? ചെപ്പറും അരിക്കുന്നെട്ടും ഒഴിവാക്കാൻ ധീരത കാണിച്ചവർ ചെയ്യേണ്ടതു നെൽകൃഷി നടത്തുന്ന സ്ഥലങ്ങളും—കുട്ടനാട് ഏതായാലും ധീരമായി, ഒഴിവാക്കിയല്ലോ, ഒഴിവാക്കുകയാണ്. അതു ചെയ്യാത്തതു് കാപട്യമല്ലേ. പ്ലാന്റേഷന്റെ നിർവ്വചനം അനുസരിച്ച റബ്ബർ, കാഫി തുടങ്ങിയതെല്ലാം ഒഴിവാക്കി. സത്യം പറയട്ടേ, അപ്പോഴൊന്നും ഇത്രവരെ ഈ ഒഴിവാക്കൽ ചെന്നെത്തുമെന്നു് കരുതിയില്ല. കപടംകൊണ്ടിനി കാര്യമില്ല. ഈ ഒഴിവാക്കലുകൾ പരിധി നിർണ്ണയത്തെ കൊന്നിരിക്കുന്നു. കാർഷിക പരിഷ്ക്കാരത്തിന്റെ അവിഭാജ്യഭാഗമായ മിച്ചഭൂമി കണ്ടെത്തൽ പറ്റെ പൊളിച്ചിരിക്കുന്നു. ഭൂദാഹം സഹിച്ചു കഴിയുന്നവർക്കു് ഒരു കഷണം ഭൂമി നൽകാനിനി സാദ്ധ്യമാവില്ല. പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശങ്ങൾക്കെല്ലാം എന്തു വിലയുണ്ടു് എന്നു് ഞാൻ ചോദിക്കുന്നു. മിച്ചഭൂമി വിതരണം കേവലം ഒരു പദപ്രയോഗം മാത്രമായി അവശേഷിക്കുന്നു. ഭൂമിയില്ലാത്ത കുറേപേർക്ക് പത്തു് സെൻറു് വീതമെങ്കിലും കുടി കെട്ടി പാർക്കുന്നതിനു കൊടുക്കാൻ പററാത്ത കാർഷിക പരിഷ്ക്കാരം കാർഷികപരിഷ്ക്കാരമല്ല. പ്ലാന്റേഷൻസ് കുട്ടനാട് ഏരിയ, കുരുമുളകു്, കമുകു് തോട്ടങ്ങൾ, കശുമാവിൻ തോട്ടങ്ങൾ—എല്ലാം പരിധിക്കു പുറത്തായി. എല്ലാം കഴിഞ്ഞു. മിച്ചഭൂമി പൂജ്യം. ഈ സബ് ക്ലാസ് (ജി) എടുത്തുകളയണമെന്ന ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു. അത്രയെങ്കിലുമാവട്ടെ എന്ന അർത്ഥത്തിൽ മാത്രം. ഒരു നിശ്ചിത രീതിയിൽ കശുവണ്ടി തോട്ടങ്ങളെ പരിധിയിൽ പെടുത്താതാക്കിയ കാർഷികബന്ധനിയമത്തിലെ നിർദ്ദേശത്തിലടങ്ങിയ ആപത്തു ഇപ്പോൾ വ്യക്തമായി. അതിന്റെ കയ്യും പിടിച്ചുകൊണ്ടാണു് ഇപ്പോൾ കുരുമുളകും അടക്കയും പുറത്തു കടക്കുന്നതു്. അപ്പോൾ സീലിംഗ് എന്ന ആശയം അതായതു്, മിച്ചഭൂമി ഉണ്ടാകുക എന്നുള്ള ആശയം പരിപൂർണ്ണമായി പരാജയമടഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി മറ്റൊരു സന്ദർഭത്തിൽ പറയുകയുണ്ടായി, മിച്ചഭൂമി അങ്ങനെ ആരുടെ എങ്കിലും കയ്യിൽനിന്നെടുത്തിട്ടു വല്ലവർക്കും കൊടുക്കാൻ ഏററിട്ടില്ലാ എന്നു്- അക്കാര്യം സമർത്ഥമായി സാധിച്ചിരിക്കുന്നുവെന്നു് സമാധാനിക്കാം. മിച്ചഭൂമി ഉണ്ടാകാൻ പാടില്ലെന്നു് ശാഠ്യം പിടിച്ചുകൊണ്ടാണു് ആരംഭംതന്നെ. ഭൂമി ഉടമസ്ഥന്മാരെ പ്രീണിപ്പിക്കാൻ നിന്നാൽ ഇങ്ങനെ വരും. മിച്ചഭൂമി ഉണ്ടാക്കാൻ സൗകര്യം കിട്ടുന്നേടത്തെല്ലാം ഭൂമി ഉടമസ്ഥന്മാരുടെ പക്ഷം പിടിച്ചു് ഒഴിവാക്കലുകൾ നടത്തി. അങ്ങനെ ഒഴിവാക്കി, ഒഴിവാക്കി ഒടുവിൽ ഈ 79—ാം വകുപ്പോടുകൂടി സീലിംഗ് എന്ന ആശയത്തിന്റെ തലക്കു് ഒടുവിലത്തെ ആണി അടിക്കയും ചെയ്തിരിക്കുന്നു. മിച്ചഭൂമി ഉണ്ടാക്കാൻ പാടില്ല എന്ന ഉദ്ദേശം വിജയിക്കുകയും ചെയ്തിരിക്കുന്നു.

ഈ 79-ാം വകുപ്പോടുകൂടി ഒരു കാര്യം സീൽചെയ്തിരിക്കുന്നു. അതെന്താണെന്നു വച്ചാൽ മിച്ചഭൂമി കാണുകയില്ല എന്നതുതന്നെ. യാതൊരു തെററിദ്ധാരണയ്ക്കും ഇടയില്ലാത്ത തരത്തിൽ അക്കാര്യം വകുപ്പു 79 കൊണ്ടു് സ്പഷ്ടമായിത്തീർന്നിരിക്കുന്നു. ഇത്തരം ഒരു നിയമനിർമ്മാണത്തിൽ ഈ നില സ്വീകരിച്ചതു തെററായിപ്പോയി. നിശ്ചയമായി ഈ കേരളംപോലുള്ള സംസ്ഥാനത്തിൽ ഇതു മാറേറണ്ടിവരും. എന്തു ന്യായം പറഞ്ഞാലും ഒരൊററ കഷണമെങ്കിലും മിച്ചഭൂമി ഇവിടെ കിട്ടാനില്ലെങ്കിൽ ഇവിടത്തെ കാർഷികപരിഷ്ക്കരണം പൂർത്തിയായിട്ടില്ലെന്നാണു് അർത്ഥം.

ശ്രീ. ആർ. രാഘവമേനോൻ: കേരളത്തിൽ മിച്ചഭൂമി വന്നില്ലെങ്കിൽ ഭൂപരിഷ്ക്കരണം നന്നാകുകയില്ലെന്നു പറഞ്ഞാൽ ഭൂമി ഉണ്ടെങ്കിൽ അല്ലേ ഒക്കുകയുള്ളു. അപ്പോൾ അതു പറഞ്ഞാൽ വല്ല അർത്ഥവുമുണ്ടോ?

ശ്രീ. ഈ. പി. ഗോപാലൻ: ബഹുമാനപ്പെട്ട രാഘവമേനോനറിയാം, നമുക്കു ഭൂമി ഉണ്ടാക്കാൻ ഒക്കുകയില്ലെന്നു്. ഉള്ളതിൽ മിച്ചം കണ്ടെത്താൻ ശ്രമിക്കാത്തതാണു തെററു്. പാലക്കാട്ടു് ഏമൂർ ഭഗവതിദേവസ്വത്തിന്റെ വകയായ ഭൂമി നൂറും ഇരുനൂറും ഏക്കർ കൈവശം വച്ചിരിക്കുന്നവരില്ലേ? കഴിഞ്ഞ ഏതാനും കൊല്ലങ്ങളിൽ പുതുതായി 300-ം, 500-ം, 800-ം, 1000-വും ഏക്കർ സ്ഥലം കൈവശപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു സത്യമല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഭാസ്കരൻ നായർ: പ്രൈവറ്റ് ഫാറസ്റ്റ് ഭൂമികൾ എങ്ങനെ പരിധിയെ അവോയിഡ് ചെയ്യാൻ കഴിയും?

ശ്രീ. ഈ. പി. ഗോപാലൻ: ബഹുമാനപ്പെട്ട മെമ്പർ ഈ ബിൽ ഇവിടെ അവതരിപ്പിച്ചതുമുതൽതന്നെ വളരെ ശ്രദ്ധയോടുകൂടിയിരിക്കുന്ന ആളായിട്ടാണ് ഞാൻ ധരിച്ചുവച്ചിട്ടുള്ളത്. എം. പി. പി. എഫ്. ആക്റ്റിൽ പെടുന്ന ഭൂമികളെ സംബന്ധിക്കുന്ന ഏതാനും വകുപ്പുകൾ പസ്സാക്കിക്കഴിഞ്ഞിരിക്കുന്നു. അതു സൗകര്യപൂർവ്വം മന്ത്രിയോടു ചോദിച്ചാൽ മനസ്സിലാകും. എം. പി. പി. എഫ്. ആക്റ്റ് ബാധകമായ പ്രദേശങ്ങളിൽ തോട്ടമായിട്ടുള്ളതും വയലായിട്ടുള്ളതും ആയ സ്ഥലങ്ങൾ മുഴുവനും ഈ നിയമം ബാധകമാകുന്നതാണ്. ഈ അടുത്തകാലത്തു് കേരളത്തെപ്പോലെ ഭൂമി കുറഞ്ഞ ഒരു സംസ്ഥാനത്തു ഇരുന്നൂറും, അഞ്ഞൂറും ഏക്കർ ഭൂമിയുടെ പുതിയ ഭൂവുടമസ്ഥന്മാരുണ്ടായിട്ടുള്ളതു എങ്ങനെയെന്നറിയില്ലേ? അതു ഈ സംസ്ഥാനത്തിനു ഇണങ്ങിച്ചേരുന്നതാണോ? കുറേ ആളുകളെ വാസ്തവത്തിൽ ഒഴിവാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇതെല്ലാം ചെയ്തിട്ടുള്ളത്. പുതുതായി ഭൂമി ഉടമസ്ഥന്മാരായവരെ രക്ഷിക്കാൻകൂടി ഉദ്ദേശമുള്ളതായി കാണുന്നു. ഇന്നു ഭൂമി ഉള്ളവരുടെ കയ്യിൽ, ഉള്ളതു മുഴുവനും നിർബാധം വെച്ചുകൊണ്ടിരിക്കുവാൻ അനുവദിക്കുന്നതാണ് തെറ്റ്. അതിന് സൗകര്യം നൽകുന്ന വിധത്തിൽ ഒഴിവാക്കലുകളുണ്ടാക്കിയിരിക്കുന്നുവെന്ന് തെളിഞ്ഞുകഴിഞ്ഞു. എന്നിട്ട് ഇവിടെ മിച്ചഭൂമി ഉണ്ടാവുകയില്ല എന്നു് ന്യായവാദം ചെയ്യുന്നു. ഈ നിയമനിർമ്മാണത്തിൽ അംഗീകരിച്ച വീക്ഷണവും സമീപനവും തെററാണ്. എന്തു ന്യായം പറഞ്ഞാലും ഈ പരമാർത്ഥം മറച്ചുപിടിക്കാനാവില്ല. മിച്ചഭൂമി ഉണ്ടാക്കാൻ തക്ക വിധത്തിൽ ഒഴിവുകൾ നിയന്ത്രിക്കണം. കുട്ടനാടൻ കായൽ നിലങ്ങൾ ഒന്നുകിൽ സഹകരണാടിസ്ഥാനത്തിൽ അല്ലെങ്കിൽ സ്റ്റേറ്റ് ഫാമായി കൃഷിനടത്താൻ കഴിയണം. ഇവയെല്ലാം നിഷേധിക്കുന്ന നിലയിലാണ്. സെക്ഷൻ 79 നിൽക്കുന്നതു്. ഇതിൽ മാററം വരുന്ന ഭേദഗതികൾ കൊടുത്തിട്ടുണ്ട്. അതു സ്വീകരിക്കാൻ ഒരുക്കമില്ലാത്തിടത്താണ് മന്ത്രി നിൽക്കുന്നതെന്നു അറിയുകയും ചെയ്യും. എങ്കിൽപോലും കേരളത്തിൽ കാർഷികപരിഷ്ക്കരണം നടപ്പിലാക്കുന്നതിൽ സ്വീകരിക്കേണ്ട തത്വങ്ങൾ ഈ ഭേദഗതികൾ ഉൾക്കൊള്ളുന്നു. ഇതിൽ വ്യക്തമായ ഒരാശയം നിഴലിക്കുന്നുണ്ട്. ഈ ആശയം നിലനിൽക്കും. അതിനനുസരിച്ച് വകുപ്പുകൾ മാറുകതന്നെ ചെയ്യും. ജനങ്ങളുടെ ഉള്ളിൽ കയറിയ ഒരാശയഗതി മാററണമോ, ഈ നിയമം മാററണമോ എന്നതാണ് മൗലിക പ്രശ്നം. നിയമമമാണ് മാറേറണ്ടിവരിക എന്നെനിക്കുറപ്പുണ്ട്.

ശ്രീ. പി. ടി. ചാക്കോ: ഈ ബിൽ സെലക്റ്റുകമ്മിററിക്ക് അയയ്ക്കുന്നതിനുമുമ്പും അതിനുശേഷമുള്ള പൊതുചർച്ചയിലും പരിധിനിർണ്ണയത്തെ സംബന്ധിച്ച് ചെയ്ത പരാമർശനങ്ങൾ കൂടാതെ സൃഷ്ടിപരമായ നിർദ്ദേശങ്ങൾ ഈ ചർച്ചയുടെ ഇടയ്ക്ക് ഉണ്ടാകുമെന്ന് ഞാൻ വിചാരിച്ചിരുന്നു. ആ കാര്യത്തിൽ ഞാൻ വളരെ നിരാശനായിപ്പോയി. മുമ്പു പറഞ്ഞിട്ടുള്ള അതേ കാര്യങ്ങൾ ഏതാണ്ടു പലപ്പോഴും അതേ വാചകത്തിൽ പറഞ്ഞതിനപ്പുറമായി ഒരു പുതിയ നിർദ്ദേശവും ഞാൻ കണ്ടില്ല. പുതുതായി വന്നതു ചിലതെല്ലാം ഭീഷണികളും ചിലതു കോപത്തിന്റെ പ്രകടനങ്ങളുമായിരുന്നു. ഈ ബിൽ നിയമമായാലും അതു് മാറുമെന്ന് ശ്രീ. ഈ. പി. ഗോപാലൻ പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു. ഈ നിയമമല്ല, മനുഷ്യനിർമ്മിതങ്ങളായ നിയമങ്ങളൊക്കെ മാനവസമൂഹത്തിന്റെ പുരോഗതിയുടെ ഓരോ ഘട്ടങ്ങളിൽ മാററാതെയാതൊരു നിവൃത്തിയുമില്ല. ആ നിലയിൽ ഈ നിയമവും മാറും. ഇതല്ല, ശ്രീ. ഗോപാലൻ കൂടിചേർന്ന കക്ഷിയുടെ നിയമമായാലും മാറും. മാറേണ്ടവ അതാതു ഘട്ടങ്ങളിൽ മാറും. അതിൽ എനിക്കു് പരിഭവമില്ല. ഇത്ര ദീർഘമായി ചർച്ച ചെയ്തതിന് സെലക്റ്റുകമ്മിററി എന്തു ഭേദഗതിവരുത്തി; സെലക്റ്റുകമ്മിററിയിൽ പോയതിനുശേഷം വരുത്തിയ ഭേദഗതികളെപ്പററിയാണല്ലോ ദീർഘമായ ചർച്ചകൾ വേണ്ടതു്. അതിൽനിന്നും പുറകോട്ടു പോയി കാർഷികബന്ധനിയമത്തിലുണ്ടായിരുന്ന ഈ വകുപ്പിൽ എന്തെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്നു ചോദിച്ചാൽ അതു പ്രസക്തമായിരിക്കും. കാർഷികബന്ധനിയമത്തിലെ 57-ാം വകുപ്പും ഈ ബില്ലിലെ 79-ാം വകുപ്പും ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലരെങ്കിലും വായിച്ചുനോക്കി താരതമ്യപ്പെടുത്തിയിട്ടുണ്ടെന്നു എനിക്കറിയാം. എല്ലാവരും അങ്ങനെ ചെയ്തിരുന്നെങ്കിൽ ശ്രീ. കുഞ്ഞച്ചനെപ്പോലെ സംസാരിക്കേണ്ടി വരുമായിരുന്നില്ല. കാർഷികബന്ധനിയമത്തിലെ 57-ാം വകുപ്പിലുള്ളതിൽ ഇതിലെ പ്ലാന്റേഷന്റെ ഡഫനിഷൻകൂടി ചേർത്താൽ പ്രധാനമായി നാലു ഭേദഗതികൾ വരുത്തിയിട്ടുണ്ട്. പ്ലാന്റേഷന്റെ ഡഫനിഷനിലുള്ള ഭേദഗതിയെപ്പററി ഇതിനുമുമ്പു ചർച്ച ചെയ്തു. അതിൽ സിന്നാമൺ, കൊക്കൊ എന്നിവകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നു പറഞ്ഞാൽ കേരളത്തിൽ ഇപ്പോഴുള്ള കണക്കു നോക്കുകയാണെങ്കിൽ ഏതാണ്ടു 250 ഏക്കറിനു താഴെ ഒഴിവാക്കി. പിന്നെ വന്നിട്ടുള്ള വ്യത്യാസം 5 ഏക്കറിനുമേലുള്ള ഇന്നു നിലവിലുള്ള കുരുമുളകും കമുകും തോട്ടങ്ങളെ പരിധി നിർണ്ണയത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്നുള്ളതാണ്. കശുമാവു തോട്ടങ്ങളുടെ കാര്യം പുതിയതല്ല. അതു് കാർഷികബന്ധനിയമത്തിൽ സ്വീകരിച്ചിരുന്നതാണ്. അതോടുകൂടി പത്തേക്കറിനു മുകളിലുള്ള കുരുമുളകും കമുകും തോട്ടങ്ങളെ ഒഴിവാക്കാനുള്ള നിർദ്ദേശം വന്നു. അതു് സെലക്ററുകമ്മിററിയിൽ പോയി. അഞ്ചേക്കറിനു മുകളിലുള്ളവ ഒഴിവാക്കണമെന്നു് സെലക്ററു കമ്മിററി നിർദ്ദേശിച്ചു. അതുകൊണ്ടു വളരെയധികം ഭൂമി ഒഴിവാകുമെന്നു് ആരും വിചാരിച്ചിട്ടു കാര്യമില്ല. ഏകദേശം ഇരുന്നൂറോളം ലാൻഡ്ഹോൾഡേഴ്സ് ഒഴിവാകുന്നവരായി കാണും. അതൊന്നും വളരെ എക്സ്റെറൻസീവ് പ്ലാന്റേഷനല്ല. ഇതു് ഒഴിവാക്കാനുണ്ടായ കാരണം ഞാൻ മുമ്പു പറഞ്ഞിരുന്നു. അതു മുഴുവൻ ആവർത്തിക്കണമെന്നു വിചാരിക്കുന്നില്ല. ഇതു് ആവശ്യമായി വന്നിരിക്കുന്നതു് കേരളത്തിലെ വടക്കേഅററത്തുള്ള പ്രദേശങ്ങളിലാണ്. ആ പ്രദേശങ്ങളിലുള്ള ജനങ്ങളുടെ പ്രതിനിധികൾ പലരും ഇങ്ങനെയൊരു ഒഴിവു ഈ വകുപ്പിൽ വരുത്തേണ്ടതു് വളരെ ആവശ്യമാണെന്നു വാദിക്കുകയും ആ വാദത്തെപ്പററി പരിശോധിക്കുകയും, അങ്ങനെ ഒഴിവാക്കുന്നതുകൊണ്ടു ഈ സ്റ്റേററിനു് പ്രത്യേകമായ ഗുണങ്ങൾ ഉണ്ടാകുമെന്നു കാണുകയും ചെയ്തുകൊണ്ടു ഒഴിവാക്കിയതാണ്. കൂട്ടത്തിൽ കേരളത്തിന്റെ സാമ്പത്തിക നിലയ്ക്കു അനുകൂലമാണെന്ന നിലയിൽ കമുകും, കുരുമുളകും ഉൾപ്പെടുത്തി. കേരളത്തിന്റെ വടക്കേയററത്തുള്ള കുരുമുളകും, കമുകും തോട്ടങ്ങളിലെ കൃഷിയുടെ പ്രത്യേകതകളെയും നാണ്യവിളകൾ മൂലം കേരളത്തിന്റെ സാമ്പത്തികനിലയിൽ വരാവുന്ന ഗുണങ്ങളെയും പരിഗണിച്ചാണ് അങ്ങനെ ചെയ്തതു്. പിന്നെ ചെയ്ത പ്രധാനപ്പെട്ട ഒരു കാര്യം കുട്ടനാട്ടെ കുറെ നിലങ്ങൾ ഒഴിവാക്കിയതാണ്. കുട്ടനാട്ടെ നിലങ്ങൾ മുഴുവൻ ഒഴിവാക്കിയിട്ടില്ല. കുട്ടനാട്ടിൽ രണ്ടരലക്ഷത്തോളം ഏക്കർ നിലമുണ്ടെന്നാന്നു് തോന്നുന്നതു്. വളരെക്കൂടുതൽ വെള്ളമുള്ളതും കൃഷിയിൽ വളരെ റിസ്കുള്ളതും, കൃഷി ചെയ്യുന്നതിനു് വലിയ മൂലധനം ആവശ്യമുള്ളതും, സാധാരണനിലയിൽ കൃഷി ചെയ്താൽ ആദായമുണ്ടാക്കാൻ കഴിയാത്തതുമായ ഏകദേശം 20000 ഏക്കർ വരുന്ന നിലങ്ങളെയാണു് ഒഴിവാക്കിയിട്ടുള്ളതു്. ഇതാണ് ഇപ്പോൾ വരുത്തിയിട്ടുള്ള വ്യത്യാസങ്ങൾ. മദ്ധ്യകേരളത്തിലുള്ള രണ്ടുലക്ഷത്തിനുമേൽവരുന്ന പാടശേഖരങ്ങളിൽ ഇരുപതിനായിരം ഏക്കറോളം വരുന്ന ഏഴും എട്ടും പത്തും അടി വെള്ളമുള്ള കായൽ പ്രദേശങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളതു്.

ഈ കാര്യങ്ങളെപ്പററിയല്ല ഇവിടെ ചർച്ച അധികം നടത്തുന്നതു്. ഇതു് ഒഴിവാക്കിയതിലുള്ള അമർഷം എന്താണെന്നു ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ ചർച്ചയിൽ എനിക്കു് പുതിയ വെളിച്ചം കിട്ടിയതു്, അതുമാത്രമാണ്: എന്തുകൊണ്ടാണ് കുട്ടനാട്ടു പ്രദേശത്തെ കുറെ പാടശേഖരങ്ങൾ, എട്ടടിയോളം വെള്ളമുള്ള കായൽനിലങ്ങൾ പരിധിയിൽനിന്നു് ഒഴിവാക്കിയതിൽ ഇത്രയധികം വിമർശനങ്ങൾ, വളരെ വൈരാഗ്യബുദ്ധിയോടുകൂടി ഉണ്ടായതെന്നറിയാൻ ഈ ചർച്ച സഹായമായിത്തീർന്നു. ശ്രീമതി കെ. ആർ. ഗൗരി അതു് അസ്സലായി നേരേ അങ്ങു പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി. : ഞാൻ എപ്പോഴും അങ്ങനെയാണ്, പറയാനുള്ളതു നേരേ അങ്ങു പറയും.

ശ്രീ. പി. ടി. ചാക്കോ : ഞാൻ അതു സമ്മതിക്കുന്നു. പക്ഷെ, ഞാൻ അതിൽ അവിദഗ്ദ്ധനാണ്. ഇത്രയധികം വിമർശനത്തിനു കാരണമായ കായൽകൃഷിക്കാരുടെ പേരുകൾ വേണമെങ്കിൽ വായിക്കാം, ഈ സഭ തീരുമാനിക്കട്ടേ, എന്തുകൊണ്ടാണ് അതു് ഒഴിവാക്കിയതെന്ന് എന്നു് ശ്രീമതി ഗൗരിപറഞ്ഞു. സർ, ആ പേരുകൾ ഇന്നും എനിക്കു അറിഞ്ഞുകൂടാ. കുട്ടനാട്ടിലെ കായൽകൃഷിചെയ്യുന്നവർ മനുഷ്യരാണെന്നും, അവരും കേരളത്തിൽ തന്നെ ജീവിച്ച്, കൃഷിചെയ്തു ഈ രാജ്യത്തിന്റെ സാമ്പത്തികഭദ്രത കൈവരുത്തേണ്ട ആളുകളാണെന്നുംമാത്രമേ ഗവണ്മെന്റു പരിഗണിച്ചിട്ടുള്ളു. അല്ലാതെ അവരുടെ പേരുകളിൽ എന്തെങ്കിലും അപകടം ഉള്ളതായി ഗവണ്മെന്റു കരുതിയിട്ടില്ല. അവരുടെ പേരുകൾക്കുള്ള പ്രത്യേകത എന്തെല്ലാം, അവർക്കു എന്തെങ്കിലും സഹായം ചെയ്താൽ അപകടം എന്താണ്, എന്നൊന്നും ഗവണ്മെന്റു നോക്കിയില്ല. അവരുടെ പേരിലാണ് ശ്രീമതിക്കു എതിർപ്പു കണ്ടതു്. അതൊരു പുതിയ വെളിച്ചം എനിക്കു നൽകിയിട്ടുണ്ടു്. അതു പോലെതന്നെ വേറൊരു കഥ, ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞു. കുട്ടനാട്ടിലെ കർഷകർ, കമ്മ്യൂണിസ്റ്റു് ഗവണ്മെന്റിന്റെ ഭരണകാലത്തു്, ''ഞങ്ങൾ കൃഷിചെയ്യുകയില്ല'' എന്നു പറഞ്ഞു് ഗവണ്മെന്റിനെ വെല്ലുവിളിച്ചവരാണെന്നാണ് ശ്രീ. രാമകൃഷ്ണൻ പറഞ്ഞതു്; ആയിരിക്കാം, എനിക്കറിഞ്ഞുകൂടാ. ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നപ്പോൾ, കുട്ടനാട്ടിലെ കൃഷിക്കാർ, അവരുടെ ചില ബുദ്ധിമുട്ടുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തി, കഴിവുള്ള സഹായം ചെയ്യാൻ ഗവണ്മെന്റു തീരുമാനിച്ചു. കമ്മ്യൂണിസ്റ്റു ഗവണ്മെന്റിന്റെ ഭരണകാലത്തു ശരിയായ ധാരണകൊണ്ടോ, തെററായ ധാരണകൊണ്ടോ ഗവണ്മെന്റിനെ വെല്ലു വിളിച്ചതിന് കുട്ടനാട്ടുകർഷകരുടെ പേരിൽ പ്രതികാര നടപടികൾ എടുക്കാൻ സാധ്യമല്ല. കമ്മ്യൂണിസ്റ്റു ഗവണ്മെന്റിനോടല്ല, ഈ ഗവണ്മെന്റിനോടു് വെല്ലുവിളി നടത്തിയാലും അതിന് പ്രതികാരനടപടികൾ സ്വീകരിക്കാൻ നിവൃത്തിയില്ല. കുട്ടനാട്ടിലെ ആളുകളോടു ശ്രീമതി ഗൗരിക്കും, പാർട്ടിക്കും താൽപ്പര്യമില്ലാത്തതുകൊണ്ടു്, കുട്ടനാട്ടിലെ ആളുകൾ കമ്മ്യൂണിസ്റ്റു ഗവണ്മെന്റിനോടു വെല്ലുവിളി നടത്തിയതുകൊണ്ട് പ്രത്യേകം അവരോടു വൈരാഗ്യബുദ്ധിയോടുകൂടി പെരുമാറണമെന്നോ, അവർക്കു ഗവണ്മെന്റു സൗജന്യമൊന്നുംചെയ്തു കൊടുക്കരുതെന്നോ പറഞ്ഞാൽ അതു ചെയ്യാൻ ഈ ഗവണ്മെന്റു തയ്യാറല്ല. അങ്ങനെ ആരോടും ചെയ്തിട്ടില്ല, ഇനി ചെയ്യാൻ ഉദ്ദേശിക്കുന്നുമില്ല.

സർ, പ്രധാനമായി ഈ മൂന്നുകാര്യങ്ങളിലാണു വ്യത്യാസം വരുത്തിയതു് ശ്രീ. ഗോപാലൻ പറഞ്ഞതു പാലക്കാട്ടു ധാരാളം നെല്ലുണ്ടാകുന്നുണ്ടെന്ന്, അതു ശരിയാണ്. നാഞ്ചിനാടു പോയതിനു ശേഷം, കേരളത്തിൽ കൂടുതൽ നെല്ലുണ്ടാകുന്നതു പാലക്കാട്ടാണ്. അവിടത്തെ ഉല്പാദനത്തെ ആശ്രയിച്ചിട്ടാണു മററു ഭാഗങ്ങളിലെ ആളുകൾ ജീവിക്കുന്നതു്. കുട്ടനാട്ടും നെല്ലുണ്ടാകുന്നുണ്ടു്, പക്ഷേ, പാലക്കാട്ടുണ്ടാകുന്നതുപോലെ ഇല്ല. പാലക്കാട്ടു ഡിസ്ട്രിക്റ്റിനെ അനുഗ്രഹിച്ചിട്ടുള്ളതുപോലെ, ഈശ്വരൻ കുട്ടനാടിനെ അനുഗ്രഹിച്ചിട്ടില്ല. കുട്ടനാട്ടെ, അഗാധമായ കായൽനിലങ്ങളിൽ, പ്രായോഗികമായ പരീക്ഷണങ്ങളുടെ ഫലമായി കൃഷിചെയ്തു നല്ല വിളവുണ്ടാക്കാൻ വളരെ ബദ്ധപ്പാടുണ്ടു്. പാലക്കാട്ടെ പാക്കേജു പദ്ധതിയെപ്പററി ശ്രീ. ഗോപാലൻ ഓർക്കുമല്ലോ. വിളവു കൂടുതൽ ഉണ്ടാക്കാനും, അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും പാലക്കാട്ടെ കൃഷിക്കാർക്കും എന്തു സഹായവും ചെയ്യാൻ ഗവണ്മെന്റു് സന്നദ്ധമാണ്. അതാണ് ഗവണ്മെന്റിന്റെ നയം. ഇവിടെ വളരെ ആക്ഷേപം ഉയർന്നു കേട്ടതു്, കുട്ടനാട്ടിൽ മട വീണാൽ ഉടനെ സർക്കാർ പണം കൊടുക്കുന്നു, അവിടെ ഹാളണ്ടു് പദ്ധതിക്കു പണംകൊടുത്തു എന്നൊക്കെ, അതു ശരിയാണു, സർ. കുട്ടനാടു മാത്രമല്ല, പാലക്കാട്ടു മടവീണാലും, ഈ രാജ്യത്തു് എവിടെ മട വീണാലും അതിനാവശ്യമായ പരിഹാരം നേടാൻ ഗവണ്മെന്റു വേണ്ടതു ചെയ്യും. കൃഷിനശിച്ചാൽ, ഈ രാജ്യത്തെ ജനങ്ങൾക്കു അതുകൊണ്ടു, അപകടം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Ayes—29

1 Shri C. Achutha Menon
2 ,, P. C. Adichan
3 ,, K. Anirudhan
4 ,, P. Balachandra Menon
5 ,, C. K. Balakrishnan
6 ,, K. Bhargavan
7 ,, K. Chandrasekharan
8 ,, D. Damodaran Potti
9 ,, E. P. Gopalan
10 ,, N. Gopala Kurup
11 Smt. K. R. Gouri
12 Shri K. V. John
13 ,, O. Koran
14 ,, K. Krishnan
15 ,, M. Krishnan
16 ,, R. Krishnan
17 Shri V. R. Krishna Iyer
18 ,, S. Kumaran
19 ,, P. K. Kunjachan
20 ,, P. M. Kunhiraman Nambiar
21 ,, T. C. Narayanan Nambiar
22 ,, P. C. Raghavan Nair
23 ,, A. K. Ramankutty
24 ,, T. K. Ramakrishnan
25 ,, P. Ravindran
26 ,, E. M. Sankaran Namboodiripad
27 ,, P. S. Srinivasan
28 ,, R. Sugathan
29 ,, P. Viswambharan

Noes—47

1 Shri K. C. Abraham
2 ,, M. C. Abraham
3 ,, K. T. Achuthan
4 ,, K. K. Balakrishnan
5 ,, T. O. Bava
6 ,, N. Bhaskaran Nair
7 ,, P. T. Chacko
8 ,, G. Chandrasekhara Pillai
9 ,, P. C. Cherian
10 ,, K. A. Damodara Menon
11 ,, T. A. Dharmaraja Iyer
12 ,, P. R. Francis
13 ,, K. M. George
14 ,, M. Gopalankutty Nair
15 ,, Malethu Gopinatha Pillai
16 ,, M. P. Govindan Nair
17 ,, A. L. Jacob
18 ,, Thomas John
19 ,, George Joseph Podipara
20 ,, P. S. Karthikeyan
21 ,, K. G. Karunakara Menon
22 ,, T. Krishnan
23 Shri P. R. Krishnan
24 ,, N. S. Krishna Pillai
25 ,, P. Kumaran
26 ,, K. Kunhambu
27 ,, C. Kunhikrishnan Nair
28 ,, N. Kunjuraman
29 Smt. Kusumam
30 ,, Leela Damodara Menon
31 Shri P. Madhavan
32 ,, V. Madura
33 ,, M. M. Mathai
34 ,, C. A. Mathew
35 Smt. A. Nafeesath Beevi
36 Shri M. Narayana Kurup
37 ,, Kuroor Neelakantan Namboodiripad
38 ,, E. P. Poulose
39 ,, R. Raghava Menon
40 Smt. O. T. Sarada Krishnan
41 Shri Shamsuddin
42 ,, C. M. Stephen
43 ,, K. T. Thomas
44 ,, T. A. Thomman
45 ,, P. P. Ummer Koya
46 ,, K. R. Vijayan
47 ,, K. K. Viswanathan

Neutrals—4

1 Shri K. Hassan Gani
2 ,, K. Moideenkutty Haji
3 Shri C. M. Kutty
4 ,, Mohsin Bin Ahamed

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker :

For the amendment—29.

Against the amendment—47.

Neutrals—4.

The amendment is lost.

Amendment No. 846 moved by Shri K. Chandrasekharan for deletion of item (j) was put and lost.

Shri K. Chandrasekharan: Sir, I demand a poll.

A poll was taken when the House divided as follows :

Ayes—33

1 Shri C. Achutha Menon
2 ,, P. C. Adichan
3 ,, K. Anirudhan
4 ,, P. Balachandra Menon
5 ,, C. K. Balakrishnan
6 ,, K. Bhargavan
7 ,, K. Chandrasekharan
8 ,, D. Damodaran Potti
9 ,, E. P. Gopalan
10 ,, N. Gopala Kurup
11 Smt. K. R. Gouri
12 Shri K. Hassan Gani
13 ,, K. V. John
14 ,, O. Koran
15 ,, K. Krishnan
16 ,, M. Krishnan
17 ,, R. Krishnan
18 ,, V. R. Krishna Iyer
19 Shri S. Kumaran
20 ,, P. K. Kunjachan
21 ,, P. M. Kunhiraman Nambiar
22 ,, K. Moideenkutty Haji
23 ,, C. M. Kutty
24 ,, Muhasin Bin Ahmed
25 ,, T. C. Narayanan Nambiar
26 ,, P. C. Raghavan Nair
27 ,, A. K. Ramankutty
28 ,, T. K. Ramakrishnan
29 ,, P. Ravindran
30 ,, E. M. Sankaran Namboodiripad
31 ,, P. S. Srinivasan
32 ,, R. Sugathan
33 ,, P. Viswambharan

Noes—47

1 Shri K. C. Abraham
2 ,, M. C. Abraham
3 ,, K. T. Achuthan
4 ,, K. K. Balakrishnan
5 ,, T. O. Bava
6 ,, N. Bhaskaran Nair
7 ,, P. T. Chacko
8 ,, G. Chandrasekhara Pillai
9 ,, P. C. Cherian
10 ,, K. A. Damodara Menon
11 ,, T. A. Dharmaraja Iyer
12 ,, P. R. Francis
13 ,, K. M. George
14 ,, M. Gopalankutty Nair
15 ,, Malethu Gopinatha Pillai
16 ,, M. P. Govindan Nair
17 ,, A. L. Jacob
18 ,, Thomas John
19 Shri George Joseph Podippara
20 ,, P. S. Karthikeyan
21 ,, K. G. Karunakara Menon
22 ,, T. Krishnan
23 ,, P. R. Krishnan
24 ,, N. S. Krishna Pillai
25 ,, P. Kumaran
26 ,, K. Kunhambu
27 ,, C. Kunhikrishnan Nair
28 ,, N. Kunjuraman
29 Smt. Kusumam
30 ,, Leela Damodara Menon
31 Shri P. Madhavan
32 ,, V. Madura
33 ,, M. M. Mathai
34 ,, C. A. Mathew
35 Smt. A. Nafeesath Beevi
36 Shri M. Narayana Kurup

LIBRARY ARCHIVES Kerala Legislative Assembly

37 Shri Kuroor Neelakantan Namboodiripad
38 ,, E. P. Poulose
39 ,, R. Raghava Menon
40 Smt. O. T. Sarada Krishnan
41 Shri Shamsuddin
42 Shri C. M. Stephen
43 ,, K. T. Thomas
44 ,, T. A. Thomman
45 ,, P. P. Ummer Koya
46 ,, K. R. Vijayan
47 ,, K. K. Viswanathan

Neutrals—Nil.

Mr. Speaker :

For the amendment—33.

Against the amendment—47.

Neutrals—Nil.

The amendment is lost.

The amendment No. 845 moved by Shri K. Chandrasekharan was declared lost.

Mr. Speaker: Amendment Nos. 849 and 850 are in the name of Shri Joseph Chazhikatt. The member is not in his seat.

Do you press your amendment, Mr. Hassan Gani?

Shri K. Hassan Gani: I am not pressing.

Amendment No. 859 moved by Shri K. Hassan Gani was by leave withdrawn.

Mr. Speaker: Do you press your amendment No. 862 Mr. Chandrasekharan?

Shri K. Chandrasekharan: Yes, Sir.

Amendment No. 862 moved by Shri K. Chandrasekharan was put and lost.

Mr. Speaker: Amendment No. 866, moved by Shri O. Koran is for the deletion of sub-clauses (2) and (3). These sub-clauses can be put to vote separately. Do you press your amendment ?

Shri O. Koran: Yes, Sir.

Amendment to delete sub-clause (2) of clause 79 was put and lost.

Amendment to delete sub-clause (3) of clause 79 was put and lost.

Mr. Speaker: Are you pressing your amendment Mr. Raghavan Nair?

Shri P. C. Raghavan Nair: Yes, Sir.

Amendment No. 1338 moved by Shri P. C. Raghavan Nair was put and lost.

Mr. Speaker: Do you press your amendments, Smt. Gouri?

Smt. K. R. Gouri: Yes, Sir.

Amendment No. 1452 moved by Smt. K. R. Gouri was put and lost.

Amendment No. 1453 moved by Smt. K. R. Gouri was put and lost.

Amendment No. 1454 moved by Smt. K. R. Gouri was put and lost.

Mr. Speaker: Do you press your amendments, Mr. Bhargavan?

LIBRARY ARCHIVES Kerala Legislative Assembly

Shri K. Bhargavan: Yes, Sir.

Amendment Nos. 1332, 1340, 1343 and 1347 moved by Shri K. Bhargavan were put and lost.

Amendment No. 1640 moved by Smt. K. R. Gouri was put and lost.

Amendment No. 1671 moved by Smt. K. R. Gouri was put and lost.

Mr. Speaker: Amendment No. 1669 is in the name of Shri K. Krishna Pillai. The member is not in his seat.

Mr. Speaker: Do you press your amendment Mr. R. Krishnan?

Shri R. Krishnan: Yes, Sir.

Amendment No. 1686 moved by Shri R. Krishnan was put and lost.

Mr. Speaker: Do you press your amendments Mr. Kunjachan?

Shri P. K. Kunjachan: Yes, Sir.

Amendment No. 1689 moved by Shri P. K. Kunjachan was put and lost.

Amendment No. 1690 moved by Shri P. K. Kunjachan was put and lost.

Amendment No. 1107, moved by the Minister was put and carried, namely:-

In clause 79 (1) after (g), the following shall be inserted, namely :

(gg) lands mortgaged to the Government, or to a co-operative society (including a co-operative land mortgage bank) registered or deemed to be registered under the Co-operative Societies Act for the time being in force, or to the Kerala Financial Corporation, or to the Kerala Industrial Development Corporation, or to the State Small Industries Corporation as security for any loan advanced by the Government or by such society or Corporation, so long as the mortgage subsists ;

Provided that the exemption under this clause shall cease to apply at the end of three years from the commencement of this Act";

Amendment No. 1109 moved by the Minister was put and carried, namely:–

In clause 79 (1), after (h), the following shall be inserted, namely :

(hh) lands purchased by the Kerala Financial Corporation or lands the management of which has been taken over by that Corporation under section 31 of the State Financial Corporations Act, 1951, so long as such lands remain in the ownership, or continue under the management, as the case may be, of the said Corporation".

Amendment No. 1581 moved by the Minister was put and carried namely :

In clause 79 in sub-clause (1) (g), for Explanations I and II, the following explanations shall be substituted, namely ;

2/750/V.

LIBRARY ARCHIVES Kerala Legislative Assembly

"*Explanation I.*—For the purposes of this clause, "pure pepper garden" shall mean a garden planted with not less than 300 pepper vines per acre and "pure arecanut garden" shall mean a garden planted with not less than 600 arecanut trees per acre.

Explanation II.—For the purposes of the clause, in calculating the number of pepper vines in a pure pepper garden, the vines, if any, trained on cocoanut trees or arecanut trees shall not be taken into account."

Was put and carried.

The question that clause 79, as amended, stand part of the Bill was put and carried.

Clause 79, as amended, was added to the Bill.

Mr. Speaker: Order, order, we will adjourn now and meet again after 10 minutes.

The Assembly adjourned at 5·55 p. m. and re-assembled at 6·05 p. m.

Clause 80

Mr. Speaker: The following amendments may be moved to clause 80.

Amendment No. 870 by Shri K. Chandrasekharan.
" 873 by Shri K. Hassan Gani.
" 874 and 886 by Shri K. Krishnan.
" 875 by Shri R. Krishnan.
" 876 by Shri K. Kochukuttan.
" 882, 887, 888, 889, 891, 903 and 904 by Shri Baby John.
" 885, 890 and 901 by Shri O. Koran.
" 894 by Shri K. R. Vijayan.
" 905 by Shri T. A. Thomman.
" 1348 by Shri T. K. Ramakrishnan.
" 1350 by Shri Moideenkutty Hajee.
" 1352 and 1353 by Shri P. S. Sreenivasan.
" 1674 and 1675 by Shri K. Krishna Pillai.
" 1691 by Shri P. K. Kunjachan.
" 1695, 1696 and 1697 by Shri K. Anirudhan.

Amendment Nos. 870 and 871 are same as 872.
" 877 to 881 are same as 876.
" 883, 884, 1349 and 1351 are same as 885.
" 892 and 893 are same as 890.
" 895 to 899 are same as 894.
" 900 and 902 are same as 901.

LIBRARY ARCHIVES Kerala Legislative Assembly

Shri K. Hassan Gani: Sir, I am not moving my amendment No. 873.

Shri P. M. Kunhiraman Nambiar: As Mr. K. Chandrasekharan is not present I am moving my amendment No. 872.

872. In clause 80, delete the present provision and insert instead:

"(1) The ceiling area of the land shall be in the case of a family 15 acres of double crop Nilam or its equivalent and an additional extent of one acre of double crop nilam or its equivalent for each member in cases of the five members in a family, the total extent so held not exceeding 25 acres of double crop nilam or its equivalent; and in the case of an adult unmarried person 7½ acres of double crop nilam or its equivalent.

(2) Double crop nilam or its equivalent means double crop nilam or its equivalent of any other class or classes of land computed on the basis that one acre of double crop nilam is equivalent to—

(i) one acre of cocoanut or arecanut garden;

(ii) 1½ acres of single crop nilam;

(iii) two acres of pepper garden, orange orchards, graft mango orchards, paramba, plantation or palliyal land;

(iv) 2½ acres of Tharisu land."

Shri K. Krishnan: Sir, I move the following amendment:

874. In clause 80 (1), recast (a) as follows:

"(a) in the case of a family consisting of not more than five members fifteen acres of double crop nilam or its equivalent and of an adult unmarried person seven and a half acres of double crop nilam or its equivalent".

886. In clause 80, (1), recast (b) as follows:

"(b) in the case of a family consisting of more than five members fifteen acres of double crop nilam or its equivalent and one acre for each member in excess of five so however that the total extent of the ceiling area shall not exceed thirty acres.

Provided that the ceiling area shall in no case be—

(i) less than fifteen acres in extent or

(ii) more than thirty acres in extent".

Shri R. Krishnan: Sir, I move:

875. In clause 80, delete sub-clause (1) (a) and substitute the following:—

"(a) in the case of an adult unmarried person six standard acres and twelve standard acres in the case of a family consisting of not more than five members."

Mr. Speaker: Shri Kochukuttan and Shri Baby John are not present. So Shri Koran may move his amendments.

LIBRARY ARCHIVES Kerala Legislative Assembly

Shri O. Koran : Sir, I move the following amendments :

885. In clause 80 (1) (a), delete 'twelve' and insert 'ten'.

890. In clause 80 (1) (b), delete 'twenty' and insert 'eighteen'.

901. In clause 80 (1), proviso, delete 'fifteen' and insert 'eight' and delete 'thirty-six' and add 'thirty'.

Shri K. R. Vijayan : Sir, I move :

894. In clause 80(1), after (b) add the following as sub-clause (c):

"(c) in the case of an adult unmarried person half the extent of the area allowed for a family consisting of not more than five members."

Shri T. A. Thomman : Sir, I move :

905. In clause 80 (3), insert the following Explanation II after numbering the present Explanation as Explanation I:

Explanation II.—For the purposes of this section, an adult unmarried person shall include a divorced husband or divorced wife who has not remarried :

Provided that if such divorced husband or divorced wife is the guardian of any unmarried minor child, he or she together with such unmarried child shall be deemed to be a family."

Shri T. K. Ramakrishnan : Sir, I move :

1348. In clause 80, delete (1) (a) (b) (i) (ii) and substitute the following :

"1) The ceiling area of land shall be—

(a) in the case of an adult unmarried person seven and a half acres of double crop nilam or its equivalent and a family consisting of not more than five members fifteen acres of double crop nilam or its equivalent ;

(b) in the case of a family consisting of more than five members fifteen acres of double crop nilam or its equivalent and one acre for each member in excess of five, so however that the total extent of ceiling area shall not exceed 25 acres of double crop nilam or its equivalent."

Shri K. Moideenkutty Haji : I move :

1350. In clause 80 (1), (a), delete the word 'twelve' and substitute 'fifteen'.

Mr. Speaker : Shri P. S. Sreenivasan and Shri K. Krishna Pillai are not in their seats. So Shri Kunjachan may move his amendments.

LIBRARY ARCHIVES Kerala Legislative Assembly

Shri P. K. Kunjachan : Sir, I move :

1691. Redraft clause 80 (1) (a) (b) (i) and (ii) as follows :

"80. *Ceiling area.*—(1) The ceiling area of the land shall be—

(a) in the case of an adult unmarried person five standard acres and a family consisting of not more than five members, ten standard acres ;

(b) in the case of a family consisting of more than five members, ten standard acres increased by one standard acre for each member in excess of five, so however that the total extent of the ceiling area shall not exceed fifteen standard acres :

Provided that the ceiling area shall in no case be—

(i) less than seven acres in extent; or

(ii) more than thirty acres in extent".

Shri K. Anirudhan : Sir, I move the following amendments :

1695. In clause 80 (1) (a), delete the words 'twelve standard acres' and insert the words 'eight standard acres'.

1696. In clause 80 (1) (b) (i), substitute 'nine acres' for 'fifteen acres'.

1697. In clause 80 (1) (b) (ii), substitute 'twenty acres' for 'thirty-six acres'.

<u>ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ</u> : സർ, കൈവശം വെയ്ക്കാവുന്ന ഭൂമിയുടെ പരിധിയെ സംബന്ധിച്ചുള്ള ഒരു പ്രധാനപ്പെട്ട ക്ലാസാണു് ഇതു്. എന്റെ അമെൻറുമെൻറു മൂവുചെയ്തുകൊണ്ടു് ഇതുവരെ ഇവിടെ സംസാരിച്ചതിൽ കവിഞ്ഞു് വല്ലതുമുണ്ടോയെന്നു് ഞാൻ സംശയിക്കുകയാണു്. ഓരോ വകുപ്പുകളും അതിനുള്ള ഡഫിനിഷനുകളും വരുന്നസമയത്തും എല്ലാ പ്രധാനപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചും ഇവിടെ സംസാരിച്ചിട്ടുണ്ടു്. പക്ഷെ പ്രധാനപ്പെട്ട ഓരോ ക്ലാസ്സും വരുന്ന അവസരത്തിൽ കൂടുതൽ കൂടുതൽ ശക്തിമത്തായി പറയാൻ ഞങ്ങൾ നിർബന്ധിതരാണു്. പക്ഷെ ഞങ്ങൾ പറയുന്നതൊന്നുംതന്നെ സ്വീകരിക്കാൻ ഗവണ്മെൻറു തയ്യാറാകുന്നതുമില്ല. ഗവണ്മെൻറുഭാഗത്തുനിന്നും കൊണ്ടുവന്ന മാററങ്ങൾ മാത്രമേ ഇതുവരെ വരുത്തിയിട്ടുള്ളു. ഇനിയും ആ നിലപാടുതന്നെ സ്വീകരിക്കുമെന്നാണു് തോന്നുന്നതു്. ഏതായാലും ഈ 80-ാമത്തെ ക്ലാസ്സിലും ഭേദഗതികൾ അവതരിപ്പിച്ചു കൊണ്ടു് അതിൽ ഒന്നും ഗവണ്മെൻറു സ്വീകരിക്കുമെന്നു തോന്നുന്നില്ല. ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ടു് സംസാരിച്ചതൊന്നും അടിസ്ഥാനപരമായ തത്വങ്ങളെപ്പററിയല്ല, പറഞ്ഞതൊന്നും ശരിയല്ല, കാതലായ ഒന്നും തന്നെ അതിലില്ല എന്നുപറഞ്ഞു തള്ളിക്കളയുന്ന മനോഭാവമാണു് ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതു്. ഇപ്പോൾ ഭൂമിയുടെ പരിധി കണക്കാക്കുന്നതു് സ്റ്റാൻേറർഡ് ഏക്കർ വെച്ചാണു്. എന്നാൽ ഞാൻ ഇവിടെ പറയുന്നതു് സാധാരണ ഏക്കർ വെച്ചുതന്നെയാണു്. ഞാൻ ഈ ഭേദഗതികളൊക്കെ ഇവിടെ കൊണ്ടുവന്നു് അവതരിപ്പിച്ചുകൊണ്ടു് സംസാരിക്കുന്നതു് വെറും ഒരു പ്രചരണത്തിനുവേണ്ടിയല്ല, എന്റെ ഹൃദയത്തിൽ തോന്നുന്ന കുറെ കാര്യങ്ങളെപ്പററി മാത്രമാണു്. നാം നിയമങ്ങൾ കൊണ്ടുവരുന്നതു് കൈവശം ധാരാളം ഭൂമിയുള്ള ആളുകൾക്കു് ആ ഭൂമിയത്രയും കൈവശംവച്ചുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എം. കുഞ്ഞുരാമൻനമ്പ്യാർ]

സുഖമായി ജീവിക്കാൻ വേണ്ടിയല്ല, ഭൂമിയില്ലാത്തവർക്കുകൂടി അതായതു് കിടപ്പാടംപോലുമില്ലാത്തവർക്കു് കിടപ്പാടം കൊടുക്കുന്നതിനുവേണ്ടിയാണു്. ഭൂമി കൈവശം ഇരിക്കുന്നതു് പോകാതെ സംരക്ഷിക്കാനാണെങ്കിൽ പണ്ടു പണ്ടേ തുടർന്നുവന്നിട്ടുള്ള രീതികൾ മതിയായിരുന്നല്ലോ? നേരെ മറിച്ചു് കാലങ്ങൾ കഴിയുംതോറും ജനങ്ങളിലുണ്ടാകുന്ന പരിവർത്തനങ്ങൾക്കനുസരിച്ചു് ആവശ്യമായ മാററങ്ങൾ വരുത്തിക്കൊണ്ടുവേണം നിയമനിർമ്മാണങ്ങൾ കൊണ്ടുവരേണ്ടതു്. അങ്ങനെ ഓരോ ഗവണ്മെൻറുകൾ ഭരണത്തിൽ വരുമ്പോഴും, ഗവണ്മെൻറുകൾ തന്നെ വരുന്നില്ലെങ്കിലും കാലങ്ങൾ മാറുന്നതോടൊപ്പം സാമൂഹ്യമായും, മതപരമായും ഉള്ള പല മാററങ്ങളും ഉണ്ടാകുന്നുണ്ടു്. ഇന്നു് വളരെയധികം ഭൂമി കൈകശംവച്ചുകൊണ്ടു് അനുഭവിച്ചുവരുന്നതിൽ നിന്നും ആവശ്യത്തിനുമാത്രം ഉള്ള ഭൂമി അവരുടെ കൈവശം വെയ്ക്കാൻ അനുവദിക്കുകയും ബാക്കിയുള്ളവ എടുത്തു് രാജ്യത്തിനുവേണ്ടി അദ്ധ്വാനിക്കുന്നവരും, കിടക്കാൻ ഒരു സെൻറു ഭൂമിപോലും സ്വന്തമായിട്ടില്ലാത്തവരും, ശവം മറവുചെയ്യാനുള്ള സ്ഥലംപോലും ഇല്ലാത്തവർക്കും കുറച്ചു കുറച്ചായി ഭാഗിച്ചു കൊടുക്കുകയാണു് ഇത്തരം നിയമങ്ങൾകൊണ്ടു ചെയ്യുന്നതു്. നമ്മുടെ സ്റ്റേററിൽ വളരെ കുറച്ചു ഭൂമിയും വളരെ കൂടുതലാളുകളുമാണു് ഉള്ളതു്. ആളുകൾ ഇനിയും വർദ്ധിച്ചുകൊണ്ടിരിക്കും, എന്നാൽ ഭൂമി ഇനി ഒട്ടുംതന്നെ വർദ്ധിക്കുകയില്ല. അതുകൊണ്ടു് ഓരോരുത്തരുടേയും കൈവശം വയ്ക്കാവുന്ന ഭൂമിക്കു് ഒരു ക്ലിപ്തതവരുത്തിയിട്ടു് ബാക്കിയുള്ളതു് എടുത്തു് ഭൂമിയില്ലാത്ത സാധാരണക്കാരായ ആളുകൾക്കു് വിതരണം ചെയ്യേണ്ടതാണു്. ഇതിൽ ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള നയം അനുസരിച്ചു് ഉത്തമമായ രീതിയിലുള്ള മിച്ചഭൂമിയെങ്കിലും വരുമോയെന്നു് സംശയമാണു്. എനിക്കു് പ്രധാനമായി ഒരു കാര്യം പറയുവാനുള്ളതു് സ്വന്തമായി ഭൂമിയില്ലാത്തവർക്കു് കിടപ്പാടത്തിനാവശ്യമായ സ്ഥലം കൊടുത്തു് അവർക്കു് സ്വൈരമായി കിടന്നുറങ്ങുന്നതിനുള്ള സൗകര്യം കൊടുക്കണമെന്നാണു്. ഞാൻ കഴിഞ്ഞ പ്രാവശ്യം ഒരു അമെൻറുമെൻറു കൊണ്ടുവന്ന അവസരത്തിൽ ഇവിടെ പറഞ്ഞിട്ടുള്ളതുപോലെ പ്രായപൂർത്തിയെത്തിയിട്ടുള്ള മൂത്തമകൻെറപേരിൽ പത്തും പന്ത്രണ്ടും ഏക്കർ വെയ്ക്കുന്നതു ശരിയല്ലെന്നു്. ഒരു ആളിനു് മാത്രം പത്തും പന്ത്രണ്ടും ഏക്കർ എഴുതിക്കൊടുക്കാതെ എല്ലാ മക്കളുടെ പേരിലും ഒന്നോ രണ്ടോ ഏക്കർ വീതം എഴുതിക്കൊടുക്കണം. അല്ലാതെ ഒരാളിനു മാത്രം കൊടുക്കുന്ന ഒരു വ്യത്യസ്തത വരുന്നതു് ശരിയല്ല. ഇങ്ങനെ ഒരു വ്യവസ്ഥ ചേർത്തതിനു ഇവിടെ പറയുന്ന വാദം ഇളയകുട്ടികൾ ഉണ്ടെങ്കിൽ അവരെ സംരക്ഷിക്കുന്നതിനും പ്രായപൂർത്തിയായ അച്ഛനേയും അമ്മയേയും സംരക്ഷിക്കുന്നതിനുംവേണ്ടിയാണെന്നാണു്. പക്ഷെ അതു് ശരിയായ ഒരു വാദഗതിയല്ല. കാരണം ഇന്നു് അവരവരുടെ കൈവശം ഭൂമി കിട്ടിയാൽ അതുകൊണ്ടു് അവരവരുടെ കാര്യം നോക്കുമെന്നല്ലാതെ മററുള്ള കുട്ടികളുടേയോ, അച്ഛനമ്മമാരുടേയോ കാര്യം നോക്കുകയില്ല. മരുമക്കത്തായ സമ്പ്രദായം നടപ്പിലിരുന്ന കാലത്തായിരുന്നുവെങ്കിൽ ഒരുപക്ഷെ ഇതു നടക്കുമായിരുന്നു. എന്നാൽ ഇപ്പോൾ മക്കത്തായ സമ്പ്രദായമാണു് നിലവിലിരിക്കുന്നതു്. ആ സ്ഥിതിക്കു് അവരവരുടെ കൈവശം ഭൂമി കിട്ടുകയാണെങ്കിൽ അതുകൊണ്ടു് അവരുടെകാര്യം നോക്കുമെന്നല്ലാതെ വേറെയൊരുടേയും കാര്യം നോക്കുകയില്ല. ഇവിടെ പറയുന്നതു് പ്രായപൂർത്തിയായ ആളിൻെറ കാര്യത്തിൽ 12 സ്റ്റാൻേറർഡു് ഏക്കറും അതിനെ തുടർന്നുകൊണ്ടു് ബാക്കി എല്ലാവർക്കും കൊടുക്കുന്നുണ്ടു്. അങ്ങനെ വന്നു്

(a) in the case of an adult unmarried person or a family consisting of not more than five members, twelve standard acres; and"......Provided that the ceiling area shall, in no case be (i) less than 15 acres in extent; or (ii) more than 36 acres in extent."

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ വരുകയാണെങ്കിൽ അവസാനമായി നമുക്ക് എന്താണ് ഉണ്ടാകുന്നത്. എല്ലാം കഴിച്ച് കഴിഞ്ഞാൽ സാധാരണ ആളുകൾക്ക്, ഭൂമിയില്ലാത്ത ആളുകൾക്ക് കൊടുക്കാൻ ഒരു തുണ്ടുഭൂമിപോലും മിച്ചംവരികയില്ല. അതു തീർച്ചയാണ്. അതുകൊണ്ടാണ് ഈ ക്ലാസ്സിൽ വേണ്ട മാററം വരുത്തണമെന്നു പറയുന്നത്. ശ്രീ. ഈ. പി. ഗോപാലനും മററും പറയുന്നമാതിരി മുഴുവൻ മാററം വരുത്തിയില്ലെങ്കിലും കുറച്ചെങ്കിലും ഭൂമി മിച്ചം വരത്തക്ക രീതിയിൽ വേണ്ട ഭേദഗതി വരുത്തണം. എന്തിനു ഇതൊക്കെ പറയുന്നു. പറഞ്ഞാലും ആരും കേൾക്കുകയില്ല. ഞങ്ങൾ പറയുന്നതൊന്നും സ്വീകരിക്കുകയില്ല. എല്ലാം തള്ളിക്കളയുകയാണ് ചെയ്യുന്നത്. ഏതായാലും ഞങ്ങൾക്ക് പറയുവാനുള്ളതു പറയണമല്ലോ. പ്രായപൂർത്തിയെത്തിയ ഒരു അവിവാഹിത വ്യക്തിക്കോ അഞ്ചംഗങ്ങൾവരെയുള്ള കുടുംബത്തിനോ കൈവശാവകാശം വയ്ക്കാവുന്ന ഭൂമിയുടെ പരമാവധി വിസ്തീർണ്ണം 12 സ്റ്റാൻേറർഡ് ഏക്കറാണെന്നു ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അഞ്ചംഗങ്ങളിൽ കൂടുതലുള്ള കുടുംബത്തിനു കൂടുതലുള്ള ഓരോ അംഗത്തിനും ഓരോ സ്റ്റാൻേറർഡ് ഏക്കർവീതം കൂടുതൽ അനുവദിക്കുന്നതിനും ഇതിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അങ്ങനെ വരുമ്പോൾ ഈ രാജ്യത്തു ഒരു തുണ്ടു ഭൂമിപോലും മിച്ചം ഉണ്ടാകുകയില്ല. പിന്നെ അവസാനം ശേഷിക്കുന്നതു ഒരു 'ഏക്ക്ര'യല്ല 'മുക്ക്ര'യായിരിക്കും. അതുകൊണ്ടു ഇതൊന്നു മാററം ചെയ്യേണ്ടതു വളരെ ആവശ്യമാണ്. ഏക്കറിൻെറ അടിസ്ഥാനത്തിൽ എന്തെങ്കിലും മാററംവരുത്തി ഈ ക്ലാസ്സ് ഭേദഗതി ചെയ്യേണ്ടതാണ്. അതിൻെറ അടിസ്ഥാനത്തിൽ ഗവൺമെൻറു നീങ്ങുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻ: സർ, കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിർണ്ണയിക്കുന്ന ഒരു വകുപ്പാണ് ഇതു. ഈ വകുപ്പുപ്രകാരം ഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുള്ളതു കൂടുതലാണെന്നുള്ളതിൻെറ പേരിൽ അതു ചുരുക്കാനുള്ള വിധത്തിലാണ് എൻെറ ഭേദഗതികളെല്ലാം കൊടുത്തിട്ടുള്ളതു. ഭൂപരിധി നിശ്ചയിക്കുന്നതിൻെറ തത്വംതന്നെ ആ ഭൂമികൾ കൈവശംവച്ച് ഏററവും നന്നായി കൃഷിചെയ്തു കൂടുതൽ ഉൽപ്പാദനം ഉണ്ടാക്കാൻ കഴിയണമെന്നുള്ളതാണ്. ഈ ബില്ലിലെ വകുപ്പുപ്രകാരം നമ്മുടെ രാജ്യത്തെ ഭൂവുടമകൾക്കു മുഴുവൻ ഭൂമി കൈവശം വയ്ക്കുന്നതിനും സീലിംഗ്‌വരെ അവരുടെ കയ്യിലാക്കാനുമുള്ള എല്ലാ സൗകര്യങ്ങളുമുണ്ടു. ഭൂവുടമകൾക്കു ഇത്രയധികം ഭൂമി കൊടുത്തു വളരെ നല്ലനിലയിൽ കൃഷിചെയ്യിക്കാമെന്ന വ്യാമോഹം ഗവൺമെൻറിനുണ്ടെങ്കിൽ, അവർ നല്ല രീതിയിൽ കൃഷി നടത്തുകയില്ല, ഭൂമി പാഴായിവച്ചുകൊണ്ടു ഉൽപ്പാദനം ഉണ്ടാക്കാതിരിക്കുക എന്നുള്ളതാണ് ഫലത്തിൽ കാണുന്നതു. മറെറാരു ഉദ്ദേശമുള്ളതു, ഇത്തരം പരിധി നിശ്ചയിച്ചുകഴിഞ്ഞാൽ മിച്ചഭൂമി ഉണ്ടാവണമെന്നുള്ളതാണ്. ഇതിനു മുൻപു പാസ്സാക്കിയ വകുപ്പുകൾ അനുസരിച്ച് നോക്കുകയാണെങ്കിൽ മിച്ചഭൂമിയുടെ അവസാനത്തെ കണികപോലും ഇവിടെ അവശേഷിക്കുകയില്ല. പറമ്പുകളെ സംബന്ധിച്ചായാലും നിലങ്ങളെ സംബന്ധിച്ചായാലും എന്തെങ്കിലും നിയന്ത്രണംവരുത്തി മിച്ചഭൂമി ഉണ്ടാകുമോ എന്നു നോക്കേണ്ടതാണ്. അങ്ങനെ നോക്കുമ്പോൾ കൂടുതൽ ഏക്കർഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് കൂടുതൽ സൗകര്യം ചെയ്തുകൊടുക്കുക എന്നു പറഞ്ഞാൽ പ്രത്യേകിച്ച് ഭൂമി വളരെയധികം കുറവായിട്ടുള്ള നമ്മുടെ ഈ സംസ്ഥാനത്തു എവിടെനിന്നാണ് മിച്ചഭൂമി ലഭിക്കുക എന്നുള്ളതു കണ്ടുതന്നെ അറിയണം. ഏതായാലും ജന്മിമാരായാലുംശരി, വലിയതോതിൽ ഭൂമി കൈവശംവച്ച് കൃഷിചെയ്യുന്ന കുടിയാന്മാരായാലുംശരി അവർക്ക് ഭൂപരിധിവരെ ഭൂമി കൊടുക്കുന്ന അവസരത്തിൽ ഒന്നുമില്ലാത്തവരുടെ സ്ഥിതികൂടി പരിശോധിക്കേണ്ടതു വളരെ ആവശ്യമാണ്. ഒന്നും ഇല്ലാത്തവരുടെ നിലകൂടി പരിശോധിക്കാൻ ഗവൺമെൻറു തയ്യാറായിരുന്നുവെങ്കിൽ ഇത്രയും വലിയ ഉയർന്ന നിലയിലേയ്ക്കു ഭൂപരിധി കൊണ്ടുപോകുകയില്ലായിരുന്നു. ഒരു കുടുംബത്തിനു കൈവശം വയ്ക്കാവുന്നതു, ആ കുടുംബത്തിലെ അംഗങ്ങൾക്കു കൈവശം വയ്ക്കാവുന്നതു, അല്ലെങ്കിൽ കൈവശം വയ്ക്കാൻ സൗകര്യം കൊടുക്കുക എന്നുള്ളതു ആ കുടുംബത്തിൻെറ സൗകര്യമനുസരിച്ചല്ല,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണൻ]

നേരേമറിച്ച് കൂടുതൽ ഭൂമി അവർക്ക് കിട്ടണമെന്നുള്ള ശ്രമമാണ് വരുത്തിയിരിക്കുന്നതു്. കാർഷികബന്ധനിയമത്തിൽ പരിധിയുടെ പകുതി മാത്രമേ അങ്ങനെയുള്ള ആളുകൾക്ക് കൈവശം വയ്ക്കാൻ വകുപ്പുണ്ടായിരുന്നുള്ളു. അതുകൊണ്ട് ഉയർന്ന തോതിലുള്ള ഒരു ഭൂപരിധി വച്ചുകൊണ്ട് മിച്ചഭൂമിയില്ലാതാക്കുകയും, ഭൂമിയിൽതന്നെ നന്നായി കൃഷിചെയ്യാനുള്ള യാതൊരു പ്രചോദനവുമില്ലാതെ, ജന്മിയടക്കമുള്ള വലിയ ആളുകൾക്ക് കൂടുതൽ ഭൂമി കൈവശം വയ്ക്കാനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യുക എന്നതു് കാർഷിക പരിഷ്ക്കരണത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ഉദ്ദേശത്തിലല്ല എത്തുക, നേരേമറിച്ച് സാമ്പത്തിക വ്യവസ്ഥിതിയിൽ പുഴുക്കുത്തുണ്ടാക്കുകയാണ് ചെയ്യുന്നതു്. ആ നിലവച്ചുകൊണ്ട് സാധാരണ ഏക്കർ തോതിലാണ് എന്റെ ഭേദഗതി നിശ്ചയിച്ചിട്ടുള്ളതു്. ഇത്തരം ഭേദഗതി അംഗീകരിച്ചുകൊണ്ട് പരിധിയുണ്ടാക്കാനും, അതുമൂലം ഉല്പാദനം കൂടുതൽ വർദ്ധിപ്പിക്കാനും ഗവണ്മെന്റ് തയ്യാറാകണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സർ, ഒരു കാര്യം പറയുവാനുണ്ട്. കേരളത്തിൽനിന്ന് ആദ്യത്തെ റോക്കറ്റ് അയയ്ക്കുവാൻ പോകുകയാണ്. അതു കാണാനുള്ള സൗകര്യം ഞങ്ങൾക്ക് തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

Mr. Speaker : Yes. The House will now adjourn and meet again at 8 a. m. tomorrow.

The House adjourned at 6-20 p. m. to meet again at 8 a. m. on Friday, the 22nd November, 1963.

LIBRARY ARCHIVES Kerala Legislative Assembly